PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1953

Monday, the 23rd March 1953.

Vol. VIII **Official Report** **No. 21**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 23rd March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ശബരിമല തീവെയ്പ്പ്.

*൭൪൩. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ക്ഷേത്രം തീവെയ്ക്കപ്പെട്ടതു് എന്നാണു്;

(ബി) കുററവാളികളെ കണ്ടുപിടിക്കാനുള്ള അന്വേഷണത്തിനായി ൧൧൨൮ അവസാനംവരെ എത്ര രൂപ ചെലവായി?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗീസ്):

(എ) ശബരിമല ക്ഷേത്രം തീവെയ്ക്കപ്പെട്ടതു് ഏതു തീയതിയാണെന്നു ഇതുവരെ വ്യക്തമായിട്ടില്ല. അതായതു്, ൧൧൨൮ മേയ ൨൫-ാംനു-ക്കു ശേഷം നാലു ദിവസത്തിനകമായിരിക്കണം തീവെച്ചിട്ടുള്ളതു്. അതായതു്, ൨൫-ാംനു-ക്കു മേലും ൨൯-ാംനു-ക്കു് അകവ് എന്നു മാത്രമെ പറയാൻ സാധിക്കുകയുള്ളു.

(ബി) ൨൭൩൯൭ രൂപ. ൧ അണ. ൧ പൈസ. ചെലവായിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: അന്വേഷണങ്ങൾ ഇപ്പോഴും തുടർന്നു നടത്തിക്കൊണ്ടുവരികയാണോ?

ശ്രീ. ടി. എം. വർഗീസ്: നടത്തിവരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ആ ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: മദ്രാസ് ഗവണ്മെന്റു സർവീസിലിരുന്ന ഒരു മി. കേശവമേനോനാണ്.

ശ്രീ. ആർ. ഗംഗാധരൻ: അദ്ദേഹത്തെ ഇവിടെ വരുത്തിയതു് ഈ ഗവണ്മെന്റാവശ്യപ്പെട്ടതുകൊണ്ടോ, അതോ കേന്ദ്രഗവണ്മെന്റിന്റെ നിർദ്ദേശപ്രകാരമോ?

ശ്രീ. ടി. എം. വർഗീസ്: ഈ ഗവണ്മെന്റിനു ഈ സംഗതിയെപ്പററി അറിവുള്ളതുപോലെ കേന്ദ്രഗവണ്മെന്റിനും അറിവുണ്ട്. രണ്ടു ഗവണ്മെന്റുകളുടെയും ചേർന്നുള്ള ആലോചനയുടെ ഫലമായിട്ടാണ് ആ ഉദ്യോഗസ്ഥനെ ഈ കാര്യത്തിലേക്ക് നിയോഗിച്ചിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: തീവെയ്പ്പ് അന്വേഷണത്തിൽ ശ്രീമാൻ കേശവമേനോൻ വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: വീണ്ടും ഈ കാര്യത്തെപ്പററി അന്വേഷണം നടത്താൻ ഗവണ്മെന്റു തീരുമാനിച്ചതു് എന്തുകൊണ്ടാണ്?

ശ്രീ. ടി. എം. വർഗീസ്: വീണ്ടും അന്വേഷണം നടത്തേണ്ടതാവശ്യമാണെന്ന് തോന്നിയതുകൊണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ കേസ് സംബന്ധിച്ചുള്ള കുററക്കാരെ കണ്ടുപിടിക്കുന്നതിനു സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതികൾ വല്ലതും ഉണ്ടായിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതികളൊന്നും ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ദയവുചെയ്തു ഇനിയെങ്കിലും ഈ അന്വേഷണം ഒന്നു നിറുത്തിവെക്കുമോ?

ശ്രീ. ടി. എം. വർഗീസ്: അന്വേഷണം നിറുത്തിവെക്കണമെന്ന് ഗവണ്മെന്റിന് തോന്നിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: വെറുതെ പണം ചെലവാക്കുന്നതുകൊണ്ടു് പ്രയോജനമില്ലെന്നുകാണുമ്പോൾ അന്വേഷണം നിറുത്തിവെയ്ക്കുകയല്ലേ നല്ലതു്?

ശ്രീ. ടി. എം. വർഗീസ്: ഈ കാര്യം സംബന്ധിച്ചുമാത്രമല്ല ഒരു സ്റ്റാഫിനെ നിയമിച്ചിട്ടുള്ളതു്. ഇതുപോലെയുള്ള കുററകൃത്യങ്ങൾ മററു സ്ഥലങ്ങളിൽ ഉണ്ടായിട്ടുള്ളതു കൂടി അന്വേഷിക്കുന്നതിനാണെന്നു് ഞാൻ മുമ്പു പറഞ്ഞു.

ശ്രീ. പ്രാക്കുളം ഭാസി: ശബരിമല തീവെയ്പ്പിൽ കുററപ്പുള്ളികളായി ഏതാനും ഹിന്ദുക്കളും കൂടി ഉണ്ടെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. ടി. എം. വർഗീസ്: ഉണ്ടോ ഇല്ലയോ എന്നുള്ളത് അന്വേഷണം പൂർത്തിയായതിനുശേഷമെ പറയാൻ സാധിക്കുകയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ കാര്യത്തെപ്പററി അന്വേഷണം നടത്തുന്നതിനുവേണ്ടി ആരെയെങ്കിലും സ്പെഷ്യലായിട്ടു നിയമിച്ചിട്ടുണ്ടായിരുന്നോ?

ശ്രീ. ടി. എം. വർഗീസ്: ശ്രീ കേശവമേനോനെ നിയമിച്ചിട്ടുണ്ടായിരുന്നു എന്നു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. രാജഗോപാലൻ നായർ: പൊതുവെ അന്വേഷണത്തിനുവേണ്ടി നിയമനം നടത്തിയതു് എന്നാണു്?

ശ്രീ. ടി. എം. വർഗീസ്: അതു് ഞാൻ മുൻപു പറഞ്ഞ ഡേററിലാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ...-...-... ൽ നിയമിച്ചതു് ശബരിമല കേസിനെ സംബന്ധിച്ചു് മാത്രമായിരുന്നോ?

ശ്രീ. ടി. എം. വർഗീസ്: അതും അതിനോടു ബന്ധപ്പെട്ട മററു കേസുകളും.

ശ്രീ. എൻ. രാജഗോപാലൻ നായർ: ആദ്യമായിട്ടു ഇവരെ നിയമിച്ചതു് ശബരിമല കേസിനുവേണ്ടി മാത്രമല്ലെ?

ശ്രീ. ടി. എം. വർഗീസ്: അതിനുവേണ്ടിത്തന്നെയായിരുന്നു് അതിനോടുകൂടി മററുള്ള സ്റ്റാഫ്കൂടിയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ സ്റ്റാഫിനെ നിയമിച്ചിട്ടു് ഇപ്പോൾ രണ്ടുകൊല്ലമായിട്ടും സംഭവം നടന്നതു് എന്നാണെന്നു് ഇതുവരെ കണ്ടുപിടിച്ചില്ലെ?

ശ്രീ. ടി. എം. വർഗീസ്: നിശ്ചിതമായ തീയതിയെപ്പററി കണ്ടുപിടിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇന്ന തീയതിക്കുമേൽ ഇന്ന തീയതിക്കകമെന്നല്ലാതെ മററുവല്ല വിവരങ്ങളും അവർ കണ്ടുപിടിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: മററു പല സംഗതികളും അവർ കണ്ടുപിടിച്ചിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഈ കേസ്സ് ചാർജ്ജു ചെയ്യത്തക്ക നിലയിലായിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗീസ്: ചാർജ്ജു ചെയ്യത്തക്ക നിലയായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു കിട്ടിയിട്ടില്ലെ?

ശ്രീ. ടി. എം. വർഗീസ്: റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ശബരിമല ക്ഷേത്രദഹന ദിനം ആചരിക്കുന്നതിനും അന്നേദിവസം നാട്ടിലെ ഹിന്ദുക്കളുടെ ഒരു പ്രതിഷേധയോഗം കൂടുന്നതിനും നിശ്ചയിച്ചിരിക്കുന്ന വിവരം അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ഉദ്യോഗസ്ഥനെ ഈ കേസ് അന്വേഷിക്കാൻ നിയോഗിച്ചതു് അദ്ദേഹത്തിന്റെ പ്രാപ്തികൊണ്ടല്ലെ?

ശ്രീ. ടി. എം. വർഗ്ഗീസ്: സാധാരണയായിട്ട് പ്രാപ്തിയുള്ളവരെയാണ് ഈ മാതിരി കാര്യങ്ങൾക്കു വിനിയോഗിക്കുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ടുമെന്റിലേക്ക് [illegible] രൂപാ കഴിഞ്ഞ വർഷത്തിൽ അനുവദിച്ചിട്ടുള്ളതു പോരാത്തതുകൊണ്ടാണോ ഈ തുക കൂടി ചെലവാക്കിയിട്ടുള്ളതു്?

Mr. Speaker: What is the relevancy of that question?

Shri P. S. Nataraja Pillai: May I know whether there was any desecration of religious institutions in the State during 1952-53?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ അടുത്തകാലത്തു അങ്ങനെ ഉണ്ടായിട്ടില്ല. മുമ്പുണ്ടായിട്ടുള്ളതു് മിക്കവാറും മോഷണം ചെയ്യാൻവേണ്ടിയാണെന്നാണ് റിപ്പോർട്ടുകൊണ്ടു കാണുന്നതു്. ഇപ്പോൾ അങ്ങനെയുള്ള പ്രവർത്തികൾ ഉണ്ടാകുന്നില്ല.

Shri P. S. Nataraja Pillai: If during the last one year there was no attempt for desecration of temples or religious institutions, why should this staff continue on special duty for prevention?

ശ്രീ. ടി. എം. വർഗ്ഗീസ്: പ്രിവെൻഷനുവേണ്ടി ഇവരെ നിയമിച്ചതിൽ വിജയപ്രദമായ രീതിയിൽ പ്രവർത്തനം നടന്നു എന്നും അതിനു ഫലമുണ്ടെന്നുമാണ് ഗവണ്മെന്റിനു തോന്നുന്നതു്. അതല്ലെന്നു കണ്ടാൽ നിറുത്തലാക്കാം.

Shri P. S. Nataraja Pillai: Is not last year's experience sufficient to abolish that preventive staff?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ സ്റ്റാഫിനെ നിയമിച്ചതിന്റെ ഫലമായിട്ടാണ് ഇങ്ങനെയുള്ള അനിഷ്ട സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതു് എന്നാണ് ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിരിക്കുന്നതു്. അങ്ങനെയല്ലെങ്കിൽ ഈ സ്റ്റാഫിനെ ഇതിനകം പിരിച്ചുവിട്ടുമായിരുന്നു.

Shri P. S. Nataraja pillai: May I know how many years experience it will require for the Government to enable them to take a decision?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു് സംഗതികളുടെ ഗൗരവമനുസരിച്ചും സന്ദർഭമനുസരിച്ചുമാണിരിക്കുന്നതു്.

നെടുമങ്ങാട് ശ്രീ. ആർ. കേശവൻനായർ: ശബരിമല ക്ഷേത്രം നശിച്ചതിനുശേഷമാണോ ഈ സ്ക്വാഡിനെ അവിടെ നിയമിച്ചിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: അതെ.

നെടുമങ്ങാട് ശ്രീ. ആർ. കേശവൻനായർ: അതിനുശേഷം കുററകരമായി എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ആകെ ൧൦൯ കുററകരമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്.

നെടുമങ്ങാട് ശ്രീ. ആർ. കേശവൻനായർ: ഈ സ്റ്റാഫിനെ നിയമിച്ചതിനു മുൻമ്പോ പിൻമ്പോ ഈ ൧൦൪ എണ്ണം ഉണ്ടായിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: മുൻമ്പും പിൻമ്പുമായിട്ടാണു് ആകെ ൧൦൯ എന്നു പറഞ്ഞതു്.

നെടുമങ്ങാട് ശ്രീ. ആർ. കേശവൻനായർ: ഈ സ്റ്റാഫിനെ നിയമിച്ച ശേഷം എത്രയെന്നു വ്യക്തമായ കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ക്ലിപ്തമായ കണക്കെടുത്തിട്ടുണ്ടു്. പക്ഷെ ചോദ്യത്തിൽ അന്തർഭവിച്ചിട്ടുള്ള സംഗതിയുമായി ബന്ധമില്ലാത്തതുകൊണ്ടു് കൊണ്ടുവന്നിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ സ്ക്വാഡിൽ ആകെ എത്ര അംഗങ്ങളുണ്ടെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: പറയാം. എട്ടാളുകളുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: ഇവരുടെ ഹെഡ്ക്വാർട്ടേഴ്സ് എവിടെയാണു്?

ശ്രീ. ടി. എം. വർഗ്ഗീസ്: എവിടെയാണെന്നുള്ളതു് ഇപ്പോൾ നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇങ്ങനെ ഉണ്ടായിട്ടുള്ള കൃത്യങ്ങളിൽ എത്ര എണ്ണം ചാർജ്ജ് ചെയ്തിട്ടുണ്ടു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ൯൯ കേസുകൾ കണ്ടുപിടിച്ചു് ചാർജ്ജ് ചെയ്തിട്ടുണ്ടു്. ബാക്കിയുള്ളവ അന്വേഷണത്തിൽ ഇരിക്കുന്നു.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഇങ്ങനെ കണ്ടുപിടിച്ചിട്ടുള്ളതു് പോലീസ് ഡിപ്പാർട്ടുമെൻറു മുഖേനമാത്രമല്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതെ.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: വളരെ രഹസ്യമായിരിക്കുന്ന ഈ കേസുകൾ കണ്ടുപിടിച്ചതിനു എന്തെങ്കിലും പ്രതിഫലം കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: കൊടുത്തിട്ടില്ല.

ஸ்ரீ. கணபதி: மத்திய அரசாங்க ஸி. ஐ. டி. கள் இதைப் பற்றி புலன்விசாரணை நடத்தியிருக்கிறார்களா?

ശ്രീ. ടി. എം. വർഗ്ഗീസ്: സെൻട്രൽ ഗവണ്മെന്റിന്റെ സി. ഐ. ഡി. വകുപ്പുകാരും ഈ കാര്യത്തെപ്പറ്റി, അതായത് ആരാധനാസ്ഥലങ്ങൾ നശിപ്പിച്ചതിനെപ്പറ്റി ഇൻവെസ്റ്റിഗേഷൻ നടത്തീട്ടുണ്ടായിരിക്കും.

കയർകാൺഫറൻസ് റിപ്പോർട്ട്.

* ൫൪൭. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തു വച്ച് ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കയർ കാൺഫറൻസിന്റെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ കേന്ദ്രഗവണ്മെന്റ് എന്തെങ്കിലും നടപടികൾ നടത്തിയതായി ഇവിടെ അറിയിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കേന്ദ്രഗവണ്മെന്റിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തു വച്ച് ധനകാര്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കയർ കാൺഫറൻസിന്റെ റിപ്പോർട്ട് കേന്ദ്രത്തിലേക്ക് അയച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

(ബി) കേന്ദ്രഗവണ്മെന്റ് അതിന്മേൽ നടപടികൾ നടത്തിവരുന്നതായി ഇവിടെ അറിവു ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ആ നടപടികളുടെ സ്വഭാവത്തെ സംബന്ധിച്ച് ഉള്ള വിവരങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു കയർ ബോർഡ് ഉണ്ടാക്കുവാൻ കേന്ദ്രഗവണ്മെന്റ് ഒരുങ്ങിയിട്ടുണ്ട് എന്നാണ് അറിയുന്നത്. കൂടാതെ, സഹകരണ അടിസ്ഥാനത്തിന്മേൽ കയർ വ്യവസായത്തിന്റെ തുടക്കം മുതൽ അവസാനംവരെയുള്ള കാര്യങ്ങൾ അന്വേഷിച്ച് തീരുമാനിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ടെന്നാണ് അറിയുന്നത്.

Factory Inspectors.

*548. [3] **Shri K. Bhanu:** Will the Minister for Labour be pleased to state:

(*a*) the number of Factory Inspectors in the State;

(*b*) their functions ;

(*c*) the number of Assistant Inspectors of Labour in the State ; and

(*d*) their functions and extent of jurisdiction ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) There are eight Factory Inspectors in the State.

(*b*) The Chief Inspector of Factories, Inspectors of Factories and the Lady Inspector of Factories are mainly concerned with the administration of the Factories Act, the Payment of Wages Act, and the Maternity Benefit Act. The Inspectors of Boilers have to conduct the inspection of boilers also. The Medical Inspector of Factories look to the industrial hygiene side of factories.

(*c*) There are no Assistant Inspectors of Labour in the Department.

(*d*) In view of answer to part (*c*) this does not arise.

Shri K. Bhanu : Has any one of these Inspectors been sent outside for training ?

Shri Panampilli Govinda Menon : There are persons, I believe, who have been sent for training.

Shri K. Bhanu : May I know where they were sent?

Shri Panampilli Govinda Menon : I want notice. This was not done recently.

Shri K. Bhanu : May I know the average number of factories inspected by these Inspectors each year ?

Shri Panampilli Govinda Menon : That information is not with me now.

ശ്രീ. ടി. കെ. ദിവാകരൻ: മെഡിക്കൽ ഇൻസ്പെക്ടറുടെ (ഫാക്ടറി) ജോലി നോക്കുന്നതു് ആരാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരാണെന്നു് നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ഇൻസ്പെക്ടേഴ്സ് സ്റ്റാഫ് കുറവാണെന്നും കൂടുതൽ നിയമിക്കണമെന്നും വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ലജിസ്ലേഷനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക ഫാക്ടറി ഇൻസ്പെക്ടറന്മാർ മുഖേന ചെലവാക്കുന്നപക്ഷം കുറേ സംഖ്യ അതിൽ മിച്ചമുണ്ടാക്കാൻ കഴിയുമെന്നു് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ ഇൻസ്പെക്ടറന്മാരുടെ കീഴിൽ ഫാക്ടറി സംബന്ധമായ എത്ര കേസുകൾ കണ്ടുപിടിച്ച് നടപടി നടത്തുന്നുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എത്രയുണ്ടെന്ന് ഓർമ്മയില്ല.

Irrigation schemes

*549. [4] **Shri K. Bhanu :** Will the Minister for Works be pleased to state :

(*a*) how many irrigation schemes the Government have recommended to the Government of India to be included in the Five Year Plan ;

(*b*) what is the basis that has been adopted in making those recommendations ; and

(*c*) whether all the necessary investigations are completed in respect of those irrigation schemes which have been recommended to the Government of India ?

Minister for Works (**Shri Kalathil Velayudhan Nair**) :

(*a*) Six.

(*b*) Works under execution and works which have been investigated and found to be feasible were recommended to be included in the Five Year Plan.

(*c*) All necessary investigations are completed in respect of these schemes. Field investigations for preparing detailed working estimates for certain items of work are in progress in the case of a few of the projects.

Shri K. Bhanu : Is there any irrigation scheme for Central Travancore ?

Shri Kalathil Velayudhan Nair : Yes, Sir.

Shri K. Bhanu : May I know what those schemes are ?

Shri Kalathil Velayudhan Nair : The Kuttanad Development Scheme.

ശ്രീ. എ. കെ. ചെല്ലപ്പ : ഈ ആറ് ഇറിഗേഷൻ സ്കീമുകൾ ഏതെല്ലാം ആണെന്നു പറയാമോ?

Mr. Speaker : Are they not mentioned in this House—The Peechi scheme, the Chalakkudi scheme, the Vadakkan cherry scheme, the Kuttanad scheme, the Neyyar scheme and the Perunchani scheme ?

ശ്രീ. ഏ. കെ. ചെല്ലയ്യാ : തെക്കൻ തിരുവിതാംകൂറിലെ ഏതെങ്കിലും സ്കീമും ഉൾപ്പെട്ടിട്ടുണ്ടോ ? പട്ടണക്കാട്ട് സ്കീം ഇതിൽ പെട്ടതാണോ എന്നറിയാനാണ് ചോദിക്കുന്നത്.

Mr. Speaker : It is part of a scheme already existing.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന്റെ വിവരം ഇപ്പോൾ കയ്യിലില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ ഗവണ്മെന്റിന്റെ അഭിപ്രായം അനുസരിച്ചുള്ള ആറു പദ്ധതികൾ തയ്യാറാക്കി കേന്ദ്രത്തിലേയ്ക്ക് അയച്ചിട്ടുള്ളതു്; അതോ കേന്ദ്രഗവണ്മെന്റിന്റെ സഹായമുണ്ടാകുമെന്നു വിശ്വസിച്ച് ഗവണ്മെന്റ് ഈ സ്കീം തയ്യാറാക്കിയതോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കേന്ദ്രഗവണ്മെന്റിന്റെ ഉദ്യോഗസ്ഥന്മാർ ഈ സ്കീംസ് പരിശോധിച്ചതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ സ്കീം അനുസരിച്ച് ഒരു ടൺ അരി യുണ്ടാക്കണമെങ്കിൽ എത്ര രൂപ ചെലവാകും ?

Mr. Speaker : How can a general question like this be answered ? The supplementary question must have some relevancy to the main question. You may put some other question.

Shri T. K. Krishnan : The Government of India have suggested that only schemes which produce one ton by spending Rs. 250 should be started.

Mr. Speaker : Then put a direct question—whether the Government of India have not advised this Government not to start schemes which will not produce one ton of rice by spending Rs. 250.

ശ്രീ. ടി. കെ. കൃഷ്ണൻ : ഒരു ടൺ അരിയുണ്ടാക്കുന്നതിന് 250 രൂപയിലധികം ചെലവു വരുന്ന സ്കീം നൽകരുതെന്ന് കേന്ദ്രഗവണ്മെന്റ് അഭിപ്രായപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മൈനർ ഇറിഗേഷൻ സ്കീമിനെ സംബന്ധിച്ച് അങ്ങനെ പറഞ്ഞിട്ടുണ്ട്. മേജർ ഇറിഗേഷൻ സ്കീമിനെപ്പറ്റി അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ ഗവണ്മെന്റ് അതു് അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കേന്ദ്രഗവണ്മെന്റ്, സ്വീകരിക്കണമെന്ന് നിർദ്ദേശത്തോടുകൂടി പറഞ്ഞിട്ടുള്ളതല്ല. സാമാന്യമായി സ്കീം കൊടുക്കുമ്പോൾ അവരുടെ നിർദ്ദേശം സ്വീകാര്യമാണെങ്കിൽ എടുക്കണമെന്നേയുള്ളു.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ ആറു് സ്കീമുകളും കഴിയുമ്പോൾ എത്ര ഏക്കർ സ്ഥലത്ത് ഇറിഗേറ്റ് ചെയ്യാമെന്നും എന്തു ബനിഫിററ് ഉണ്ടാകുമെന്നും പറയാമോ ?

Mr. Speaker : When the relevant records are available with the hon. Members, they are not expected to put such supplementary questions.

Shri N. Rajagopalan Nair : After getting answer to that question I have to put another question.

Mr. Speaker : This is not a Court whereby a process of putting questions you can ultimately arrive at a particular question and answer.

Mineral Factories

*550. [5] **Shri Prakkulam Bhasi :** Will the Minister for Finance be pleased to state :

(*a*) whether Government intend taking over all the mineral factories in Chavara ;

(*b*) if so, when ; and

(*c*) the reason for not taking over the factories of Messrs. F. X. Periera & Sons and Hopkins and Williams Ltd. ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) That is the proposal.

(*b*) As soon as possible.

(*c*) Negotiations in the matter could not be finalised.

ശ്രീ. പ്രാക്കുളം ഭാസി : ഇതിനു മുമ്പ് ഇവിടെ ഗവണ്മെന്റിൽ നിന്നും എത്ര കമ്പനികൾ ഏറ്റെടുത്തു ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടു കമ്പനികൾ ഏറ്റെടുത്തു വർക്കു ചെയ്യുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : അവിടെ ഇൽമിനൈറ്റ് മാത്രമേ പ്രൊഡ്യൂസ് ചെയ്തിട്ടുള്ളുവോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ ഇൽമിനൈറ്റ് മാത്രമാണ് പ്രൊഡ്യൂസ് ചെയ്യുന്നത്. അടുത്ത കാലത്ത് വേറെ വല്ലതും പ്രൊഡ്യൂസ് ചെയ്യുന്നുണ്ടോ എന്ന് എനിക്ക് നിശ്ചയമില്ല.

ശ്രീ പ്രാക്കുളം ഭാസി : വേറെ എന്തെങ്കിലും ഉണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു വേണം. ആ ചോദ്യം ഇതിൽനിന്നും ഉത്ഭവിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഒരു ചോദ്യം ചോദിച്ചു കഴിഞ്ഞാൽ അതിനുക "ഇന്നിന്ന ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടിവരുമെന്നു മുൻകൂട്ടി അറിവു ശേഖരിക്കേണ്ടേ ?

Mr. Speaker: The question is: "whether Government intend taking over all the mineral factories at Chavara?"

ശ്രീ. പ്രാക്കുളം ഭാസി: അവിടെ ഏതെല്ലാം ഇൻഡസ്ട്രീസ് നടക്കുന്നുണ്ട് എന്നറിയാനാണ് ചോദിക്കുന്നത്.

Mr. Speaker: Of course, if the Minister is in possession of the information, he can give it; otherwise, I cannot help.

ശ്രീ. പ്രാക്കുളം ഭാസി: ഒരു ചോദ്യം ചോദിച്ചാൽ എന്തെങ്കിലും സമാധാനം പറയണമെന്ന് ഉദ്ദേശിച്ചുകൊണ്ട് മറുപടി പറഞ്ഞാൽ എന്തു ചെയ്യും?

Mr. Speaker: The Minister cannot naturally expect that question. What has this question to do with nationalisation?

ശ്രീ. പ്രാക്കുളം ഭാസി: ചോദ്യത്തിനുള്ള മറുപടി പറയാതെ നോട്ടീസു വേണമെന്ന് പറഞ്ഞാൽ എന്തുചെയ്യും?

Mr. Speaker: Let us not argue. If you want to put any other question you may do so.

ശ്രീ. ടി. കെ. ദിവാകരൻ: ഇതിൽ ഏതെങ്കിലും ഫാക്ടറി കേന്ദ്ര ഗവണ്മെൻറിൽ എടുക്കുന്നതിന് നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഹോപ്കിൻസ് ആൻഡ് വില്ല്യംസ് കമ്പനി എടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറിന് നിശ്ചയമില്ല.

ശ്രീ ടി. കെ. ദിവാകരൻ: ആ കമ്പനിയിലെ മാനേജുമെൻറ് അവിടെ തൊഴിലാളികൾക്ക് കൊടുക്കുവാനുള്ള അവകാശങ്ങൾ മുഴുവൻ കൊടുത്തു തീർത്തിട്ടില്ലാത്തതുകൊണ്ട് അതു് കൊടുത്തു തീർക്കുവാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇനിയും ചിലതു് കൊടുത്തു തീർക്കുവാനുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലാളികൾക്ക് ഇനിയും ചെല്ലുവാനുള്ളതു് താമസിയാതെ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുത്തു തീർക്കുവാൻ ശ്രമിക്കാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഗവണ്മെൻറിൽനിന്ന് എടുക്കുന്ന ഈ ഫാക്ടറി മാനേജ് ചെയ്യുന്നതു് ആരാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന് ഒരു ഉദ്യോഗസ്ഥനെ വച്ചിട്ടുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇപ്പോഴുള്ള ആളും അതിന് യോജിച്ചതല്ലാത്തതുകൊണ്ട് കുറെ വിവരമുള്ള വേറെ ആരെയെങ്കിലും വച്ചു നടത്തുന്നതിന് ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷണത്തിൽ ഇപ്പോഴുള്ള ആളും അതിന് യോഗ്യതയുള്ള ആളാണെന്ന് അറിവുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: അദ്ദേഹത്തിന്റെ നടത്തിപ്പിലുള്ള വൈകല്യങ്ങളെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ஸ்ரீ. எஸ். ஜி. தேசியப்பன்: எல்லோருக்கும் இப்படித்தான் கொடுக்கப்பட்டிருக்கிறதா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാവർക്കും ഇല്ല.

ஸ்ரீ. எஸ். ஜி. தேசியப்பன்: வேறு எந்தெந்த வியாபாரக்காரர்களுக்கு கொடுக்கப்பட்டிருக்கிறது?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ ഉണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എ. കെ. ചെല്ലയ്യാ: ഹാപ്കിൻസ് ആൻഡ് വില്യംസ് ലിമിറ്റഡ് ഇപ്പോഴും പ്രവർത്തനം തുടർന്നു നടത്തുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യാ: തെക്കൻ തിരുവിതാംകൂറിൽ മണവാളക്കുറിച്ചിയിലെ കമ്പനി ഇപ്പോഴും പൂട്ടിയിട്ടിരിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചോദ്യത്തിലെ കാര്യമാണ് ഇവിടെ പറയുന്നത്.

ശ്രീ. എ. കെ. ചെല്ലയ്യാ: ഇൻഡ്യൻ ആർക്കിയോളജിക്കൽ ലാബറട്ടറീസിന്റെ നിയന്ത്രണം ഇതിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവണ്മെന്റിന്റെ വക ഒരു അറ്റോമിക് എനർജി കമ്മീഷൻ ഉണ്ട്. ഇവിടെനിന്നും പുറത്തേക്കു കയറ്റി അയക്കുന്ന സാധനങ്ങളിൽ ഇൽമെനൈറ്റ് ഉണ്ടോ എന്നു പരിശോധിക്കുവാനുള്ള അധികാരം ആ കമ്മീഷനു ഉണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യാ: അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ഇൽമെനൈറ്റ് പുറത്തേക്ക് കടത്തിക്കൊണ്ടുപോകുന്നതായുള്ള വല്ല പരാതികളും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. എ. കെ. ചെല്ലയ്യാ: ഇവിടത്തെ ലേബർ മന്ത്രിക്ക് വല്ല പരാതികളും കിട്ടിയിട്ടുണ്ടോ?

Mr. Speaker: About the contents of the mineral sand exported—is it what the member means?

ശ്രീ. എ. കെ. ചെല്ലയ്യാ: ഇൽമനൈററ് ഗവണ്മെൻറ് അറിയാതെ പുറത്തേക്കു് അയയ്ക്കുകയാണെങ്കിൽ അതു് ഗവണ്മെൻറിൻെറ റോയൽററിയെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് റായൽററിയെ ബാധിക്കുന്ന കാര്യമല്ല. ഇൽമനൈററിൽ അററാമിക് എനർജിയുണ്ടാക്കുന്ന മോണൊസൈററ് contents ഇത്ര ശതമാനത്തിൽ കൂടുതലാകാൻ പാടില്ലെന്നു നിബന്ധനയുണ്ടു്. അതു കൂടുതലാകുന്നുണ്ടോ എന്നു പരിശോധിക്കുവാൻവേണ്ടി, കമ്മീഷൻെറ ഒരു ഏജൻറ് ഇവിടെനിന്നും അയക്കുന്ന ilmenite സർട്ടിഫൈ ചെയ്യുന്നുമുണ്ടു്.

Shri R. Kesava Pillai: Is there any scheme before Government for the nationalisation of the mineral factories?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒന്നു് ആലോചനയിൽ ഉണ്ടു്.

ട്രാൻസ്പോർട്ടു് ജീവനക്കാർ.

❋ ൭൭൧. [൩] ശ്രീ. പാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ജീവനക്കാരിൽ വർക്ക്എസ്റ്റാബ്ലിഷ്മെൻറ് സെക്ഷനിൽപ്പെടുന്ന ഭൂരിപക്ഷം ജീവനക്കാരേയും പെൻഷനബിൾ സർവ്വീസിൽ എടുക്കുന്നതിനു് തീരുമാനിച്ചോ;

(ബി) അതു സംബന്ധിച്ചുള്ള നടപടികൾ എന്തായി;

(സി) നടപടികൾ വേഗത്തിൽ നടത്താൻ സാദ്ധ്യമല്ലാത്തപക്ഷം അവരുടെ ബോണസ്സ് പ്രശ്നം പുനരാലോചിക്കുമോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഡിപ്പാർട്ടുമെൻറിലെ നാൺപെൻഷണബിൾ ജീവനക്കാരെ പെൻഷണബിൾ ആക്കുവാനുള്ള ഒരു പദ്ധതി ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കയാണു്.

(ബി) പര്യാലോചിച്ചുകൊണ്ടിരിക്കുന്നു.

(സി) അധികം താമസിക്കാതെ ഒരു തീരുമാനം എടുക്കുന്നതാണു്.

ശ്രീ. പാക്കുളം ഭാസി: അതിനു് താമസിയാതെ ഒരു തീരുമാനം എടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അധികം താമസിയാതെ തീരുമാനം എടുക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി: അതു് മാററുവാൻ പോകുന്നെന്നു പറയുന്നതു് വാസ്തവമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എനിക്കു് അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കൊല്ലം എത്ര പണം കൊടുത്തുതീർത്തു?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൦ ശതമാനം ബാക്കിയുണ്ടായിരുന്നതും കൊടുത്തുതീർത്തു.

ശ്രീ. ടി. കെ. ദിവാകരൻ: വരുമാനത്തിന്റെ തോതനുസരിച്ചാണോ കൊടുക്കുന്നതു്; അല്ലെങ്കിൽ അതിന്റെ എത്ര ശതമാനം കൊടുക്കുവാനാണു് ഉദ്ദേശിക്കുന്നതു്? അതിന്റെ കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

Bus Accidents.

*552. (8) **Shri K. Bhanu :** Will the Minister for Works and Transport be pleased to state :

(*a*) the number of bus accidents which occurred in our State during the year 1952 ;

(*b*) how many of them proved fatal ;

(*c*) how many were men, women and children, respectively ; and

(*d*) what action Government propose to take in order to minimise them ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(*a*) 379.

(*b*) 68 accidents.

(*c*) Men 53 ; Women 6 and Children 19.

(*d*) All possible steps are now being taken to reduce the number of road accidents by efficient checking and educating the public on road sense.

Shri K. Bhanu : May I know the reason why the number of accidents which occurred on 1952 is greater than the previous year?

Shri Kalathil Velayudhan Nair : The number of vehicles has also increased.

ശ്രീ. പി. വി. അവിരാ തരകൻ: സ്റ്റേററ് ട്രാൻസ്പോർട്ട ബസ്സുകളിലാണോ അതോ പ്രൈവററ് ബസ്സുകളിലാണോ കൂടുതൽ അപകടം ഉണ്ടായിരിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏതു് ബസ്സിലാണു് കൂടുതൽ അപകടം ഉണ്ടായിട്ടുള്ളതു് എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. വി. അവിരാ തരകൻ: ട്രാൻസ്പോർട്ടു് ബസ്സിൽ ഉണ്ടായിട്ടുള്ള അപകടങ്ങൾ എത്രയാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി പ്രത്യേകം ഒരു കണക്കെടുത്തിട്ടില്ല.

ശ്രീ. ഓ. സി. നൈനാൻ: തേഡ് പാർട്ടി ഇൻഷ്വറൻസ് സംഖ്യ ഈ അപകടം പററിയ ആളുകൾക്കു് കൊടുത്തുവരുന്നുണ്ടോ?

Mr. Speaker: That was already answered. The question of insurance is under the consideration of Government.

ശ്രീ. ഓ. സി. നൈനാൻ: ട്രാൻസ്പോർട്ട ബസ്സുകളല്ലാതെ മററ പ്രൈവററ ബസ്സുകൾമൂലം അപകടം ഉണ്ടാകുമ്പോൾ അപകടം സംഭവിച്ച ആളുകൾക്കു് തേഡ്പാർട്ടി ഇൻഷ്വറൻസു് സംഖ്യകൊടുക്കണമെന്നുണ്ടു്. ആ സംഖ്യ കൊടുക്കേണ്ടതാരാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി നടപടി എടുക്കേണ്ടതു് ഇൻഷ്വറൻസു് ഡിപ്പാർട്ടുമെൻറാണു്.

ശ്രീ. ഓ. സി. നൈനാൻ: ഗവണ്മെൻറിൽനിന്നു് അതിനെപ്പററി നടപടി ഒന്നും എടുക്കേണ്ടതില്ല?

ശ്രീ. കളത്തിൽ വേലായുധൻനായർ: വല്ല കംപ്ലെയിൻറും വന്നാൽ ഗവണ്മെൻറ് അതിനെപ്പററി നടപടി എടുക്കും.

ശ്രീ. ടി. കെ. കൃഷ്ണൻ: ബസ്സു് അപകടത്തിൽപ്പെട്ടവരെ ഉടനെ ആശുപത്രിയിൽകൊണ്ടുപോയി വിടാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആശുപത്രിയിൽ കൊണ്ടുപോയി വിടാറുണ്ടു്.

ശ്രീ. ടി. കെ. കൃഷ്ണൻ: കഴിഞ്ഞ ഫെബ്രുവരിയിൽ തൃശ്ശിവപേരൂർ-കുന്നംകുളം ലൈനിൽ പേരാമംഗലത്തുവെച്ചുണ്ടായ ബസ്സു് അപകടത്തിൽപ്പെട്ട ആളുകളെ ഒരു മണിക്കൂർ കഴിഞ്ഞിട്ടും ആശുപത്രിയിലേയ്ക്കു കൊണ്ടുപോയില്ലെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ട്രാൻസ്പോർട്ട ബസ്സുകളിൽ അപകടം ഉണ്ടാകുമ്പോഴുള്ള അവസ്ഥയെപ്പററിയാണു് ഞാൻ പറഞ്ഞതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: പ്രൈവററ ബസ്സുകളിൽ അപകടം ഉണ്ടാകുമ്പോൾ അപകടം സംഭവിച്ചവരെ ആശുപത്രികളിൽ അയയ്ക്കുന്നതിനുള്ള ചുമതല ഗവണ്മെൻറിനു് ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിന് ഗവണ്മെൻറിന് ചുമതലയുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ : ബസ്സ് അപകടത്തിൽപ്പെടുന്നവരെ ഒരു മണിക്കൂറിനകം ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് ഗവണ്മെൻറ് വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ ?

Mr. Speaker : It is for the Court to consider that aspect of the negligence on the part of the motor company.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ മാതിരിയുള്ള ബസ്സപകടങ്ങൾ ഉണ്ടാകുന്നത് ഓവർസ്പീഡ് കൊണ്ടാണോ അതോ ഓവർലോഡ് കൊണ്ടാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ബസ്സപകടങ്ങൾ പല കാരണങ്ങൾകൊണ്ടും ഉണ്ടാകുന്നുണ്ട്.

ശ്രീ. ടി. കെ. കൃഷ്ണൻ : റോഡുകളിൽ ഉള്ള അസൗകര്യംകൊണ്ടാണ് ബസ്സപകടങ്ങൾ ഉണ്ടാകുന്നതെന്ന് വല്ല പരാതിയും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചില സമയത്ത് റോഡുകളുടെ ദോഷംകൊണ്ടും അപകടമുണ്ടാകുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ചില പാലങ്ങളുടെ അപ്രോച്ചുറോഡ് വളരെ വീതി കുറവായതുകൊണ്ട് അപകടം ഉണ്ടാകുന്നുണ്ടെന്നും ആ റോഡ് വീതികൂട്ടിയാൽ അപകടം കുറയുന്നതാണെന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അത് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവററ ബസ്സ് സർവീസ് പെർമിററുകൾ കൊടുക്കാതെ അതിന് യൂണിയൻ സർവീസ് ഏർപ്പെടുത്തിയാൽ ഈ അപകടം കുറയുവാൻ ഇടയുണ്ടെന്ന് ഗവണ്മെൻറിന് തോന്നുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അത് പരീക്ഷിച്ചു നോക്കിയാലേ അറിയാൻ സാധ്യമുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ : ബസ്സുകൾ തമ്മിലുള്ള കംബററിഷൻ കൊണ്ടാണ് അപകടങ്ങൾ സാധാരണ ഉണ്ടാകുന്നതെന്ന് ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ബസ്സുകൾ തമ്മിലുള്ള അനാരോഗ്യകരമായ മത്സരംകൊണ്ടും അപകടങ്ങൾ ഉണ്ടാകുന്നുണ്ട്.

ശ്രീ. ടി. എ. മജീദ് : മേജർ ആയിട്ടുള്ള അപകടങ്ങൾക്കും മൈനർ ആയിട്ടുള്ള അപകടങ്ങൾക്കും ഗവണ്മെൻറ് കേസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ട്.

ശ്രീ. ടി. എ. മജീദ് : ഇവിടെ പറഞ്ഞ അപകടങ്ങളിൽ മേജർ അപകടങ്ങൾ ഏതൊക്കെയെന്ന് പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഏകദേശം പകുതിയോളം വരുമെന്നാണ് തോന്നുന്നതു്.

ശ്രീ. ടി. എ. മജീദ്: ഈ അപകടങ്ങളിൽ കേസ്സെടുത്തിട്ടുള്ളതും കൂടുതൽ പ്രൈവററ ബസ്സിന്റെ പേരിലോ, ട്രാൻസ്പോർട്ടു ബസ്സിന്റെ പേരിലോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂടുതൽ ഏതിന്റെ പേരിലാണെന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ്: ഈ അപകടങ്ങളിൽ മരണം സംഭവിച്ച കേസുകൾ എത്രയാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൩൮.

ശ്രീ. ടി. എ. മജീദ്: എത്ര കേസുകളിൽ ശിക്ഷ നൽകിയിട്ടുണ്ട്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പലതും വിചാരണയിൽ ഇരിക്കുകയാണ്.

ശ്രീ. ആർ. കേശവപിള്ള: അപകടങ്ങളിൽപെട്ടു് മരിച്ചവർക്കു് കാമ്പൻസേഷൻ കൊടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കാമ്പൻസേഷനു് ന്യായമായിട്ടു് അവകാശമുണ്ടെങ്കിൽ കൊടുത്തിട്ടുണ്ടാകും.

വില്ലേജുറോഡുകൾ.

* ൧൧൯. [൩൯] ശ്രീ. കെ. കുട്ടപ്പൻ താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വില്ലേജുറോഡുകളുടെ നിർമ്മാണത്തിനും മററുമായി കേന്ദ്രസർക്കാരിൽ നിന്നും ൧൧൨൭-൨൮ വർഷത്തിൽ ധനസഹായം നൽകിയിരുന്നോ; നൽകിയിരുന്നെങ്കിൽ പ്രസ്തുത തുകയിൽ നിന്നാണോ കരുനാഗപ്പള്ളി-കായംകുളം റോഡിന്റെ പണിക്കുള്ള ചെലവു ചെയ്യുന്നതു്?

ഗതാഗതവും മരാമത്തും വകുപ്പുമന്ത്രി: (ശ്രീ: കളത്തിൽ വേലായുധൻ നായർ): ഇല്ല.

പുതിയ ലൈനുകൾ.

* ൧൨൦. [൪൦] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൧൨൮-൨൯ വർഷത്തിൽ പുതിയ ലൈനുകളിൽ ട്രാൻസ്പോർട്ടു ബസ്സു് സർവ്വീസ് തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അക്കൂട്ടത്തിൽ കായംകുളം-പുനലൂർ ലൈൻ ഉൾപ്പെടുമോ?

ഗതാഗതവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ൧൧൩൩-൩൪-വർഷത്തിൽ പുതിയ ലൈനുകളിൽ ട്രാൻസ്പോർട്ടു സർവ്വീസ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ കായംകുളം-പുനലൂർ ലൈൻ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. കുട്ടപ്പൻ: ഏതെല്ലാം ലൈനുകളാണ് ഗവണ്മെന്റ് എടുക്കുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത് ഏതെല്ലാമാണെന്ന് അവസാനമായി നിശ്ചയിച്ചിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കായംകുളം-പുനലൂർ ലൈനിൽ ഇപ്പോൾ എത്ര ബസ്സുകൾ ഓടുന്നുണ്ട് എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എത്ര ബസ്സുകൾ ഇപ്പോൾ ഓടുന്നുണ്ടെന്നു അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: ആ ലൈനിൽ വളരെ അധികം ബസ്സുകൾ ഓടുന്നതുകൊണ്ട് അതു ഇക്കൊല്ലം എടുക്കുവാൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇക്കൊല്ലം ആ ലൈൻ എടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. സി. അയ്യപ്പൻ: ഏതെല്ലാം ലൈനുകൾ എടുക്കാനാണ് ഇപ്പോൾ പ്രോഗ്രാമിൽ ഉള്ളത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എറണാകുളത്തു ടൗൺ സർവ്വീസ് എടുക്കുവാനാണ് ഇപ്പോഴത്തെ ആലോചന.

Pay of Police Constables.

*555. [11] **Shri A. Samraj** :† Will the Minister for Home Affairs be pleased to state :

(*a*) in view of the high cost of living, will the Government take steps to raise the pay scales of Police Constables in the State ; and

(*b*) take strict measures to curb corruption ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) It was only recently, *i.e.*, in 1950, that the scale of pay of Constables was revised. The scope and necessity for further revision will be considered.

(*b*) Yes. Even now stringent measures are taken to put down corruption.

---

†As the Member was absent, this Question was put by Shri N. Nilakantaru Pandarathil, with the permission of the Chair.

Conductors in the Transport Department.

*556. [12] **Shri A. Samraj** :† Will the Minister for Work and Transport be pleased to state :

(*a*) the number of conductors recruited during last year in the Transport Department ; and

(*b*) the number of scheduled castes people thus recruited ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) 101.

(*b*) 17.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: കൂടുതൽ കൺടക്ടറർമാരെ എടുത്തു് കൂടുതൽ ബസ്സുകൾ റോഡിൽ ഇറക്കിയതുകൊണ്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൺടക്ടറർമാർ പോരാതെ വന്നതുകൊണ്ടാണു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: കഴിഞ്ഞ വർഷം എത്ര ബസ്സുകൾ പുതിയതായി വരുത്തി എന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് വേറെ ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഒരു വണ്ടിക്കു് എത്ര ജോലിക്കാർ വേണമെന്നു് കണക്കുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കണക്കുണ്ടു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: കൺടക്ടർമാരായിട്ടു് വെളിയിൽ നിന്നു് എടുക്കാതെ ഡിപ്പാർട്ടുമെൻറിൽ ഉള്ളവരെ എടുക്കണമെന്നു് വല്ല നിവേദനവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പബ്ലിക്കു് സർവീസ കമ്മീഷനാണു് ഇവരെ റിക്രൂട്ടു ചെയ്യുന്നതു്. അതിനു് യോഗ്യതയുള്ളവരെ നോക്കി പബ്ലിക്കുസർവീസു് കമ്മീഷൻ എടുക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: കൺടക്ടറർക്കു് ആവശ്യമായ യോഗ്യത എന്താണെന്നു് പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്കൂൾഫൈനൽ പരീക്ഷയ്ക്കു് ചെന്നിരിക്കണം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സ്കൂൾഫൈനൽ ആണു് കൺടക്ടറർക്കു് വേണ്ട യോഗ്യതയെങ്കിൽ ആ ക്വാളിഫിക്കേഷൻ ഇല്ലാത്ത പാർസൽ അററൻഡർമാരെ കൺടക്ടറരുടെ ജോലിക്കു് അയക്കാറുണ്ടോ?

---

†As ths Member was absent, this Question was put by Shri N. Nilakantaru Pandarathil with the permission of the Chair.

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത്യാവശ്യമുള്ള ചില സന്ദർഭങ്ങളിൽ അവർ ആ ജോലി നോക്കാറുണ്ടു്.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: പുതിയതായി കണ്ടക്ടർമാരെ എടുക്കുമ്പോൾ ആ സ്ഥാനത്തു് കണ്ടക്ടർ ജോലി നോക്കി പരിചയമുള്ള പാഴ്സൽ അററൻഡന്റ്സിന് പ്രമോഷൻ കൊടുത്തു് നിയമിക്കാമായിരുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: കണ്ടക്ടർമാരെ റിക്രൂട്ടുചെയ്യുന്നതു് പബ്ലിക്ക സർവ്വീസ് കമ്മീഷൻ ആണു്.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ആലപ്പുഴ ലൈൻ ഗവണ്മെൻറ എടുത്തപ്പോൾ ആ ലൈനിൽ നോക്കിയിരുന്ന ക്വാളിഫിക്കേഷൻ ഇല്ലാത്ത എല്ലാവരെയും ഗവണ്മെൻറ ട്രാൻസ്പോർട്ട് സർവ്വീസിൽ കണ്ടക്ടറായും മററും എടുത്ത നിലയ്ക്ക് ഡിപ്പാർട്ടുമെൻറിലുള്ള പാർസൽ അററൻഡർമാരെ കണ്ടക്ടർമാരായി എടുക്കാതിരിക്കുവാൻ കാരണമെന്താണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു പുതിയ ലൈൻ ഗവണ്മെൻറ് ഏറെടുക്കുമ്പോൾ ആ ലൈനിൽ ജോലി ചെയ്തിരുന്ന യോഗ്യതയില്ലാത്തവരെ എടുക്കുന്നതും ഡിപ്പാർട്ടുമെൻറിലുള്ള യോഗ്യതയില്ലാത്തവരെ എടുക്കുന്നതും രണ്ടും രണ്ടാണു്.

ശ്രീ. എൻ നീലകണ്ഠരു പണ്ടാരത്തിൽ: ഡിപ്പാർട്ടുമെൻറിൽ ലോവർ സ്റ്റാഫിൽ ഉള്ളവരെ പ്രമോട്ടു് ചെയ്യു.

Mr. Speaker: Conductors are recruited by the Public Service Commission.

ശ്രീ. എൻ രാജഗോപാലൻനായർ: പബ്ളിക്ക് സർവ്വീസ് കമ്മീഷൻ നിയമിച്ചിട്ടുള്ള സംഗതിയിൽ ഗവണ്മെൻറ സാധാരണ ഇടപെടുകയില്ല എന്നുള്ളതാണോ ഗവണ്മെൻറിൻെറ നയം?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ തന്നെയാണു് ഗവണ്മെൻറിൻെറ നയം.

വൺവെ ട്രാഫിക്ക് റോഡു്

* ൩൩൧. [൭൨] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടണങ്ങളിൽ വൺവെ ട്രാഫിക്ക് ചട്ടങ്ങൾ നിലവിലിരിക്കുന്ന റോഡുകളിൽ കൂടി 'റിക്ഷാ' പോകുന്നതിനു് അനുവദിക്കണമെന്നു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 'റിക്ഷാ' പോകുന്നതിനു് അനുവദിക്കാതിരിക്കാൻ കാരണമെന്തു്?

ഗതാഗതവും മരാമത്തും കപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) കൊല്ലം ടൗണിലുള്ള വൺവേ ട്രാഫിക് നിയമത്തിൽ നിന്ന് റിക്ഷാ തൊഴിലാളികളെ ഒഴിവാക്കണമെന്ന് കാണിച്ച് നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) നിവേദനം പരിശോധനയിൽ ഇരിക്കുന്നു. വൺവേ ട്രാഫിക് നിയമം എല്ലാ വാഹനങ്ങൾക്കും ബാധകമായിട്ടുള്ളതാണ്. ഇതുവരെയും അനുവദിക്കാതിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: റിക്ഷാ തൊഴിലാളികളുടെ നിവേദനത്തെക്കുറിച്ച് വളരെ വേഗം ഒരു തീരുമാനം എടുക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിയുന്നതും വേഗം തീരുമാനം എടുക്കാം.

ട്രാൻസ്പോർട്ടുബസ്സ് ടിക്കറ്റുകൾ.

* ൭൭൮. [൧൪൨] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലേക്കാവശ്യമുള്ള ടിക്കറ്റുകൾ ഏതു പ്രസ്സിലാണടിക്കുന്നതു്;

(ബി) ൧൧൨൭—൨൮-ൽ ഇതിലേക്കു എത്ര രൂപ ചെലവായി;

(സി) ഈ ടിക്കറ്റുകൾ അടിക്കുന്നതിനു ഗവണ്മെൻറ് പ്രസ്സ് സൂപ്രണ്ട് എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിലേക്ക് അയച്ചിരുന്നോ;

(ഡി) അയച്ചിട്ടുണ്ടെങ്കിൽ നിർദ്ദേശം എന്താണ്;

(ഇ) ഈ നിർദ്ദേശം നടപ്പിലാക്കാതിരിക്കാൻ കാരണമെന്തു്?

മരാമത്തും ഗതാഗതവും കപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) റോഡ് സെക്ഷനിലേക്കുള്ളതു് തിരുവനന്തപുരം ശ്രീരാമവിലാസം പ്രസ്സിലും ഫെറി സെക്ഷനിലേക്കുള്ളതു് എറണാകുളം ഗവണ്മെൻറ് പ്രസ്സിലും.

(ബി) ശ്രീരാമവിലാസം പ്രസ്സിന് ൧—൨—൨൮ വരെ ചിലവായതു് രൂ. ൪൭,൩൧൮—൧൨—൦. എറണാകുളം ഗവണ്മെൻറ് പ്രസ്സിലെ ബില്ല് കിട്ടിക്കഴിഞ്ഞിട്ടില്ല.

(സി), (ഡി) ആൻറ് (ഇ) ഗവണ്മെൻറ് പ്രസ്സിൽ ടിക്കറ്റടിക്കാൻ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതുവരെ പ്രൈവറ്റുപ്രസ്സിൽ ടിക്കറ്റടിക്കണം എന്നു ഗവണ്മെൻറിനു നിർദ്ദേശം തന്നിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെൻറുപ്രസ്സിൽ ടിക്കറ്റുകൾ അടിക്കുന്നതിനുള്ള മിഷ്യൻ വാങ്ങണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രസ്സിൽനിന്നും അങ്ങിനെ ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ചു നടപടി എടുത്തുവരികയാണ്

ശ്രീ. ടി. കെ. ദിവാകരൻ: എത്ര രൂപയുടെ പ്രസ്സ് വാങ്ങേണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ ഒരു റിപ്പോർട്ട് ഗവണ്മെന്റ് പ്രസ്സ് സൂപ്രണ്ട് എന്നാണ് ആദ്യമായി ഗവണ്മെന്റിലേക്ക് അയച്ചിട്ടുള്ളതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൯൫൧ നവംബർ മാസത്തിലാണ് അയച്ചിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ: അതുസംബന്ധിച്ച് ഗവണ്മെന്റ് ഇതുവരെ അവസാനതീരുമാനമൊന്നും എടുത്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഗവണ്മെന്റ് പ്രസ്സിൽ വളരെയധികം ടെമ്പററി ജോലിക്കാർ ഉള്ളപ്പോൾ ഈ മിഷ്യൻ വാങ്ങുന്നതുകൊണ്ട് ഫലപ്രദമായി ജോലി നിർവ്വഹിക്കാൻ കഴിയുമെന്നു ഗവണ്മെന്റ് വിചാരിക്കുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററി ഗവണ്മെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ശ്രീരാമവിലാസം പ്രസ്സിൽ ടിക്കററ് അടിച്ചുതുടങ്ങിയിട്ട് എത്ര കൊല്ലമായെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറച്ചുകൊല്ലങ്ങളായി.

ശ്രീ. ടി. കെ. ദിവാകരൻ: ടെൻറർ വിളിച്ചാണോ ടിക്കററടിപ്പിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യമേതന്നെ അവിടെയാണ് ടിക്കററടിക്കാൻ കൊടുത്തത്. അതിനുശേഷം ടെൻഡർ വിളിച്ചാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. ടി. കെ. ദിവാകരൻ: ആദ്യംകൊടുത്ത റേററ് അനുസരിച്ചുതന്നെയാണോ ഇപ്പോഴും ടിക്കററ് അടിക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ടെൻഡർ അനുസരിച്ചു കൊടുത്ത റേററിലാണ് ഇപ്പോഴും അടിക്കുന്നത്.

Travancore Enamel Industries.

*559. [15] **Shri T. S. Ramaswami :** Will the Minister for Finance and Civil Supplies be pleased to state :

(*a*) the amount of loan granted by Government to the Travancore Enamel Industries, Kundara ;

(*b*) the time of such grant ;

(*c*) other assistances to the same company ;

(*d*) whether the loan and other assistances if any are granted after detailed investigation ;

(*e*) if so what ;

(*f*) if not, why not ; and

(*g*) who are the managing agents ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) The amount of loan granted by Government to the Travancore Enamel Industries, Kundara is Rs. 1,50,000.

(*b*) The loan was granted in the month of May 1948.

(*c*) Government have taken shares to the value of Rs. 20,000. Land has been acquired and given to the company on lease. An enamelling furnace of the value of Rs. 92,476—13—0 has also been issued under the Hire Purchase System.

(*d*) The loan and other assistance were granted after detailed investigation.

(*e*) Shri K. P. P. Menon who was the Industrial *Tiaison* Officer conducted detailed investigations as to the future of the industry and the working of the Company. Shri C. Kumara Das who succeeded Shri K. P. P. Menon as Industrial *Liaison* Officer also supported the grant of the loan.

(*f*) Does not arise.

(*g*) Shri R. Madhavan Nair is the present managing agent.

Shri T. S. Ramaswami : May I know the paid-up capital of this concern ?

Shri Panampilli Govinda Menon : The paid-up capital is Rs. 2 lakhs. Authorised capital is Rs. 5 lakhs.

Shri T. S. Ramaswami : The paid-up capital is only Rs. 2 lakhs and Government have granted a loan of Rs. 1,50,000 and over and above that Government have given Rs. 92 thousand odd for the purchase of an enamelling furnace. Were all these done after detailed enquiry and investigation ?

Shri Panampilli Govinda Menon : Yes. As I have already stated, in the year 1948 an officer known as the Industrial *Liaison* Officer conducted proper investigation and submitted a report to Government and according to his recommendations Government granted the financial assistance.

Shri T. S. Ramaswami : Are the Government receiving any interest for the loan ?

Shri Panampilli Govinda Menon : Now neither the interest nor the principal amount is being paid to Government and, as such, steps have been taken to realise the loan.

Shri T. S. Ramaswami : Is the company functioning now ?

Shri Panampilli Govinda Menon : The Company has applied to Government for a further loan in order to carry on their activities and Government found, under the circumstances, that no loan could be given.

Shri T. S. Ramaswami : What steps have Government taken to recover the loan already given ?

Shri Panampilli Govinda Menon : Government are considering the institution of a suit against the Company and proceeding against them under the Revenue Recovery Act on the Sale of Assets of the Company or negotiating with the Board of Directors to transfer the assets of the Company in satisfaction of the outstanding loan.

Shri T. S. Ramaswami : Who is responsible for all this ?

Shri Panampilli Govinda Menon : I have stated more than once that in 1948 enquiries were conducted by an officer and as a result of that Government thought that a loan could be granted to the Company.

Shri T. S. Ramaswami : Will the Government take steps to find out whether the enquiries made were faulty or were made on proper lines by the officer concerned ? And if it was found to be faulty, will the Government take steps to recover the amount from the officer responsible for it ?

Shri Panampilli Govinda Menon : The presumption that the enquiry was faulty is not correct.

Shri T. S. Ramaswami : May I know whether the loan amount cannot be recovered now ?

Shri Panampilli Govinda Menon : That is a different matter. In 1948 the loan was granted on the *bona fide* recommendation of an officer.

Industrial loans.

*560. [16] **Shri T. S. Ramaswami :** Will the Minister for Finance and Civil Supplies be pleased to state :

(*a*) the amount invested by the respective managing agents of Fertilisers and Chemicals Ltd., The Travancore Titanium Products, Ltd., The Travancore Rayons Ltd., Indian Aluminium Company Ltd., and The Travancore Enamel Industries, Kundara, in these respective concerns ;

(*b*) the amount of Government loan to these industries ;

(*c*) whether these loans were granted after proper investigation about the capacity to repay and to pay interest till then ;

(*d*) if so, who made the enquiry ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*)	(1) Fertilisers & Chemicals (Travancore) Ltd.	.. Rs.	91,120
	(2) The Travancore Titanium Products Ltd.	..	Nil.
	(3) The Travancore Rayons Ltd.	.. Rs.	1,09,650
	(4) Indian Aluminium Company Ltd.	..	(No managing agents for this company
	(5) Travancore Enamel Industries Ltd.	.. Rs.	500

(*b*) The amounts of Government loan to the Travancore Rayons Ltd., and to the Travancore Enamel Industries Ltd., are Rs. 96 lakhs and Rs. 1½ lakhs respectively.

No loan has been given to the other Companies.

(*c*) These loans were granted after proper investigation about the capacity to repay and to pay interest till then.

(*d*) In the case of the Travancore Rayons Ltd., the enquiry was made by a committee consisting of the Chief Engineer, the Electrical Engineer to Government, the Industrial Liaison Officer and the Finance Secretary to Government.

In the case of the Enamel Industries Ltd., the enquiry was made by the Industrial Liaison Officer as stated in my previous answer.

Shri T. S. Ramaswami : May I know whether any loan was granted to the F.A.C.T. ?

Shri Panampilli Govinda Menon : A loan was given; but that was later converted into shares.

There is no loan outstanding with them now.

Shri T. S. Ramaswami : After giving these loans were enquiries made with regard to the running of these industries ?

Shri Panampilli Govinda Menon : We are getting information about these industries and we are making enquiries based on such information.

Shri T. S. Ramaswami : Did Mr. Kasturbhai Lalbhai make any enquiry ?

Shri Panampilli Govinda Menon : One of the enquiries was made by him. And, he has submitted his report to Government.

Shri T. S. Ramaswami : Was any recommendation made in that report regarding the granting of loan ?

Shri Panampilli Govinda Menon : Not exactly like that. He has given certain recommendations and they are being implemented one by one.

ശ്രീ. ടി. കെ. ദിവാകരൻ: ട്രാവൻകൂർ ഇനാമൽ ഇൻഡസ്ട്രീസിന്റെ മാനേജ്മെന്റ് ഏജന്റായി ശ്രീ. മാധവൻ നായർ വന്നതിനു ശേഷം ആ കമ്പനിക്ക് ലോൺ കൊടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അദ്ദേഹം വന്നതിനുശേഷം കൂടുതൽ ലോൺ വേണമെന്ന് ആവശ്യപ്പെട്ടു. പക്ഷെ, ലോൺ കൊടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: [illegible] ലോൺ കൊടുത്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുത്തിട്ടില്ലെന്നാണ് ഓർമ്മ.

Shri R. Kesava Pillai : May I know whether the Travancore Enamel Industries functions now ?

Shri Panampilli Govinda Menon : No, Sir. It is closed down.

Mr. Speaker : All these questions were answered. The Company is closed down and there is no prospect of getting back the money and measures are being taken to realise the loan. All these have been stated in the House.

Cash Crops.

*561. [17] **Shri M. V. Cheriyan :** Will the Minister for Finance and Civil Supplies be pleased to state the steps taken by this Government to raise the price of our cash crops like cocoanut, pepper, lemon grass oil, ginger, etc.?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon) :**

Price of cocoanuts mainly depends upon the extent of imports of copra and cocoanut oil from outside and their price. This Government have more than once moved the Central Government with a view to impose restrictions on imports.

The prices of articles like pepper, lemon grass oil etc., exported from the country mainly depend upon trends in World markets. One of the reasons for the fall in the price of pepper is reported to be infestation of pepper exported from this area. To prevent this, fumigation plants are proposed to be installed at the exporting centres and export of pepper will be allowed only after fumigation. When the quality is guaranteed, the price will naturally rise up. As regards lemon grass oil, its marketing is proposed to be organised through a Central Co-operative Society with a number of primary societies in important lemon grass growing areas. It is also proposed to have a quality control laboratory attached to the Central Society. It is expected that these measures would contribute towards enhancement of price of lemon grass oil, as adulteration and want of proper marketing facilities are partly responsible for the fall in price. Further, the cash crops enquiry Committee of the Indian Council of Agricultural Research has also taken up this question.

A marketing officer has been recently appointed in the Agriculture Department. A survey on the marketing of cash crops is one of his main activities. On the basis of the survey, when completed, any further steps found necessary will be taken.

SHORT NOTICE QUESTIONS

ലാക്കപ്പ് മർദ്ദനം

*൫. [൧] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ മാർച്ച് ൧൭-ാം൹ കാട്ടാക്കട പോലീസ് സബ്ബ് ഇൻസ്പെക്ടർ ആത്മാരാമനും പാർട്ടിയുംകൂടി കോട്ടൂർ എന്ന സ്ഥലത്തുള്ള സായു അബ്ദുൽഖാദർ എന്നൊരാളെയും അദ്ദേഹത്തിന്റെ മൂന്നു പുത്രന്മാരെയും, കമലമ്മ എന്നൊരു സ്ത്രീയെയും അറസ്റ്റുചെയ്തിട്ടുള്ള വിവരം ഗവൺമെന്റിനു അറിവുണ്ടോ;

(ബി) അറസ്റ്റുചെയ്തവരെ കാട്ടാക്കട പോലീസ്സ്റ്റേഷൻ ലാക്കപ്പിൽവെച്ച് ഭയങ്കരമായി മർദ്ദിച്ച വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ മർദ്ദനം നടത്തിയ പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ ഗവൺമെന്റു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

Minister for Home Affairs (**Shri T. M. Varghese**) :

(a) Sayu Abdul Khader and his three sons were arrested on 17-3-53 by the Police. The case is under investigation. No woman by name Kamalamma was arrested.

(b) No.

(c) Does not arise.

ശ്രീ. വി. ശ്രീധരൻ: അറസ്റ്റചെയ്തവരെ ലാക്കപ്പിൽവച്ചു മർദ്ദിച്ചുവെന്നു കാണിച്ചു ബഹുമാനപ്പെട്ട മന്ത്രിക്കും, ഐ. ജി. ക്കും ഫോണോക്കാം ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഉണ്ട്.

ശ്രീ. വി. ശ്രീധരൻ: അറസ്റ്റചെയ്തിട്ടുള്ളവരെ തുടർച്ചയായി മർദ്ദിച്ചുവരുന്നുവെന്നുള്ള വിവരം ഗവൺമെൻറിനു അറിവുണ്ടോ?

Mr. Speaker: The hon. Member who put this question had given notice of an Adjournment Motion on this matter. I was searching for facts in respect of this case. Several of the persons arrested, belonging to several castes, are involved in many charges like trespass, rioting, forcible occupation of a building, etc. I collected this information because I wanted to convey these facts to the hon. Member.

ശ്രീ. വി. ശ്രീധരൻ: അറസ്റ്റ ചെയ്തിട്ടുള്ളവരെ മർദ്ദിച്ചുവെന്നുള്ള പരാതിയെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നടത്തിയിട്ടുണ്ട്.

ശ്രീ. പി. വി. ഗോവിന്ദപ്പിള്ള: 8 വൃദ്ധകൾ തരിശായ കിടന്ന സ്ഥലത്ത് 8 കൊല്ലമായി താമസിച്ചുവരാണ്—

Mr. Speaker: Let us not discuss that now. It may be true or not. It is to be decided by the Court.

ശ്രീ. ടി. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കറുടെ ഈമാതിരിയുള്ള പ്രസ്താവനകൾ മെമ്പറന്മാരുടെ അവകാശത്തെ ബാധിക്കുന്നതല്ലേ?

Mr. Speaker: Certainly not. Why should the Members be permitted to put questions on a matter which is *sub judice*?

At the same time, I wanted to convince the hon. Member because he tabled an adjournment motion, why I disallowed that adjournment motion. The Speaker has not been indifferent in the matter but took steps to collect all the information and was keeping that information, for conveying the same to the hon. Member. I consider it part of my duty to help you and direct you.

ശ്രീ. വി. ശ്രീധരൻ: സബ് ഇൻസ്പെക്ടർ ശ്രീ ആത്മാരാമന്റെ പേരിൽ മർദ്ദനം നടത്തിയതിനു തിരുവനന്തപുരം ഡിവിഷൻ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേട്ടുകോടതിയിൽ അഞ്ചു കേസുകൾ ഉണ്ടെന്നുള്ള വിവരം ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗീസ്: കേസുകൾ ഉണ്ടായിരിക്കാം. അതിനെപ്പററി അന്വേഷിച്ചു മറുപടി പറയാൻ സാധിക്കുകയുള്ളു.

ടയർ വില്പന.

*൫൬൧. [൧൭] ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലേലം കൂടാതെ ആർക്കെങ്കിലും, കഴിഞ്ഞ മൂന്നു മാസത്തിനകം ടയർ വിൽക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആർക്കു്;

(സി) ടയർ വാങ്ങിയിട്ടുള്ളവർ ആരെല്ലാമെന്നു് പറയാമോ;

(ഡി) Retread ചെയ്ത ഒരു ടയറിന്നു് മാർക്കറ്റിൽ എന്തു വിലയുണ്ടു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) (സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

(ഡി) അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: ലേലം കൂടാതെ ഈ ടയർ എന്നെങ്കിലും വില്പന നടത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആദ്യം ടെൻഡർ വിളിച്ചാണു കൊടുത്തിരുന്നതു്. ഇപ്പോൾ ലേലം വിളിച്ചാണു കൊടുക്കുന്നതു്.

WRITTEN ANSWERS.

നാവികത്തൊഴിലാളികൾ.

*൫൬൨. [൧൮] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം—എറണാകുളം റെയിൽവെ ഉണ്ടാകുന്നതോടുകൂടി ജോലിയില്ലാതെ വരുന്ന നാവികത്തൊഴിലാളികൾക്കു് പ്രിഫറൻസു കൊടുത്തു്, റെയിൽവെ പണി തുടങ്ങുന്നതുമുതൽ പ്രസ്തുത ജോലിയിൽ എടുക്കാൻ വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഇല്ല

Regional Transport Authority.

*563 [19] **Shri E. P. Varghese:** Will the Minister for Works and Transport be pleased to state whether any of the non-official members of the Regional Transport Authority of Cochin District has interest in motor bus insurance?

Minister for Works and Transport (**Shri Kalathil Velayudhan Nair**) : No.

സാമ്പത്തികോപദേഷ്ടാവ്

* ൫൬൪. [൨൦] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് ഒരു സാമ്പത്തികോപദേഷ്ടാവിനെ നിയമിക്കുവാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ; ഇതിന് ഇൻഡ്യാ ഗവണ്മെന്റിന്റെ സമ്മതി ആർജ്ജിച്ചിട്ടുണ്ടോ;

(സി) വെളിയിൽനിന്നും ആരെയെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ) :

(എ) ആലോചിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

Criminal case against a member of the present Cabinet.

*565 [22] **Dr. N. S. Pillai :** Will the Minister for Home Affairs be pleased to state :

(*a*) whether there was a Criminal case pending against a member of the present cabinet in the Nagercoil First Class Magistrate's Court ;

(*b*) the date on which the case was disposed of ;

(*c*) how and why it was disposed of ;

(*d*) whether any written instructions were given to the police for the withdrawal of the case ; and

(*e*) if so, by whom ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) No.

(*b*) to (*e*) Does not arise in view of the answer to (*a*) above.

ബസ്സപകടങ്ങൾ.

* ൫൬൬. [൨൩] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ബസ്സുകൾ തമ്മിൽ ലക്കില്ലാതെ മത്സരിച്ചോടിക്കുന്നതു നിമിത്തം അനവധി അപകടങ്ങൾ ഉണ്ടാകുന്നതെന്നുള്ളതു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ ;

(ബി) തൃശ്ശിവപേരൂർ–കുന്നംകുളം ലൈനിൽ പേരാമംഗലത്തു് വച്ചു് ഇക്കഴിഞ്ഞ ഫെബ്രുവരി ൧൦–ാംനു ഒരു ബസ്സപകടമുണ്ടായതിൽ എത്രപേർ മരിച്ചു ;

(സി) പ്രസ്തുത അപകടത്തിൻെറ കാരണമെന്തു്;

(ഡി) കുററക്കാരായവരുടെ പേരിൽ എന്തു നടപടിയെടുത്തു?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) മത്സരിച്ചു് ഓടിക്കുന്നതുനിമിത്തം അപകടങ്ങൾ ഉണ്ടാകാറുണ്ടു്.

(ബി) മൂന്നുപേർ മരിച്ചു. ൨൯ പേക്കു പരുക്കേററു.

(സി) അവിവേകമായി അശ്രദ്ധയോടെ ഓടിച്ചതുകൊണ്ടാണെന്നാണു് റിപ്പോർട്ടുകൾകൊണ്ടു കാണുന്നതു്.

(ഡി) സ്ഥലത്തെ കോടതിയിൽ ഒരു കേസു ചാർജ്ജു ചെയ്തിട്ടുണ്ടു്. ഡ്രൈവരുടെ ലൈസൻസും, Competency Certificate-ഉം സസ്പെൻറു ചെയ്തിട്ടുണ്ടു്.

Camp-sheds.

✱567 [25] **Shri O. C. Ninan :** Will the Minister for Works and Transport be pleased to state :

(*a*) are Camp-sheds maintained on any profit basis ; and

(*b*) has any Camp-shed been stoped in 1952 and 1953 ; if so why ?

Minister for Works and Transport (**Shri Kalathil Velayudhan Nair) :**

(*a*) No.

(*b*) Yes. The Kuzhithura Camp-shed was stopped in 1952 since it could not function being situated in the premises of the Kuzhithura Rest House which was converted into a Hospital. The Perumpatty Campshed in Vennikulam Section was stopped in 1952-53 since there were very few visitors.

ട്രാൻസ്പോർട്ട് സർവീസ് സിൽബന്തികൾ.

✱ ൫൬൮. [൨൬] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

( ) ട്രാൻസ്പോർട്ട് സർവീസ് സിൽബന്തികളെ പെൻഷനബിൾ സർവീസുകാരാക്കി സ്ഥിരപ്പെടുത്തുവാൻ നടപടികൾ എടുക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി എന്നത്തേക്ക് നടപ്പിൽ വരാം?

പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഉണ്ട്.

(ബി) കഴിയുന്നതും വേഗം തീരുമാനിക്കുന്നതാണ്.

മരച്ചീനിക്കൃഷി.

✻ ൯൩൯. [൨൭] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനി കൃഷിചെയ്യാവുന്ന സ്ഥലം സംസ്ഥാനത്തു തരിശായി കിടപ്പുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ;

(ബി) മരച്ചീനിക്കൃഷി വിപുലീകരണത്തിന് വല്ല പദ്ധതിയും തയാറാക്കിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്. എത്ര ഏക്കറെന്ന് ക്ലിപ്തമായി പറയാൻ കണക്ക് ഇല്ല.

(ബി) മരച്ചീനികൾ ഉല്പാദിപ്പിക്കുന്നതിനും, ശാസ്ത്രീയമായ രീതിയിൽ മരച്ചീനിക്കൃഷി ചെയ്യുന്നതിനുമായി മരച്ചീനിഗവേഷണകേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ മരച്ചീനി നല്ലവണ്ണം കൃഷി ചെയ്യുന്നതിനുതകുന്നതായ വളങ്ങൾ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു ശേഖരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുവരുന്നുണ്ട്.

കയർവ്യവസായം.

✻ ൯൪൦. [൨൮] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായത്തെസംബന്ധിച്ച് ഏതെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഗവണ്മെൻറ് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒരു കയർതൊഴിലാളിയുടെ വേലക്കൂലി, ജോലിസമയം, ശരാശരി മാസത്തിൽ തൊഴിലുള്ള ദിവസങ്ങൾ എന്നിവ എത്ര;

(ബി) കയർവ്യവസായത്തെ സംബന്ധിച്ച് മിനിമം വേജസ് കമ്മിററിയെ നിയമിച്ചതെന്നാണ്;

(സി) അവരുടെ റിപ്പോർട്ട് എന്നു പൂർത്തിയാകും?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്, കൂലി ഓരോ സ്ഥലത്തും ഓരോ തരം കയറിനും പ്രത്യേകമാണ്. വിശദവിവരങ്ങൾ അടങ്ങിയ, കയർ മിനിമം വേജസ് കമ്മിററിറിപ്പോർട്ട് ഗവമ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുന്നു. അതു് കഴിയുന്നത്ര വേഗം പരസ്യപ്പെടുത്തുന്നതാണ്.

(ബി) ൧൯–൧൧-൫൧-ൽ.

(സി) റിപ്പോർട്ട് പൂർത്തിയായി. ഗവമ്മെൻറിൻെറ പര്യാലോചനയിൽ ഇരിക്കുന്നു.

കയർവ്യവസായാന്വേഷണം.

*൫൭൧. [൨൯] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൨-ൽ കയർവ്യവസായത്തെപ്പററി അന്വേഷിക്കുന്നതിന് കേന്ദ്രസക്കാരിൽനിന്നും ആരെല്ലാം തിരുവിതാംകൂർ-കൊച്ചി സന്ദർശിച്ചിട്ടുണ്ട്;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽനിന്നും കയർവ്യവസായ മാന്ദ്യത്തെപ്പററി കേന്ദ്രസക്കാരിനെ ധരിപ്പിക്കുന്നതിന് ആരെല്ലാം ഡൽഹിക്കു പോയിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശ്രീ. പി. വി. കൃഷ്ണയ്യർ, De el pment Officer, Cottage Industries Directorate,

ശ്രീ. ററി. സ്വാമിനാഥൻ, Textile Commissioner, Government of India,

ശ്രീ. ററി. ററി. കൃഷ്ണമാചാരി, Minister for Industries, Government of India.

(ബി) ചീഫ്മിനിസ്റ്റർ,
ഇൻഡസ്ട്രീസ് മിനിസ്റ്റർ,
ചീഫ്സെക്രട്ടറി,
ഡവലപ്പമെൻറ് സെക്രട്ടറി.

Government Rest Houses.

*572. [30] **Dr. P. T. Thomas:** Will the Minister for Works and Transport be pleased to state:

(*a*) what is the distinction between a Government Rest House and a Government Campshed;

(*b*) whether Government servants have got any special rights or claims to Rest Houses as compared with the general public;

(c) whether Government servants are entitled to use Rest House as their Offices or Courts ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(a) Government Rest Houses are intended for the use of the travelling public as well as Government Officers on circuit. The P. W. D. Campsheds are primarily intended for the use of Government Officers travelling on duty. Government officers can occupy Campsheds without iimit of time. Other travellers also may occupy Campsheds and have them reserved for occupation as per rules.

(b) Officers drawing a salary up to Rs. 300 are entitled to concession rates of fee. In case there is no Campshed adjoining the Rest House and if the Rest House has more than one suite of rooms, one such suite of rooms may with the sanction of the Executive Engineer concerned, be reserved for the Officers on tour without limit of time.

(c) No.

Technical Personnel.

*573 [33] **Shri R. Ponnappa Nadar :** Will the Minister for Public Works be pleased to state :

(a) whether it is a fact that there are lot of technical personnel of six to ten years of service without substantive posts ;

(b) is there any proposal to confirm them ;

(c) when will the Government redress their grievances in this matter ; and

(d) what will be the approximate number of such hands in each category ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(a) Yes.

(b) Yes. To the extent permanent posts exist in each grade.

(c) As early as possible. Proposals are already under consideration of Government.

(d) The exact number in each grade cannot be said now. The attention of the Member is invited to the Government Proceedings P.W. 1-9712/52/PWC. dated 31-8-52 regarding the

reorganisation and integration of the Technical personnel of the P. W. D. published in the Gazette. Persons who are not permanent will be confirmed in the available posts according to seniority after absorbing those who are already permanent in the sanctioned number of permanent posts in each grade.

Supervisors of P. W. D.

*574. [35] **Shri R. Ponnappa Nadar :** Will the Minister for Public Works be pleased to state :

(*a*) whether during the last Session there was a reply from the P. W. Minister for Question No. 413 A*, that the appointment of Supervisors in the P. W. Department is being done in the ratio of 5:3:2 between the Engineering degree holders, diploma holders, and S. M. T. holders respectively ;

(*b*) whether this has been strictly adhered to in the appointment of supervisors after the above date ;

(*c*) if the answer is in the affirmative will the Government be pleased to furnish the list of supervisors appointed since the above date classifying the above categories ;

(*d*) if not, whether there is any reason for disregarding this principle ;

(*e*) will the Government be pleased to furnish the total number of Supervisors in existence as it stood on 1-1-1953 and also showing the number in each of the three categories mentioned above ; and

(*f*) if the list furnished is not inconsistant with the ratio will the Government be pleased to issue necessary orders to promote such of the candidates in order to maintain the ratio of 5:3:2 strictly ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) Yes.

(*b*) No.

(*c*) Does not arise in view of the answer given above.

(*d*) 28 Graduates have been provisionally appointed subject to replacement by P. S. C. nominees. The ratio of 5:3:2 will be maintained at the time of final selection.

(*e*) 289. This includes those now working in the P. W. D. and those who have lien in the P. W. D. but working in other Departments.

Degree holders	130
Diploma holders	82
S. M. T. Overseers and others	77

(*f*) Yes.

മരച്ചീനിയുടെ വിലവർദ്ധനവ്.

* ൫൧൫. [൩൬] ശ്രീ. സി. കെ. കുമാരപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചേർത്തലയിലെ തൊഴിലില്ലായ്മ പരിഗണിച്ച് മരച്ചീനി ന്യായമായ വിലയ്ക്കു കിട്ടത്തക്കവണ്ണം ഗവണ്മെന്റ് ഡിപ്പോകൾ തുറക്കുമോ;

(ബി) രാജ്യത്തിലെ ജനങ്ങളുടെ ഭക്ഷണത്തിന് ആവശ്യമുള്ളതു കഴിഞ്ഞുമാത്രം കയറ്റുമതി ചെയ്യത്തക്കവണ്ണം നിയന്ത്രണം ഏർപ്പെടുത്തുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മരച്ചീനി എല്ലാപേർക്കും ന്യായമായ വിലയ്ക്കു കിട്ടത്തക്കവണ്ണമുള്ള ഒരു പദ്ധതി ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) ഇതിനെപ്പററി ആലോചിക്കാം.

വെട്ടിമാററപ്പെടുന്ന വൃക്ഷങ്ങൾ.

* ൫൧൬. [൩൧] ശ്രീ. കെ. ജെ. താമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് ലൈൻസ് ഇടേണ്ട ആവശ്യത്തിന് വെട്ടിമാററപ്പെടുന്ന കുടികളുടെ വക വൃക്ഷങ്ങൾക്ക് ഗവണ്മെന്റിൽനിന്നും നഷ്ടപരിഹാരം കൊടുക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരാണ് ഈ നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതു്; അതിനുള്ള മാനദണ്ഡമെന്തു്;

(സി) കോട്ടയം-കാഞ്ഞിരപ്പള്ളി ലൈനിൽ ഇങ്ങനെ വെട്ടിമാററപ്പെട്ടിട്ടുള്ള വൃക്ഷങ്ങളുടെ ഉടമസ്ഥന്മാർക്ക് നഷ്ടപരിഹാരം കൊടുത്തുകഴിഞ്ഞോ; ഇല്ലെങ്കിൽ ഈ കാലതാമസത്തിനു കാരണമെന്തു്?

പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) ഉണ്ട്.

(ബി) സ്പെഷ്യൽ ലാൻഡ് അക്വിസിഷൻ ആഫീസർ, ഫലവൃക്ഷങ്ങൾക്ക് പ്രതിവർഷാദായത്തിന്റെ മുക്കാൽ ഭാഗത്തിന് അന്നത്തെ അരിപ്പുവില അനുസരിച്ച് 8½ കൊല്ലത്തേക്കു കണക്കാക്കിയും മററു വൃക്ഷ

ങ്ങൾക്ക് നാട്ടുനടപ്പനുസരിച്ചുള്ള ദേഹണ്ഡവിലയും, ആദായനഷ്ടവും കണക്കാക്കിയും വില നിശ്ചയിച്ചും കൊടുക്കുന്നതുമാകുന്നു.

൮൦ കേസുകൾക്ക് ൨൦-൭-൨൮-ൽ നഷ്ടപരിഹാരം കൊടുത്തു. ബാക്കിയുള്ള കേസുകളിലെ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുവാൻ വേണ്ട നടപടികൾ എടുത്തുകഴിഞ്ഞിട്ടുണ്ട്.

UNSTARRED QUESTIONS.

ഇരിങ്ങാലക്കുട പാർക്ക്.

൩൧൮. [൪] ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട പട്ടണത്തിൽ ഒരു പാർക്ക് പണിയുവാൻ ഗവണ്മെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ടി പാർക്ക് പണിക്ക് ആവശ്യമായ ഇരുമ്പുസാമാനങ്ങൾക്ക് ഗവണ്മെന്റിലേക്ക് അപേക്ഷ അയച്ചിട്ട് എത്ര കാലമായി;

(സി) കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി ആരാണ്?

ഉത്തരം.

(എ) നൽകിയിട്ടുണ്ട്.

(ബി) ഒന്നിൽ അധികം കൊല്ലമായി.

(സി) ആവശ്യമായ ഇരുമ്പുസാമാനങ്ങൾ കിട്ടാത്തതുകൊണ്ടാണ് താമസം നേരിട്ടിട്ടുള്ളത്.

Beedi Manufacturing Industry.

319. [5] **Shri C. Sankar:** Will the Minister for Labour be pleased to state :

(*a*) the total number of workers engaged in the beedi manufacturing industry in the State at present ; and

(*b*) the average income earned by a worker per annum.

Answer.

(*a*) 32,856.

(*b*) Not known.

Beedi workers.

320. [6] **Shri C. Sankar:** Will the Minister for Labour be pleased to state :

(*a*) the minimum wage for beedi workers prevailing in each taluk of the Trivandrum District ;

(*b*) if the same is less than the minimum wage fixed by the Minimum Wages Committee appointed by the Government, the reason for the same ;

(*c*) whether the Government had taken any steps to enforce the minimum wage in those taluks ; and

(*d*) if not, the reason for the same ?

Answer.

(*a*) Re. 1-14-0 has been fixed as the minimum wage for making 1000 beedies for the entire State.

(*b*) In this case no committee was appointed. However, no complaint has been received regarding payment of a lesser amount than the amount fixed under the Minimum Wages Act.

(*c*) Yes. The Labour officers, Asst. Labour Commissioners and Labour Commissioner are Inspectors under the Act to enforce the provisions of the Act.

(*d*) Does not arise.

Complaint against Kunnamkulam Police.

321. (7) **Shri T. K. Krishnan :** Will the Minister for Home Affairs be pleased to state :

(*a*) whether the Inspector General of Police has received a complaint from K. I. Verghese, Kolanoor House, Koonamoochi (Trichur District) alleging that he was wantonly arrested by the Kunnamkulam police on 8-7-1951 ;

(*b*) whether any enquiry has been made about the allegation;

(*c*) the result of the enquiry;

(*d*) the names of the people who arrested the petitioner; and

(*e*) whether any reply has been given to the petitioner?

Answer.

(*a*) Yes.

(*b*) Yes. By the Circle Inspector of Police, Wadakkancherry.

(*c*) Petitioner was arrested on 8-7-1951 in Crime No. 38/51 of Kunnamkulam station for offence under section 457 and 323 I. P. C. for assaulting a woman. The allegation of assault on the petitioner by the Police was on enquiries found to be not true.

(*d*) Head constable No. 919 Lekshmana Naidu.
Police constable No. 5794 Augustine.
Police constable No. 6248 Kuttappan.

(*e*) No.

Tappers who were on strike.

322. (8) **Shri T. K. Krishnan :** Will the Minister for Home Affairs be pleased to state :

(*a*) whether it is a fact that police officials at Anthikad indulged in beating the tappers who were on strike ; and

(*b*) If so, what are the circumstances that justified the action of the Police ?

Answer.

(*a*) No.

(*b*) Does not arise.

കോടതിമാറ്റം.

൩൨൩. [൯] ശ്രീ. എം. സി. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കോട്ടയത്ത് ജില്ലാക്കോടതി ഇരുന്നിരിക്കുന്ന സ്ഥലത്തേക്ക് മുൻസിഫ്കോടതി മാററി സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തെങ്കിലും നടപടി ഗവർമ്മെൻറ് ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതെന്താണ്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ജില്ലാക്കോടതിയോടു ചേർന്ന് കെട്ടിടം നിർമ്മിക്കുന്നതിനായി ൧൪൫൧൦ രൂപായുടെ എസ്റ്റിമേററ തയ്യാറാക്കി ടെൻഡറുകൾ വിളിച്ചിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജററിൽ ൨൦൦൦൦ ക. ഈ ആവശ്യത്തിലേക്ക് കൊള്ളിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ പണി ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഡ്രഡ്ജറുകൾ.

൩൨൪. [൨൦] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവർമ്മെൻറിന് എത്ര ഡ്രഡ്ജറുകൾ ഇപ്പോഴുണ്ട്;

(ബി) ഓരോന്നിൻെറയും വില;

(സി) എത്രയെണ്ണം ഇപ്പോൾ പ്രവർത്തനയോഗ്യമായുണ്ട്;

(ഡി) ഇപ്പോൾ എവിടെയെല്ലാം അവ പ്രവർത്തിക്കുന്നു;

(ഇ) ഏതു ഉദ്യോഗസ്ഥനാണ് ഇതിന്റെ നേരിട്ടുള്ള ചുമതല?

<u>ഉത്തരം.</u>

(എ) പത്തെണ്ണം.

(ബി) ൧൯൪൮-ൽ വാങ്ങിച്ച ൩ എണ്ണത്തിന്റെ (ചെറുത്) വില രൂപാ, ൨൩൭,൯൭൬൩ വലുത് രണ്ടെണ്ണത്തിന്റെ വില രൂപാ ൧൦,൦൦,൦൦൦ കായംകുളത്ത് അററകുററത്തിലിരിക്കുന്ന (Suction dredger)-ന് ൧൦൭,൩൮൦ കൊച്ചിൻ ഡ്രഡ്ജറിന് ൨൨൬,൦൦൦. ൧൯൨൭-ൽ വാങ്ങിച്ച ബക്കററ് ഡ്രഡ്ജറിന് ൪൧൧൬൩ രൂപാ.

(സി) എട്ടെണ്ണം.

(ഡി) മൂന്നു ഡ്രെഡ്ജറുകൾ ആലപ്പുഴ–ചങ്ങനാശ്ശേരി റോഡു പണിക്കായി വേലചെയ്യുന്നു. രണ്ടു ഡ്രഡ്ജറുകൾ തോട്ടപ്പള്ളി സ്പിൽവേ പണിയ്ക്കു് വേലചെയ്യുന്നു.

രണ്ടെണ്ണം ചവറയിലും ഒരെണ്ണം ആലപ്പുഴ–ചേർത്തല തോട്ടപണിക്കുമായി സൂക്ഷിച്ചിരിക്കുന്നു.

രണ്ടെണ്ണം ററി. എസ്. കനാൽ ൧൬–ാം മൈൽ കുഴിപ്പിക്കുന്ന വേലയിൽ ഏർപ്പെട്ടിരിക്കുന്നു.

(ഇ) ൭ ഡ്രഡ്ജറുകളുടെ ചുമതല ഡ്രഡ്ജർ സൂപ്രണ്ടിനും, ഒരെണ്ണത്തിന്റെ ചുമതല എറണാകുളം അസിസ്റ്റന്റ ഇൻജിനീയർക്കും, ഒരെണ്ണത്തിന്റെ ചുമതല ആററിങ്ങൽ പി. ഡബ്ളിയു. ഡി. സെക്ഷനാഫീസർക്കും ആകുന്നു.

<u>സെൻട്രൽ ജയിൽ.</u>

൩൨൩. [൧൧] <u>ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ രോഗബാധിതനായി കിടക്കുന്ന ഒരു തടവുകാരനായ ആർ. വേലായുധൻ തമ്പിയെ കാണുന്നതിന് അദ്ദേഹത്തിന്റെ അമ്മയും സഹോദരിയും ചെന്ന അവസരത്തിൽ ജയിൽസൂപ്രണ്ടു് അവർക്ക് അദ്ദേഹത്തെ കാണാൻ അനുമതി നൽകിയില്ലെന്നു ഒരു പരാതി ഗവമ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ?

<u>ഉത്തരം.</u>

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

തടവുപുള്ളിക്കു ക്ഷയരോഗം.

നമ്പ്ര. [൧൨] **ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശിക്ഷ അനുഭവിച്ചുവരുന്ന ആർ. വേലായുധൻ തമ്പി ക്ഷയരോഗബാധിതനായിരിക്കുന്നുവെന്നു കേൾക്കുന്നതു ശരിയാണോ;

(ബി) അദ്ദേഹത്തെ ഏതെങ്കിലും വിദഗ്ദ്ധ ഡാക്ടറന്മാരെക്കൊണ്ടു പരിശോധിപ്പിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അവരുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സകൾ നൽകുന്നുണ്ടോ?

ഉത്തരം.

(എ) തടവുകാരനായ ആർ. വേലായുധൻ തമ്പിക്കു ക്ഷയരോഗം ബാധിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

Concreting the Thiruvalla Kozhencherry road.

327. (18) **Shri O. C. Ninan:** Will the Minister for Works and Transport be pleased to state:

(*a*) has the Government any idea of concreting the above road; and

(*b*) what is the total expenditure for the maintenance of this road in 1952 incurred by the Government?

Answer.

(*a*) Yes.

(*b*) Rs. 25,883 (expenditure upto 1/53)

Tractor for Puthur.

328. (20) **Shri N. P. Varghese:** Will the Minister for Works be pleased to state:

(*a*) Whether Government are in receipt of any application for a tractor from Puthur Agricultural Association (Chittur Taluk); and

(*b*) Whether it is a fact that about 1000 acres could be levelled and converted into paddy lands in Puthur if a tractor is supplied on rental basis to the association.

Answer

(*a*) No.

(*b*) No.

മരച്ചീനി.

൩൨൯. [൨൩] ശ്രീ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൨-ം ൧൯൫൩-ം ജനുവരിയിൽ ആലുവാ, വടക്കൻ പറവൂർ, തിരുവല്ലാ, പാലോട്ട് എന്നീ സ്ഥലങ്ങളിൽ Tapioca dry chips-നും raw tubers-നും റാത്തലിന് എന്തു വിലയുണ്ടായിരുന്നു?

ഉത്തരം.

മരച്ചീനിയുടെ വിലയെപ്പററിയുള്ള ഒരു പട്ടിക താഴെ ചേർത്തിരിക്കുന്നു.

	൧൯൫൨						൧൯൫൩					
	Dry chips			Raw tubers			Dry-chips			Raw tubers		
	Rs.	A.	P.	Rs.	A.	P.	Rs.	A.	P.	As.	R.	P.
ആലുവാ	൦	൧	൩	൦	൧	൦	൦	൧	൬	൦	൧	൩
വടക്കൻപറവൂർ	൦	൧	൬	൦	൧	൦	൦	൨	൩	൦	൧	൩
തിരുവല്ലാ	൦	൨	൦	൦	൦	൯	൦	൨	൦	൦	൦	൯
പാലോട്ട്	൦	൧	൦	൦	൦	൭	൦	൧	൨	൦	൦	൮

കേടുവന്ന പാലം.

൩൩൦. [൨൪] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ചേർത്തലയിൽ നിന്നു തണ്ണീർമുക്കത്തേക്കു പ്രൈവററുബസ്സു ലൈൻ അനുവദിച്ചിട്ടുണ്ടോ?

(ബി) ഇപ്പോഴും ഈ സർവ്വീസ് നടക്കുന്നുണ്ടോ?

(സി) ഈ റോഡിൽ ഒരു പാലത്തിനു കേടുസംഭവിച്ചിട്ട് എത്ര കാലമായെന്നു അറിയാമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) കറച്ചിറ പാലം കേടുവന്നതുകൊണ്ട് ഈ സർവ്വീസ് ഇപ്പോൾ കറച്ചിറ പാലംവരെ നടത്തുന്നുള്ളു. ചേർത്തലനിന്നും തണ്ണീർമുക്കത്തേക്ക മുഹമ്മവഴി വേറെ ഒരു സർവ്വീസ് മുടങ്ങാതെ നടത്തുന്നുണ്ട്.

(സി) ഒരു വർഷത്തിൽ കൂടുതലായി.

House rent Allowance.

331. (26) **Shri Ganapathi** : Will the Minister for Transport be pleased to state:

The special circumstances which compelled the Government to start collecting house rent from the N. G. Os now although from the inception of the Pallivasal Hydro Electric Project they were exempted from paying the same?

Answer.

Government consider it only reasonable to levy a small house rent from the staff (excluding menials) in the High Ranges for the Government quarters provided for them.

Accidents to workmen.

332. (27) **Shri Ganapathi** : Will the Minister for Works and Transport be pleased to state:

(*a*) the number of accidents to workmen employed in the Madupatty Dam which resulted in serious injuries or death during the year 1952;

(*b*) whether the Government have paid any compensation to the parties concerned; and

(*c*) if so, will a statement be placed on the table giving full details?

Answer.

(*a*) Three (resulting in serious injuries).

(*b*) Action is being taken to fix the compensation to be paid to the parties.

(*c*) Does not arise in view of the answer to (b).

Police Department.

333. (29) **Shri E. P. Varghese:** Will the Minister for Home Affairs be pleased to state:

(*a*) was a gradation list of the ministerial staff of the Police Department in the erstwhile Travancore State prepared by a Special Officer deputed for the purpose in Makaram 1124;

(*b*) has another gradation list been asked to be prepared last year; and

(*c*) is there any difference between the two lists in the ranks allotted to the wife of the Head Accountant Shri R. Sekharan and to Mrs. P. Vasumathi Amma?

Answer.

(*a*) Yes.

(*b*) No.

(*c*) Yes.

Paddy Procured.

334. (33) **Shri M. K. Mathai:** Will the Minister for Finance be pleased to state:

the paddy procured by a taluk- war statement during (1) 1950-1951 (2) 1951-52 and (3) 1952-53?

Answer.

† A statement showing the information required is appended.

കെട്ടിടത്തിന്റെ പണി.

൩൩൫ [൩൪] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിലുള്ള കുളത്തൂർ ഇംഗ്ലീഷ് ഹൈസ്കൂൾ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ഗവൺമെന്റിൽ നിന്നും ധനസഹായം ചെയ്യണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരിൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെന്റ് അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത സ്കൂൾകെട്ടിടം പണി പൂർത്തിയാക്കുന്നതിന് വേണ്ട ധനസഹായം ചെയ്തുകൊടുക്കുമോ?

---

† See Appendix.

ഉത്തരം.

(എ) നിവേദനം കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) അപ്രകാരം ധനസഹായം ചെയ്യുന്നതിനു് തൽക്കാലത്തെ നയം അനുകൂലമല്ല.

VOTING OF DEMANDS FOR GRANTS (Contd.)

Demand XXVI—Labour and Miscellaneous (contd.)

12 Noon.

Mr. Speaker: Order, order. The time for interpellations is over. We were discussing the other day Demand XXVI-Labour and Miscellaneous. Mr. Ayyappan has finished his speech. Mr. Panikker.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: സർ, ഇവിടെ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനു്, കോൺഗ്രസ്സ് ഗവൺമെന്റു കാണിക്കുന്ന വൈമുഖ്യത്തെപ്പറ്റി സഭയുടെ ശ്രദ്ധയിൽപെടുത്തേണ്ടിയിരിക്കുന്നു. അതുപോലെതന്നെ, ത്രികക്ഷി സമ്മേളനങ്ങൾ ചെയ്യുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തുന്നതിനു ലേബർ ഡിപ്പാർട്ടുമെന്റും വൈമുഖ്യം കാണിക്കുന്നുണ്ടു്. സർ, തൊഴിലാളികളുടെ പ്രക്ഷോഭണത്തിനെതിരായി, ലേബർഡിപ്പാർട്ടുമെന്റും, മുതലാളിമാരും പ്രവർത്തിക്കുന്നതായി കണ്ടു്, ബോണസ്സ് പ്രശ്നത്തിനു ഒരു തീരുമാനമുണ്ടാക്കാനായി, കിരാതഭരണം നടത്തിവന്നിരുന്ന സർ സി. പി. മുമ്പു ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടുകയും, അതിൽ തൊഴിലാളികൾക്കു് നാലുശതമാനം ബോണസ്സുകൊടുക്കേണ്ടതാണെന്നു തീരുമാനിക്കുകയും ചെയ്തു. കോൺഗ്രസ്സ് ഗവൺമെന്റു അധികാരത്തിൽവന്നതിനുശേഷം, ഈ നാലുശതമാനം ബോണസ്സ് വാങ്ങുന്നതിനുപോലും തൊഴിലാളികൾ സമരംനടത്തേണ്ടതായിവന്നു. ഇവിടെ ഗവൺമെന്റ് കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെങ്കിൽ, ഈ വിധത്തിലുള്ള സമരങ്ങൾ കൂടാതെ കഴിയുമായിരുന്നു ലേബർ ഡിപ്പാർട്ടുമെന്റിനു് കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള സൗകര്യം ലഭിക്കത്തക്കവിധത്തിൽ അവർക്കു വേണ്ടത്ര അധികാരങ്ങൾ കൊടുത്തിട്ടില്ലെന്നാണു എന്റെ അറിവു്.

ഇവിടെ ഒരു പേമെന്റു് ഓഫ് വേജസ്സ് ആക്റ്റു ഉണ്ടു്. അതനുസരിച്ചു ഗവൺമെന്റോ, ലേബർ ഡിപ്പാർട്ടുമെന്റോ പ്രവർത്തിച്ചിരുന്നെങ്കിൽ, ഇപ്പോൾ ചേർത്തലതാലൂക്കിൽ നടന്നുവരുന്ന ചെത്തുതൊഴിലാളി സമരം കൂടാതെ കഴിക്കാമായിരുന്നു. അവിടെ ഇപ്പോൾ സമരം തുടർന്നു നടക്കുകയാണു്. സമരം തുടങ്ങിയിട്ടു ഇന്നു പത്താമത്തെ ദിവസമാണു്. ഈ ആക്റ്റനുസരിച്ചു ഊർജ്ജിതമായി പ്രവർത്തനം നടത്തിയിരുന്നെങ്കിൽ, അവിടെ ഒരു സമരത്തിന്റെ ആവശ്യം ഉണ്ടാകുമായിരുന്നില്ല.

ഈ വിവരം ലേബർഡിപ്പാർട്ടുമെൻറിനും, ഗവമ്മെൻറിനും അറിയാം. സമരത്തിനു ഇടയാക്കിയ ഷാപ്പുകൺട്രാക്ടർക്കു ഷാപ്പുലേലത്തിന്റെ കാലാവധി ഈ മാർച്ച് 31-ാംനു വരെ മാത്രമേയുള്ളു. 31-ാംനു അയാൾ ഷാപ്പുവിടുകയും ചെയ്യും. ലേബർ ഡിപ്പാർട്ടുമെൻറു ഇടപെട്ടു്, ലേബർ കമ്മീഷണർ ഈ കൺട്രാക്ടരെ വിളിച്ചു് തൊഴിലാളികൾക്കു 200 രൂപാ കൊടുക്കണമെന്നും മറ്റും നിർദ്ദേശം കൊടുത്തിട്ടുണ്ടു്. അവർക്കു കഴിഞ്ഞ ആറുമാസമായി ശമ്പളവും കൊടുക്കുന്നില്ല. പക്ഷെ, അതിനൊന്നും കൺട്രാക്ടർ വഴിപ്പെട്ടുവന്നില്ല. ഇനി എട്ടുദിവസംകൂടി കഴിഞ്ഞാൽ കൺട്രാക്ടർക്കു് ഇതിൽനിന്നും രക്ഷപ്പെടാം. ചെത്തുതൊഴിലാളികളുടെ പ്രവർത്തനഫലമായി, അനേകാൽകോടി രൂപയോളം വരുമാനം ഗവമ്മെൻറിനു റവന്യൂ ആയി കിട്ടുന്നുണ്ടു്. ഇതിനു കാരണക്കാരായ ചെത്തുതൊഴിലാളികൾക്കാണെങ്കിൽ, അവർക്കു ദിവസം മൂന്നുനേരംവീതം തെങ്ങു കയറണം; കൺട്രാക്ടരുടെ ഹിതമനുസരിച്ചു് ജോലിചെയ്യണം. ഓണം വന്നാലും, ഉണ്ണി പിറന്നാലും, അമ്മ മരിച്ചാലും അവർക്കു ഒഴിവില്ല.

ഫാക്ടറി ആക്ടു് നിലവിലിരിക്കുന്ന ചില സ്ഥലങ്ങളിൽ അതിന്റെ പ്രവർത്തനം നടപ്പിൽ വരുത്തുന്നില്ല. അതിനെപ്പററി അധികാരികളാരും ശ്രദ്ധിക്കുന്നുമില്ല.

വർക്ക്മെൻസു് കാമ്പൻസേഷനു് അപ്പൈ ചെയ്യേണ്ടതു ലേബർ കമ്മീഷണർക്കാണു്. ലേബർ കമ്മീഷണർ ആഫീസിൽ ഇന്നു അഞ്ഞൂറിൽപരം കേസുകൾ പെൻഡിംഗായി കിടക്കുകയാണു്. അതിനെപ്പററി അന്വേഷണം നടത്തി വേണ്ട നടപടി നടത്തണം. കൊല്ലം, ആലപ്പുഴ, മുതലായ മൂന്നു നാലു സ്ഥലങ്ങളിലെ കേസുകൾ മുഴുവനും കൊല്ലത്തുള്ള ട്രിബ്യൂണൽ ആഫീസുവേണം നടത്താൻ. അവിടെയാണെങ്കിൽ, അത്യാവശ്യത്തിനുള്ള സ്റ്റാഫു് പോലുമില്ല. ഒരു സ്റ്റെനോഗ്രാഫറോ മററോ ഉണ്ടു്. കൂടുതൽ സ്റ്റാഫു് അവിടെ ഉണ്ടായാൽമാത്രമെ കേസുകൾ വേഗത്തിൽ തീർക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ടു അവിടെ ആവശ്യമായ സ്റ്റാഫു് അനുവദിച്ചുകൊടുക്കണം.

ദിവാൻഭരണകാലത്തുതന്നെ എല്ലാ പ്രധാനപ്പെട്ട വ്യവസായസ്ഥാപനങ്ങളിലും, ഒരു ഇൻഡസ്ട്രിയൽ റിലേഷൻകമ്മററി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇന്നത്തെ കോൺഗ്രസ്സ് ഗവമ്മെൻറു I. R. C. കൾ നിരുത്സാഹപ്പെടുത്തുകയാണു്. I. R. C. തീരുമാനങ്ങൾതന്നെ ലംഘിക്കപ്പെടുന്നു. വടക്കൻപറവൂരുനടന്ന സംഭവംതന്നെ അതിനുദാഹരണമാണു്. ഇതിനിടയ്ക്കു് ചെത്തുതൊഴിലാളികളുടെ കൂലിനിരക്കുകളെപ്പററി തീരുമാനിക്കാനായി റവന്യൂബോർഡു പ്രഥമമെമ്പറുടെ നേതൃത്വത്തിൽ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. അതിൽ ചില തീരുമാനങ്ങൾ ചെയ്തു, അതും അവിടെ നടപ്പിൽ വരുത്തിയിട്ടില്ല. ലേബർ ഡിപ്പാർട്ടുമെൻറിനു മുതലാളിമാരെപ്പററി ബഹുമാനവും, തൊഴിലാളികളെപ്പററി അവജ്ഞയുമാണുള്ളതു്. തൊഴിലാളി അവർക്കു വലിയ പുച്ഛമാണു്. ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും, ഒരു കാൺഫ്രൻസു വിളിച്ചുകൂട്ടിയാൽ തൊഴിലാളി പ്രതിനിധികളും, ഡിപ്പാർട്ടുമെൻറു പ്രതിനികളും ഹാജരായാലും മുതലാളിമാർ വരിക പതിവില്ല. അവരെ വരുത്താനുള്ള അധികാരം ലേബർ കമ്മീഷണർക്കൊ, ലേബർ ഡിപ്പാർട്ടു

[ശ്രീ. സി. കെ. കുമാരപ്പണിക്കർ]

മെൻറിനൊ ഇല്ല. ഇതിനൊരു തീരുമാനം ഉണ്ടാകണം. ഒരു താലൂക്ക തഹശീൽദാർ ഒരു നോട്ടീസു കൊടുത്താൽ, ഏതു മുതലാളിയും ഹാജരാകും; ഒരു മുൻസിഫു കോർട്ടിൽനിന്നും നോട്ടീസു അയച്ചാൽ എത്ര വലിയ മുതലാളിയും ഹാജരാകും, പക്ഷെ, ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും നോട്ടീസയച്ചാൽ അവർ വരികയില്ല. ലേബർ ഡിപ്പാർട്ടുമെൻറിനു അതിന്മേൽ നടപടിയെടുക്കാൻ അധികാരം കൊടുത്തിട്ടില്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു്. അതിനു അവർക്കു് പ്രത്യേകം അധികാരം കൊടുക്കുകയാണെങ്കിൽ, തൊഴിൽക്കുഴപ്പങ്ങളുടെയും പണിമുടക്കുകളുടെയും എണ്ണം സാരമായി കുറയുന്നതാണ്. ഇവിടത്തെ കമ്മ്യൂണിസ്റ്റുകളാണു ഇവിടെ തൊഴിൽക്കുഴപ്പങ്ങളും പണിമുടക്കുകളും സൃഷ്ടിക്കുന്നതെന്നാണ് ഗവണ്മെൻറിൻെറ ധാരണയും ആരോപണവും. ഗവണ്മെൻറിനു മുതലാളിമാരുടെമേൽ യാതൊരു നിയന്ത്രണാധികാരവുമില്ല. തൊഴിലാളികൾക്കു അവരുടെ ന്യായമായ ആവശ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി ഗവണ്മെൻറു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണം. അതു ചെയ്യാത്തപക്ഷം, മുതലാളി-തൊഴിലാളി കുഴപ്പങ്ങൾ വർദ്ധിക്കുകയേയുള്ളു.

ആലപ്പുഴ കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയും, അവിടെ ഒരു കൂലിത്തർക്കം ഉണ്ടാകുകയും ചെയ്തപ്പോൾ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിററി ഇടപെട്ടു് അതു ഒരു ഒത്തുതീർപ്പിലെത്തിക്കുകയാണ് സാധാരണ നടപടി, ആലപ്പുഴ ഉണ്ടാകുന്ന പൊതുവായ തീരുമാനങ്ങൾ ചേർത്തലയിൽ നടപ്പിൽവരും എന്ന ഒരു തീരുമാനം ചേർത്തല I. R. കമ്മിററി എടുത്തിട്ടുണ്ടു്.

കാൺഗ്രസ്സ് ഗവണ്മെൻറു വന്നതിനുശേഷം, ഇവിടെ തൊഴിലാളിസംഘടനകൾ നിരോധിച്ചു. അതുമൂലം മുതലാളിമാർക്കു ഒരു നല്ല സാഹചര്യം സൃഷ്ടിച്ചുകൊടുക്കുകയാണുണ്ടായതു്. ഇതിൻെറ ഫലമായി ആലപ്പുഴ തീരുമാനങ്ങൾ ചേർത്തലയിൽ അംഗീകരിക്കുന്ന നിലപാടു മാറി. ലേബർ കമ്മീഷണർ ഒരു ത്രികക്ഷിസമ്മേളനം വിളിച്ചു കൂട്ടുകയും, അതിൽ ജോലിക്കാർക്കു ജോലി ചെയ്യേണ്ടസമയം എട്ടുമണിക്കൂർ എന്നു ക്ലിപ്തപ്പെടുത്തിയതിൻെറ ഫലമായി കൂടുതൽ മണിക്കൂർ പണി ചെയ്തിരുന്ന സമയത്തേയ്ക്കു് ഇരുപതുശതമാനം കൂലിയിൽ വർദ്ധിപ്പിച്ചു Compensate ചെയ്യണമെന്നു തീരുമാനമുണ്ടാക്കുകയും ചെയ്തു. ചേർത്തലയിൽ അസോഷിയേറഡു കാട്ടേജു ഇൻഡസ്ട്രീസു ആൻറു ഷിപ്പേഴ്സ് യൂണിയൻ എന്നു മുതലാളിമാരുടെ ഒരു സംഘടനയുണ്ടു്. ഇതിലെ മെംബറന്മാർ സാമ്പത്തിക സഹായത്തിനുള്ള പദ്ധതി ആവിഷ്കരിക്കുകയോ, വിദേശങ്ങളിൽ നിന്നും ആർഡർ വാങ്ങുന്നതിനുവേണ്ടി ശ്രമിക്കുകയോ അല്ല ചെയ്യുന്നതു്. തൊഴിലാളികളുടെ ആവശ്യങ്ങൾ നിഷേധിക്കാൻ വേണ്ടി മാത്രമാണ് ഈ അസോസിയേഷൻകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. തൊഴിലാളികൾക്കു നാലുശതമാനം ബോണസ്സു കൊടുക്കാൻ പാടില്ലെന്നു ഇവർ തീരുമാനിച്ചിട്ടുണ്ടു്. ഇതിൽ രാഷ്ട്രീയമായ ഒരു ഉദ്ദേശംകൂടിയുണ്ടു്. അവിടത്തെ മാനേജർ ഒരു പി. സി. സി. മെംബ

റാണു്. തൊഴിലാളികളുടെ നേതൃത്വം മാററി സ്ഥാപിക്കാനുള്ള ഒരു അടവാണിതു്. ഐ. എൻ. ടി. യു. സി. തൊഴിലാളികളെ സഹായിക്കാനും, മററു തൊഴിലാളികളെ ഉപദ്രവിക്കാനുമുള്ള ഒരു കൗശലം മാത്രമാണിതു്. ഐ. എൻ. ടി. യു. സി. തൊഴിലാളികൾ വരട്ടെ, അഞ്ചുശതമാനം ബോണസ്സു ചോദിച്ചാൽ, പത്തു ശതമാനം കൊടുക്കാമെന്നാണു അവർ പറയുന്നതു്. അതിനെപ്പററി ഞാൻ കൂടുതൽ ഒന്നും പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല. ചേർത്തലയിൽ ഐ. എൻ. ടി. യു. സി. സ്ഥാപിച്ചു തൊഴിലാളികളെ കബളിപ്പിക്കാമെന്നു ആരും വ്യാമോഹിക്കേണ്ടാ. സംഗതികൾ ഈ വിധത്തിൽ തുടർന്നാൽ മോശമാണു്, കുഴപ്പങ്ങൾക്കു ഉത്തരവാദികൾ ഞങ്ങളാണെന്നു പറയരുതു്. ഞാൻ ഇവിടെ പ്രസ്താവിച്ച എല്ലാം കാര്യങ്ങളും ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടുമെന്നു ഞാൻ പൂർണ്ണമായും വിശ്വസിക്കുകയും ആവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

ஸ்ரீ. டி. எஸ். இராமஸ்வாமி: ஸர், நான் முக்கியமாகத் தென் திருவிதாங்கூர் தொழிலாளர்கள் காரியத்தைப் பற்றி தான் பேசப் போகிறேன். சென்ற இரண்டு வருட காலத்தில் அரசாங்கத்தின் தொழிலாளர் கொள்கையில் மாறுதல் ஏற்பட்டு வருவதைக் காண்கிறேன். தென் திருவிதாங்கூர் தொழிலாளர்கள் தற்போது முதலாளிகளினுல் அவதிப்படுவதற்குக் காரணம் நமது அரசாங்கமும், அரசாங்கத் தொழில் அதிகாரிகளுமே. இதே கொள்கையையே திரு-கொச்சியிலுள்ள இதர தொழிலாளர்களிடத்தும் நமது அரசாங்கம் கையாண்டு வருகிறது. தென் திருவிதாங்கூர் தொழிலாளர்கள் உப்பளங்களில் நல்ல வெய்யில் சமயங்களில் வேலை செய்கிருர்கள். ஸர், இங்கு தென் திருவிதாங்கூரிலுள்ள உப்பளத் தொழிலாளர்கள் ஒரு ஆயிரம் பேரல்ல, பதினுயிரக் கணக்கில் வேலை நிறுத்தம் செய்கிருர்கள் என்ருல், இது இவர்களின் குற்றமல்ல. இவர் மேல் முதலாளிகள் வேலை நிறுத்த நிர்ப்பந்தம் செய்து விடுகிருர்கள். ஸர், 1951-ல் தென்-திருவிதாங்கூர் உப்பளத் தொழிலாளர் வேலை நிறுத்தம் சம்பந்தமாக ஒரு முக்கூட்டு ஒப்பந்தம் ஏற்பட்டது. இத்தொழிலாளர்கள் வெளியேற்றப்பட்டதின் காரணமாக முதல் மந்திரி, தொழில் மந்திரி, தொழிலாளர் பிரதிநிதிகள், முதலாளிகள் இவர்களின் ஒரு முக்கூட்டு மகாநாடு நடந்தது. அதில் சில தீர்மானங்கள் செய்யப்பட்டன. ஆனுல் இதில் நிறைவேற்றப்பட்ட தீர்மானங்களுக்கு விரோதமாக முதலாளிகள் நடந்து வருவதனுல் தான் வேலை நிறுத்தம் ஆரம்பித்தனர். தொழில் அதிகாரிகளும், தொழில் மந்திரியும் இதுவரையில் அவைகளை கவனிக்கவில்லை. மேலும் முதலாளிகள், முக்கூட்டு கான்பரன்ஸில் ஏற்பட்ட ஒப்பந்தங்களின் பிரகாரம் நடக்காமல் மேலும் மேலும், தினமும் தொழிலாளர்களை வெளியில் தள்ளிக்கொண்டும், அவர்கள் மேல் கள்ளக்கேசுகள் எடுத்தும், கைது செய்தும் வரப்படுகிருர்கள். தொழில் மந்திரியின் அனுதாபத்துடன் அங்கே ஒரு தேசீய டிரேடு யூனியன் காங்கிரஸ் ஆரம்பித்து, அதற்காக நமது தொழில் மந்திரியும், சட்ட மந்திரியும் அங்கு வருவதாயிருந்தனர். இதிலுள்ள தொழிலாளர்களை கருங்காலிகள் என்று நான் சொல்லமாட்டேன். அந்த Rival Union, Strike breakers ஸ்தாபன ரீதியாக ஒன்று திரட்டி தொழிலாளர்களின் உரிமையைப் பறிக்க முயற்சிக்கிறது.

இத்தகைய வேலை நிறுத்தங்களுக்கு இடையூறு செய்யும் கொள்கை எந்த நாட்டிலும் நடைபெருது. அது ஒரு அநீத இடையூறு. இந்த புதிய சங்கத்தின் தலைவர் ஜில்லா காங்கிரஸ் கம்மிற்றி அங்கத்தினர். ஸர், தொழிலாளர்கள் என்ருல் யாவரும் ஒரு இனத்தைச் சார்ந்தவர்களே. ஒரு தொழிலில், ஒரே யூனியனே இருக்க வேண்டும் என்னும் கொள்கை எல்லா நாகரீக நாட்டிலும் ஒத்துக் கொண்டதாகும். மத்திய சர்க்கார் தொழில் மந்திரி ஸ்ரீ. கிரி ஒரு தொழிற்சாலையில் ஒரு தொழிற் சங்கத்திற்கு மேல்செயல்பட அனுமதித்தால் தொழிலாளர் நலம் பாதிக்கப்படு

[ஸ்ரீ. டி. எஸ். இராமஸ்வாமி.]

மென கூறி வருகிறார். அவர்களே சம்மதிக்கிறார்கள். நமது தொழில் முறை முன்னுக்கு வரவேண்டுமானால் தொழிலாளர்கள் நலனை நாம் கவனிக்கவேண்டுமென்று. ஆனால் இங்குள்ள சர்க்கார் எங்கெல்லாம் காங்கிரஸின் ஆதரவிலுள்ள தொழிலாள யூனியன் இல்லையோ, அந்தயிடங்களிலுள்ள மற்ற யூனியன்களை தகர்க்க முயற்சிக்கிறார்கள். உப்பளம் வேலை நிறுத்தம் சம்பந்தமாக லேபர் டிபார்ட்மென்று என்ன சிபார்சு செய்திருக்கிறது என்று மந்திரியிடம் கேட்டபோது, அது இரகசியமானது என்று கூறிவிட்டார்கள். 12, 13 நாட்கள் இத்தொழிலாளர் தகராறுகளைப்பற்றி பேசியும் ஒருவித முடிவுக்கும் வராததினால், இந்த தொழில் தகராறுகளை அட்ஜூடிகேஷனுக்கு விடுங்கள் என்று தொழில் இலாகா மந்திரியிடம் சொன்னபோது, அது முடியாது என்று சொல்கிறார்கள். மேலும் இக் கேசுகளை சிக்கலாக்கவேண்டுமென்ற காரணமோ என்னமோ தெரியவில்லை. ஸர், நூற்றுக்கணக்கான தொழிலாளர்கள் வேலையில்லாமல் இருக்கிறார்கள். 150 நாட்களாக ஒன்றும் நடத்தப்படவில்லை. எதற்காக இந்த லேபர் டிபார்ட்மென்று இருக்கிறது. இந்த டிபார்ட்மென்றும், அரசாங்க அதிகாரிகளும் , தொழில் மந்திரியும் தொழிலாளர்களின் குறைகளை கவனித்தால் டிரேட் யூனியனைப் போன்ற ஸ்தாபனங்கள் ஏன் தலையிடப்போகிறது. இந்த நிலைமை மாறவேண்டுமானால் தொழிலாளர்களின் மேல் அரசாங்கத்திற்கு நியாயமான அனுதாபம் வேண்டும். இந்த மன மாற்றம் ஏற்பட்டுவிட்டால் தொழிலாளர்களுக்கு நல்ல நிலைமை ஏற்பட்டுவிடும். இல்லாது, தொழிலாளர்கள் மீது அடக்குமுறையை கட்டவிழ்த்துவிட்டால், அவர்கள் பட்டினியைப் போக்காது அவர்களை துன்புறுத்தினால், அவல நிலையிலிருக்கும் அவர்கள் ஏங்கித் தவிக்கும் பாட்டாளி வர்க்கம், சட்டரீதியான மார்க்கங்களில் தங்களுக்கு விமோசனமில்லை என்பதை யுணர்ந்து வேறு பாதைகளிலே செல்ல நேரிடும் என்பதை நான் சொல்ல விரும்புகிறேன். அதன் பூர்ண பொறுப்பு தொழில் மந்திரியுடையதாகும். இந்த அரசாங்கத்துடையதாகும். வேறு யாருடையதும் அல்ல.

ശ്രീ. കെ. കരുണാകരൻ: സർ, ലേബർ ഡിപ്പാർട്ടുമെൻറ് ഒരു മേജർഡിപ്പാർട്ടുമെൻറാക്കണമെന്ന് ഈ സഭയുടെ നാനാഭാഗങ്ങളിൽ നിന്നും ഐകകണ്ഠ്യേന ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. എന്നാൽ അതിനു എന്തുകാരണത്താൽ ആണ് കാലതാമസം ഉണ്ടാകുന്നതെന്നു എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ലേബർ ഡിപ്പാർട്ടുമെൻറു ഒരു മേജർഡിപ്പാർട്ടുമെൻറാക്കിയതുകൊണ്ടു എന്താണു ഗുണമെന്നു ഒരു പക്ഷേ ലേബർ മന്ത്രി ചോദിക്കുകയാണെങ്കിൽ അതിനെനിക്കു പറയുവാനുള്ളതു മേജർഡിപ്പാർട്ടുമെൻറാക്കിയാലല്ലാതെ ലേബർ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം മുന്നോട്ടു പോകുകയില്ലെന്നാണ്. ഒരുദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. ഈ സംസ്ഥാനത്തു അനേകം വ്യവസായശാലകൾ വമ്പിച്ചതോതിലുള്ളതും അല്ലാത്തതുമായിട്ടുണ്ട്. അവിടെയുള്ള തൊഴിൽ തർക്കങ്ങളിൽ നേരിട്ടു ഇടപെടുന്നതിനു ലേബർ കമ്മീഷണർക്ക് സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണു വന്നിരിക്കുന്നത്. ഇന്നു അദ്ദേഹത്തിന്റെ യാത്രപ്പടി നോക്കുകയാണെങ്കിൽ ഒരു ലേബർ കമ്മീഷണർ ആത്മാർത്ഥമായി ജോലിചെയ്തു ഈ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളും സന്ദർശിച്ചു തൊഴിൽ കുഴപ്പത്തിനു പരിഹാരം കാണുവാൻ ശ്രമിക്കുന്നപക്ഷം അദ്ദേഹം ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ കടംകൊണ്ടു പുറത്തിറങ്ങാൻ പാടില്ലാതെ വരും. ഈ ഡിപ്പാർട്ടുമെൻറു മേജർ ഡിപ്പാർട്ടുമെൻറാക്കിയാൽ Ist class ബത്തകിട്ടും. ഇന്നിരിക്കുന്ന ലേബർ കമ്മീഷണർ ഒരു കൈക്കൂലിക്കാരനല്ല. അദ്ദേഹവും

കൈക്കൂലി വാങ്ങാൻ പ്രേരിതനായിത്തീരും. ഇന്നു ലേബർ ഡിപ്പാർട്ടുമെൻറിൽ കൈക്കൂലിവാങ്ങുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. അവരെ കൈക്കൂലിക്കാരെന്നു വിളിച്ചതുകൊണ്ടു വിശേഷമൊന്നുമില്ല. അതുകൊണ്ടു അവിടെ ശമ്പളപരിഷ്കരണം ഏർപ്പെടുത്തണം. അതു് ഒരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുകയും വേണം.

ഇന്നു് ലേബർ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളിൽ വളരെയധികം ന്യൂനതകളുണ്ടെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇതുവരെ ലേബർ ഡിപ്പാർട്ടുമെൻറിനു അത്രയും പ്രാധാന്യം ഉണ്ടായിരുന്നില്ല. എന്നാൽ ഇന്നു ജനകീയയുഗത്തിൽ തൊഴിലാളിവർഗ്ഗത്തിൻെറ ശക്തി ലോകം അംഗീകരിച്ചിട്ടുള്ള സ്ഥിതിക്കു ഈ ഗവണ്മെൻറ് തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കുന്നതിനു ഉൽകണ്ഠ കാംക്ഷിക്കുന്നതുകൊണ്ടു് ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനവും ഒന്നു ഉടച്ചുവാർക്കേണ്ടതായിട്ടുണ്ടു്. ഇന്നു നിലവിലുള്ള പല നിയമങ്ങളും വാസ്തവത്തിൽ പഴയ നിയമത്തിൻെറ വാറോല തട്ടിനീക്കിയിട്ടുള്ളവയാണ്. ഇന്നു തൊഴിലാളികളുടെ അവകാശവാദങ്ങൾ അനുവദിച്ചുകിട്ടുന്നതിൽ വളരെ കാലതാമസം നേരിടുന്നുണ്ടു്. ഉദാഹരണമായി ഒന്നുരണ്ടുകാര്യങ്ങൾ ഞാൻ ഇവിടെ എടുത്തു കാണിക്കാം. തൊഴിലാളികൾ വേലചെയ്തു കഴിഞ്ഞാൽ അവർക്കു കൂലികിട്ടുന്നതിനു മുതലാളിയുടെ സന്മനസ്സുണ്ടെങ്കിൽ മാത്രമേ സാദ്ധ്യമാകയുള്ളൂ. അനുവദിച്ചിട്ടുള്ള കൂലിപോലും കൊടുക്കാതെ ശമ്പളം നിഷേധിക്കുകയാണു ചെയ്യുന്നതു്. ഇന്നു തൊഴിലാളികൾക്കു വേല ചെയ്യുന്നതിനുള്ള കൂലി ഈടാക്കികൊടുക്കുന്നതിനു പേമെൻറ ഓഫ് വേജസ് ആക്ടിൽ വ്യവസ്ഥയുണ്ടു്. എന്നിരുന്നാൽതന്നെയും തൊഴിലാളിയുടെ ശമ്പളം കിട്ടുന്നതിനുവേണ്ടി പരാതിപ്പെടുകയാണെങ്കിൽ അവൻ പട്ടിണികിടന്നു മരിച്ചു് അവൻെറ പതിനാറടിയന്തിരത്തിനുപോലും കിട്ടുകയില്ല. ശമ്പളം കിട്ടിയിട്ടില്ലായെന്നു ഒരു പരാതി ലേബർ ഡിപ്പാർട്ടുമെൻറിൽ കൊടുക്കുകയാണെങ്കിൽ ആ കേസ്സിനെസംബന്ധിച്ചു് തീരുമാനം ചെയ്യുന്നതിനായി ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആൻറ് ബായിലേഴ്സിനെ അറിയിക്കും. അദ്ദേഹം അതു അന്വേഷിക്കുന്നതു അദ്ദേഹത്തിനു സൗകര്യമുള്ളപ്പോഴാണ്. അദ്ദേഹത്തിനു വളരെയധികം ജോലിതിരക്കാണെന്നും വ്യവസായശാല പരിശോധിക്കണമെന്നും ബായിലേഴ്സ് പരിശോധിക്കണമെന്നും അതിനു വല്ല തരക്കേടുമുണ്ടായാൽ വ്യവസായശാല നിന്നുപോകുമെന്നും പറഞ്ഞു് അദ്ദേഹത്തിനു സൗകര്യമുള്ളപ്പോഴാണ് അതേപ്പററി അന്വേഷണം നടത്തുന്നതു്. അതും നിർബ്ബന്ധങ്ങൾ ചെലുത്തിയശേഷം ഈ മാതിരി കാര്യങ്ങളിൽ ഒരു രണ്ടാമത്തെ ഇനമായിട്ടാണ് അതായതു്, ഒരു സ്റ്റെപ്പ്മദർലി ട്രീററ്മെൻറാണ് അവർ ഗണിച്ചിരിക്കുന്നതു്. അതു മാത്രമല്ല പേമെൻറ് ഓഫ് വേജസ് ആക്ടിലെ വ്യവസ്ഥ അനുസരിച്ചു് അന്വേഷണം നടത്തിയതിനുശേഷം അതെല്ലാം കൂടി ഡിസ്ട്രിക്ററ മജിസ്ട്രേട്ടിൻെറ അനുവാദത്തിന്നയക്കണം. അവിടെ ഒരു തീരുമാനമുണ്ടാകണമെങ്കിൽ പിന്നേയും കാലതാമസം നേരിടും, അവിടെനിന്നു മജിസ്ട്രേററ് കോടതിയിലേക്കു അയക്കും, അവിടെ കുറെകാലം കിടക്കും. ഇന്നു നിലവിലിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ചു കേസ്സുനടക്കുന്ന അത്രയുംകാലം മുതലാളിമാർ തൊഴിലാളികളുടെ ശമ്പളം കൊടുക്കുകയു

[ശ്രീ. കെ. കരുണാകരൻ.]

മില്ല. ഈ നടപടികളെല്ലാം കഴിഞ്ഞു വന്നാൽതന്നെ എന്തു വിശേഷമാണുള്ളതു്. ഈ ശമ്പളം കൊടുക്കാതിരുന്ന മുതലാളിമാരിൽ നിന്നും ഒരു ചെറിയ തുക പിഴ ഈടാക്കും. ഈ ദുഷിച്ചവ്യവസ്ഥിതി ആവും വേഗത്തിൽ മാററേണ്ടതാണു്. സർ, ലീവ് വിത്തു് വേജസ്സ് എന്നു് ഫാക്ടറി ആക്ടിൽ തന്നെ വ്യവസ്ഥയുണ്ടു്. അതനുസരിച്ചു് തൊഴിലാളികൾക്കു് ന്യായമായി കിട്ടേണ്ട അവകാശാവധി കൊടുപ്പിക്കേണ്ടതു് ലേബർ ഡിപ്പാർട്ടുമെൻറിന്റെ ചുമതലയായിരിക്കണം. അതിലേയ്ക്കു് ഓരോ ഡിവിഷനിലേയ്ക്കും ശമ്പളം കൊടുക്കാതിരിക്കുന്നതിനെയും, അവകാശവധികൊടുക്കുന്നതിനേയും മററും പററി അന്വേഷണം നടത്തി പരിഹാരമുണ്ടാക്കുവാൻ അസിസ്റ്റൻറു് ലേബർ കമ്മീഷണറന്മാക്കു് അധികാരം കൊടുക്കുകയും അവർ പ്രിലിമിനറി എൻക്വയറി നടത്തിയതിനുശേഷം ചെയ്യുന്ന തീരുമാനം നടപ്പിലാക്കണം. അതിനുശേഷം അതിന്മേൽ പരാതിയുള്ള പക്ഷം അപ്പീൽ ഏർപ്പെടുത്തുകയും ചെയ്യാം. അപ്പലററ് അതാറിററിയായി ലേബർ കമ്മീഷണറേയും നിയമിക്കാം. ഇങ്ങനെയൊരു തീരുമാനം ചെയ്യുകയാണെങ്കിൽ കാലതാമസത്തിനിടവരികയുമില്ല. ഈവക സംഗതികളിൽ ഗവണ്മെൻറു് ആത്മാർത്ഥമായി പരിശ്രമിക്കുന്നുണ്ടു്. ഉദാഹരണമായി പയനിയർ കമ്പനിയിൽ ശമ്പളം കൊടുക്കാത്തതിനു ലേബർ ഡിപ്പാർട്ടുമെൻറു് ഇടപെട്ടു നടപടി നടത്തി. അതു് ഇപ്പോൾ കോടതിയിൽ അങ്ങനെ കിടക്കുകയാണു്. കോടതിയിൽ നിന്നും സമൻസു് അയച്ചിട്ടുപോലും ഹാജരാകാതിരിക്കുകയാണു് അവിടത്തെ മുതലാളി. കോടതി അയാൾക്കുവേണ്ടി കേസു നീട്ടിക്കൊടുക്കുകയും ചെയ്യുന്നുണ്ടു്. അതു സംബന്ധിച്ചു രണ്ടുമൂന്നു എഴുത്തുകൾ എനിക്കു കിട്ടിയിട്ടുണ്ടു്. ഈമാതിരി വിഷമതകൾ ഉണ്ടാകുന്നതു് ഇന്നുള്ള നിയമങ്ങളുടെ കുറവുകൾ കൊണ്ടാണു്. ഇതു് ഒരു കൺകറൻറു് സബ്ജക്റ്റാണു്. അതുകൊണ്ടു് ഈവക കാര്യങ്ങൾ നാം കേന്ദ്രത്തെ അറിയിച്ചു അവരുടെ അനുവാദം വാങ്ങി ആവശ്യമായ നിയമം ഉണ്ടാക്കേണ്ടതാണു്. ഇന്നു മുതലാളിമാക്കു് തൊഴിലാളികളോടു യാതൊരു അനുഭാവവും കാണുന്നില്ല. മുതലാളികൾ ഇന്നു കമ്മ്യൂണിസ്ററു് ചേരിയിൽ നിന്നുകൊണ്ടു് തൊഴിലാളികളെ മർദ്ദിക്കുകയാണു്. എന്നാൽ അതു നേരിടുന്നതിനു ഗവണ്മെൻറു് ആത്മാർത്ഥമായി പ്രയത്നിക്കുന്നുമുണ്ടു്. ഉദാഹരണമായി അടുത്തകാലത്തു ടാററാ കമ്പനിയിൽ നിന്നും ൪൭ പേരെ പിരിച്ചുവിടാൻ അവർ തീരുമാനിച്ചപ്പോൾ നമ്മുടെ ഗവണ്മെൻറു് ഇടപെടുകയും ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് അപ്പലററ് ആക്ടിലെ സെക്ഷൻ ൨൭ എടുത്തു പ്രയോഗിക്കുകയും ചെയ്തു. പക്ഷെ മറെറാരു ഭാഗത്തിരുന്നുകൊണ്ടു് മുതലാളി കളിക്കുകയാണു്. ആ ഒരു നില തിരുത്തേണ്ടതു ഏററവും അത്യാവശ്യമായിട്ടുള്ളതാണു്.

അതുപോലെതന്നെ ലേബർ ഡിപ്പാർട്ടുമെൻറിലേക്കു ഒരു കടലാസു് അയച്ചാൽ പലതും അവിടെ കിട്ടുന്നില്ല എന്നാണു പറയുന്നതു്. എവിടെയാണു ഈ വിഷമങ്ങൾ ഉണ്ടാകുന്നതെന്നു ഒന്നു ശ്രദ്ധിക്കേണ്ടതാണു്. ഇന്നു ലേബർ ഡിപ്പാർട്ടുമെൻറിൽ അനാവശ്യമായ ഒരു വിഭാഗമുണ്ടു്. അതായതു് ലേബർ വെൽഫെയർ അസിസ്റ്റൻറു് എന്നൊന്നു്. ലേബർ വെൽഫെയർ അസിസ്റ്റൻറു്, ഇററീസ് വെയിസ്റ്റ്. യാതൊരധികാരവുമി

ല്ലാതെ പത്തോ മുപ്പതോ മുപ്പത്തഞ്ചോ രൂപാ ശമ്പളമുള്ള ഒരുദ്യോഗമാണത്. പല വമ്പിച്ച വ്യവസായശാലകളിലും ഇവർ പോയി പ്രവർത്തനം നടത്തിയാൽ എന്താണു വിശേഷം. അവർ അവിടെ ചെന്നു ഒരു കാപ്പി കുടിച്ചുശേഷം മടങ്ങിപ്പോകുന്നു. ഇതു ഞാൻ ആരേയും ആക്ഷേപിക്കുകയല്ല. എനിക്കു നേരിട്ടറിയാവുന്ന സംഗതികളാണ്. അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ വച്ചതുകൊണ്ടു എന്താണു ഗുണമുണ്ടാകാൻ പോകുന്നത്. അവരെ വേറെ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ അബ്സാർബ് ചെയ്യണം. ഇന്നു നമുക്കു അധികാരകേന്ദ്രീകരണമല്ല വികേന്ദ്രീകരണമാണു ആവശ്യം. അസിസ്റ്റൻറ ലേബർ കമ്മീഷണറന്മാക്കു ആവശ്യമായ അധികാരങ്ങൾ നൽകണം.

ഇന്നത്തെ ഡിപ്പാർട്ടുമെൻറിൻെറ നിലയ്ക്കു ഒരു മൊട്ടുസൂചി വാങ്ങണമെന്നുണ്ടെങ്കിൽ ലേബർ കമ്മീഷണർ ഒപ്പ് ഇടണം. എന്നാൽ അതിനു ദേഹത്തിനുള്ള ജോലിക്കൂടുതൽ കാരണം സമയം കിട്ടുകയില്ല. ഒരു ഡെപ്യൂട്ടി കമ്മീഷണരേയും നിയമിക്കേണ്ടതാണ്. ഗവൺമെൻറ നിയമങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെ ശ്രദ്ധിക്കണം. തോട്ടങ്ങളിൽ മിനിമം വേജസ് ഏർപ്പെടുത്തിയെങ്കിലും അതിനെ ലംഘിക്കുന്നതിനെതിരായി നടപടികൾ എടുക്കണം. ഈ രാജ്യത്തെ മുതലാളിമാർ ദേശീയമായ പ്രസ്ഥാനങ്ങളെ എതിർക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കയാണ്. മുതലാളിമാരും ഗവൺമെൻറും തമ്മിൽ ഇന്നു ഒരു മത്സരമനോഭാവമാണുള്ളത്. ഗവൺമെൻറിനെ അവർ അട്ടിമറിക്കാൻ ശ്രമിക്കുകയാണ്. ഈ രാജ്യത്തു മുതലാളിത്തം പടിപടിയായി അവസാനിപ്പിക്കുവാൻ കോൺഗ്രസ്സ് ഗവൺമെൻറ് നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ ഇന്നവർ ഇടതുപക്ഷങ്ങളെ കൂട്ടുപിടിച്ചുകൊണ്ടു അതിനു ശ്രമിക്കുകയാണ്.

ഈയിടെ ചെത്തുതൊഴിലാളികളുടെ സമരം സംബന്ധിച്ചു സഖാവു പ്രഭാകരൻ പ്രസ്താവിക്കയുണ്ടായി. ചെത്തുതൊഴിലാളികളുടെ സമരം തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ആത്മാർത്ഥമായിട്ടുള്ള ഒരു സമരമല്ല. ഷാപ്പിൻെറ കാലാവധി അവസാനിക്കാറായി. അപ്പോൾ ഷാപ്പുടമസ്ഥർക്കു എങ്ങിനെയെങ്കിലും തടിയൂരിക്കൊണ്ടുപോകുന്നതിനു അതായതു അവരുടെ കിസ്തു ഇളവുചെയ്യിക്കുന്നതിനുവേണ്ടി എടുത്തിട്ടുള്ള ഒരു ഉപായമാണ് ഇത്. ഷാപ്പുടമസ്ഥസംഘം പ്രസിഡൻറും, തൊഴിലാളിനേതാവും കസിൻസ് ആണ്. അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി തൊഴിലാളികളെക്കൊണ്ടു സമരം തുടങ്ങിച്ചതാണെന്നാണ് അറിയുന്നത്. എന്നാൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം പല അവശതകളുമുണ്ടായിരുന്നു. അതു പരിഹരിക്കപ്പെടേണ്ടതാണ്. പുതിയ ഷാപ്പുടമസ്ഥന്മാർ വരാൻ പോകുകയാണ്.

ഈ അവസരത്തിൽ എനിക്കു ഗവൺമെൻറിനോടു പറയാനുള്ളതു ഗവൺമെൻറിൻെറ സ്വാധീനത ചെലുത്തി തൊഴിലാളികൾക്കു വേണ്ട രക്ഷ നൽകണം. എന്നാൽ ഇന്നത്തെ ലേബർ ഡിപ്പാർട്ടുമെൻറിനെക്കൊണ്ടു ഇരുകൂട്ടരുടെയും താല്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടുപോകുവാൻ സാദ്ധ്യമാണോ എന്നു സംശയിക്കുന്നു. ചെത്തുതൊഴിലാളികളുടെ താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനു ഗവൺമെൻറ സത്വരമായി ശ്രദ്ധിക്കേണ്ടതാണ്.

[ശ്രീ. കെ. കരുണാകരൻ.]

ഇന്നു കറണ്ടു ഇല്ലാത്തതുകൊണ്ടു പല വ്യവസായശാലകളും പൂട്ടിക്കിടക്കുകയാണ്. അങ്ങനെ പൂട്ടിയിട്ടിട്ടുള്ളതിനാൽ തൊഴിലില്ലാതെ വന്നിരിക്കുന്ന തൊഴിലാളികൾക്കു തൊഴിലില്ലാ വേതനം ഏർപ്പെടുത്തേണ്ടതാണ്. ഇതിനെപ്പറ്റി മുതലാളിമാരോടു ചോദിച്ചാൽ അവർ പറയും ലാഭമില്ലെന്ന്. അവർ എത്രയോ ലാഭമുണ്ടാക്കിയിട്ടുണ്ട്. ലാഭം ഉള്ള കാലത്തു അതു ചോദിക്കുവാൻ ആർക്കും അവകാശമില്ല. തൊഴിലില്ലാതെ തൊഴിലാളികൾ വിഷമിക്കുന്ന അവസരത്തിൽ മുതലാളിമാർ തൊഴിലില്ലാവേതനം കൊടുക്കുന്നതിനുള്ള നിയമം കൂടി ഉണ്ടാക്കേണ്ടതാണ്. അങ്ങനെ നിയമം ഉണ്ടാക്കാതെയിരുന്നാൽ ഗവണ്മെന്റു തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി എത്രതന്നെ ആത്മാർത്ഥമായി ശ്രമിച്ചാലും ഗവണ്മെന്റു വിചാരിക്കുന്നതുപോലെയുള്ള പ്രയോജനം സിദ്ധിക്കുന്നതല്ല.

സർ, ഇനി എനിക്കു ഐ. എൻ. ടി. യു. സിയെപ്പറ്റിയാണ് രണ്ടു വാക്കു പറയുവാനുള്ളതു്. ഈ യൂണിയനെ ഗവണ്മെന്റു താലോലിക്കുന്നു എന്നും അവരുടെ വകയാണെന്നും മററുമുള്ള അർത്ഥത്തിൽ ചിലർ ഇവിടെ സംസാരിക്കുന്നതു കേട്ടു. ചിലർക്കു പന്താടുവാനുള്ള ഒന്നല്ല ഈ സ്ഥാപനം എന്നു ഞാൻ എല്ലാപേരേയും അറിയിച്ചുകൊള്ളുന്നു. ഈ രാജ്യത്തു സ്വാതന്ത്ര്യവും കാര്യക്ഷമവും, തൊഴിലാളികൾക്കും രാഷ്ട്രത്തിനും ക്ഷേമകരവും ആയ ഒരു തൊഴിലാളിപ്രസ്ഥാനം വളരണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ്, ഈ രാജ്യത്തെ മൂത്തുമുരടിച്ച മുതലാളിമാരിൽനിന്നും തൊഴിലാളികൾക്കു ന്യായമായി ലഭിക്കേണ്ട അവകാശങ്ങളെ പിടിച്ചുവാങ്ങണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഐ. എൻ. ടി. യു. സി. സ്ഥാപിച്ചിട്ടുള്ളതു്. അതിന്റെ ഒരു ശാഖ എവിടെയെങ്കിലും സ്ഥാപിക്കുവാൻ അഭ്യർത്ഥിച്ചാൽ അവിടത്തെ ഭൂരിപക്ഷം തൊഴിലാളികളും ആ സംഘടനയിലുണ്ടോ എന്നും നോക്കീട്ടാണ് ആ ശാഖക്ക് അഫിലിയേഷൻ കൊടുക്കുന്നതു്. ഇവിടെ പല സംഘടനകളുടെയും പേരുകൾ പറയുന്നതു കേട്ടു. അതിനെപ്പററി എനിക്കു ഒന്നും അറിവില്ല. പക്ഷെ തൊഴിലാളികളുടെ ആനുകൂല്യത്തെപ്പോലെതന്നെ രാജ്യത്തിന്റെ ക്ഷേമത്തേയും ഞങ്ങൾ കരുതുന്നുണ്ട്. അതുകൊണ്ടു ഇന്നത്തെ തൊഴിലാളികൾക്കു ഏതെല്ലാം തരത്തിൽ ന്യൂനതകൾ ഉണ്ടോ അവ പരിഹരിക്കുവാൻ ഇന്നത്തെ തൊഴിൽമന്ത്രിയും ലേബർ ഡിപ്പാർട്ടുമെന്റും ആത്മാർത്ഥമായി ശ്രമിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഡിമാന്റിനെ പററി പറയുമ്പോൾ ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ, ശ്രീ. അയ്യപ്പൻ ഒഴികെ ബാക്കി എല്ലാ മെമ്പറന്മാരും ലേബർ കാര്യങ്ങളെപ്പററിയാണ് പറഞ്ഞതു്. ശ്രീ. അയ്യപ്പൻ പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റിലെ കാര്യങ്ങളെപ്പററി പറഞ്ഞു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കേട്ടാൽ പിന്നോക്കസമുദായസംരക്ഷണ ഡിപ്പാർട്ടുമെന്റു ഹരിജനങ്ങൾക്കു വേണ്ടിയോ, പട്ടികജാതിക്കാർക്കു വേണ്ടിയോ, യാതൊന്നും ചെയ്യുന്നില്ലെന്നു തോന്നും. ഡിപ്പാർട്ടുമെന്റുകാർ പ്രവർത്തിക്കുന്നതെല്ലാം വെറും വേഷമാണെന്നും നാട്യമാണെന്നും വെറും പ്രചരണം മാത്രമാണെന്നും അത്രം മാത്രമാണെന്നും ആണ് അദ്ദേഹം പറയുന്നതു്. അതിനു ഒരു

മറുപടിപറയണമെന്നു ഞാൻ വിചാരിക്കുന്നില്ല; മറുപടി അർഹിക്കത്തക്ക ഒരു പ്രസ്താവനയാണു അതെന്നും ഞാൻ കരുതുന്നില്ല. മുമ്പുമുതൽ തന്നെ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഗവൺമെൻറുകളും സംയോജനത്തിനുശേഷം തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി വളരെ അധികം ചെയ്യുന്നുണ്ടെന്നും സർ, അങ്ങേയ്ക്കും ഈ സഭയ്ക്കും അറിയാവുന്ന കാര്യമാണ്. എന്റെ ബഡ്ജററുപ്രസംഗത്തിൽ അതിനെപ്പററി വിസ്തരിച്ചുകാണിച്ചിട്ടുണ്ട്. മുൻ ചില കൊല്ലങ്ങളിൽ ഇതിലേയ്ക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ലാപ്സായി പോയിട്ടുണ്ടെങ്കിലും ൫൨—൫൩—ലെ തുക ലാപ്സാകുവാനിടയില്ല. ഒരു വലിയ ആക്ഷേപമായി പറഞ്ഞ ഈ വിമർശനത്തിന്റെ പിന്നിലുള്ള മനസ്ഥിതി എന്താണെന്നു മറെറാരു ഉദാഹരണത്തിൽ നിന്നും വെളിവാകുന്നതാണ്. ചിററൂർ താലൂക്കിലുള്ള ഒരു ഷെഡ്യൂൾഡുകാസ്ററ വിദ്യാർത്ഥിക്കു മാർച്ചുമാസം അവസാനംവരെ സ്റ്റൈപ്പൻറ കൊടുക്കുന്നുണ്ട്. ഏപ്രിലിൽ കുറച്ചു ദിവസത്തേക്കുകൂടി കൊടുക്കണം. അതിനുള്ള സ്റ്റൈപ്പൻറ് അനുവദിച്ചിട്ടില്ല. അതു തെററാണെന്നു അദ്ദേഹം പറയുന്നു. മാർച്ചുമാസം അവസാനംവരെ ഒരു വിദ്യാർത്ഥിക്ക് വളരെ സൗജന്യമായ തോതിൽ സ്റ്റൈപ്പൻറ് കൊടുക്കുവാനൊരുക്കമുള്ള ഗവൺമെൻറ എട്ടോ പത്തോ ദിവസത്തേയ്ക്കുകൂടി സ്റ്റൈപ്പൻറ കൊടുക്കുകയില്ല എന്നു അദ്ദേഹം എങ്ങനെ തീരുമാനിച്ചു? ഒരു പക്ഷെ കാളേജ് പൂട്ടുന്നതിനകം സ്റ്റൈപ്പൻറ കിട്ടുന്നതിനു വിഷമം വന്നേക്കാം. അങ്ങനെ വന്നാൽ വടക്കാഞ്ചേരി മെമ്പറെപ്പോലെയുള്ള ആളുകൾ ഗവൺമെൻറിനെ സമീപിച്ച് കുറെ ദിവസത്തേക്കുകൂടി സ്റ്റൈപ്പൻറ കൊടുക്കേണ്ടതാണെന്നു ആവശ്യപ്പെടുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്താൽ മതിയാകുന്നതാണ്. ഒരുപക്ഷെ അങ്ങനെ ചെയ്താൽ ഇവിടെ പ്രസംഗിക്കുന്നതിനുള്ള ഒരു പോയിൻറ നഷ്ടപ്പെട്ടേയ്ക്കുമോ എന്നു അദ്ദേഹം ഭയപ്പെടുന്നുണ്ടായേക്കാം. ഒരപേക്ഷ വന്നാൽ സ്റ്റൈപ്പൻറ കൊടുക്കുന്നതിനെപ്പററി ഗവൺമെൻറിനു തീർച്ചയായും ആക്ഷേപം ഉണ്ടായിരിക്കുകയില്ല.

ലേബർ ഡിപ്പാർട്ടുമെൻറിനെപ്പററി ഇവിടെ പലരും പറഞ്ഞു. ബഹുമാനപ്പെട്ട സ്നേഹിതന്മാർ പ്രത്യേകം പ്രത്യേകം ചില തൊഴിൽ തർക്കങ്ങളെപ്പററി എടുത്തു പറയുകയുണ്ടായി. സ്വാഭാവികമായിത്തന്നെ അവയെല്ലാം മറുപടി പറയുവാനുള്ള സമയം എനിക്കു ലഭിക്കുന്നതല്ല. ഓരോ ദിക്കിലും ഓരോ തൊഴിൽതർക്കങ്ങൾ ഉണ്ടാകും. ചിലതു വിജയകരമായി അവസാനിച്ചിട്ടുണ്ടാവും. ചിലതു വിജയിച്ചിരിക്കുകയില്ല. ഇതിനെപ്പററി പ്രത്യേകമായി മറുപടിപറയുവാനുള്ള സമയം എനിക്കില്ല.

ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പറും ബഹുമാനപ്പെട്ട വീയൂർ മെമ്പറും ലേബർ ഡിപ്പാർട്ടുമെൻറ ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കണമെന്നു പറഞ്ഞു. മേജർ ഡിപ്പാർട്ടുമെൻറ എന്നു പറഞ്ഞാൽ എന്താണു മെമ്പർ ഉദ്ദേശിക്കുന്നതെന്നു ഞാൻ അമ്പലപ്പുഴ മെമ്പറോടു ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടിയിൽനിന്നും എനിക്കു അതു ശരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. വീയൂർ മെമ്പറിൽ നിന്നും എനിക്കു ധരിക്കുവാൻ കഴിഞ്ഞതു മേജർ ഡിപ്പാർട്ടുമെൻറ എന്നു പറഞ്ഞാൽ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കുക എന്ന കാര്യമേ ഉള്ളു എന്നാണ്.

ശ്രീ. കെ. കരുണാകരൻ: കൂടുതൽ അധികാരം കൊടുക്കുക എന്നും ഉണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അപ്പോൾ കൂടുതൽ അധികാരം കൊടുക്കുകയും ശമ്പളം കൂട്ടിക്കൊടുക്കുകയും ചെയ്താൽ ഒരു ഡിപ്പാർട്ടുമെന്റ് മേജർ ഡിപ്പാർട്ടുമെന്റാകുമോ? ഗവണ്മെന്റിന്റെ ധാരണയിൽ മേജർ ഡിപ്പാർട്ടുമെന്റ് എന്നും മൈനർ ഡിപ്പാർട്ടുമെന്റ് എന്നും ഒരു തരംതിരിവു വച്ചിട്ടില്ല. ഒരു പക്ഷെ പണം കുറച്ചു ചെലവാകുന്ന ഡിപ്പാർട്ടുമെന്റ് മൈനർ ഡിപ്പാർട്ടുമെന്റും കൂടുതൽ ചെലവാകുന്ന ഡിപ്പാർട്ടുമെന്റ് മേജർ ഡിപ്പാർട്ടുമെന്റും ആണെന്നു കണക്കാക്കി പറയുന്നതായിരിക്കാം. പണച്ചെലവിൽ കൂടുതലും ശമ്പളത്തിനുവേണ്ടി ചെലവാകുന്നതാണ്. അപ്പോൾ മേജർ ഡിപ്പാർട്ടുമെന്റ് എന്നു വെച്ചാൽ ശമ്പളത്തിനുവേണ്ടി കൂടുതൽ ചെലവാകുന്ന ഡിപ്പാർട്ടുമെന്റായിരിക്കും എന്നാണു അർത്ഥം. ലേബർ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗസ്ഥന്മാർക്കു അവരുടെ കൃത്യനിർവഹണത്തിനായി കുറെക്കൂടി സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നാണു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിന്റെ അർത്ഥം എങ്കിൽ അതിനോടു വിയോജിക്കുവാൻ കാര്യമില്ല. കുറച്ചുകൂടി സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്. ലേബർ കമ്മീഷണരുടെ ജോലിത്തിരക്കിനെ ഉദ്ദേശിച്ചു് ഒരു ഡപ്യൂട്ടി കമ്മീഷണരെ നിയമിക്കുവാൻ ആലോചിക്കുന്നുണ്ടു്. ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാർക്കു കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതിനെപ്പററിയും ഗവണ്മെന്റ് ആലോചിച്ചു വരികയാണ്.

ചില നിയമനങ്ങളെപ്പററിയും അതിന്റെ ദൂഷ്യവശങ്ങളെപ്പററിയും ബഹുമാനപ്പെട്ട ചീയൂർ മെമ്പർ പ്രസ്താവിക്കുകയുണ്ടായി. അതിൽ കുറെയൊക്കെ വാസ്തവം കണ്ടേയ്ക്കാം. ഈ ദൂഷ്യങ്ങൾ എങ്ങനെയാണ് നീക്കേണ്ടതെന്നുള്ളതിനെപ്പററിയും ഇന്നു ലേബർ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു ഉണ്ടെന്നു പറയപ്പെടുന്ന ബുദ്ധിമുട്ടുകളെപ്പററിയും പരിശോധിക്കുവാൻ ഗവണ്മെന്റ് ഒരുക്കമാണ്.

ലേബർ കാര്യങ്ങളിൽ കുറെക്കാലമായി രാഷ്ട്രീയമായ കുഴപ്പങ്ങൾ ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. പല ലേബർ രംഗങ്ങളിലും ഒന്നിലധികം രാഷ്ട്രീയകക്ഷികളും അവരുടേതായ ലേബർ സംഘടന വേണമെന്നു ശരിയായോ തെററായോ വിചാരിക്കുന്നു. ഈ കുഴപ്പങ്ങൾക്കു കാരണം ലേബർമന്ത്രിയാണെന്നു പ്രതിപക്ഷത്തുനിന്നും ചിലർ പറയുന്നതു ശരിയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളു. ഈ സഭയിലെ ബഹുമാനപ്പെട്ട സ്നേഹിതന്മാരിൽ ചിലരും പുറത്തുള്ള ചില ആളുകളും ഒക്കെ ചില വഴക്കങ്ങളും കൺവെൻഷനുകളും ഉണ്ടാക്കി നമ്മുടെ രാജ്യത്തെ തൊഴിൽ പ്രസ്ഥാനവും ട്രെയിഡ്യൂണിയൻ പ്രസ്ഥാനവും സമുന്നതമാക്കിക്കൊണ്ടു വരികയാണു വേണ്ടതു്. ഞാൻ ഉദാഹരണം പറഞ്ഞു ആരുടെയും വികാരത്തെ വ്രണപ്പെടുത്തണമെന്നോ അലോഹ്യം ഉണ്ടാക്കണമെന്നോ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ കുമാരപണിക്കർ മുതലാളിമാരുടെ നിസ്സഹകരണംമൂലം ലേബർ ഡിപ്പാർട്ടുമെന്റിലെ പല കൺസിലിയേഷനും ശരിയായി നടത്താൻ സാധിക്കുന്നില്ലെന്നു പറഞ്ഞു. അതിൽ

കുറെയൊക്കെ വാസ്തവമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. നമ്മുടെ രാജ്യത്തുള്ള തൊഴിലാളികളെല്ലാം വേണ്ടത്ര സഹകരണം നൽകുന്നവരാണെന്നും മുതലാളിമാർ നിസ്സഹകരിക്കുന്നവരാണെന്നും ഉള്ള അഭിപ്രായമല്ല എനിക്കുള്ളതു്. മുതലാളിമാർ ലേബർ ഡിപ്പാർട്ടുമെൻറിനോടു സഹകരിക്കാതിരിക്കുന്നതുപോലെതന്നെ തൊഴിലാളികളും വേണ്ടിടത്തോളം സഹകരിക്കാത്ത സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ടു്. നമ്മുടെ രാജ്യത്തെ വ്യവസായത്തെയും തൊഴിലാളികളുടെ ക്ഷേമത്തെയും ഉദ്ദേശിച്ചു് ചില വഴക്കങ്ങളും കൺവെൻഷനുകളും വളർത്തി തൊഴിലാളികളും മുതലാളികളും ഒരുപോലെ ലേബർ ഡിപ്പാർട്ടുമെൻറുമായി സഹകരിക്കുകയാണു് വേണ്ടതു്. എല്ലാ ഭാഗത്തും കുററമുണ്ടു്. ആ കുററങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനു ഞാൻ മുമ്പു പറഞ്ഞതുപോലെയുള്ള വഴക്കങ്ങൾ സൃഷ്ടിക്കുന്നതു നന്നായിരിക്കും.

ബഹുമാനപ്പെട്ട ഉള്ളൂർ മെമ്പർ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ ലേബർ കമ്മീഷണരെ വ്യക്തിപരമായി ആക്ഷേപിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ ഒരു പ്രസംഗം ചെയ്യാതിരിക്കുകയായിരുന്നു നല്ലതു്. അദ്ദേഹത്തിൻെറ അഭിപ്രായത്തോടു ഞാൻ ഒരിക്കലും യോജിക്കുന്നില്ല. ലേബർ കമ്മീഷണർ അപ്രാപ്തനാണെന്നും ഒരു പെൺപള്ളിക്കൂടത്തിലെ ഒരദ്ധ്യാപകനായി അദ്ദേഹത്തെ നിയമിക്കുന്നതു നന്നായിരിക്കുമെന്നും മററുമാണു് അഭിപ്രായപ്പെട്ടതു്. ആ അഭിപ്രായം ഗവണ്മെൻറു സ്വീകരിക്കുന്നില്ല. ഈ രാജ്യത്തെ തൊഴിലാളിലോകവും അതു സ്വീകരിക്കുവാൻ ഒരുക്കമാണെന്നു തോന്നുന്നില്ല. പക്ഷെ, ഒന്നുണ്ടാകാം, പെണ്ണുങ്ങളുടെ കാര്യം നോക്കുവാൻ അദ്ദേഹം പ്രാപ്തനാണു്. ആണുങ്ങളുടെ കാര്യം നോക്കുവാനും അദ്ദേഹം പ്രാപ്തനാണു്. ആണും പെണ്ണും കെട്ട ചില ആളുകളുണ്ടു്; അവരുടെ കാര്യത്തിനുവേണ്ടി കൂട്ടുനിൽക്കുവാൻ അദ്ദേഹം പ്രാപ്തനായിരിക്കുകയില്ല.

ശ്രീ. ടി. വി. തോമസ്: അദ്ദേഹത്തിൻെറ ബഡ്ജററുപ്രസംഗത്തിലും ബഹുമാനപ്പെട്ട മണലൂർ മെമ്പർ ചെയ്ത പ്രസംഗത്തിലും, ഈ നിയമസഭ തുടങ്ങിയതിനു ശേഷം ഉണ്ടായ മററു ചില പ്രസംഗങ്ങളിലും അന്തിക്കാട്ടു കാര്യത്തിൽ ഗവണ്മെൻറു പോലീസിനെ അഴിച്ചുവിട്ടു് എന്നു പറയുകയുണ്ടായി. തൊഴിൽപരമായ തർക്കങ്ങൾ ഒതുക്കുവാൻവേണ്ടി ലേബർ ഡിപ്പാർട്ടുമെൻറിൻെറ ശുപാർശയനുസരിച്ചു് പോലീസു ഡിപ്പാർട്ടുമെൻറു പ്രവേശിച്ചു് സാമാന്യമായി പോലീസിൻെറ ഇടപെടലോടുകൂടി മാത്രമാണു് തൊഴിൽത്തർക്കങ്ങൾ പരിഹരിക്കുന്നതെന്നുള്ള സ്റ്റേററമെൻറിനെ ഉദാഹരിക്കുവാൻവേണ്ടിയാണു് അന്തിക്കാട്ടു സംഭവം എടുത്തു പറഞ്ഞതു്. ഞാൻ ആവർത്തിച്ചു പറയുവാൻ ആഗ്രഹിക്കുന്നു, ലേബർ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം, അതായതു് സ്ട്രൈക്കുകൾ തുടങ്ങുന്നതിനു മുൻപുതന്നെ, തൊഴിൽത്തർക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറിൻെറ ചുമതലയായ അനുരഞ്ജനശ്രമം നടന്നുകൊണ്ടിരിക്കുമ്പോൾ അത്തരം ശ്രമങ്ങൾ വിജയിക്കുന്നില്ലെന്നു കണ്ടതിനു ശേഷം വീണ്ടും തർക്കങ്ങൾ ഉണ്ടാകുകയും നിയമലംഘനം ഉണ്ടായി എന്നോ, അല്ലെങ്കിൽ ഉണ്ടാകാനിടയുണ്ടെന്നോ ബോദ്ധ്യപ്പെടുകയും ചെയ്യുമ്പോൾ പോലീസു പ്രവേശിക്കുന്നതിനെപ്പററിയാണു് ഈ

[ശ്രീ. ടി. വി. താമസ്]

ആക്ഷേപം ഉണ്ടായിട്ടുള്ളതെന്ന്. ഞാൻ വീണ്ടും വീണ്ടും ആവർത്തിക്കുവാൻ ആഗ്രഹിക്കുന്നു, ഏതെങ്കിലും തൊഴിൽതർക്കം ഉള്ള സന്ദർഭത്തിൽ തൊഴിൽ പ്രശ്നം പിന്നോക്കം പോയി, ലാ ആൻറ് ആർഡർ പ്രശ്നം ഉദിച്ചു വരുമ്പോൾ മാത്രമെ പോലീസുകാർ ഇടപെടുകയുള്ളു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ പോലീസുകാർക്ക് പ്രവേശിക്കാതിരിക്കാൻ നിവൃത്തിയില്ല. നമ്മുടെ തൊഴിലുകളെയും, തൊഴിൽ കുഴപ്പങ്ങളെയും സംബന്ധിച്ചു പോലീസുകാർക്കു യാതൊരു ചുമതലയും ഇല്ലെന്നു പറയുന്ന അഭിപ്രായം ഗവണ്മെൻറിനു സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു നിയമലംഘനമുണ്ടാകുമ്പോൾ പോലീസ് ഇടപെടും; അതവരുടെ ചുമതലയാണ്. ലേബർഡിപ്പാർട്ടുമെൻറിനൊ, അല്ലെങ്കിൽ പോലീസുമന്ത്രിക്കൊ അതിൽ കൈകടത്തൽ ഉണ്ടെന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. അന്തിക്കാട്ടെ കാര്യമാണല്ലൊ ഇവിടെ പറഞ്ഞതു്. ബഹുമാനപ്പെട്ട മണലൂർ മെംബർ വ്യക്തിപരമായി എന്നെ അല്പം ആക്ഷേപിക്കുകയും ചെയ്തു. അതിനു എനിക്കു പരാതിയില്ല. പക്ഷെ, ഈ സഭയിലുള്ള പല മെംബറന്മാരും അന്തിക്കാട്ടെ സംഭവം എന്താണെന്നു ശരിക്കു മനസ്സിലാക്കിയിട്ടില്ല. ആദ്യമായി അതിൻെറ പശ്ചാത്തലം എന്താണെന്നു മനസ്സിലാക്കണം. അന്തിക്കാട്ട് സംഭവത്തിൻെറ പിന്നിൽ ഒരു നീണ്ട ചരിത്രമുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഹീയർ, ഹീയർ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മണലൂർ മെംബർക്കു വളരെ അഭിമാനകരമായ ഒരു ചരിത്രമല്ല അതു്.

൧൯൫൨ ആഗസ്റ്റ് ൨൦-ാംനു അന്തിക്കാട്ടെ ചെത്തുതൊഴിലാളികളും മുതലാളിമാരും തമ്മിൽ കൂലിയുടെ കാര്യത്തിൽ ഒരു തർക്കമുണ്ടായി. അങ്ങനെ വന്നപ്പോൾ ഗവണ്മെൻറും എക്സൈസു ഡിപ്പാർട്ടുമെൻറുംകൂടി ചേർന്ന് ഇവരെ ഒരു ഒത്തുതീർപ്പിൽ കൊണ്ടുവന്നു. ചെത്തുതൊഴിലാളികളുടെ നേതൃത്വം വഹിച്ചിരുന്ന നേതാക്കന്മാർ ഈ കുഴപ്പം ഉണ്ടാക്കിയതു് യഥാർത്ഥത്തിൽ കൂലിക്കുറവിനെ പരിഹരിക്കാനായിരുന്നില്ല. ഏതോ മററു ചില ഉദ്ദേശങ്ങൾക്കു വേണ്ടിയാണെന്നുള്ളതു് അനന്തര സംഭവങ്ങൾകൊണ്ട് തെളിഞ്ഞിട്ടുണ്ട്. ഏകദേശം ഒരു രണ്ടുമാസം കഴിഞ്ഞപ്പോൾ ഇവർ തമ്മിൽ ഒരു സമരമെന്ന നിലയിൽ പ്രവർത്തനം നടത്തി കുഴപ്പങ്ങൾ ഉണ്ടാക്കി. അതിൻെറ ഫലമായിട്ട് ൧൯൫൩ ജൂൺ, ജൂലൈ, മാർച്ച്, ഏപ്രിൽ, മേയ് ഈ കാലം വന്നപ്പോൾ അവിടെ കമ്മ്യൂണിസ്റ്റിൻെറ നേതൃത്വത്തിലുള്ള ഒരു ചെത്തുതൊഴിലാളി യൂണിയൻ രൂപമെടുത്തു. കമ്മ്യൂണിസ്ററു നേതൃത്വത്തിലുള്ള ഈ യൂണിയൻെറ കീഴിൽ മററു യൂണിയനിൽപ്പെട്ടിരുന്ന ഏതാനും തൊഴിലാളികളും ഷാപ്പുടമസ്ഥന്മാരുംകൂടി യോജിക്കപ്പെട്ടു. അങ്ങനെ ഒരു യൂണിയൻ വളർന്നതിൻെറ ഫലമായിട്ടു തൊഴിലാളികളും ഏതാനും ഷാപ്പുടമസ്ഥന്മാരുംകൂടി യോജിച്ചുകൊണ്ട് ഇല്ലിസിററ് ടാപ്പിംഗ് നടത്തിക്കൊണ്ടിരുന്നു. അനീതിപരമായ ഇത്തരം കൃത്യങ്ങൾ നാട്ടിൽ വളർന്നുവരുന്നതു് കണ്ടുകൊണ്ടിരിക്കാൻ സഹനശക്തിയില്ലാത്ത ഒരുകൂട്ടം തൊഴിലാളികൾ

സ്വതന്ത്രതൊഴിലാളി യൂണിയൻ എന്ന പേരിൽ ഒരു യൂണിയനാരംഭിച്ചു. ആ യൂണിയൻ കോൺഗ്രസ്സുകാരോ അല്ലെങ്കിൽ ഐ. എൻ. ടി. യു. സി.ക്കാരൊ ഉണ്ടാക്കിയതല്ല. സ്വതന്ത്ര ട്രേഡ് യൂണിയൻ ഉണ്ടായതോടുകൂടി മുൻപറഞ്ഞ യൂണിയനിൽപ്പെട്ടവർ ഇവരെ ഉപദ്രവിക്കുകയും അപമാനിക്കുകയും മററും ചെയ്യുകയുണ്ടായി. അതായത്, സ്വതന്ത്ര തൊഴിലാളികൾ ചെത്തുന്ന തെങ്ങിൻകുലകൾ വെട്ടിയിറക്കുകയും, കുമ്പുകൾ, കുടങ്ങൾ ഇവ നശിപ്പിക്കുകയുമാണ് എതിരാളികൾ ചെയ്തുവന്നിരുന്നത്. ഈ സംഭവം ഞാൻ സ്ഥലത്തു ചെന്നു കണ്ടതാണ്. എന്നിട്ടും ഇവർ വകവെയ്ക്കാതെ വളരെ സമാധാനപരമായ നിലയിൽ പ്രവർത്തനം നടത്തിവരുകയാണ് ചെയ്തത്. എങ്ങനെയെങ്കിലും ഈ സ്വതന്ത്രയൂണിയനെ ഇല്ലാതാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മററവർ നഗരവീഥികളിൽ സംഘം ചേർന്നു കരിങ്കൽ ചില്ലുകളും ശേഖരിച്ചുകൊണ്ട് കത്തികളുമായി രാത്രികാലങ്ങളിൽ ഈ സാധുക്കളുടെ വീടുകളിൽ കയറി ഉപദ്രവിക്കാൻ തുടങ്ങി. പലരേയും അവർ കഠിനതരമായി ദേഹോപദ്രവം ഏൽപ്പിക്കുകയുണ്ടായി. ഉപദ്രവിക്കുക മാത്രമല്ല ചെയ്തത്, ഒരു തൊഴിലാളിയുടെ മൂക്ക് ചെത്തിക്കളയുകയും ചെയ്തു. (ചെത്തിക്കളഞ്ഞതിന് അയാളെ ശിക്ഷിച്ചു) ഇങ്ങനെ ഉപദ്രവങ്ങൾ പററിയിട്ടുള്ള ആളുകളുടെ എല്ലാം ഫോട്ടോകൾ എടുത്തിട്ടുണ്ട്. ഈ കാര്യം അവിടെയുള്ളവർക്കെല്ലാംപേർക്കും നല്ലതുപോലെ അറിയാവുന്നതാണ്. അങ്ങനെ കമ്മ്യൂണിസ്ററ നേതൃത്വത്തിലുള്ള ചെത്തുതൊഴിലാളി യൂണിയൻ മററ തൊഴിലാളികളെ ബലാൽ അടിച്ചമർത്തി പലതരത്തിലുള്ള അസമാധാനങ്ങളും അസ്വസ്ഥതകളും വരുത്തിവെച്ചതിനു ശേഷം ഒരു യൂണിയനാഫീസ് സ്ഥാപിച്ച് 'വയലാർ നഗരം' എന്നു ബോർഡെഴുതിവെയ്ക്കുകയും നിയമസമാധാനം നടത്തുന്ന കാര്യം അവർതന്നെ ഏറെറടുത്തു നീതിന്യായങ്ങൾ നടത്താൻ ആരംഭിക്കയും ചെയ്തു. അങ്ങനെ കമ്മ്യൂണിസ്ററ പാർട്ടിയുടെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുന്ന ഈ യൂണിയൻ, നീതിന്യായം നടത്തിയ കൂട്ടത്തിൽ ഒരു ഷാപ്പുകൺട്രാക്കർക്ക് ൰൫ രൂപ പിഴയിടുകയും അതിൽ ഒരംശം പരാതിക്കാരനായ തൊഴിലാളിക്ക് കൊടുക്കുകയും, ബാക്കിയുള്ളത് യൂണിയനിലേക്ക് മുതൽക്കൂട്ടുകയുമാണ് ചെയ്തത്. ഫൻ ൪ ൧-ൽ അതായത്, മേ മാസത്തിൽ ഈ കമ്മ്യൂണിസ്ററ യൂണിയൻ വളരെ ഏറെ അക്രമങ്ങളും അനീതികളും പ്രവർത്തിച്ചതിൻെറ ഫലമായി പോലീസ് ഏളപ്പെടേണ്ടിവന്നതും അന്ന് പോലീസിൻെറ പ്രാസിക്യൂഷനു വിധേയമായ ഒരാളും കമ്മ്യൂണിസ്ററ തൊഴിലാളികളുടെ നേതാവുമായ ഒരാളാണ് ബഹുമാനപ്പെട്ട മണലൂർ മെംബർ. വീണ്ടും കുറേനാൾ കഴിഞ്ഞപ്പോൾ ബഹുമാനപ്പെട്ട മണലൂർ മെംബറിൻെറ മേൽനോട്ടത്തിൽ ഒരു സ്ട്രൈക്ക് അവിടെ തുടങ്ങുകയാണുണ്ടായത്. കമ്മ്യൂണിസ്ററ നേതൃത്വത്തിലുള്ള ഈ യൂണിയൻെറ പ്രവർത്തനംമൂലം പലവിധ ഉപദ്രവങ്ങളും അനിഷ്ടസംഭവങ്ങളും ഉണ്ടാകുമെന്നു ന്യായമായി വിശ്വസിക്കുന്ന ഒരുകൂട്ടം തൊഴിലാളികൾ വേറെയും ഉണ്ടായിരുന്നു. അവർ ഈ സ്ട്രൈക്കിനു അനുകൂലികളല്ലായിരുന്നു. സമരം തുടങ്ങിയതോടുകൂടി അവിടത്തെ തൊഴിലാളികളുടെ ഇടയിൽ പലവിധ അസ്വസ്ഥതകളും ഉണ്ടായി. മററ പല തൊഴിലാളികളേയും ഇവർ പ്രേരിപ്പിച്ചും ഭീഷണിപ്പെടുത്തിയും സമരത്തിലേയ്ക്ക് ആഹ്വാനം ചെയ്തു. ആ സമരത്തിനെ സംബന്ധിച്ച് പോലീസിൽ നിന്നും കിട്ടിയി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ട്ടുള്ള വിവരങ്ങളിൽ ഒരു ഭാഗം ഇങ്ങനെയാണു്. "നിങ്ങൾ സ്ട്രൈക്കിൽ ചേരണം, അല്ലെങ്കിൽ ൧൨൨-ൽ നടന്ന സംഭവങ്ങൾ നിങ്ങൾക്കു് ഓർമ്മയുണ്ടല്ലോ. ആ സംഭവങ്ങൾ ഇനിയും തുടരുമെന്നു ഓർമ്മിച്ചുകൊള്ളുക." ഇങ്ങനെയുള്ള ഭീഷണികൾ മുഴക്കിക്കൊണ്ടാണു് ആളുകളെ സമരത്തിൽ പങ്കുകൊള്ളാൻ ആഹ്വാനം ചെയ്തതു്. അങ്ങനെ അന്തിക്കാട്ടു് ശ്രീ. പ്രഭാകരന്റെ നേതൃത്വത്തിൽ ഒരു സമരം തുടങ്ങിയപ്പോൾ ആ സമരത്തിൽ സാധുക്കളുടെ മുതൽ നഷ്ടപ്പെടാതിരിക്കാനും അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കാനും അക്രമങ്ങൾ അഴിച്ചുവിടാതിരിക്കാനും വേണ്ടി ഒരു മുൻ നടപടിയെന്ന രീതിയിൽ സെക്യൂറിറ്റി മെഷേഴ്സ് എടുക്കുകയുണ്ടായി.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, എനിക്കു് ഒരു ചോദ്യം ചോദിക്കാനുണ്ടു്. അതു് ചോദിച്ചുകൊള്ളട്ടെ.

Mr. Speaker: Order, order, please. The Minister is not yielding. Hon. Members must be subject to the discipline of this House. What is the meaning of Member after Member standing up and hurling some questions in to the air? Do they expect any answer when the Minister is not yielding?

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇതു് കള്ളപ്രസ്താവനയാണു്. ഈ പ്രസ്താവനയെ ഞാൻ നിഷേധിക്കുന്നു.

Mr. Speaker: When the hon. Members are determined to give a cut, they must be prepared to receive a thrust. That is parliamentary debate.

Shri M. N. Govindan Nair: Sir—

Mr. Speaker: The Minister is not yielding. I am helpless.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ൧൯൪൭-ൽ ഉണ്ടായിട്ടുള്ള നിയമരഹിതമായ നടപടികൾ നോക്കുക. ആ കേസിലുള്ളവർ രൂപീകരിച്ചിട്ടുള്ള ഒരു യൂണിയൻ, ഒരു സമരം വേണമെന്നുള്ള ഉദ്ദേശത്തോടുകൂടി പ്രസംഗങ്ങളും പ്രചരണങ്ങളും മററും നടത്തി നാട്ടിലെ തൊഴിലാളികളെ ഇളക്കിമറിച്ചു് സമാധാനലംഘനം ഉണ്ടാക്കാൻ തുടങ്ങുമ്പോൾ ൧൦൭-ാംവകുപ്പു് അനുസരിച്ചു നടപടിയെടുത്തിട്ടുള്ളതു് അനീതിയാണെന്നു പറഞ്ഞാൽ അറിവുള്ളവരാരും സമ്മതിക്കുമെന്നു തോന്നുന്നില്ല. പോലീസിന്റെ മനഃപൂർവ്വമുള്ള കൈകടത്തലല്ല അതു്. നേരെമറിച്ചു് ഈ സംരംഭത്തിൽ പോലീസ് ഇടപെട്ടു സമാധാനമുണ്ടാക്കിയില്ലെങ്കിൽ അതു തീർച്ചയായും ഗവൺമെൻറിന്റെയും പോലീസിന്റെയും ഒരു കൃത്യവിലോപമായിരിക്കുമെന്നുമാത്രമല്ല, ആക്ഷേപത്തിനു ഇടവരുത്തുകയും കൂടിയായിരിക്കും. അനന്തരം ബഹുമാനപ്പെട്ട മണലൂർ മെംബർ ഒരു മെമ്മോറാണ്ടം എന്നെ ഏൽപ്പിക്കുകയുണ്ടായി. "പെരിങ്ങോട്ടുകര യൂണിയൻ ചെത്തു തൊഴിലാളികൾ കൊടുക്കുന്ന മെമ്മോറാണ്ടം" എന്നു് അതിൽ പറഞ്ഞിട്ടുണ്ടായിരുന്നു. ഒരു

ഗികമായിട്ടുള്ള ചില സംഗതിവശാൽ തൃശ്ശൂർ രാമനിലയത്തിൽ ക്യാമ്പു ചെയ്തിരുന്ന എനിക്ക് ഈ മെമ്മോറാണ്ടത്തിന്റെ ഒരു കാപ്പി അവിടെ കൊണ്ടുവന്നു തരുന്നതിനുണ്ടായ ഔചിത്യബോധം എന്താണെന്നു മനസ്സിലാകുന്നില്ല. ഞാൻ മെമ്മോറാണ്ടത്തിന്റെ ആ കോപ്പി വാങ്ങിവായിച്ചു നോക്കി. അതിൽ ഒരു ഭാഗത്തു പറഞ്ഞിരിക്കുന്നതു് "സഖാവു ഗംഗാധരൻ, എം. എൽ. എ. ആയ രാഘവൻപിള്ള, പുന്നപ്ര വയലാർ തടവുകാർ ഇവരെ വിട്ടയക്കണം" ഇങ്ങനെയാണ്. ഈ മെമ്മോറാണ്ടം ഒരു ലഘുലേഖനമായി അച്ചടിച്ചു പുറത്തുവിട്ടശേഷം അതിന്റെ ഒരു കാപ്പിയാണ് എനിക്കുതന്നിരിക്കുന്നതു്, ഒരു പ്രചരണത്തിനുവേണ്ടി അച്ചടിച്ചിറക്കിയിട്ടുള്ള പ്രസ്താവനയുടെ ഒരു കാപ്പി എനിക്കു നൽകിയപ്പോൾ ആ ഒരു നിലയിൽമാത്രമെ എനിക്കു ഇതു സ്വീകരിക്കാൻ സാധിക്കയുള്ളുവെന്നും അല്ലാതെ; ഒരു മെമ്മോറാണ്ടത്തിന്റെ നിലയിൽ പരിഗണിക്കാൻ നിവൃത്തിയില്ലെന്നും ഞാൻ ആവർത്തിച്ചു പറയുകയുണ്ടായി. ഏതെങ്കിലും കാര്യങ്ങളെപ്പറ്റി ഗവണ്മെന്റുമായിട്ടോ അല്ലെങ്കിൽ മററു വല്ലവരുമായിട്ടോ ആലോചിച്ചു് ഒരു തീരുമാനം വരുത്തുന്നതിനുള്ള ഒരു കുറിപ്പായിരുന്നുവെങ്കിൽ അതിനെപ്പററി ആലോചിക്കാമായിരുന്നു. എന്നാൽ നാട്ടിൽ അച്ചടിച്ചിറക്കിയിട്ടുള്ള ഒരു പ്രചരണപത്രികയുടെ കാര്യത്തിൽ എനിക്കു എന്തു നടപടിയാണ് എടുക്കാനുള്ളതു് എന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞതു് ഒരു നടപടിയും എടുക്കാൻ സാധിക്കയില്ലെന്നു്. അങ്ങനെ അന്തിക്കാട്ടു സമരം തുടങ്ങുകയും വിവരമറിഞ്ഞു് ബഹുമാനപ്പെട്ട മെമ്പർ മി. ടി. വി. തോമസ് സ്ഥലത്തുചെന്നു് സ്ട്രൈക്കു പിൻവലിപ്പിക്കുകയുമാണു ചെയ്തതു്. അദ്ദേഹം ഇപ്പോൾ ഇവിടെ ഹാജരായില്ലെങ്കിലും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ട്രൈക്കു പിൻവലിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. അതിനുശേഷം, സഖാവു ടി. വി. തോമസും അന്തിക്കാട്ടെ എക്സൈസ് ഇൻസ്പെക്ടരുംകൂടി ചില ഒത്തുതീർപ്പുകൾ ഉണ്ടായി എന്നു തോന്നുന്നു. അതുകേട്ടാൽ ഈ ഇൻസ്പെക്ടരാണോ ഈ രാജ്യം ഭരിക്കുന്നതെന്നു തോന്നിപ്പോകും. എന്ന അടിസ്ഥാനത്തിലാണു സ്ട്രൈക്കു പിൻവലിച്ചതെന്നു് ഒരു ലഘുലേഖ അച്ചടിച്ചിറക്കുകയും ചെയ്തിട്ടുണ്ടു്. ഈ സഭയെ എനിക്കു ധരിപ്പിക്കുവാനുള്ളതു്, എന്റെ സ്നേഹിതന്മാരോടു എനിക്കു പറയാനുള്ളതു് എന്താണെന്നുവച്ചാൽ തൊഴിലാളിക്കാര്യം ദയവുചെയ്തു ഒരു രാഷ്ട്രീയ പ്രചരണ ിനുള്ള ആയുധമാക്കരുതെന്നാണ്. ഞാൻ ഇത്രയും പറഞ്ഞതിൽനിന്നും അന്തിക്കാട്ടെ സമരഗതികളെപ്പററി ഒരു സംക്ഷേപം ഈ സഭ മനസ്സിലാക്കിയിട്ടുണ്ടെന്നു വിചാരിക്കുന്നു. ബഹുമാനപ്പെട്ട മണലൂർ മെമ്പറോടു് ഒന്നു പറയുവാനുള്ളതു് ചെത്തുതൊഴിലാളികളുടെ കാര്യ ിൽ അവക്കു് ഉണ്ടായിട്ടുള്ള അവശതകളെ പരിഹരിച്ചു് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യം ചെയ്തുകൊടുക്കണമെന്നു ഉദ്ദേശമുണ്ടെങ്കിൽ, ആവഴിക്കു ശ്രമിക്കുകയായിരിക്കും നല്ലതെന്നാണ്. അതല്ലാതെ, നിയമവിരുദ്ധമായ പ്രസംഗങ്ങളും പ്രചരണങ്ങളുംകൊണ്ടു നാട്ടിൽ അസ്വസ്ഥതയുണ്ടാക്കുന്നതായാൽ അതിൽ ഇടപെടുന്നതു ലേബർ ഡിപ്പാർട്ടുമെന്റല്ല, പോലീസുഡിപ്പാർട്ടുമെന്റായിരിക്കുമെന്നുള്ളതു ഈയവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. സർ, ലേബർ ഡിപ്പാർട്ടുമെന്റിനെപ്പററി എതിർപക്ഷത്തുനിന്നും കൊണ്ടുവന്നിട്ടുള്ള എല്ലാം ഉപക്ഷേപങ്ങളേയും നിയമത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ എതിർക്കുകയാണു ചെയ്യുന്നതു്.

Mr. Speaker : Mr. Kumara Pillai, do you press your motion?

Shri K. K. Kumara Pillai : Yes, Sir.

The motion was put and lost.

Mr. Speaker : Mr. Prabhakaran, do you press your motion ?

Shri K. P. Prabhakaran : Yes, Sir.

The motion was put and lost.

The question that Government be granted a sum of Rs. 24,61,000 under Demand XXVI—Labour and Miscellaneous—was put and carried.

The grant was made.

Mr. Speaker : The House will now adjourn to meet again after lunch.

The House rose for lunch at 1 p.m. and reassembled at 2 p. m. with Mr. Speaker in the Chair.

Demand XXI—Agriculture.

Chief Minister (**Shri A. J. John**) : Sir, I move for a grant

2 P.M.] of Rs. 28,49,000 under Demand XXI—Agriculture.

Shri T. M. Varghese : I second it.

Shri V. Sreedharan : Sir, I move :

> To reduce the allotment of Rs. 8,31,300 for Agricultural Experiments and Research by Re. 1.

സർ, നമ്മുടെ രാജ്യം കർഷകപ്രധാനമായ ഒരു രാജ്യമാണെന്നും, ഇവിടത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും ഒരുപ്രകാരത്തിലല്ലെങ്കിൽ മറ്റൊരുപ്രകാരത്തിൽ കൃഷിയെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്നവരുമാണെന്നും ഇന്ന് പരക്കെ അറിവുള്ളതാണെങ്കിലും ഈ നാട്ടിലെ കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ അവശതകൾ പരിഹരിക്കുന്നതിനും അവകാശങ്ങൾ നൽകുന്നതിനും തികച്ചും നമ്മുടെ ഗവൺമെന്റ് അനാസ്ഥയാണ് കാണിക്കുന്നത്. കർഷകതൊഴിലാളികൾ വളരെയധികം നമ്മുടെ വില്ലേജുകളിൽ താമസിക്കുന്നവരാണ്. നെൽകൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ കൃഷിയെ ചാഴിയുടെ ഉപദ്രവത്തിൽനിന്നും രക്ഷിക്കുന്നതിനും അടയ്ക്കാകൃഷിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന മഹാളിരോഗത്തിന്റെ നിവാരണത്തിനും തെങ്ങുകൾക്ക് പിടിപെടുന്ന രോഗങ്ങളെ നീക്കുന്നതിനുംവേണ്ടി കാര്യമായി യാതൊന്നും പ്രവർത്തിക്കുന്നതിന് ഇതുവരെയും കൃഷിഡിപ്പാർട്ടുമെന്റിന് സാധിച്ചിട്ടില്ല എന്നുള്ള വാസ്തവമാണ് എനിക്ക ചൂണ്ടിക്കാണിക്കുവാനുള്ളത്. ഇതിനെ സംബന്ധിച്ച് എനിക്ക് ഒരു സംഗതി ഈ സഭയുടെ മുമ്പിലും ഗവൺമെന്റിന്റെ ദൃഷ്ടിയിലും പെടുത്തുവാനുണ്ട്. ഈ രാജ്യത്തിലെ കൃഷിഭൂമിയുടെ ആകെ വിസ്തീർണ്ണം [illegible] ലക്ഷം ഏക്കർ ആണെന്നും അതിൽ നെൽകൃഷി

ചെയ്യുന്ന സ്ഥലം ഏതാണ്ട് ൨ ലക്ഷത്തിലധികം വരുമെന്നും കാണാവുന്നതാണ്. ഈ ൨ ലക്ഷം ഏക്കർ കൃഷിസ്ഥലങ്ങളിലും നെൽകൃഷി, ചെയ്തുവരുന്നുണ്ട്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഗവൺമെൻറിന് ഇതുവരെ ഈ കൃഷിയെ കൂട്ടക്കുടെ നശിപ്പിച്ചുംകൊണ്ടിരിക്കുന്ന ചാഴിയുടെ ഉപദ്രവത്തെ തടയുവാനും അങ്ങിനെ കർഷകന് സംരക്ഷണം നൽകുവാനും സാധിച്ചിട്ടില്ല. നെൽകൃഷി പ്രധാനമായും ചെയ്തുവരുന്ന തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് മുതലായ താലൂക്കുകളിൽ ചാഴിയുടെ ഉപദ്രവം ധാരാളം ഉണ്ടാകുന്നുണ്ടെന്നും ഗവൺമെൻറിൽനിന്നും അതിലേക്കു വേണ്ട നിവാരണ നടപടികൾ എടുക്കണമെന്നും വൻപിച്ച പ്രക്ഷോഭണങ്ങൾ കർഷകർ നടത്തിയിട്ടുണ്ട്. അതിനു പരിഹാരം ഉണ്ടാക്കുന്നതിന് ഇതുവരെയും കഴിഞ്ഞിട്ടില്ല. ചാഴിയുടെ ശല്യംകൊണ്ട് നെൽകൃഷിക്കുണ്ടായിട്ടുള്ള ദോഷം എത്രയെന്ന് പറയുവാൻ പ്രയാസമാണ്. തെങ്ങുകൃഷിക്കും അതുപോലെ വളരെ ദോഷങ്ങൾ സംഭവിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ മഴയില്ലാതെ കൃഷിയിറക്കേണ്ടിവന്നിട്ടുള്ളതുകൊണ്ടാണ് ഇപ്രകാരം കൂടുതലായി ചാഴികളുടെ ഉപദ്രവം ബാധിച്ചിട്ടുള്ളത്. അതിന്റെ നിവാരണത്തിനുള്ള നടപടികൾ ഗവൺമെൻറിൽനിന്നും ഉടനടി എടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. അടയ്ക്കാകൃഷിയുടെ കാര്യവും അതുപോലെതന്നെ. നമ്മുടെ രാജ്യത്തിലെ ഏററവും പ്രധാനപ്പെട്ട മറെറാരു കാർഷികോല്പന്നമാണ് അടയ്ക്ക. അതിന് ബാധിക്കുന്ന മഹാളിരോഗത്തെ നിവാരണം ചെയ്യുവാൻവേണ്ടി കഴിഞ്ഞ ആറേഴുമാസങ്ങൾക്കുമുമ്പ് പഴഞ്ഞിയിൽ വെച്ച് അടയ്ക്കാകൃഷിക്കാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുകയും അതിന്റെ ഫലമായി ഗവൺമെൻറിലേയ്ക്ക് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുംചെയ്തു. പ്രസ്തുത സമ്മേളനം അധികാരപ്പെടുത്തിയതനുസരിച്ച് ബഹുമാനപ്പെട്ട കുന്നംകുളം മെംബർ സ. ടി. കെ. കൃഷ്ണനാണ് പ്രസ്തുത മെമ്മോറാണ്ഡം പ്രധാനമന്ത്രിക്കു സമർപ്പിച്ചത്. ൧൯൫൩-൫൪ വർഷത്തിൽ ഉണക്ക അടയ്ക്കായ്ക്ക് ഉണ്ടായിരുന്ന വിലയിലും വളരെ കുറഞ്ഞ വിലയാണ് ഇപ്പോൾ കിട്ടുന്നത്. ൧൯൫൦-൫൧-ൽ ഒരു തുലാം ഉണക്ക അടയ്ക്കായ്ക്ക് ൩൧ രൂപവരെ കിട്ടിയിരുന്നു. ഇപ്പോൾ വെറും ൨൨ രൂപമാത്രമാണു കിട്ടുന്നത്. ഈ വിലയിടിവിനെ തടയുവാൻവേണ്ടി ബർമ്മ, സിലോൺ, മുതലായ പുറം രാജ്യങ്ങളിൽനിന്നും ഉള്ള അടയ്ക്കായുടെ ഇറക്കുമതിയിൽ കുറവുചെയ്യണമെന്നും, ഇറക്കുമതി ചുങ്കം കൂട്ടണമെന്നും ആ മെമ്മോറാണ്ടത്തിൽ അപേക്ഷിച്ചിരുന്നു. കൂടാതെ അടയ്ക്കാകൃഷിയ്ക്കുണ്ടാകുന്ന മഹാളിരോഗത്തെ ഇല്ലാതാക്കുവാൻ ആവശ്യമായ മരുന്നുകൾ സൗജന്യമായി ഗവൺമെൻറിൽനിന്നും നൽകണമെന്നും, അതിലേക്ക് പ്രത്യേകമായി ഒരു ഉദ്യോഗസ്ഥനെ നിയമിച്ച് കർഷകർക്ക് ആ മരുന്നുകൾ വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ടിരുന്നു. ഈ മരുന്നു തളിയ്ക്കുന്നതിനുള്ള പമ്പും സൗജന്യമായി നൽകണമെന്നാവശ്യപ്പെട്ടിരുന്നു. നെൽകൃഷിയുടെയും അടയ്ക്കാകൃഷിയുടെയും രോഗനിവാരണത്തിന് ഉടനടി എന്തെങ്കിലും ചെയ്യണമെന്ന് പല ബഹുമാനപ്പെട്ട മെംബറന്മാരും ഈ സഭയിൽ പല പ്രാവശ്യവും ഉന്നയിച്ചിട്ടുള്ളതാണ്. നെൽകൃഷിക്ക് പിടിപെട്ടിട്ടുള്ള രോഗവും ഒട്ടും കുറവല്ല, എന്ന് ഞാൻ നേരത്തെതന്നെ പ്രസ്താവിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തെ മുഴുവൻ തെങ്ങു

[ശ്രീ. പി. ശ്രീധരൻ]

കൃഷിയെയും തെങ്ങുരോഗം സാരമായി ബാധിച്ചിട്ടുണ്ട്. അതു് ഇനിയും പടന്നുപോകുന്നതിനുള്ള ഒരു സാഹചര്യമാണ് ഇപ്പോൾ കണ്ടുവരുന്നതു്. ഇങ്ങനെ കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളെ നെൽകൃഷിയായാലും അടയ്ക്കാകൃഷിയായാലും തെങ്ങുകൃഷിയായാലും പൊതുവെ കൃഷിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന രോഗങ്ങളെ നിവാരണം ചെയ്യുന്നതിനു് ഈ ഡിപ്പാർട്ടുമെൻറിൽനിന്നു് ഫലപ്രദമായി ഒന്നുംതന്നെ ചെയ്യുവാൻ സാധിച്ചിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇപ്പോഴത്തെ ബഡ്ജററുനോക്കിയാൽ കൃഷിയാവശ്യത്തിലേക്കു് രോഗനിവാരണത്തിനും മററുമായി ഓരോ തുകകൾ നീക്കിവച്ചിട്ടുള്ളതായി കാണാം. പ്ലാൻറ പാതോളജിക്കു് ൫൩,൯൦൦ രൂപയും പഴഞ്ഞിയിലെ അരക്കനട്ടു് റിസർച്ചുസ്റ്റേഷനിലെ ൫൭,൫൦൦ രൂപയും പാഡി ഇംപ്രൂവ്മെൻറിനു് ൨൦,൦൦൦ രൂപയും ആൻറി മഹാളി പ്രവൎത്തനത്തിനു് ൫൦,൦൦൦ രൂപയും നീക്കിവച്ചിട്ടുള്ളകാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനത്തെ സംബന്ധിച്ചു പറയുമ്പോൾ നമ്മുടെ രാജ്യത്തു് കൃഷിയും കൃഷിക്കാരും ഈ ഡിപ്പാർട്ടുമെൻറിൽനിന്നു് അകന്നു് വളരെ പിന്നോക്കം നിൽക്കുകയാണ്. ഈ ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടെങ്കിൽ അതു് ഇവിടത്തെ ഏററവും വലിയ പ്രമാണികൾക്കാണ് കിട്ടിവരുന്നതു്. സാധാരണ കൃഷിക്കാരെസംബന്ധിച്ചിടത്തോളം അങ്ങനെയാതൊരു ആനുകൂല്യവും ചെയ്യുന്നില്ല. കൃഷിക്കാർക്കു് ആവശ്യമായ കാര്യങ്ങൾ നിൎവ്വഹിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയത്തിൽ ഇവിടത്തെ കൃഷി ഡിപ്പാർട്ടുമെൻറ് അങ്ങെയററത്തെ അനാസ്ഥയാണു കാണിച്ചുവരുന്നതു് എന്നുള്ളതാണ് എനിക്കു് ഈ അവസരത്തിൽ വീണ്ടും വീണ്ടും പറയുവാനുള്ളതു്. ഈ രാജ്യത്തെ കൃഷിക്കാരുടെ സാമ്പത്തികമായ നില അഭിവൃദ്ധിപ്പെടുത്തുന്നതിനും അവൎക്കു് ആവശ്യമായ പരിരക്ഷകൾ ചെയ്തു കൃഷി വൎദ്ധിപ്പിക്കുന്നതിനും ആയി ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവൎത്തനത്തിൽനിന്നും യാതൊരു നേട്ടവും ലഭിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ആ നിലയിൽ കൃഷിയുടെ പേരിൽ ഈ ബഡ്ജററിൽ ചേൎത്തിരിക്കുന്ന തുകയിൽ ഒരു ഒററ പൈ പോലും കൃഷിക്കുവേണ്ടി കൎഷകനു് ഗുണപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുമോ എന്നു് എനിക്കു് വലിയ സംശയമുണ്ട്. നാട്ടുകാൎക്കു് പ്രയോജനപ്പെടാത്തവിധത്തിൽ കൂടുതൽ ചിലവു വരുത്തുവാൻ മാത്രമുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ഇതു്, എന്നുമാത്രമേ എനിക്കിതിനെപ്പററി പറയുവാനുള്ളു. അതായതു് കൎഷകൻെറ പേരിൽ വമ്പിച്ച തുക ധൂൎത്തടിക്കുക എന്നൎത്ഥം. സർ, നമ്മുടെ രാജ്യത്തിലെ കർഷകരുടെ മൗലീകമായ അവകാശങ്ങളും നിറവേററിക്കൊടുക്കാത്തതിൽ ഞാൻ ഈ ഗവണ്മെൻറിനെ അധികമൊന്നും കുററപ്പെടുത്തുന്നില്ല. കാരണം ഈ രാജ്യത്തിലെ ഭൂരിപക്ഷം വരുന്ന കർഷകരുടെ പുരോഗതിക്കും വിലങ്ങുതടിയായി നിൽക്കുന്ന ജന്മി—നാടുവാഴിത്ത പിൻതിരിപ്പൻ ശക്തികളുടെ താല്പൎയ്യത്തിനുവേണ്ടി മാത്രം നിലകൊള്ളുന്ന ഒരു സൎക്കാർ അതു ചെയ്യുകയില്ലെന്നു് എനിക്കു നല്ലപോലെ അറിയാം. എന്നാൽ ഇന്നു കൃഷിചെയ്യുന്നതിനു് നിലവിലുള്ള വമ്പിച്ച പ്രതികൂല സാഹചര്യങ്ങളുടെ സമ്മൎദ്ദംകൊണ്ടു് പുറപ്പുരമായിത്തീന്നുകൊ

ണ്ടിരിക്കുന്ന കർഷകർ, കയ്യിലുള്ളതും കടം മേടിച്ചും കൃഷിയിറക്കിയാൽ ശരിയായ ജലസേചനസൗകര്യങ്ങളോ, സൗജന്യവിലയ്ക്കു വിത്തും വളവും നൽകുവാനോ, കടബാദ്ധ്യത ഇളവുചെയ്യുവാനോ ഗവണ്മെന്റിന് സാധിക്കുന്നില്ലാ എന്നുള്ളതിരിക്കട്ടെ, ഈ ഇറക്കുന്ന കൃഷിയെ, സംരക്ഷിക്കുന്ന കാര്യത്തിൽപോലും കൃഷിഡിപ്പാർട്ടുമെന്റിന്റെ സഹായം ലഭിക്കുന്നില്ലന്നുള്ളതു് ഏററവും ദയനീയമായ ഒരു വസ്തുതയാണ്, സർ, യാതൊരു പ്രകാരത്തിലും ഈ നില തുടരുവാൻ അനുവദിക്കേണ്ടതല്ല, ഗവണ്മെന്റിന്റെ അടിയന്തിരമായ ശ്രദ്ധ ഈ വിഷയത്തിൽ പതിയണം എന്നാണ് എനിക്ക് അവസാനമായുള്ള അപേക്ഷ. സർ, ഈ കാരണങ്ങളാൽ ഞാൻ ഈ ഡിമാൻറിനെ എതിർക്കുന്നു. ഇതു് പാസ്സാക്കിക്കൊടുക്കരുതെന്നു് സഭയോടു് അപേക്ഷിക്കുന്നു.

Shri Chengarapilli P. Narayanan Potti : Sir, I move:

To reduce the Total allotment of Rs. 28,49,000 under Demand XXI by Rs. 100.

സർ, നമ്മുടെ നാട്ടിലുള്ള ആളുകളിൽ പറയാവുന്നതു് നമ്മുടെ രാജ്യം കർഷകപ്രാധാന്യമുള്ള ഒന്നാണെന്നാണ്. വാസ്തവത്തിൽ ഈ ആളുകളെല്ലാം ഈ നിയമസഭയിലുള്ളവരായ ഞങ്ങളെല്ലാം തന്നെ കർഷകരായതുകൊണ്ടു് കൃഷിക്കാരായ ഞങ്ങളെ രക്ഷിക്കണം എന്നു പറയുന്നതിൽ യാതൊരു തെററുമില്ല. വ്യാവസായികമായ നിലയിൽ നോക്കിയാലും, നമ്മുടെ താല്പര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാൽതന്നെയും ഇതു് ഒരു കർഷകപ്രധാനമായ രാജ്യമാണ്. ഗവണ്മെന്റ് കൃഷിക്കാർക്ക് വേണ്ടി ചെയ്യുന്നചെലവും കൃഷിക്കാരോടു കാണിക്കുന്ന താല്പര്യവും മററും ആലോചിച്ചാൽ, ഗവണ്മെന്റിന്റെ കണക്കുപുസ്തകവും മററും നോക്കിയാൽ എത്ര പണം അതിലേയ്ക്കായി ചിലവിടുന്നുണ്ടെന്നു് മനസ്സിലാക്കാം. ഓരോ കൊല്ലം കഴിയുംതോറും ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും ചിലവുചെയ്യുന്ന തുക ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടാണു് വരുന്നതു്. ഈ ഡിപ്പാർട്ടുമെന്റിന്റെ ചുമതലവഹിക്കുന്ന മന്ത്രിയേയോ ഡിപ്പാർട്ടുമെന്റിലെ മററുദ്യോഗസ്ഥന്മാരെയോ ഞാൻ കുററം പറയാതെതന്നെ വേറെ ചില കാര്യങ്ങൾ എനിക്കു് ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്. ഇവിടെ വലിയ വലിയ നിലയിലുള്ള വിദഗ്ദ്ധന്മാരെ വളരെ പണം ചെലവുചെയ്തു് കൃഷിസംബന്ധമായ കാര്യങ്ങൾ പരീക്ഷിക്കുവാൻവേണ്ടി നിയോഗിച്ചു കാണുന്നുണ്ടു്. എന്നാൽ അതിലേയ്ക്കു ചിലവുചെയ്യുന്ന സംഖ്യകൊണ്ടു് അല്പമെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ എന്നു് എനിക്കു് സംശയമാണു്.

ഞാൻ ഒരു കൃഷിക്കാരനാണു്. ഞാൻ ജനിച്ചുവളർന്നതു് ഒരു കൃഷിക്കാരനായിട്ടാണു്. കൃഷിസംബന്ധമായ കാര്യങ്ങളെ സംബന്ധിച്ചു നെൽകൃഷിയായാലും നാളികേരകൃഷിയായാലും ഏതാണ്ടു് സാമാന്യമായ ഒരു അറിവും താല്പര്യവും എനിക്കുണ്ടെന്നു് ഞാൻ അഭിമാനിക്കുന്നു. ഈ കൃഷിഡിപ്പാർട്ടുമെന്റുകൊണ്ടു് ഉൾനാടുകളിലെ കൃഷിക്കാർക്കു് എന്തൊരു നേട്ടമാണുണ്ടായിട്ടുള്ളതെന്നു് അറിയുവാൻ ആ നാട്ടുകാർതന്നെ അജ്ഞരായിട്ടാണു് ഇരിക്കുന്നതെന്നുള്ളതാണു് പരമാർത്ഥം.

കഴിഞ്ഞകൊല്ലം എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പുറക്കാട്ടു പകുതിയിൽ ഒരു ബണ്ടിട്ടു് നെൽകൃഷിനടത്തി. ഇക്കൊല്ലം അതു ആറി

[ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി]

രട്ടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ കൃഷിക്കാർ പറയുന്നു ഗവൺമെൻറിൽനിന്നും ചിലവാക്കുന്നപണം സമയത്തിനു ചിലവാക്കിയിരുന്നുവെങ്കിൽ കൃഷിക്ക് ഇത്ര ദോഷം സംഭവിക്കുകയില്ലായിരുന്നു എന്ന്. കൃഷിയിറക്കുന്നതിന് അവരിൽ തന്നെ താല്പര്യം വളരെ കുറഞ്ഞുപോയിട്ടുണ്ട്. നാട്ടുകാരുടെ ആവശ്യത്തിനാണ് പണം ചിലവാക്കുന്നത് എന്നുള്ള ബോദ്ധ്യം അവർക്കില്ല. ഗവൺമെൻറിൻെറ പ്രവൃത്തികൊണ്ട് കൃഷിയിൽ അവർക്ക് പ്രത്യേകമായി ഒരു താല്പര്യവും ജനിച്ചിട്ടില്ല. ഏതായാലും ഈ കൊല്ലത്തെ കൃഷിമുഴുവൻ നഷ്ടമാണെന്ന് മുഖ്യമന്ത്രിക്കുതന്നെ നേരിട്ടറിയാം. ഈ അസംബ്ലി തുടങ്ങിയതിനുശേഷം കുട്ടനാടൻ പ്രദേശത്തുനിന്ന് ഉണക്കുസംഭവിച്ചതിനെപ്പററി ധാരാളം നിവേദനങ്ങൾ അദ്ദേഹത്തിനു സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ട്. എന്താണ് അതിനു കാരണമെന്ന് പരീക്ഷണം നടത്തുവാനും കണ്ടുപിടിക്കുവാനും ഒരാളിനെ നിയമിച്ച് അതു കണ്ടുപിടിക്കണം. വെള്ളം കാഞ്ഞുപോയിട്ടാണ് ഇങ്ങനെ കേടുസംഭവിക്കുന്നതെന്ന് തോന്നുന്നു. പക്ഷെ കാരണം ഇന്നതാണെന്ന് ആരും. പറയുന്നില്ല. തെങ്ങുകൃഷിയുടെ കാര്യത്തിലും ഇതുതന്നെയാണ് അനുഭവം. ഇതിന് ഒരു പഴഞ്ചൊല്ലുണ്ട്. "സമ്പത്തുകാലത്ത് തൈ പത്തുവച്ചാൽ ആപത്തുകാലത്ത് കാ പത്തുതിന്നാം." അവിടെയുള്ള തെങ്ങുകളെല്ലാം നശിച്ചുനശിച്ചുവരുകയാണ്. പല പദ്ധതികളും അതിലേയ്ക്കുവേണ്ടി ഗവൺമെൻറിനുണ്ടെങ്കിലും അതുകൊണ്ട് നാട്ടുകാർക്ക് ഇതിലൊന്നും പ്രത്യേകിച്ച് ഒരു വിശ്വാസവും ആവേശവും ഉദിച്ചിട്ടില്ലെന്നാണ് അനുഭവത്തിൽ നിന്നും എനിക്കു പറയാനുള്ളത്.

സർ, ഈ ഡിപ്പാർട്ടുമെൻറിൻെറ ചിലവിനങ്ങളെപ്പററി പറയുകയാണെങ്കിൽ വളരെ വലിയ ശമ്പളം പററുന്ന വളരെ അധികം ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. കർഷകപ്രധാനമായ ഈ രാജ്യത്ത് വളരെ വിപുലമായ തോതിൽ ഒരു കൃഷിഡിപ്പാർട്ടുമെൻറ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണ്. കർഷകപ്രധാനമായ ഈ രാജ്യത്ത് ജീവിക്കുന്ന ഭൂരിപക്ഷം ആളുകളുമായിട്ട് നിത്യസമ്പർക്കത്തിൽ കഴിയേണ്ട ഉദ്യോഗസ്ഥന്മാരുള്ള ഒരു ഡിപ്പാർട്ടുമെൻറാണ് ഇതെങ്കിലും ഈ ബഡ്ജററു വായിച്ചുനോക്കുമ്പോൾ ഇത്ര അധികം ശമ്പളം പററുന്ന നിരവധി ഉദ്യോഗസ്ഥന്മാർ ഈ നാട്ടിൽ എന്തുചെയ്യുന്നു എന്ന് അറിഞ്ഞുകൂടാതെയാണിരിക്കുന്നത്. ഞങ്ങൾക്ക് പോലും ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ നാട്ടിൽ എന്തു ചെയ്യുന്നു എന്ന് അറിഞ്ഞുകൂടാ. പിന്നെ പാമരന്മാരായിരുന്ന നാട്ടുകാർക്ക് എങ്ങനെയാണ് അറിയുവാൻ സാധിക്കുന്നത്? ൭൦ രൂ. മുതൽ ൧൨൦ രൂ. വരെയും, ൧൨൫ രൂ. മുതൽ ൨൦൫ രൂപ വരെയും, ൩൫൦ രൂപമുതൽ ൪൫൦ രൂപവരെയും ശമ്പളം പററുന്ന അനവധി ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ട്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ നാട്ടിൽ എന്തുചെയ്യുന്നു എന്നു ഞങ്ങളാരും അറിഞ്ഞിട്ടില്ല. ഉദാഹരണമായി Land Development Board തന്നെയെടുക്കാം. ഈ ഡിപ്പാർട്ടുമെൻറിൽ ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെന്നും അവർ എന്തു ചെയ്യുന്നു എന്നും നാട്ടുകാർക്ക് അറിവില്ല. എന്തെല്ലാം പ്രയോജനമാണ് അവരെക്കൊണ്ട് നാട്ടിൽ ഉണ്ടായിട്ടുള്ളത് എന്നുള്ളതിനെപ്പററി ഞങ്ങൾ എല്ലാം അജ്ഞരാണ്. കുറെ ഭൂമികൾ കൃഷിക്കു പ്രയോജനപ്പെടുത്തുവാൻ

അവക്കു് സാധിച്ചിട്ടുണ്ടു് എന്നുള്ളതിനു് ചില സൂചനകൾ ഈ ബഡ്ജറ്റിൽ കാണുന്നുണ്ടു്. തൃശ്ശിവപേരൂരിൽ ചില പരീക്ഷണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്. അതുപോലെ കൊല്ലത്തും ഒരു പരീക്ഷണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്. അതിനു ൨൧൫—൩൨൫ രൂപയാണു് ഒരു ആഫീസർക്കു് ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്. അതുപോലെതന്നെ കൃഷികളിൽ വരുന്ന കേടുകളേയും മററും കണ്ടുപിടിച്ചു് അതിനു് നിവാരണം ചെയ്യുന്നതിനു് അനവധി ഉദ്യോഗസ്ഥന്മാർ ഈ ഡിപ്പാർട്ടുമെൻറിൽ ഉണ്ടു്. ഓരോ കൊല്ലം ചെല്ലുംതോറും കൃഷി ഇവിടെ നശിച്ചുകൊണ്ടിരിക്കുകയാണു്. പിന്നെ ബയോകെമിസ്റ്റിനെ നിയമിച്ചിട്ടുണ്ടു്. അഗ്രികൾച്ചറൽ എക്സ്പെരിമെൻറിനും റിസർച്ചിനും ശമ്പളം വാങ്ങുന്ന അനവധി ഉദ്യോഗസ്ഥന്മാരുണ്ടു്. അഗ്രികൾച്ചറൽ റിസർച്ചിനു് വളരെ രൂപ ഇവിടെ ചെലവാക്കുന്നുണ്ടു്. എന്നാൽ ഇവിടത്തെ നെല്ലു്, കമുകു്, തെങ്ങു് മുതലായ കൃഷികൾ ദിവസം ചെല്ലുംതോറും നശിച്ചുവരുന്ന കാഴ്ചയാണു് നമുക്കു കാണുവാൻ കഴിയുന്നതു്. ഈ രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വളം വിതരണം ചെയ്യുന്നതു് നാട്ടിലെ കൃഷിയുമായിട്ടു് യാതൊരു ബന്ധവും താല്പര്യവുമില്ലാത്ത ആളുകളാണു്. ഓരോ സ്ഥലത്തും ഉള്ള കൃഷി ഇൻസ്പെക്ടർമാരെപ്പററി എന്തെല്ലാം പരാതികളാണു് ഇവിടെ ഉണ്ടാകുന്നതു്, എന്തെല്ലാം ആക്ഷേപങ്ങളാണു് ഇവിടെ ഉണ്ടാകുന്നതു്. കൃഷിക്കാർക്കു് അവരുടെ പക്കൽനിന്നു് വളം കിട്ടണമെങ്കിൽ അവർക്കു് കൈക്കൂലികൊടുക്കണം. അഥവാ കൈക്കൂലികൊടുക്കാതെ അവരിൽനിന്നു വളം കിട്ടിക്കഴിയുമ്പോൾ വളം ഇടേണ്ടകാലം കഴിഞ്ഞിരിക്കും. ഈ സ്ഥിതിയാണു് വളം വിതരണംചെയ്യുവാൻ നിയമിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്മാരുടേതു്. വാസ്തവത്തിൽ കൃഷിഡിപ്പാർട്ടുമെൻറ ഒരു പ്രധാനമായിട്ടുള്ള ഡിപ്പാർട്ടുമെൻറാണു്. വളരെ ലക്ഷത്തോളം രൂപ ഗവണ്മെൻറ ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി ചെലവാക്കുന്നുണ്ടു്. നാട്ടിൽ എല്ലാ തുറകളിലും കാർഷികമായ പുരോഗതി കൈവരണമെന്നുണ്ടെങ്കിൽ നന്നായിട്ടു് നാട്ടിൽ എല്ലാ സ്ഥലത്തും അതിനുവേണ്ടി പരിശ്രമിക്കാതെ സാദ്ധ്യമല്ല. അതിനുവേണ്ടി ഗവണ്മെൻറ പരിശ്രമിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പുതിയ സ്കീമുകളെപ്പററി ഒന്നു പറയുവാനുണ്ടു്. ബഡ്ജററ മെമ്മോറാണ്ഡം വായിച്ചുനോക്കിയാൽ പുതിയ സ്കീമിനുവേണ്ടി ചെലവാക്കുന്ന രൂപ ൫൦,൩൫,൯൦൦ ആണെന്നു കാണാം. ഇതേവരെ ചെയ്തുകൊണ്ടിരിക്കുന്ന ജോലി തുടർന്നുകൊണ്ടുപോകുന്നതിനു വേണ്ടിയാണു് ഈ രൂപാ. പുതിയ സ്കീമിനു് വേണ്ടി ഉൾപ്പെടുത്തിയിട്ടുള്ള ബാക്കി ൫൧ ലക്ഷം രൂപ ചില സ്ഥലത്തു ഇലക്ട്രിക്കു് കണക്ഷൻ കൊടുക്കുന്നതിനും ട്രക്കു് വാങ്ങുന്നതിനും മററുമാണു്. പക്ഷെ ജനങ്ങൾക്കു് കൃഷിയിൽ താൽപ്പര്യം വരത്തക്കവണ്ണമുള്ള യാതൊരു പദ്ധതിയും ഇല്ല. ഈ രാജ്യത്തുള്ള കൃഷി നമുക്കു് നന്നാക്കാൻ സാധിക്കും. ഈ രാജ്യത്തുള്ള എല്ലാവരുമൊന്നും കൂടി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ സഹകരിച്ചു് പ്രവർത്തിക്കണം. ഏതു പാർട്ടിയായിരുന്നാലും എല്ലാവരുമായും കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ സഹകരിച്ചു് പ്രവർത്തിക്കണം. അവർ ആഫീസിൽ ഇരുന്നു പ്രവർത്തിച്ചു് ൩൦-ാം തീയതി ശമ്പളം വാങ്ങുന്നതുകൊണ്ടു് കാര്യമില്ല. വളരെ ദയനീയമായ രീതിയിലാണു് ഇന്നു് ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ജനങ്ങളുമായി സഹകരിക്കുന്നതു്.

[ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി]

മുഖ്യമന്ത്രി ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. നിരാശയുടെ അങ്ങേഅററത്തു് ഇരിക്കുന്ന ആളുകളാണു് നമ്മുടെ നാട്ടിലുള്ള എല്ലാവരും. കൃഷിയിലുള്ള ആഗ്രഹം ജനങ്ങൾക്കു് അനുനിമിഷം കുറഞ്ഞുവരികയാണു്. നാട്ടിലെ ജനങ്ങൾക്കു് കാർഷികമായ താൽപര്യം ഉണ്ടാകത്തക്കവിധത്തിൽ ഗവണ്മെൻറ പ്രവർത്തിക്കുവാൻ തയ്യാറാണെങ്കിൽ അങ്ങനെയുള്ള പ്രവൃത്തികളോടു് സഹകരിക്കുവാൻ ഞങ്ങളും തയ്യാറാണു്.

ശ്രീ. കുഞ്ഞിതൊമ്മൻ: സർ, ഭാവനാപരമായ കാര്യങ്ങളെക്കുറിച്ചാണു് മെംബറന്മാർ അധികവും സംസാരിക്കുന്നതെന്നും സൃഷ്ടിപരമായ നിർദ്ദേശങ്ങളൊന്നും ഗവണ്മെൻറിൻെറ മുമ്പിൽ അംഗങ്ങൾ വച്ചിട്ടില്ലെന്നും കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഇവിടെ നടന്ന വാദപ്രതിവാദങ്ങൾക്കു് മറുപടി പറഞ്ഞുകൊണ്ടു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പറയുകയുണ്ടായി. ഗവണ്മെൻറു ഭാഗത്തു നിന്നും ബഡ്ജററുകളും ഡിമാൻറുകളും അവതരിപ്പിക്കുകയും, അതിനെ സംബന്ധിച്ചുപാർട്ടി അടിസ്ഥാനത്തിൽ മാത്രം സ്ഥാനത്തിലും അസ്ഥാനത്തിലും അനുകൂലിച്ചും, പ്രതികൂലിച്ചും മെംബറന്മാർ സംസാരിക്കുന്നതല്ലാതെ സൃഷ്ടിപരമായനിർദ്ദേശങ്ങളൊന്നും മെംബറന്മാരിൽ നിന്നും കിട്ടിയിട്ടില്ലെന്നുമാണു് അന്നു് അദ്ദേഹം പറഞ്ഞതു്. എന്നാൽ കഴിഞ്ഞ തവണ ഈ ഡിപ്പാർട്ടുമെൻറിനെപ്പററി സൃഷ്ടിപരമായ ചില നിർദ്ദേശം ഞാൻ കൊടുത്തു എന്നാണു് ഞാൻ വിചാരിക്കുന്നതു്. കാൺഗ്രസ് പാർട്ടിയിലെ ഒരു പ്രധാന അംഗമായ ശ്രീ. സദാശിവൻപിള്ളയും സൃഷ്ടിപരമായ ഏതാനും നിർദ്ദേശങ്ങൾ കഴിഞ്ഞ തവണ ഈ ഡിപ്പാർട്ടുമെൻറിനെപ്പററി കൊടുത്തിട്ടുണ്ടു്. അതെല്ലാം ഇന്നു് അസംബ്ളി പ്രൊസീഡിംഗ്സിൽ മാത്രമായി അവശേഷിച്ചിരിക്കുകയാണു്. ഈ ഡിപ്പാർട്ടുമെൻറിനു് വേണ്ടി ഇപ്പോൾ പല ലക്ഷത്തിൽ പരം രൂപ ചെലവു ചെയ്യുന്നുണ്ടു്. കഴിഞ്ഞ തവണ ഇവിടെയുണ്ടായ സൃഷ്ടിപരമായ നിർദ്ദേശങ്ങൾക്കു് മറുപടി പറഞ്ഞ വേളയിൽ അന്നു് ഈ ഡിപ്പാർട്ടുമെൻറിൻെറ ചുമതലവഹിച്ചിരുന്ന മന്ത്രി പറഞ്ഞതു് നാഗർകോവിലിൽ ഒരു കൃഷിത്തോട്ടം ഉണ്ടു്, അവിടെ നല്ല ഒട്ടുമാവിൻതൈകൾ ഉണ്ടാക്കി ആളുകൾക്കു് കൊടുത്തുവരുന്നുണ്ടു് എന്നൊക്കെയാണു്. ചില സ്ഥലത്തു കൃഷിത്തോട്ടം ഉണ്ടാക്കി കുറെ ഒട്ടുമാവിൻതൈകളും മററും വിതരണം ചെയ്യുന്നതുകൊണ്ടു് ഇവിടെ കൃഷി വർദ്ധിപ്പിക്കാമെന്നോ, വർദ്ധിച്ചിട്ടുണ്ടെന്നോ ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ അതു് മൗഢ്യമാണു്. കൃഷികൊണ്ടാണു് ജനങ്ങൾ ജീവിക്കുന്നതെന്നും അതു് വികസിപ്പിച്ചില്ലെങ്കിൽ ഭക്ഷ്യക്ഷാമത്തിൽ നിന്നു രാജ്യം രക്ഷപ്പെടുകയില്ലെന്നും എല്ലാ ജനങ്ങളിൽ നിന്നും ഇന്നു പരക്കെ ആക്ഷേപം ഉണ്ടായിട്ടുണ്ടു്. മി. പോററിയാണു് ഇവിടെ ഏററവും വലിയ കൃഷിജ്ഞാനമുള്ള ആളെന്നു് അദ്ദേഹം പറഞ്ഞു. എന്നപ്പോലെ അദ്ദേഹത്തിനു് കൃഷിയിൽ ജ്ഞാനം ഉണ്ടോ എന്നു ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. മിക്കവാറും പ്രത്യേക ആവശ്യങ്ങളൊന്നുമില്ലാത്ത അവസരങ്ങളിൽ ഉച്ചയാകുന്നതുവരെ ഞാൻ സ്വന്തം കൈകൾകൊണ്ടുതന്നെ കൃഷിചെയ്യാറുണ്ടു്. അപ്പോൾ കൃഷികാര്യങ്ങളിൽ അഗ്രഗണ്യനാണു് അദ്ദേഹം എന്നു പറഞ്ഞാൽ അതു് അപ്പാടെ വകവച്ചുതരാൻ ഞാൻ തയാറില്ല. എന്നെപ്പോലെ കൃഷികാര്യങ്ങളിൽ പരിചയമുള്ള ആളുകൾ പലരും ഇവിടെയുണ്ടു്.

ഇവിടെ മരച്ചീനി കൃഷി ചെയ്യുന്നത് ഏറിയകൂറും സാധുക്കളായിട്ടുള്ള ആളുകളാണ്. മരച്ചീനി കൃഷികൊണ്ടാണ് ഈ നാട്ടിലെ സാധുകൃഷിക്കാരായ ആളുകൾ ജീവിതം കഴിക്കുന്നത്. ഒരാൾക്ക് അര ഏക്കർ ഭൂമിയുണ്ടെങ്കിൽ ആ ഭൂമിയുടെ മുക്കാൽ ഭാഗം സ്ഥലത്തും മരച്ചീനികൃഷി ചെയ്യും. ഇവിടെ മരച്ചീനിക്ക് വിലയില്ലാതെ വന്നപ്പോൾ അങ്ങനെ കൃഷിചെയ്തിരുന്ന ആളുകൾ എല്ലാവരും അത് നിറുത്തിവച്ചു. മരച്ചീനിക്കു കയററുമതി നിയന്ത്രണം വച്ചതുകൊണ്ടാണ് വില ഇടിയുവാൻ കാരണമായത്. നമ്മുടെ നാട്ടിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന മരച്ചീനി എങ്കിലും കയററി അയയ്ക്കുവാൻ അനുവദിക്കണമെന്ന് ധനകാര്യമന്ത്രിയോട് ആവശ്യപ്പെട്ടപ്പോൾ അതും അനുവദിക്കുവാൻ നിവൃത്തിയില്ലാ എന്നാണ് അദ്ദേഹം പറഞ്ഞത്. പിന്നീട് കർഷകർക്ക് വലിയ നഷ്ടങ്ങൾ സംഭവിച്ചതിനുശേഷം മാത്രമാണ് അത് കയററി അയക്കുവാൻ ആർഡർ കൊടുത്തത്. അങ്ങനെ ആർഡർ കൊടുത്തതിനുശേഷം ഉടൻതന്നെ ആവശ്യാനുസരണം മരച്ചീനി ലഭ്യമല്ലാതിരുന്നതിനാൽ വിലയും കൂടുകയുണ്ടായി. കയററി അയക്കുവാൻ ആർഡർകൊടുത്തതുകൊണ്ടാണ് വില കൂടിയതെന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അങ്ങിനെ അനുവാദം കൊടുക്കാതിരുന്നാൽ മരച്ചീനികൃഷിയിൽ തന്നെ കർഷകർക്ക് വൻനഷ്ടങ്ങൾ സംഭവിക്കുകയും തൽഫലമായി കൃഷി വളരെ കുറയ്ക്കുകയും ചെയ്യും. ഇപ്പോൾ കയററി അയയ്ക്കുവാൻ അനുവദിച്ചിരിക്കുന്നതുകൊണ്ട് അടുത്ത വൃശ്ചികമാസത്തോടുകൂടി ഉദ്ദേശം ഒരു ആറുമാസത്തിനകം, മരച്ചീനി ധാരാളം ഇവിടെയുണ്ടാകുന്നതാണ്. അതുകൊണ്ട് കയററുമതിയെ നിരോധിക്കണം എന്നു പറയുന്ന മെംബറന്മാർ അതിന്റെ ഭവിഷ്യത്തിനെക്കുറിച്ച് ആലോചിച്ചിട്ട് വേണം പറയാൻ എന്ന് ഞാൻ അവരോട് ആവശ്യപ്പെടുന്നു. കയററുമതിയെ നിരോധിച്ചാൽ ഇവിടെ ഒട്ടും മരച്ചീനി ഇല്ലാതാകുന്നതാണ്. നിരോധിക്കാതിരുന്നാൽ ആറുമാസത്തിനുള്ളിൽ ധാരാളം മരച്ചീനി രാജ്യത്തുണ്ടാകുന്നതാണ്. മരച്ചീനി മാത്രമല്ല നമുക്കു വളരെ അധികം ഡോളർ സമ്പാദിച്ചുതരുന്ന കുരുമുളക്, ലെമൺഗ്രാസ്, ഏലം മുതലായ കൃഷികളെല്ലാം ഇന്ന് ഇവിടെ അധഃപതിച്ചു വരികയാണ്.

ഗവണ്മെൻറ് അതാതുകാലങ്ങളിൽ വേണ്ട കാര്യങ്ങൾ കൃഷിയെ സംബന്ധിച്ചിടത്തോളം ചെയ്യുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിനുവേണ്ടി ചെലവുചെയ്യുന്ന പണം വളരെ നഷ്ടപ്പെട്ടുപോകുകയാണു ചെയ്യുന്നത്. ഈ ഡിപ്പാർട്ടുമെൻറിന്റെ ഇപ്പോഴത്തെ ചുമതല വഹിക്കുന്ന മന്ത്രി പണം നഷ്ടപ്പെടുന്നതിൽ വളരെ ഖേദിക്കുന്ന ഒരാളാണ്. പണം യാതൊരു കാര്യങ്ങൾക്കും ദുർവിനിയോഗം ചെയ്യാതെ കഴിക്കുന്ന അദ്ദേഹത്തിന്റെ കീഴിൽ ഈ ഡിപ്പാർട്ടുമെൻറ് പ്രവർത്തനം നടത്തുമ്പോൾ വളരെ അധികം കാര്യങ്ങൾ കൃത്യനിഷ്ഠയോടുകൂടി ചെയ്യാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കൃഷിഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാർ കൃഷിയെ സംബന്ധിച്ചിടത്തോളം യാതൊരു പരിചയവും ഇല്ലാത്തവരാണ്. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികളല്ല ഡിപ്പാർട്ടുമെൻറ് ചെയ്തുവരുന്നത്. കൃഷിക്കുവേണ്ടി മററു പല ഡിപ്പാർട്ടുമെൻറുകളും ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്. പി. ഡബ്ളിയു. ഡി. ഡിപ്പാർട്ടുമെൻറും, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും എല്ലാം കൃഷിവിക

[ശ്രീ. കുഞ്ഞിതൊമ്മൻ]

സനത്തിനുവേണ്ടി പ്രവർത്തിക്കുന്നുണ്ടു്. ആ നിലയിൽ കൃഷിഡിപ്പാർട്ടുമെൻറിൻെറയും, മുകളിൽ പറഞ്ഞ ഡിപ്പാർട്ടുമെൻറുകളുടെയും പ്രവർത്തനം യോജിപ്പിക്കുന്നതു് നന്നായിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇന്നു നിലവിലിരിക്കുന്ന ഡിപ്പാർട്ടുമെൻറു് നടത്തുന്ന രീതിയിൽ മുമ്പോട്ടു പോകുന്നതായാൽ പണം ശരിയായവിധം ചെലവുചെയ്യണമെന്നു വിചാരിക്കുന്ന മുഖ്യമന്ത്രിക്കു് വളരെയധികം പ്രയാസവും മനോവിഷമവും ഉണ്ടാകുമെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. കൃഷിഡിപ്പാർട്ടുമെൻറു് സംബന്ധിച്ച റേഞ്ചു ആഫീസുകൾ ധാരാളം കൃഷിയുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കേണ്ടതാണു്. അതുപോലെതന്നെ കൃഷിക്കാരുടെ കന്നുകാലികളെ സംരക്ഷിക്കുന്നതിനു് മൃഗ ആശുപത്രികളും, കൃഷിക്കു് പ്രാധാന്യം അർഹിക്കുന്ന മററു് സ്ഥാപനങ്ങളും കോതകുളങ്ങര, മഞ്ഞപ്രാ, മാണിക്യമംഗലം ചെങ്ങമനാട്ടു് മുതലായ സ്ഥലങ്ങളിലെല്ലാം സ്ഥാപിക്കേണ്ടതത്യാവശ്യമാണു്. അവിടെ വളരെ പണിപ്പെട്ടു് സാധുകർഷകർ കൃഷിചെയ്തുണ്ടാക്കുന്ന നെല്ലാണു ഗവണ്മെൻറിലേക്കു് അവർക്കു വേണ്ട യാതൊരു സഹായങ്ങളും ചെയ്തുകൊടുക്കാതെ അളന്നുകൊണ്ടുപോകുന്നതു്. ആ ഭാഗത്തു വെള്ളം തേകുന്ന ഒരു സമ്പ്രദായമുണ്ടു്. വൈഷമ്യമേറിയ ഈ പ്രവൃത്തിയിൽ തെക്കൻതിരുവിതാംകൂറിലുള്ള ഉദ്യോഗസ്ഥന്മാർ വളരെ അത്ഭുതം പ്രകടിപ്പിച്ചിട്ടുണ്ടു്. ഇത്തരത്തിലെല്ലാം വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചാണു് ആ ഭാഗങ്ങളിൽ കൃഷി നടത്തിക്കൊണ്ടുപോകുന്നതു്. ഇങ്ങനെയുള്ള കാര്യങ്ങളിൽ വളരെയധികം സൗകര്യങ്ങൾ ആ ഭാഗത്തെ കൃഷിക്കാർക്കു് നൽകണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

സർ, മറെറാരുകാര്യം എനിക്കു പറയാനുള്ളതു് കൃഷിക്കാരുടെ ആരോഗ്യത്തെ സംബന്ധിച്ചാണു് നട്ടെല്ലുമുറികെ വേലചെയ്യുന്ന ഒരുലക്ഷത്തോളം കർഷകർ താമസിക്കുന്ന കോതകുളങ്ങര, മഞ്ഞപ്രാ, മാണിക്യമംഗലം, ചെങ്ങമനാട്ടു് മുതലായ സ്ഥലങ്ങളിൽ ഒരാശുപത്രിപോലും ഇല്ലാ എന്നുള്ളതു് പരിതാപകരമായ ഒരു കാര്യമാണു്. എന്നാൽ, ഈ തിരുവനന്തപുരം പട്ടണത്തിൽ അനേകം ആശുപത്രികളും ഡിസ്പെൻസറികളുമെല്ലാം ഉണ്ടായിരുന്നിട്ടും, ഒരു ഹെൽത്താഫീസറെക്കൂടി നിയമിച്ചിട്ടില്ലെന്നുള്ളതിനെപ്പററി വളരെ കോപത്തോടുകൂടിയാണു ബഹുമാനപ്പെട്ട തിരുവനന്തപുരംമെംബർ ഇവിടെ സംസാരിച്ചതു്. തിരുവിതാംകൂറിൻെറ വടക്കൻപ്രദേശങ്ങളിൽ നട്ടെല്ലുമുറികെ വേലചെയ്യുന്ന കൃഷിക്കാർക്കു് വൈദ്യസഹായങ്ങൾ നൽകുന്നതിനു് ഒരു ഡിസ്പെൻസറിയെങ്കിലും അവിടെ സ്ഥാപിച്ചിട്ടുണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. മെഡിക്കൽ ഡിമാൻറിനെപ്പററി സംസാരിക്കുന്നതിനു് എനിക്കു സമയം കിട്ടിയിരുന്നില്ല. അതുകൊണ്ടാണു ഈയവസരത്തിൽ അതിനെപ്പററി ഒരുവാക്കു പറയണമെന്നു ആഗ്രഹിച്ചതു്. ഈ കഷ്ടപ്പെടുന്ന കൃഷിക്കാർക്കു് ഒരു സുഖക്കേടുവന്നാൽ ഒരൗൺസു് മരുന്നു വാങ്ങാൻപോലും യാതൊരു നിവൃത്തിയുമില്ലാതെയാണിരിക്കുന്നതു്. ഈ വിഷയത്തിലും ഗവണ്മെൻറിൻെറ സത്വരമായ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. നല്ലതരത്തിൽ കാര്യങ്ങൾ നടത്തുന്നതിനു് മന്ത്രിമാർ ശ്രമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ആ നിലയിൽ രാജ്യക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ തയ്യാറാണെന്നു ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. വി. അവിരാത്തരകൻ: സർ, ഈ രാജ്യത്തെ ഏററവും ചെറിയ വിഭാഗത്തിൽപ്പെട്ട കൃഷിക്കാരെ സംബന്ധിച്ചാണു ഞാൻ ഇവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നത്. ഈ രാജ്യത്തെ നാളികേര കൃഷിക്കാരുടെ സ്ഥിതി അനുദിനം വളരെ ശോചനീയമായ നിലയിലേക്കു നീങ്ങിക്കൊണ്ടിരിക്കയാണ്. ഇൻഡ്യയിലാകെ പതിനാലു ലക്ഷത്തി എൺപത്തിയൊൻപതിനായിരത്തിൽപരം ഏക്കർ സ്ഥലത്ത് നാളികേരകൃഷി ചെയ്യുമ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ ആറുലക്ഷത്തിനാല്പത്തിയോരായിരത്തിൽപ്പരം ഏക്കർ സ്ഥലത്താണു നാളികേരകൃഷി ചെയ്യുന്നത്. ഇന്നു ഇൻഡ്യയിലെ ആകെയുള്ള ഡിമാൻറു കണക്കാക്കി നോക്കുമ്പോൾ ൩൦ ശതമാനം വെളിച്ചെണ്ണ ഇവിടെ ഡെഫിസിററായിട്ടാണു കാണുന്നത്. ഇവിടത്തെ അഗ്രിക്കൾച്ചറൽ റിസർച്ച് അഡ്വൈസറായ ഡാക്ടർ സെന്നിൻെറ അഭിപ്രായപ്രകാരം ഒരേക്കർ ഒരുസെൻറു ഭൂമിയാണു ഒരു നാളികേരകൃഷിക്കാരൻെറ കയ്യിലിരിക്കുന്നത്. ഈ ചെറിയ നാളികേരകൃഷിക്കാരനുവേണ്ടി ഗവണ്മെൻറ് യാതൊന്നും ചെയ്തിട്ടില്ലെന്നു പറയാൻ ഞാൻ ഈയവസരം ഉപയോഗിച്ചുകൊള്ളുന്നു. ഇവിടെയൊരു നാളികേര കമ്മിററിയുണ്ട്. നാളികേരത്തെപ്പററി പറയുമ്പോഴെല്ലാം നാളികേരക്കമ്മിററിയെ ആശ്രയിക്കുകയാണു ഗവണ്മെൻറു ചെയ്യാറുള്ളത്. ഈ കഴിഞ്ഞദിവസം ആ കമ്മിററിയിൽ ഗവണ്മെൻറു രണ്ടു പ്രതിനിധികളെ മാത്രമേ അയച്ചിട്ടുള്ളുവെന്നു പറയുകയുണ്ടായി. വാസ്തവത്തിൽ ഈ ഗവണ്മെൻറിനു എട്ടു പ്രതിനിധികളെ ആ കമ്മിററിയിൽ അയക്കാനുള്ള അവകാശമുണ്ടെന്നു ൧൯൪൪-ലെ കോക്കനട്ട് ആക്ടിൽനിന്നും അറിയാൻ കഴിയും. പിന്നെയെന്തുകൊണ്ടാണു ഈ രണ്ടു മെംബറന്മാരെമാത്രം ഗവണ്മെൻറു അയയ്ക്കാൻ കാരണമായിട്ടുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഗ്രോവേഴ്സിൻെറ പക്ഷത്തുനിന്നും മൂന്നുപേരെ നാമിനേററുചെയ്യാനുള്ള അവകാശം ഗവണ്മെൻറിനുണ്ട്. എന്നാൽ, കഴിഞ്ഞദിവസം ഒരു ചോദ്യത്തിനുത്തരമായി ഒരാളെ മാത്രമേ നാമിനേററുചെയ്യാൻ കഴിഞ്ഞിട്ടുള്ളുവെന്നു ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്നതിനു ഒരാളിനെ നാമിനേററുചെയ്യാനുള്ള അവകാശവുമുണ്ട്. അതുപോലെതന്നെ ആയിൽ ഇൻഡസ്ട്രീസിൻെറപ്രതിനിധികളായി രണ്ടുപേരെ നാമിനേററുചെയ്യാനുള്ള അവകാശവും ഗവണ്മെൻറിനുണ്ട്. അതിനുംപുറമേ രണ്ടു പ്രതിനിധികളെക്കൂടി നാമിനേററുചെയ്യാനുള്ള അവകാശമുണ്ടായിരുന്നിട്ടുകൂടി വെറും രണ്ടുപേരെ മാത്രമേ ഗവണ്മെൻറിനു നാമിനേററുചെയ്യാൻ സാധിച്ചിട്ടുള്ളുവെന്നു കാണുന്നതിൽനിന്നും നാളികേരകൃഷിക്കാരുടെ സ്ഥിതിയെപ്പററി ഗവണ്മെൻറ് അത്രത്തോളം ഗൗരവം കാണിക്കുന്നില്ലെന്നു—

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: എടുത്തിട്ടുള്ള രണ്ടു പ്രതിനിധികൾതന്നെയും കൊപ്രാമില്ലുകാരാണെന്നു അറിയാമോ?

ശ്രീ. പി. വി. അവിരാത്തരകൻ: ഒന്നു ഗ്രോവേഴ്സിൻെറ പക്ഷത്തുള്ള ആളാണെന്നു മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്. എട്ടു അംഗങ്ങളെ നാമിനേററുചെയ്യാൻ അവകാശമുള്ള ഈ കമ്മിററിയിൽ രണ്ടുപേരെ മാത്രമേ നാമിനേററു ചെയ്തിട്ടുള്ളുവെന്നാണു ഞാൻ പറയുന്നത്. ഇതിനുംപുറമെ ഇവിടത്തെ ചേംബർ ആഫ് കാമേഴ്സിനു ഒരാളിനെ നാമിനേററു

[ശ്രീ. പി. വി. അവിരാത്തരകൻ]

ചെയ്യാനുള്ള അവകാശവുമുണ്ട്. പാവപ്പെട്ട നാളികേര കൃഷിക്കാരുടെ കാര്യത്തിൽ എന്തുകൊണ്ടാണ് ഗവണ്മെന്റ് ഇങ്ങനെ അനാസ്ഥ കാണിക്കുന്നതെന്നു ഞങ്ങളെ മനസ്സിലാക്കേണ്ടതാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഈ കമ്മിററിയുടെ വൈസ് ചെയർമാനെന്നു പറയുന്ന ആള് വളരെയധികം രാഷ്ട്രീയമായ സ്ഥാനമാനങ്ങളുള്ള ഒരാളാണ്. അതുകൊണ്ടാണോ അദ്ദേഹത്തെ ആ കമ്മിററിയിലേക്കു നാമിനേററു ചെയ്തിട്ടുള്ളതെന്നു അറിയേണ്ടിയിരിക്കുന്നു. ഈ കമ്മിററിയുടെ പ്രവർത്തനത്തെപ്പററി യാതൊന്നും മനസ്സിലാക്കുന്നതിനു ഇതുവരെ ഇടയായിട്ടില്ല.

ഇനിയൊരുകാര്യം എനിക്കു പറയാനുള്ളത് നാളികേരകൃഷിക്കാർക്കു ഇൻകംടാക്സ് ചുമത്തുന്ന രീതിയെപ്പററിയാണ്. നാളികേരകൃഷിയുടെ വരവിനെ ആശ്രയിച്ചുകൊണ്ടല്ല ഇപ്പോൾ ഇൻകംടാക്സ് ചുമത്തിവരുന്നത്. ബാങ്കിംഗ് എൻക്വയറി കമ്മിററി റിപ്പോർട്ടിൻപ്രകാരം ഒരേക്കറിൽ ൨൦൯൭ നാളികേരം ലഭിക്കുമെന്നാണു കാണുന്നത്. ഇവിടെ ഗവണ്മെന്റ ഇൻകംടാക്സ് ചുമത്തുന്നതു ൪,൦൦൦ം, ൪,൫൦൦ നാളികേരത്തിന്റെ ആദായത്തെ കണക്കാക്കിയാണ്. അതുപോലെതന്നെ മരുഭൂമിക്കും വെററ്ലാൻഡ്സിനും ഒരുപോലെയാണു നികുതി ചുമത്തുന്നത്. ഇതും നാളികേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം മുഖ്യമായ ഒരു സംഗതിയാണ്. ലാൻറ് ടാക്സിനും ഒരു സെസ് നാളികേരക്കമ്മിററി ഏർപ്പെടുത്തിയിട്ടുണ്ട്. നാലണ എന്നു വച്ചിട്ടുള്ളതു ചിലപ്പോൾ എട്ടും പന്ത്രണ്ടും അണയായി വാങ്ങുന്നുണ്ട്. മിൽ ഓണേഴ്സായവരും ഇടത്തരക്കാരായ കച്ചവടക്കാരുമാണ് കൂടുതൽ വാങ്ങുന്നത്.

സർ, വളത്തിനെ സംബന്ധിച്ചും, എനിക്കു രണ്ടുവാക്കു പറയേണ്ടതുണ്ട്. ഇന്നു ഗ്രൗണ്ടുനട്ടു കേക്ക് ഫ൦ ശ്രു. ൫ ണ. യും, ബോൺമീൽ ഫ൦ ശ്രു. ഫ൦ ണ. യും വച്ചാണു ഗവണ്മെന്റ കൊടുക്കുന്നത്. ഇന്നു അതിനു ഓപ്പൺമാർക്കററിൽ പന്ത്രണ്ടും പതിനഞ്ചും രൂപയെ വിലയുള്ളു. ഗവണ്മെന്റ നൽകുന്ന വളത്തെ സംബന്ധിച്ച് വളരെ ആക്ഷേപങ്ങൾ പല മെംബറന്മാരും ഇവിടെ പ്രസ്താവിച്ചിട്ടുണ്ട്. ആ വളത്തിൽ വളരെ കൃത്രിമം ഉണ്ടെന്നു് അനുഭവത്തിൽനിന്നും എനിക്കുതന്നെ പറയാൻ കഴിയും. യാതൊരു കൃത്രിമവും ഇല്ലാത്ത വളം ഓപ്പൺമാർക്കററിൽ മിതമായ വിലയ്ക്കു കിട്ടുമ്പോൾ കലർപ്പുള്ള വളം വിതരണംചെയ്യുന്നതിനു എന്തിനാണ് ഗവണ്മെന്റ വ്യയംചെയ്യുന്നതെന്നു ഞാൻ ചോദിക്കുന്നു. നാളികേരക്കമ്മിററിവഴി ചില പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. പ്രധാനമായി നല്ല വളവും, നല്ല വിത്തും ഉപയോഗിക്കണമെന്നാണു പ്രചരണം നടത്തുന്നത്. ഇങ്ങനെയെല്ലാം പ്രചരണം നടത്തിവരുന്ന നാളികേരക്കമ്മിററി നാളികേരവൃക്ഷത്തിനുണ്ടാകുന്ന രോഗനിവാരണത്തിന് ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നതിന് സാധിച്ചിട്ടില്ലെന്നുള്ളതു ശോചനീയമാണ്.

അടുത്തതായി പമ്പിംഗ്സെററ് വിതരണം ചെയ്യുന്നതിനെ സംബന്ധിച്ചും രണ്ടുവാക്കു പറയണമെന്നാഗ്രഹിക്കുന്നു. ഇപ്പോൾ അതിനു ശരിയായ ഒരു ഏജൻസി ഇല്ലാതാണിരിക്കുന്നതു്. ഇവിടെ നാട്ടത്തിലെന്നു പമ്പിംഗ്സെററുള്ളതിൽ പതിനേഴ് എണ്ണവും കേടുപിടിച്ചു കിടക്കുക

യാണു്. ഇങ്ങനെ യാതൊരു പ്രയോജനവുമില്ലാതെ അനേകലക്ഷംരൂപ ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു് ഈ ഗവണ്മെൻറ് ചെലവു ചെയ്യുന്നുണ്ടു്. സാധാരണക്കാരായ കൃഷിക്കാർക്കു് കൂടുതൽ സൗകര്യം നൽകുന്നതിനുവേണ്ടി ഈ പമ്പിംഗ്സെററിൻെറ വിതരണം ഒരു ഡിസ്ട്രിക്ട് ബേസിസിൽ നടത്തണമെന്നാണു എനിക്കു പറയുവാനുള്ളതു്. നാളികേരക്കമ്മിററിയിൽ വന്നിട്ടുള്ള വേക്കൻസികൾ ഫിൽ അപ്പ് ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്നു് അപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. ഭാനു: നമ്മുടെ ഈ സംസ്ഥാനം കാർഷികമായ നിലയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അനേക തലമുറകളായി ഒരു പ്രത്യേകരീതിയിൽ നടത്തിവന്നിരുന്ന ഒരു കൃഷിസമ്പ്രദായമാണു ഇന്നും നമ്മുടെ രാജ്യത്തു നിലവിലിരിക്കുന്നതു്. നാം എപ്പോഴും ഭക്ഷ്യവിഷയത്തിൽ പരാധീനത അനുഭവിക്കുന്ന ഒരു ജനതയാണു്. രാജ്യത്തിനു പുറത്തുനിന്നാണു നാം ആഹാരസാധനങ്ങൾ ഇറക്കുമതി ചെയ്തുവരുന്നതു്. ഇവിടെയുള്ള ഭൂമി നമ്മുടെ കൃഷിയാവശ്യങ്ങൾക്കു അപര്യാപ്തമാണു്. ഭൂമിയുടെ കുറവും ശരിയായി കൃഷിചെയ്യുന്നതിലുള്ള കുറവുകളും നാം ഇന്നു അനുഭവിക്കുന്നുണ്ടു്. ഇതിനു എന്താണു ഒരു പരിഹാരം എന്നുള്ളതിലാണു് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നതു്. ഇതിനു പരിഹാരം കാണുന്നതിനുവേണ്ടിയാണു ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു ഇവിടെയുണ്ടാക്കിയിട്ടുള്ളതും അതിലേയ്ക്കു ഒരു നല്ല തുക ആണ്ടുതോറും നീക്കിവയ്ക്കുന്നതും. എന്നാൽ ആ തുക ശരിയായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടോയെന്നു നാം ആലോചിക്കേണ്ടിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിൻെറ മുഖ്യമായിട്ടുള്ള പ്രവൃത്തനം ഗവേഷണമാണു്. ഈ ഗവേഷണം കാര്യക്ഷമമായി നടത്തുന്നുണ്ടോയെന്നുള്ളതു സംശയാസ്പദമായിട്ടാണിരിക്കുന്നതു്. രാജ്യത്തിൽ അങ്ങിങ്ങായി ചില ഗവേഷണശാലകൾ നടത്തിവരുന്നുണ്ടു്. എന്നാൽ അതിൻെറ പ്രവൃത്തനങ്ങൾ എത്രത്തോളം കാര്യക്ഷമമായി നടക്കുന്നുണ്ടെന്നുള്ളതിനെപ്പററി കാര്യമായ അന്വേഷണങ്ങളൊന്നും നടത്തുന്നില്ലെന്നാണു എനിക്കു പറയാനുള്ളതു്. ഈ ഗവേഷഷണശാലകൾ പൗവ്വർഹൗസ്പോലെ പ്രാധാന്യമർഹിക്കുന്നവയാണു്. പൗവ്വർഹൗസിനോടു ഞാൻ താരതമ്യപ്പെടുത്തുന്നതു വളരെ അർത്ഥവത്താണെന്നാണു് എനിക്കു തോന്നുന്നതു്. ആഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൻെറ മുഴുവൻ പ്രവൃത്തനവും ഈ ഗവേഷണശാലകളിൽ കേന്ദ്രീകരിച്ചു അവിടെനിന്നു കിട്ടുന്ന അറിവു രാജ്യത്തിൻെറ നാനാഭാഗത്തേയ്ക്കും നൽകുകയാണു് ചെയ്യുന്നതു്. എന്നാൽ ഇപ്പോൾ ഈ ഗവേഷണശാലകളിൽ നടത്തുന്ന പ്രവൃത്തനങ്ങളെ സംബന്ധിച്ചിടത്തോളം നാട്ടുകാർക്കു ശരിയായ അറിവു ലഭിക്കുന്നുണ്ടോയെന്നു സംശയമാണു്. അവിടെ നടക്കുന്ന പ്രവൃത്തനങ്ങളും അതിൻെറ ഫലവുമൊന്നും വെളിയിൽ യാതൊരുത്തർക്കും അറിയാൻ ഇടയാകുന്നില്ല.

ഒരു പുതിയ പദ്ധതി ഇവിടെ ആരംഭിക്കുന്നതായി പറഞ്ഞു. അതു ജാപ്പനീസ് പദ്ധതിയാണു്. ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം കൂടുതൽ വിളവുണ്ടാക്കാൻ ഉപകരിക്കുമെന്നാണു ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്. ഈ പദ്ധതി ജപ്പാനിലും, ബാംബെയിലും പരീക്ഷിച്ചു നോക്കിയതിൽ, പത്തിരട്ടി വിളവു ലഭിക്കുമെന്നു ബോദ്ധ്യമായിട്ടുണ്ടു്. ഇതു

[ശ്രീ. കെ. ഭാനു]

പദ്ധതി ഇവിടെ പരീക്ഷിച്ചു നോക്കുകയാണെങ്കിൽ നമ്മുടെ ഭക്ഷണപ്രശ്നത്തിനു ഒരു പരിഹാരമുണ്ടാകുമെന്നു പ്രതീക്ഷിക്കാം. അങ്ങനെ നമ്മുടെ രാജ്യം ആഹാരകാര്യത്തിൽ സ്വയംപര്യാപ്തമാകുമെങ്കിൽ അതു ആശ്വാസകരമാണ്. പുതിയ ഗവേഷണങ്ങൾ നടത്തി. കൃഷി സംബന്ധികളായ പദ്ധതികളും അനുഭവങ്ങളും നാട്ടുകാരുടെ ഇടയിൽ വേണ്ടപോലെ പ്രചരിപ്പിക്കേണ്ടതാണ്. പത്രപ്രസിദ്ധീകരണങ്ങൾമുഖേനയും മററു ലഘുലേഖകൾ മുഖേനയും പ്രചരണം നടത്താവുന്നതാണ്.

അടുത്തതായി, വളം വിതരണം സംബന്ധിച്ച് ഈ ഡിപ്പാർട്ടുമെൻറിൽനിന്നും അത്ര കാര്യമായ നടപടികൾ നടത്തുന്നില്ല എന്നാണു എനിക്കു പറയുവാനുള്ളതു്. വളം വിതരണത്തിൽ, പലതരത്തിലുള്ള വ്യാജവില്പനകളാണു ഇന്നു നടക്കുന്നതു്. സർ, പല അഴിമതികൾ ഡിപ്പാർട്ടുമെൻറിൽ ഇതു സംബന്ധിച്ചു നടക്കുന്നതായി പരാതിയുണ്ട്. ഈ കാര്യത്തിൽ എനിക്കു നിർദ്ദേശിക്കുവാനുള്ളതു്, വളം വിതരണത്തിൻെറ ചുമതല കാർഷിക സഹകരണസംഘങ്ങൾക്കു വിട്ടുകൊടുക്കണമെന്നാണ്. അതിൻെറ ഉൽ...പാദിത...ിൽനിന്നും ഗവണ്മെൻറു ഒഴിഞ്ഞു നിൽക്കുകയാണു ഉത്തമം. തിരുവനന്തപുരത്തും, മററു സ്ഥലങ്ങളിലും വളത്തിൻെറ വിലയിൽ വ്യത്യാസമുണ്ടെന്നു കാണുന്നു. മിതമായ വിലയ്ക്കു വളം കർഷകർക്കു ലഭിക്കുന്നതിനു ഡിപ്പാർട്ടുമെൻറു വേണ്ട നടപടികൾ സ്വീകരിക്കണം.

പുതിയ മാതൃകയിലുള്ള കൃഷിസമ്പ്രദായങ്ങളെ സംബന്ധിച്ചു ഡിപ്പാർട്ടുമെൻറിൽനിന്നും കാര്യമായ പ്രചരണം നടത്തേണ്ടതും, പുതിയ തരത്തിലുള്ള വളങ്ങളുടെ ഗുണഗണങ്ങൾ കർഷകർക്കു മനസ്സിലാകത്തക്ക പ്രചരണം ഡിപ്പാർട്ടുമെൻറിൽനിന്നും നടത്തേണ്ടതും ആവശ്യമായിരിക്കുന്നു. കൂട്ടുവളം ശരിയായി ഉപയോഗിക്കാൻ കൃഷിക്കാർക്കു മിക്കവർക്കും അറിയാമോ എന്നു സംശയമാണ്. ഈ വളം ഏതെല്ലാം അവസരത്തിലാണു ഉപയോഗിക്കേണ്ടതു്, എത്രത്തോളം ഉപയോഗിക്കണം എന്നും മററുമുള്ള കാര്യങ്ങളെപ്പററി യാതൊരു പരിജ്ഞാനവും അവർക്കുള്ളതായി തോന്നുന്നില്ല. ഇതിനെപ്പററി വേണ്ടിടത്തോളം നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറിൽനിന്നും നാട്ടുകാർക്കു നൽകേണ്ടതാണ്. പുതിയ തരത്തിലുള്ള വളത്തിൻെറ വില വളരെ വർദ്ധിച്ചിട്ടുണ്ട്. കർഷകർ വളരെ കഷ്ടനഷ്ടങ്ങൾ സഹിച്ചാണ് ഇപ്പോൾ കൃഷി നടത്തിവരുന്നതു്. മനുഷ്യസാധാരണങ്ങളായ ചെലവുകൾക്കും പുറമെ, കരം, കൃഷിച്ചെലവ്, മുതലായ ബുദ്ധിമുട്ടുകളും സഹിച്ചാണു കർഷകർ ഇന്നു ജീവിതം നയിക്കുക. അതിനാൽ വളത്തിനുവേണ്ടി കൂടുതൽ ചെലവും ബുദ്ധിമുട്ടും നേരിടാതെ കുറഞ്ഞ വിലയ്ക്കു ശാസ്ത്രീയമായ വളം കർഷകർക്കു സുലഭമായി ലഭിക്കത്തക്ക നടപടികൾ ഡിപ്പാർട്ടുമെൻറിൽനിന്നും സ്വീകരിക്കേണ്ടിയിരിക്കുന്നു.

കൂലിക്കാരുടെ കാര്യം ഏററവും വിഷമപ്രശ്നമായിത്തീർന്നിരിക്കുകയാണ്. ജോലിക്കാരെ കിട്ടുന്നതിനു വളരെ പ്രയാസമായിരിക്കുന്നു. കിട്ടിയാലും, ജോലിചെയ്യുന്നതും, ജോലി ചെയ്യിക്കുന്നതും അതിലേറെ

വിഷമമാണ്. രാഷ്ട്രീയകക്ഷികളുടെ കൂട്ടുകെട്ടിൽ ഉൾപ്പെട്ടിരിക്കുകയാണു ജോലിക്കാരെല്ലാം. സമയക്ലിപ്തതയും, മററവകാശവാദങ്ങളും ജോലി നടത്തിപ്പിന് വിഘാതമായിരിക്കുന്നു. ഇതിനെല്ലാം ഒരു പരിഹാരം ഡിപ്പാർട്ടുമെൻറിൽനിന്നും ഉണ്ടാക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. കമാരപിള്ള: സർ, ഇവിടെ ബഡ്ജററു പൊതു വിമർശനം നടന്ന അവസരത്തിൽ, പല മെംബറന്മാരും നടത്തിയ വിമർശനങ്ങൾക്കു ധനകാര്യമന്ത്രി മറുപടി പറഞ്ഞപ്പോൾ, ഇവിടെ ആഹാരപ്രശ്നത്തിനാണ് പരിഹാരമുണ്ടാക്കേണ്ടതെന്നും, അതിനാൽ ഏററവും കൂടുതൽ പ്രാധാന്യം കൃഷിക്കു നൽകുന്നുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. ബഡ്ജററിൽ കൃഷിക്കുവേണ്ടി പലരീതിയിലുള്ള പല പദ്ധതികൾക്കുമായി വളരെയധികം തുക നീക്കിവച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ടു മാത്രമായില്ല, മററുചില കാര്യങ്ങൾ കൂടി നടന്നാൽമാത്രമെ ശരിയായ പ്രയോജനമുണ്ടാകുകയുള്ളു എന്നാണെൻെറ അഭിപ്രായം. ഈ ഡിപ്പാർട്ടുമെൻറിലെ കാര്യം പറയുകയാണെങ്കിൽ, എനിക്കു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ യാതൊരു പരാതിയും പറയുവാനില്ല. അവക്കു ശരിയായ പ്രവത്തനസാഹചര്യങ്ങൾ, പൊതുജനങ്ങൾക്കു ഉപകാരപ്രദമായ പ്രവത്തനങ്ങൾക്കുള്ള സാഹചര്യങ്ങൾ, ഒന്നുംതന്നെയില്ല. ഈ ഡിപ്പാർട്ടുമെൻറിനെ കുറിച്ചു് ഇന്നത്തെ ധനകാര്യമന്ത്രി ചെയർമാനായുള്ള എസ്റ്റിമേററ്സ് കമ്മിററി പറഞ്ഞിട്ടുള്ള കാര്യങ്ങൾതന്നെ ഇതു തെളിയിക്കുന്നുണ്ട്.

എൻെറ സ്വന്തനാടായ കുട്ടനാട്ടിൽ, സീഡുസെലക്ഷൻ പ്രവത്തനങ്ങൾ നടത്തിയതായി അറിയാം. പക്ഷെ, അവിടെയുള്ള ആളുകൾക്ക് അതിനെപ്പററി യാതൊരു അറിവുമില്ല. എനിക്കു ഡിപ്പാർട്ടുമെൻറിനോടു വലിയ അനുകമ്പയാണുള്ളതു്. ഞാൻ വലിയ ഒരു കൃഷിവിദഗ്ദ്ധനല്ലെങ്കിലും, എനിക്കു കൃഷിയെപ്പററി അല്പമെല്ലാം അറിയാം. കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും എന്തെല്ലാം നടത്തുന്നു എന്നുള്ളതിനെപ്പററി ഞങ്ങളുടെ നാട്ടുകാക്ക് അറിവില്ല. നാട്ടുകാക്കു ഒന്നും മനസ്സിലാകാത്തവിധം, എന്തോ വലിയ രഹസ്യങ്ങൾ നടത്തുന്നവിധത്തിലാണു അവിടെ കാര്യങ്ങൾ നടക്കുന്നതു്. ഡിപ്പാർട്ടുമെൻറിൽ നിന്നും, നാട്ടുകാക്കു കൃഷിസംബന്ധമായ പുതിയ പുതിയ സമ്പ്രദായങ്ങൾ മനസ്സിലാക്കാനുള്ള സന്ദർഭം നൽകേണ്ടതാണ്.

വളംവിതരണത്തിൻെറ കാര്യത്തിലും ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കണം. കഴിഞ്ഞദിവസം ഒരു ചോദ്യത്തിനുത്തരമായി, വളം വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേകമായി യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നു് ഗവണ്മെൻറുഭാഗത്തുനിന്നും മറുപടി പറയുകയുണ്ടായി. കുട്ടനാട്ടു പുഞ്ചക്കൃഷിക്കുവേണ്ടി ഗവണ്മെൻറിൽനിന്നും ധാരാളം പണം ചെലവാക്കുന്നുണ്ട്. അവിടെയുള്ള പുഞ്ചക്കൃഷിക്കാരിൽ ഭൂരിപക്ഷവും പാവപ്പെട്ട കൃഷിക്കാരാണ്. വലിയ ധനികരായ കൃഷിക്കാർ അവിടെയുണ്ടെങ്കിലും, സാമ്പത്തികസ്ഥിതി മോശമായിട്ടുള്ള കൃഷിക്കാരാണു അധികം പേരും. പണക്കാരായ കൃഷിക്കാർക്കു ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യാനുള്ള സൗകര്യമുണ്ട്. എന്നാൽ സാധുകർഷകർക്ക് അതിനു് പലതര

[ശ്രീ. കെ. കെ. കുമാരപിള്ള]

ത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നു. ശാസ്ത്രീയമായി കൃഷി വികസിപ്പിക്കുന്നതിന്, ക്രാപ്പ്ലോൺ ബേസിസിൽ അവർക്കു വളം കൊടുക്കണം. കഴിഞ്ഞ കൃഷിക്കാലത്തു ആലപ്പുഴ വളംഡിപ്പോയിൽ നിന്നും, ആദ്യം വളം കടമായി വിതരണം ചെയ്തിരുന്നു. ആദ്യമാദ്യം കടമായി കൊടുത്തതു ധനികരായ കൃഷിക്കാർ വാങ്ങി. പാവപ്പെട്ടവനു് വാങ്ങേണ്ട സമയമായപ്പോൾ, കുട്ടനാട്ടു സഹകരണ കർഷകസംഘത്തിന്റെ നിവേദനപ്രകാരം കടംകൊടുപ്പു നിറുത്തി.

ക്രാപ്പ്ലോൺ ബേസിസിൽ വളം കൊടുക്കുന്നതിനു് എതിരായിട്ടുള്ള ചിന്താഗതിയാണു് ഈ കാർഷിക സഹകരണസംഘത്തിനുള്ളതു്. ആ സംഘത്തിലെ തലവന്മാരായ ധനികകൃഷിക്കാർ കടമായി നേരത്തെ തന്നെ വളം എടുത്തുകഴിഞ്ഞിട്ടാണു് ഈ നയം സ്വീകരിക്കുന്നതു്. സൊസൈറ്റിയിൽ സെയിൽസ് കൂടുതലുണ്ടാകുവാൻ വേണ്ടിയാണു് ഡിപ്പോയിലെ വളം കടമായി വിതരണംചെയ്യുന്നതു്. ഇതിനെസംബന്ധിച്ചു ചില കൃഷിക്കാർ പരാതിപ്പെടുകയും, പല നിവേദനങ്ങൾ നടത്തുകയും, ബഹുമാനപ്പെട്ട മന്ത്രിക്കു ഫോണുകൾ അയയ്ക്കുകയും ചെയ്തതിന്റെ ഫലമായി, കർഷകർക്കു ആവശ്യമുള്ള സൾഫേറ്റ് വിതരണംചെയ്യാൻ നിർദ്ദേശം ലഭിച്ചു. പക്ഷെ, പ്രസ്തുത സംഘത്തിന്റെ വീണ്ടുമുള്ള നിവേദനത്തെ തുടർന്നു പിന്നെയും കടംകൊടുപ്പു നിറുത്തി. ഇപ്പോൾ വളംവിതരണത്തെപ്പറ്റിയും മറ്റും അവിടെയുള്ള വൻതരം കൃഷിക്കാർക്കു മാത്രമെ അറിയാൻ സാധിക്കുന്നുള്ളു. പാവപ്പെട്ട കൃഷിക്കാർക്കു കൂടുതൽ കാര്യങ്ങൾ അറിയാനുള്ള സാഹചര്യങ്ങൾ ഒന്നുംതന്നെയില്ല. കഴിഞ്ഞ കൃഷിസമയത്തു് വളരെയധികം സാധുക്കൾ വളം ഇടാതെതന്നെ കൃഷിചെയ്തിട്ടുണ്ടു്. നെൽകൃഷിക്കു അടിക്കടിയുണ്ടാകാറുള്ള രോഗങ്ങളെ—പുഴക്കേടിനെ—പ്പറ്റി ആവശ്യാനുസരണമുള്ള അന്വേഷണങ്ങൾ നടത്താൻ ഏർപ്പാടുചെയ്യണം. രോഗംപിടിപെട്ടു കൃഷി നശിച്ചതിനുശേഷം അന്വേഷണം നടത്തിയതുകൊണ്ടു പ്രയോജനമില്ല. കൃഷി മുഴുവനും നശിച്ചു വെണ്ണീറായി കഴിയുമ്പോഴാണു് അന്വേഷണം നടത്തുന്നതു്. അല്ലാതെ, അന്വേഷണം നടത്താനുള്ള സമയങ്ങളിൽ ആരും തന്നെ അതിനെപ്പറ്റി ഗൗനിക്കുന്നില്ല.

കൃഷിക്കു കൂടുതൽ സൗകര്യങ്ങൾ കണ്ടുപിടിക്കുക, ഓരോതരം മണ്ണും തരംതിരിച്ചു് അതാതു മണ്ണിനു് യോജിച്ച കൃഷികൾ നടത്തിക്കുക, മുതലായ കാര്യങ്ങൾ നടത്തുന്നതിനും മറ്റും അതാതുസ്ഥലത്തു റിസർച്ചു കേന്ദ്രങ്ങൾ രൂപീകരിക്കുന്നതു നന്നായിരിക്കും. അങ്ങനെയാണെങ്കിൽ, കൃഷിക്കുണ്ടാകുന്ന കുഴപ്പങ്ങൾ കണ്ടുപിടിച്ചു് അതിലേയ്ക്കു വേണ്ട നിവാരണമാർഗ്ഗങ്ങൾ ഉണ്ടാക്കുവാൻ കഴിയും; കൂടുതൽ വിളവുണ്ടാകാനും സാദ്ധ്യതയുണ്ടു്. അതാതു സ്ഥലത്തുള്ള ആളുകൾകൂടി ഉൾപ്പെട്ട കാർഷിക ഉപദേശകക്കമ്മറ്റികൾ രൂപീകരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യണം.

സാധുക്കളായ കർഷകർക്കുകൂടി പ്രയോജനപ്പെടുന്നതിനു് ട്രാക്ടർ ഉപയോഗപ്പെടുത്തണം. ഇപ്പോൾ കുട്ടനാട്ടിൽ, ട്രാക്ടർ ഉപയോഗിച്ചു് വളരെ അധികം സ്ഥലം കൃഷിചെയ്യുന്നുണ്ടു്. അതു വേണ്ടാ എന്നു പറയുന്നില്ല. പക്ഷെ ഇതുമൂലം കാർഷിക തൊഴിലാളികൾക്കു തൊഴിലില്ലായ്മ

വർദ്ധിക്കുകയാണു ചെയ്യുന്നതു്. ട്രാക്ടർ ഉപയോഗിച്ചു് വിളവു വർദ്ധിക്കുമ്പോൾ അതുമൂലം തൊഴിലില്ലാതാകുന്നവർക്കും അതിന്റെ പ്രയോജനം ഉണ്ടാകാൻ വേണ്ടതു ചെയ്യേണ്ടതാണു്. സ്റ്റേറ്റിന്റെ വരുമാനത്തിൽ ഒരു വലിയഭാഗം, ചെറുതരം കൃഷിക്കാർക്കുകൂടി പ്രയോജനപ്പെടുന്നതിനു് ഉതകുന്ന കാർഷികവികസനപദ്ധതികൾക്കു ചെലവാക്കണം. അയ്യായിരമൊ, ആറായിരമൊ പറ നിലം കൃഷിയുള്ള ജന്മിമാർക്കും, കാർഷികമുതലാളിമാർക്കും വേണ്ടിയല്ല സമൂഹത്തിനു വേണ്ടിയാണു മൊത്തമായി തുകകൾ ചെലവാക്കേണ്ടതു്.

പൊതുഖജനാവിൽ നിന്നും ചെലവുചെയ്തു ഉൽപ്പാദനം വർദ്ധിപ്പിക്കുന്നു. ഇങ്ങനെ മൊത്തമായിട്ടുള്ള തുകകൾ മുടക്കുന്നതുകൊണ്ടു സമൂഹത്തിനു വല്ല പ്രയോജനവുമുണ്ടോ എന്നു നോക്കുകയാണെങ്കിൽ, അതില്ലെന്നാണെന്റെ അഭിപ്രായം. ബഡ്ജററിനെക്കുറിച്ചുള്ള ജനറൽ ഡിസ്‌കഷനിൽത്തന്നെ പ്രൊക്യൂർമെന്റ് വളരെ മോശമാണെന്നു ഞാൻ പറഞ്ഞതാണു്. അതിനുകാരണം, ഇന്നു ഫ്രീ മാർക്കററിൽ ഉള്ളവനെ നെല്ലു വിൽക്കാൻ അനുവദിച്ചിരിക്കുന്നതാണു്. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു സമൂഹത്തിനു് എന്തു പ്രയോജനം? ഉള്ളവനു് ഗുണം, ഇല്ലാത്തവനു് കൂടുതൽ നഷ്ടം.

ഒന്നാമതു ഇന്നു് ജനങ്ങളുടെ പർച്ചേസിംഗ് പവ്വർ കുറഞ്ഞുപോയിരിക്കുകയാണു്. ഇന്നു കൃഷിക്കു് ആവശ്യമായി ആളുകളെ കിട്ടുന്നില്ലെന്നു പറയുന്നു. എന്നാൽ ഇന്നു കൃഷി ഏററവും കൂടുതലുള്ള കുട്ടനാടൻ പ്രദേശങ്ങളിൽ തൊഴിലാളികൾക്കു ജോലിയില്ല. തൊഴിലാളികളെ കിട്ടാൻ വിഷമമുള്ളതുകൊണ്ടു ട്രാക്ടർ വരുത്തേണ്ടതായ ആവശ്യമില്ല. ഉൽപ്പാദനം വർദ്ധിപ്പിക്കാനാണു ട്രാക്ടർ വരുത്തുന്നതു്. എന്നാൽ അതിനു ഗവണ്മെന്റ് നിയന്ത്രണത്തോടുകൂടി അതിന്റെ പ്രവർത്തനം ഇവിടെ നടത്തുന്നതു സൗകര്യപ്രദമായിരിക്കും. അതിനാവശ്യമായ ഒരു പദ്ധതികൂടി ഗവണ്മെന്റ് എടുക്കേണ്ടതാണു്. ഇതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചു കൃഷിഡിപ്പാർട്ടുമെന്റിനുമാത്രമല്ല, എല്ലാ ആളുകൾക്കും ചീഫ് മന്ത്രിക്കും ഉത്തരവാദിത്വം ഉണ്ടു്. ഇതു വളരെ ചെറിയ കാര്യമല്ല. വളരെ കാംപ്രഹെൻസീവായിട്ടുള്ള ഒരു കാര്യമാണു്. നമ്മുടെ ഭൂമിയുടെ കാര്യം പറയുകയാണെങ്കിൽ ഒരു വലിയഭാഗം ആളുകൾക്കു ഇന്നു ഭൂമിയില്ല. ആ സ്ഥിതിക്കു കുറെ ആളുകൾക്കു പ്രയോജനമുണ്ടാകണമെന്നു മാത്രമാണു ഗവണ്മെന്റ് കരുതുന്നതു്. അങ്ങനെ ഭൂമിയില്ലാത്തവരായ ഒരു വലിയഭാഗം ആളുകളുടെ കാര്യം ഗവണ്മെന്റ് ആദ്യമായി സാൾവുചെയ്യണം. അല്ലാതെ ഈ പണം ചെലവാക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുകയില്ല. ഇതുകൊണ്ടു കുറെ ആളുകൾക്കു പ്രയോജനപ്പെടുമെന്നുമാത്രം. കൃഷിയെക്കുറിച്ചു പറയുമ്പോൾ കർഷകത്തൊഴിലാളികളെ വിസ്മരിച്ചുകൂടാ. അവരുടെ കൂലി ക്ലിപ്തപ്പെടുത്തുന്ന കാര്യം ഓർത്തിരിക്കേണ്ടതാണു്. ഈ കാര്യങ്ങൾ എല്ലാം ഈ ട്രഷറി ബെഞ്ചുകളിൽ ഇരിക്കുന്നവർ മനസ്സിലാക്കി അതിന്റെ പ്രാധാന്യമനുസരിച്ചു ഈവക കാര്യങ്ങൾ ചെയ്താൽ കൊള്ളാം.

ശ്രീ. ടി. എ. മജീദ്: സർ, കൃഷിവികസനത്തെ സംബന്ധിച്ചിടത്തോളം ഗ്രാമപ്രദേശങ്ങളെ അവഗണിച്ചിരിക്കുകയാണെന്നാണെനിക്കു പറയാനുള്ളതു്. വളം വിതരണകാര്യത്തിലായാലും, വിത്തു വിതരണ

[ശ്രീ. ടി. എ. മജീദ്]

കാര്യത്തിലായാലും ജലസേചനകാര്യങ്ങളിലായാലും ഗ്രാമപ്രദേശങ്ങളുടെ കാര്യം ഇന്നു അവഗണിച്ചിരിക്കുകയാണ്. വിത്തു വേണ്ടവർക്ക് കിട്ടുന്നതിനും ആവശ്യമായിട്ടുള്ളവർ യഥാർത്ഥകർഷകനു ലഭിക്കുന്നതിനും ജലസേചനസൗകര്യം ലഭ്യമാകുന്നതിനും ഇന്നു യാതൊരു സൗകര്യവുമില്ലാതെയാണിരിക്കുന്നതു്. ഇതിനൊരു പരിഹാരമുണ്ടാകാതെ ഇന്നത്തെ ഭക്ഷണക്ഷാമത്തിനു മാററമുണ്ടാകാൻപോകുന്നില്ല. ചിറയിൻകീഴ്താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈമാതിരികാര്യങ്ങളിൽ ഈ ഗവണ്മെൻറ വേണ്ടത്ര എന്നല്ല അശേഷം ശ്രദ്ധപതിപ്പിക്കുന്നില്ല. ചിറയിൻകീഴ്താലൂക്കിലെ പ്രധാന ഉപജീവനമാർഗ്ഗം കയർ വ്യവസായമാണ്. ഇന്നു കയർ വ്യവസായം നിശ്ശേഷം തകർന്നിരിക്കുകയാണ്. അതുകൊണ്ടു അവിടെയുള്ള ജനങ്ങൾ ജീവൻ പുലർത്തിക്കൊണ്ടുപോകുന്നതിനു കൃഷിയെ ആശ്രയിച്ചു കഴിയുകയാണ്. എന്നാൽ കൃഷിനടത്തുന്നതിനു ഇന്നും മഴയെ ആശ്രയിച്ചുമാത്രമാണ് അവിടത്തെ കർഷകർ കഴിയുന്നതു്. അവിടെ ജലസേചനപദ്ധതികൾ ഒന്നും ഇതുവരെ തുടങ്ങീട്ടില്ല. ഈ കൊല്ലമാണെങ്കിൽ മഴയുടെ അഭാവം മൂലം കൃഷി നിശ്ശേഷം നശിച്ചിരിക്കുകയാണ്. വിത്തിനുള്ളവകപോലും ഈ വിളവെടുപ്പിൽ കിട്ടിയിട്ടില്ല. ചിറയിൻകീഴ്താലൂക്കിൽ കൃഷി പ്രധാനമായ സ്ഥലങ്ങളാണ ഒററൂർ, ഞെക്കാട് ചെമ്മരുതുർ നാവായിക്കുളം എന്നീ പകുതികൾ. ഈ പകുതികളുടെ സ്ഥിതി തീരെ പരിതാപകരമാണ്. ഈ അവസരത്തിൽ ഈ ഗവണ്മെൻറിനോടു പറയാനുള്ളതു ആളുകളെ പട്ടിണിയിട്ടു പട്ടിണിക്കഞ്ഞികൊടുക്കുന്ന അപകടകരമായ നയം മാററണമെന്നും കൃഷി പോഷിപ്പിക്കാനുള്ള നയം തുടരണമെന്നുമാണ്. അതിലേയ്ക്കു ആവശ്യമായ ജലസേചനസൗകര്യങ്ങൾ ഉടനടി ഉണ്ടാക്കണം.

ഈ ബഡ്ജററിൽ കിണർ കുഴിപ്പിക്കുന്നതിനും ബോണസ്സ് കൊടുക്കുവാനുമായി ൬൬,൩൦൦ രൂപയോളം നീക്കിവച്ചിട്ടുണ്ട്. കിണർ കുഴിപ്പിക്കുന്നകാര്യത്തിലും ശരിയായ ഒരു പദ്ധതി സ്വീകരിച്ചുകാണുന്നില്ല. ചിറയിൻകീഴ്താലൂക്കിൽ വെൺകുളം എന്നസ്ഥലത്തു ൪ കിണറുകൾ അനുവദിച്ചിട്ടുണ്ടായിരുന്നു. ഈ നാലുകിണറുകളും കുഴിപ്പിക്കുകയാണെങ്കിൽ ആയിരംപറ നിലം കൃഷിക്കുപയുക്തമാക്കാം. പക്ഷെ ഒരു കിണർ കുഴിപ്പിക്കുന്നതിനു ആറായിരം രൂപ ചെലവുവന്നു. അതിനു ശേഷം ബാക്കി മൂന്നെണ്ണം കുഴിപ്പിക്കാതെ അങ്ങിനെയിട്ടിരിക്കുന്നു. ഇങ്ങനെ ആറായിരം രൂപ ചെലവാക്കിയിട്ടു അവിടെ കൃഷിക്കു യാതൊരു പ്രയോജനവുമില്ല. ആറായിരം രൂപ ഈവിധത്തിൽ വെള്ളത്തിലായിരിക്കുകയാണ്. മൂന്നു കിണറുകൂടി കുഴിച്ചിരുന്നുഎങ്കിൽ ആയിരപ്പറനിലം കൃഷിക്കുപയുക്തമാക്കാമായിരുന്നു.

എനിക്കു മറെറാരു കാര്യം പറയാനുള്ളതു മത്സ്യവ്യവസായത്തിന്റെ കാര്യമാണ്. മത്സ്യവ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ നൂലിന്റെ വില കുറച്ചുകൊടുക്കുന്നതിനും തടിയുടെവില കുറച്ചുകൊടുക്കുന്നതിനും ബഡ്ജററിൽ തുകകൾ നീക്കിവച്ചിട്ടുണ്ട്. പക്ഷെ അതു് അശേഷം പര്യാപ്തമല്ല. പുറംകടലിൽ മീൻ പിടിക്കുന്നതിനുള്ള വലിയ പദ്ധതികൾക്ക് വകയിച്ച തുകയാണ ബഡ്ജററിൽ നീക്കിവച്ചിരിക്കുന്നതു്.

സാധാരണക്കാരായ തീരദേശവാസികളുടെ മീൻപിടിത്തവ്യവസായത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതു വളരെ സങ്കടകരമായ അവസ്ഥയാണ്. ഇന്നത്തെ നൂൽ കൊടുക്കുന്ന രീതി നോക്കിയാൽ അതു ആവശ്യക്കാർക്ക് ലഭിക്കുന്നില്ല. ആവശ്യത്തിനു മതിയാകുന്നുമില്ല. തടിയുടെ കാര്യമാണെങ്കിൽ മുമ്പ് ഒരു ഘനഅടിക്കു നു അണ സീനിയറേജ് നിരക്ക് ആയിരുന്നതു ഇപ്പോൾ പന്ത്രണ്ട് അണയാണ്. ഈ നിലയിൽ മീൻപിടിത്തക്കാർക്ക് മുൻപു കിട്ടിക്കൊണ്ടിരുന്നതിൽ ഇരട്ടിവിലയാണു ഇന്നു വള്ളത്തിനു കൊടുക്കേണ്ടിവരുന്നതു്. അപ്പോൾ വള്ളത്തിന്റെ വില മുമ്പ് അഞ്ഞൂറു രൂപയായിരുന്നെങ്കിൽ ഇപ്പോൾ ആയിരത്തി ഇരുനൂറു രൂപയായിട്ടുണ്ട്. ഈനിരക്ക് പഴയപടി ആണയാക്കണമെന്നാണെന്റെ അഭിപ്രായം. സാധാരണക്കാരായ മീൻപിടിത്തക്കാർക്ക് വേണ്ട പ്രോത്സാഹനം നൽകണം.

മത്സ്യം ഇന്നു പ്രധാനമായും കയററുമതി ചെയ്യുന്നതു സിലോണിലേയ്ക്കാണ്. സിലോണിലാണെങ്കിൽ ശരിയായ വിലകയററുമതിക്കാർക്ക് ലഭിക്കുന്നില്ല. ഉള്ളവിലതന്നെ ഇന്നത്തെ പരിതഃസ്ഥിതിയിൽ പണം അയയ്ക്കുന്നതിനു വിഷമങ്ങൾ ഉള്ളതുകൊണ്ടു യഥാകാലം കിട്ടുന്നില്ല. അതുകൊണ്ടു ഗവണ്മെൻറ ഇക്കാര്യത്തിൽ ശരിയായ വില യഥാകാലം കിട്ടാൻ നടപടി നടത്തേണ്ടതാണ്. എക്സപോർട്ട് ചെയ്യാൻ വേണ്ടതായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുകയും അതു യഥാസമയം കയററി അയയ്ക്കാനും ശരിയായ വില കിട്ടാനും വേണ്ട വ്യവസ്ഥ ചെയ്യാൻ കേന്ദ്രഗവണ്മെൻറുമായി എന്തെങ്കിലും ഏർപ്പാടു ചെയ്യാൻ കഴിയുമോ എന്നു് ആരായണം എന്നുകൂടി എനിക്കഭിപ്രായമുണ്ട്. അതുപോലെതന്നെ ഇൻഡ്യയിൽ മററ മാർക്കററുകളുണ്ടാക്കി കയററുമതി വർദ്ധിപ്പിക്കണം. ബർമ്മായിലേയ്ക്കു മുമ്പ് മത്സ്യക്കയററുമതിയുണ്ടായിരുന്നു. എന്നാൽ ബർമ്മായ്ക്കു് സ്വാതന്ത്ര്യംകിട്ടിയതിനുശേഷം അതു നിന്നുപോയി. അതുപോലെ സിലോണിലും ഭാവിയിൽ മാർക്കററില്ലാതെ വന്നേയ്ക്കാനാണ് ഇടയുള്ളതു്. അതുകൊണ്ടു ഇൻഡ്യയുടെ മററ പല ഭാഗങ്ങളിലും മാർക്കററുകൾ ഉണ്ടാക്കണം. അതിലേയ്ക്കു ഈ ഗവണ്മെൻറ മുൻകൈഎടുത്തു ശ്രമിക്കണം എന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

3 P. M.]

ശ്രീ. കെ. എം. ജോർജ് : സർ, നമ്മുടെ ഈ കർഷകരാജ്യത്തു് കൃഷി ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വളരെ ആവശ്യമാണെന്നു എല്ലാവരും സമ്മതിക്കുന്നതാണ്. കാർഷികപ്രവർത്തനങ്ങൾക്കായിട്ടെന്നു് പറഞ്ഞു് വളരെ പണം ഈ ഡിപ്പാർട്ടുമെൻറുവഴി ജനങ്ങൾക്കു പ്രയോജനപ്പെടാത്ത രീതിയിൽ ചെലവാക്കിയിരിക്കുന്നു. ഇന്നു ഈ ഡിപ്പാർട്ടുമെൻറിൽ ചെലവാക്കിയിരിക്കുന്ന തുക കൃഷിക്കുകിട്ടുന്ന ഗുണം അത്രമാത്രം മതിയാകുന്നില്ല എന്നുള്ളതു പരമാർത്ഥവുമാണ്. കഴിഞ്ഞകൊല്ലത്തിൽ ൧൭ ലക്ഷത്തിൽ ചില്വാനം രൂപ കൃഷി ഡിപ്പാർട്ടുമെൻറിനു വേണ്ടി അനുവദിച്ചു. എന്നാൽ അതു റിവൈസ്ഡ് ബഡ്ജററിൽ ൧൩ ലക്ഷമായി കുറയുകയാണു ചെയ്തതു്. ഇപ്പോഴത്തെ ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം വച്ചു് നോക്കുകയാണെങ്കിൽ നാലുലക്ഷം രൂപ ചെലവാകാതെ പോകുന്നതു് ഭാഗ്യമായിരിക്കുന്നു. ഈ കൃഷി ഡിപ്പാർട്ടു

[ശ്രീ. കെ. എം. ജോർജ്ജ്]

മെൻറിൻെറ പല പ്രവർത്തനങ്ങളും ആശാസ്യമല്ല എന്നുള്ളതു എല്ലാവർക്കും ഒരുപോലെ അഭിപ്രായമുള്ളതായി കാണുന്നു. ഇവിടെ എട്ടു മാതൃകാ കൃഷിത്തോട്ടങ്ങളുള്ളതായി അറിവുണ്ട്. ഏകദേശം തൊള്ളായിരം ഏക്കർ സ്ഥലം കൃഷിചെയ്യുന്നുമുണ്ട്. അവിടെ മാതൃകാപരമായ രീതിയിൽ ഗവണ്മെൻറിൽനിന്നു കൃഷി നടത്തുന്നു എന്നു പറയുന്നു. എന്നാൽ അവിടെ നടത്തുന്ന കൃഷി എത്രമാത്രം മാതൃകാപരമാണെന്നു് അവിടെ നിന്നുള്ള ആദായവും അതിലേയ്ക്കു ചെലവാകുന്ന തുകയും നോക്കിയാൽ കാണാവുന്നതാണ്. ഈ എട്ടു കൃഷിത്തോട്ടങ്ങളിൽനിന്നും ഒരുലക്ഷം രൂപയോളമാണ് ആദായം കിട്ടുന്നതു്. എന്നാൽ അത്രയും തുക നഷ്ടമാകുന്നുമുണ്ട്. അതു വെച്ചുകണക്കാക്കുമ്പോൾ അതെത്രമാത്രം മാതൃകാപരമാണെന്നു കാണാവുന്നതാണ്. ഇത്രവളരെ പണം ചെലവാക്കി ഇത്ര മാതൃകാപരമായി നടത്തുന്ന കൃഷിത്തോട്ടങ്ങളിൽനിന്നും ഈ മാതിരി നഷ്ടമാണ് ഉണ്ടാകുന്നതെങ്കിൽ എട്ടോ പത്തോ ഏക്കർ കൃഷിചെയ്യുന്ന സാധു കർഷകരെ കാർഷികാദായനികുതി ചുമത്തുന്നതു വളരെ അനീതിയാണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇവിടെ കാർഷികാദായനികുതി ഈ മാതൃകാ കൃഷിത്തോട്ടങ്ങളിൽനിന്നും ലഭിക്കുന്ന കണക്കനുസരിച്ചു ചുമത്തുന്നതായാൽ ഇവിടത്തെ കർഷകർക്കു അതു വളരെ പ്രയോജനകരമായിരിക്കുമെന്നുള്ളതിനു സംശയമില്ല. പക്ഷെ ഗവണ്മെൻറ് വളരെ ബുദ്ധിമുട്ടേണ്ടതായിവരും. ആ തോതുവച്ചു ആദായനികുതി തിട്ടപ്പെടുത്തുന്നതു വളരെ ന്യായമായിരിക്കും എന്ന് എല്ലാവരും സമ്മതിക്കയും ചെയ്യും.

ഈ രാജ്യത്തു ഓരോ താലൂക്കിലും ഓരോ കൃഷി ഇൻസ്പെക്ടരെ നിയമിച്ചിട്ടുണ്ട്. അതു വാസ്തവത്തിൽ പ്രയോജനപ്രദമായ ഒരു കാര്യമാണ്. എന്നാൽ, ഇന്നത്തെ കൃഷി ഇൻസ്പെക്ടറന്മാർ വളരെ കാര്യമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല എന്നുള്ളതാണെൻെറ ആക്ഷേപം.

ഈ രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ നടത്തുന്ന മാതൃകാകൃഷിത്തോട്ടങ്ങളെ ഇന്നത്തെ പരിതഃസ്ഥിതിയിൽ നിറുത്തൽ ചെയ്തിട്ട് ഓരോ താലൂക്കിലും അൻപതോ നൂറോ ഏക്കർസ്ഥലം വീതം എടുത്ത് അതതു സ്ഥലത്തെ കൃഷിക്കുമാതൃകയാകത്തക്കവിധം തോട്ടങ്ങൾ നിർമ്മിക്കുന്നതു വളരെ നന്നായിരിക്കും. ഇങ്ങനെയുള്ള മാതൃകാതോട്ടങ്ങളുടെ ആദായത്തിൻെറ അടിസ്ഥാനത്തിൽ കാർഷികാദായനികുതി പിരിക്കുന്നതു എല്ലാവർക്കും സമ്മതവുമായിരിക്കും. ആ തോട്ടങ്ങളിലെ കൃഷിസമ്പ്രദായം അനുസരിച്ച് അതാതു നാട്ടിലെ ചെറുകൃഷിക്കാർക്കു കൃഷി വർദ്ധിപ്പിക്കുവാനും പഠിക്കുവാനും സാധിക്കുന്നതാണ്. ഈ വസ്തുത ഗവണ്മെൻറ് വേണ്ടവിധം മനസ്സിലാക്കി അതിൽ കൂടുതൽ ശ്രദ്ധിക്കണമെന്നും ഓരോ താലൂക്കിലും അതാതു കൃഷി ഇൻസ്പെക്ടറന്മാരുടെ കീഴിൽ ഓരോ ചെറിയ ചെറിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ഇപ്പോൾ കൃഷി ഇൻസ്പെക്ടറന്മാർ വളം വിതരണം മുതലായവ നടത്തുന്നുണ്ട്. വാസ്തവത്തിൽ അതു ചെറിയ കൃഷിക്കാർക്കു ഉപകാരപ്പെടുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. മിക്ക അവസരങ്ങളിലും അതിൽ ചീത്ത സാധനങ്ങൾകൂട്ടിച്ചേർത്തു വിൽക്കുന്നതുകൊണ്ടു അധികം ആളുകളും അതു വാങ്ങുന്നില്ല. ഓപ്പൺ മാർക്കറ്റിൽത്തന്നെ പോയി നല്ല സാധനങ്ങൾ വാങ്ങുന്നതായിട്ടാണ് അറിവ്.

ഗവണ്മെൻറ് ഈ പ്രസ്ഥാനത്തിൽ വളരെ അധികം നഷ്ടം സഹിക്കേണ്ടിവരുന്നുണ്ട്. വളം വിതരണം കൂടുതൽ ലാഭകരമായും ഫലപ്രദമായും നടത്തുന്നതിലേക്ക ഒരു പദ്ധതി രൂപീകരിച്ചു പ്രവർത്തിക്കേണ്ടതാണ്. ഓരോ താലൂക്കിലും കഴിവുള്ളിടത്തോളം കാർഷികപ്രദർശനങ്ങൾ നടപ്പിലാക്കി ചെറുതരം കൃഷിക്കാർക്ക് അതിൽനിന്നും വേണ്ടത്ര ഉത്തേജനം നൽകുന്നതിനുള്ള ഒരു പദ്ധതിയും നടപ്പിലാക്കുന്നതു നന്നായിരിക്കും. ഇങ്ങനെയുള്ള പല പല പുരോഗമനകരങ്ങളായ പ്രവർത്തനങ്ങൾകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിനു ഇവിടത്തെ കർഷകരെ വളരെ അധികം സഹായിക്കുവാൻ കഴിയും. അതിനാൽ ഗവണ്മെൻറ ഇക്കാര്യങ്ങളിൽ സത്വരമായി ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: സർ, ഈയാണ്ടത്തെ ബഡ്ജററിൽ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിലേയ്ക്കു കഴിഞ്ഞ പ്രാവശ്യത്തെ അപേക്ഷിച്ച് ഏതാണ്ട [illegible] ലക്ഷം രൂപ കൂടുതൽ കൊള്ളിച്ചിട്ടുള്ളതു യഥാർത്ഥത്തിൽ കൃഷിക്കാരുടെ ആവശ്യത്തിലേക്ക വേണ്ടിയാണെങ്കിൽ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇതിൽ ഏതാണ്ട ൯ ലക്ഷം രൂപാ മത്സ്യവ്യവസായങ്ങൾക്കായിട്ടും ബാക്കിയുള്ളതിൽ ഭൂരിഭാഗവും റിസർച്ചിനുവേണ്ടിയും ആണ് കൊള്ളിച്ചിട്ടുള്ളതു്. റിസർച്ചിനുവേണ്ടി കൊള്ളിച്ചിരിക്കുന്ന തുക യഥാർത്ഥത്തിൽ കൃഷിക്കാർക്കു ഉപകാരപ്രദമായി ഭവിക്കുമെങ്കിൽ ഞാൻ അതിൽ സന്തോഷിക്കുമായിരുന്നു. റിസർച്ചിനുവേണ്ടി ചെലവാക്കുന്നതുകൊണ്ടു കൃഷിക്കാർക്കുപയോഗമില്ലെന്നല്ല ഞാൻ പറയുന്നതു്. എന്നാൽ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറുകൊണ്ട് കൃഷിക്കാരനു പറയത്തക്ക ഗുണമൊന്നും ഇപ്പോൾ ലഭിക്കുന്നില്ല. അവൻെറ ആവശ്യം നോക്കിയും സന്ദർഭം നോക്കിയും ഡിപ്പാർട്ടുമെൻറുകാർ പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ പ്രധാനമായി പറയേണ്ടതു്. ഡിപ്പാർട്ടുമെൻറിലേക്കു കൊള്ളിച്ചിട്ടുള്ള തുക, ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, അനാവശ്യമായി ചെലവാക്കുകയല്ലെ ചെയ്യുന്നതെന്നു ഞാൻ സംശയിക്കുന്നു. വിശേഷിച്ചും റിസർച്ചിനുവേണ്ടി ചെലവാക്കുന്ന തുക അനാവശ്യമാണെന്നുതന്നെ തോന്നിപ്പോകുന്നു. മററു രാജ്യങ്ങളിൽ വിശേഷിച്ചും റഷ്യ, അമേരിക്ക, ഫ്റാൻസ് തുടങ്ങിയ കാർഷികപ്രാധാന്യമുള്ള രാജ്യങ്ങളിൽ റിസർച്ചിനുവേണ്ടി വമ്പിച്ച തുകകൾ ചെലവാക്കുന്നുണ്ട്. പക്ഷെ അവർ കൃഷിയെ സർവ്വപ്രധാനമായി നോക്കി, വിത്തുകൾ നന്നാക്കി എടുക്കുക, കൃഷിക്കാർക്കു വേണ്ട വളങ്ങൾക്കു് പുതിയ കൂട്ടുകൾ നിർമ്മിക്കുക മുതലായ കൃഷിക്കാർക്കു വളരെ ഉപകാരപ്രദമായ കാര്യങ്ങളിലാണ് അവർ പ്രധാനമായി പ്രവർത്തിക്കുന്നതു്. അതുകൊണ്ട് കൃഷിക്കാർക്കു വേണ്ടത്ര ഉപയോഗം ലഭിക്കുന്നുണ്ട്. രാഷ്ട്രീയമായി വളരെ പുരോഗമിച്ചിട്ടുള്ള ഇംഗ്ലണ്ടിൽ ഓരോ ഭിക്കിലേയും മണ്ണിൻെറ ചേരുവയും അവിടെ ചെയ്യേണ്ട കൃഷിയുടെ സമ്പ്രദായവും വിശകലനംചെയ്തു കൃഷിക്കാർക്കു അതു സംബന്ധിച്ചുള്ള അറിവുകൾ നൽകിവരുന്നുണ്ട്. അവിടെ കൃഷിചെയ്യുവാൻ തുടങ്ങുന്ന ആളുകൾക്കു കൃഷിചെയ്യുന്ന സ്ഥലത്തിൻെറ സർവെ നമ്പർ അറിയിച്ചാൽ മാത്രം മതി, അതു സംബന്ധിച്ചുള്ള സകല അറിവുകളും ആ കൃഷിക്കാരനു കിട്ടും. എന്നാൽ നമ്മുടെ കൃഷി ഡിപ്പാർട്ടുമെൻറിനോടോ അല്ലെങ്കിൽ ഡയറക്ടരോടുതന്നെയോ ഒന്നു ചോദിച്ചുനോക്കുക. അവർക്ക് ഇതു സംബന്ധിച്ച് യാതൊരു വിവരവും ഇല്ല. മണ്ണിൻെറ കാംപോസിഷനെപററി

[ശ്രീ. എം. വി. ചെറിയാൻ]

അന്വേഷിക്കുന്നതിനു യൂണിവേഴ്സിററിയിൽ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നായിരിക്കും അവർ നൽകുന്ന മറുപടി. പാവപ്പെട്ട കർഷകനു യൂണിവേഴ്സിററിയിൽ ഇതിനെപ്പററി എഴുതി ചോദിക്കുവാനോ മററു തരത്തിൽ വിവരമറിഞ്ഞു പ്രവർത്തിക്കുവാനോ ഒരുങ്ങുകയില്ല. അതു സാദ്ധ്യവും അല്ല. ഈ റിസർച്ചുകൊണ്ടു ഇതുവരെ കർഷകർക്കു ഉപയോഗപ്രദമായ ഏതെങ്കിലും സംഗതി നടന്നിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. നമ്മുടെ രാജ്യത്തു് കാർഷികവിഭവങ്ങൾ പലതരം രോഗങ്ങൾ മൂലം ഓരോന്നായി നശിച്ചു കൊണ്ടിരിക്കുകയാണു്; നാളികേരം, കമുകു്, കുരുമുളകു്, ഇഞ്ചി, മുതലായവ. മാത്രമല്ല ഇവിടത്തെ ക്യാഷ്ക്രോപ്പിൽ മിക്കവയ്ക്കും പ്ലേഗുരോഗം പോലെയുള്ള ഒരുതരം രോഗം പിടിപെട്ടിരിക്കുന്നു. കുരുമുളകു പലടത്തും ഒരുതരം രോഗം പിടിച്ചു നശിച്ചിട്ടുണ്ടു്. ഞങ്ങളുടെ നാട്ടിൽ ഇഞ്ചി ധാരാളമായി കൃഷി ചെയ്തുവരുന്നുണ്ടു്. അതും പ്ലേഗുവന്നു നശിച്ചുപോകുന്നു. ഈ കൃഷികളെല്ലാം തിനെയുംകാൾ സംസ്ഥാനത്തെ ഭക്ഷ്യനിലവാരം വച്ചുനോക്കുമ്പോൾ പ്രാധാന്യം അർഹിക്കുന്നാരു കൃഷിയാണു് കപ്പകൃഷി. അതിനു് ഒരു തരം മഹാമാരി പിടിപെട്ടിട്ടുണ്ടു്. നട്ടുകഴിഞ്ഞാൽ അധികം താമസിയാതെ കിളിർപ്പുവരും. പക്ഷെ ഉടനെതന്നെ ഇലകൾ പഴുക്കാൻ തുടങ്ങുകയായി. അതോടെ തണ്ടു നശിക്കുകയും ചെയ്യും. ഇങ്ങനെയുള്ള രോഗങ്ങളെ സംബന്ധിച്ചും അവയുടെ നിവാരണത്തെ സംബന്ധിച്ചും ഈ ഡിപ്പാർട്ടുമെൻറു കാര്യമായി ശ്രദ്ധിക്കുന്നില്ല; ചില ശ്രമങ്ങൾ അവർ ചെയ്യുന്നുണ്ടു്. എങ്കിലും ആ വിഷയത്തിൽ അവർ പരാജയപ്പെട്ടിരിക്കുകയാണു്. കോയമ്പത്തൂർ ഉള്ള കാർഷികഗവേഷണ ആലയത്തിൽ കരിമ്പു കൃഷിക്കുള്ള ഒരു തരം രോഗത്തെ ശമിപ്പിക്കുന്നതിനുവേണ്ടി അവർ ഗവേഷണങ്ങൾ നടത്തുകയും ഫലപ്രദമായ മരുന്നുകൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ടു്. ഇതുപോലെ കൃഷിക്കാർക്കു ഗുണപ്രദമായ കാര്യങ്ങളെപ്പററിയാണു് ഇവർ റിസർച്ചു നടത്തുന്നതെങ്കിൽ ഈ തുക ചെലവാക്കുന്നതു നല്ലതുതന്നെ. ഡിപ്പാർട്ടുമെൻറു അതിൽ ഔൽസുക്യം പ്രദർശിപ്പിക്കുമെങ്കിൽ കൊള്ളാം. സർ, ഇവിടെ നമുക്കു അതിനുപററിയ ആളുകൾ ഇല്ലാഞ്ഞിട്ടല്ല. വിദേശത്തുപോയി ഇതു സംബന്ധിച്ചുള്ള പരീക്ഷകൾ പാസായിട്ടുള്ള ആളുകൾ ഇവിടെ തന്നെയുണ്ടു്. അവർക്കു ശമ്പളം കൊടുത്തു ഡിപ്പാർട്ടുമെൻറിൽ വച്ചിട്ടുമുണ്ടു്. ഇവർ കസേരയിൽ വെറുതെ അങ്ങനെ ഇരിക്കുന്നതല്ലാതെ ഇവിടത്തെ കാർഷികവിഭവങ്ങളുടെ രോഗങ്ങളെപ്പററി അന്വേഷിക്കുകയാകട്ടെ അതിൻെറ നിവാരണത്തിനുവേണ്ടി ശ്രമിക്കുകയാകട്ടെ ഡിപ്പാർട്ടുമെൻറിൽ ചെയ്യുന്നില്ല. ഈ ഇൻസ്പെക്ടർമാരുണ്ടു്; ഡിമാൺസ്ട്രേറററന്മാർ ഉണ്ടു്; ഇവർക്കും ശമ്പളം കൊടുക്കുന്നുണ്ടു്. ഇവർ എന്തു ചെയ്യുന്നു? എന്താണു ഇവർക്കുള്ള ജോലി?

സർ, ഇവിടെ പല സ്ഥലങ്ങളിലും മാതൃകാതോട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. ഈ മാതൃകാതോട്ടങ്ങളെല്ലാംതന്നെ കർഷകർക്കു മാതൃകയാക്കാൻ കൊള്ളരുതാത്തതാണു്. ഇതു മാതൃകയാക്കി സ്വീകരിക്കരുതേ എന്നു ഇവിടത്തെ കൃഷിക്കാരെ ഗുണദോഷിക്കേണ്ടിയിരിക്കുന്നു. മാതൃകാതോട്ടങ്ങൾ മാതൃകയാക്കണമെങ്കിൽ നമുക്കു അവിടെനിന്നും നല്ല വിത്തുകൾ

ലഭിക്കണം. ശ്രീ. ജോർജ്ജ് പറഞ്ഞതുപോലെ ഈ മാതൃകാതോട്ടങ്ങളെല്ലാം അമാതൃകങ്ങളാണ്. ഈ ഡിപ്പാർട്ടുമെൻറിൽ കോഴി, താറാവ്, മുതലായവ വളത്തുന്നതിനും ആട്, മാട്, മുതലായവ വളർത്തുന്നതിനും ധാരാളം പണം കൊള്ളിച്ചിട്ടുണ്ട്. അതും വേണ്ടതുതന്നെ. പക്ഷെ ഈ ഡിപ്പാർട്ടുമെൻറ മുഖ്യമായി ശ്രദ്ധിക്കേണ്ടതു ഇങ്ങനെയുള്ള പക്ഷിമൃഗാദികളുടെ വളത്തലല്ല, കൃഷിയാണ്. ഇന്നു കൃഷി ഡിപ്പാർട്ടുമെൻറുകാർ ഒരു കാര്യം മാത്രമേ ചെയ്യുന്നുള്ളു. കാലാകാലങ്ങളിലല്ലാതെ അസമയത്തു കുറച്ചുവളം കൊണ്ടുവന്നു വിതരണം ചെയ്യും. അതും ആവശ്യം നോക്കിയും സന്ദർഭം നോക്കിയും ചെയ്തിരുന്നെങ്കിൽ അത്രക്കു ആശ്വാസകരമായിരുന്നേനെ.

ഈ ഡിപ്പാർട്ടുമെൻറിൽ കുറെ ഇൻസ്പെക്ടർമാരുണ്ട്. ഞങ്ങളുടെ താലൂക്കിൽ ഒരു ഇൻസ്പെക്ടർ ഉണ്ട്. എനിക്കദ്ദേഹത്തെ പരിചയമുണ്ട്. എൻെറ ഒരു സ്നേഹിതനാണദ്ദേഹം. നല്ല സൽസ്വഭാവിയുമാണ്. അവിടെ അദ്ദേഹത്തിനു ഒരു ജോലിയുമില്ല. എന്താണു അദ്ദേഹം ചെയ്യേണ്ടതെന്നു അദ്ദേഹത്തിനുതന്നെ നിശ്ചയമില്ല. അതു അദ്ദേഹത്തിൻെറ കുററമല്ല. അദ്ദേഹത്തിനുള്ള പ്രവൃത്തനവ്യാപ്തി അത്രയ്ക്കു പരിമിതമാണ്. ഞാൻ താമസിക്കുന്നതിനടുത്തു സക്കാരു കുഴിപ്പിച്ച ഒരു കുളമുണ്ട്. അതിൻെറ താഴെയുള്ള സ്ഥലം ഒരു കൃഷിക്കാരൻേറതാണ്. ആ സ്ഥലത്തേക്കു കുളത്തിൽനിന്നും വെള്ളമെടുക്കുവാൻ ശ്രമിച്ചതിൽ കുളത്തിനടുത്തുള്ള സ്ഥലക്കാരൻ സമ്മതിച്ചില്ല. ഒടുവിൽ കൃഷിക്കാരൻ ഇൻസ്പെക്ടറുടെ അടുക്കൽ പരാതി പറഞ്ഞപ്പോൾ ഇൻസ്പെക്ടർ ഒന്നു ശ്രമിച്ചുനോക്കി എങ്കിലും "ഞാൻ നിസ്സഹായനാണ്" എന്നു പറഞ്ഞു പിൻവാങ്ങേണ്ടി വന്നു. അദ്ദേഹവും കൃഷിക്കാരനുംകൂടി എൻെറ അടുക്കൽവന്നു. ഞങ്ങൾ എല്ലാപേരുംകൂടി സ്ഥലം ഉടമസ്ഥനെ ചെന്നു കണ്ടു നല്ലവാക്കു പറഞ്ഞു കുളത്തിൽനിന്നും വെള്ളമെടുക്കുവാൻ അയാളെകൊണ്ടു സമ്മതിപ്പിച്ചു. ആ സ്ഥലത്തുകൂടി ഒരു തോടുവെട്ടുകയുമുണ്ടായി. ഞാൻ ഇത്രയും പറഞ്ഞതു അദ്ദേഹത്തെ കുററപ്പെടുത്താനല്ല. അദ്ദേഹത്തിനു വേണ്ടതു പ്രവത്തിക്കുവാനുള്ള അധികാരം ഇല്ല. പിന്നെ എന്തു പ്രവത്തിക്കാനാണ്? ഈ ഇൻസ്പെക്ടർമാർ അതാതു സ്ഥലത്തു മാതൃകാതോട്ടങ്ങളുണ്ടാക്കി അവിടെയുള്ള കൃഷിക്കാരെ അതു കാണിച്ചുകൊടുത്തു കൃഷിസമ്പ്രദായങ്ങൾ പഠിപ്പിക്കുന്നതു നന്നായിരിക്കും.

ഇന്നു കൃഷിക്കാരനു പല ഡിപ്പാർട്ടുമെൻറുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നെല്ലു കൃഷിക്കാരനു പ്രധാനമായി വേണ്ടതു ജലസേചനമാണ്. അതിനു ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിനെ അവൻ ആശ്രയിക്കണം. അവരോടു ചോദിച്ചാൽ പി. ഡബ്ലിയു. ഡി. കാരെ ആശ്രയിക്കണമെന്നു അവർ പറയും. ലിഫ്ററ ഇറിഗേഷനാണെങ്കിൽ പി. ഡബ്ലിയു. ഡി. ക്കാർ മാത്രംപോരാ; ഇലക്ട്രിക്ക് ഡിപ്പാർട്ടുമെൻറുകാർ കൂടിവേണം. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകാർ വന്നാൽതന്നെ ലാൻറ അക്വിസിഷനു മൂന്നാമതൊരു ഡിപ്പാർട്ടുമെൻറുകാർകൂടി വരണം. ഇങ്ങനെ പരസ്പരം യാതൊരു കോ ആർഡിനേഷനും ഇല്ലാതെ കുത്തഴിഞ്ഞ പുസ്തകം പോലെ കിടക്കുന്ന ഒരു ഡിപ്പാർട്ടുമെൻറാണ് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറ്. ഇതിലേയ്ക്കു കുറെ തുക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഈ തുക കൊണ്ടു കുറെ ഉദ്യോഗസ്ഥന്മാരെയും അവു

[ശ്രീ. എം. വി. ചെറിയാൻ]

രുടെ കുറെ കുടുംബങ്ങളേയും പുലർത്തുവാൻ കഴിയുമെന്നല്ലാതെ കൃഷിക്കാർക്കു യാതൊരു രക്ഷയും ലഭിക്കുന്നില്ല. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഈ ഡിപ്പാർട്ടുമെൻറിനെപററി ഞാൻ വിമർശിച്ചപ്പോൾ ഒന്നുകിൽ .ഇതവസാനിപ്പിക്കണം, അല്ലെങ്കിൽ, ഇതു നന്നാക്കണം എന്നു പറയുകയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെപ്പററി എനിക്കു പരാതിയുണ്ടായിട്ടു പറയുന്നതല്ല. അവക്കു വേണ്ട അധികാരങ്ങൾ കൊടുക്കണം. ലാൻറ് അക്വയർ ചെയ്യുവാൻ സമ്മറി പൗവ്വേഴ്സ് കൊടുക്കണം. ചെറിയ കുളങ്ങൾ നന്നാക്കുവാനുള്ള അധികാരവും അവക്കു കൊടുക്കാവുന്നതാണ്. ചെറിയ കുളങ്ങൾ നന്നാക്കുന്നതിനാവശ്യമുള്ള സാങ്കേതികപരിജ്ഞാനം സിദ്ധിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരാണ് ഈ ഡിപ്പാർട്ടുമെൻറിലുള്ളതു്. പിന്നെ എന്തിനാണ് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറുകാരെ ആശ്രയിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. പള്ളിക്കൂടം ഡിപ്പാർട്ടുമെൻറിൽ ഒരു സെക്ഷനാഫീസറെ വച്ചിരിക്കുന്നതുപോലെ ഈ ഡിപ്പാർട്ടുമെൻറിനോടനുബന്ധിച്ച് ഇതിലേക്കു പ്രത്യേക ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിലും വിരോധമില്ല.

സർ, കർഷകർ പലരേയും ആശ്രയിച്ചാണു കഴിയുന്നതു്. പ്രവൃത്തിയാരുടെ അടുക്കൽ, തഹശീൽദാരുടെ അടുക്കൽ, കൃഷി ഇൻസ്പെക്ടരുടെ അടുക്കൽ, സെക്ഷനാഫീസറുടെ അടുക്കൽ, ഇങ്ങനെ പലരുടെയും അടുക്കൽ അവൻ പോകണം. ഈ സ്ഥിതിക്കു ഒരവസാനം ഉണ്ടാക്കിയേ തീരൂ. അതിലേയ്ക്കു ഈ ഡിപ്പാർട്ടുമെൻറിനെ പുനഃസംഘടിപ്പിക്കേണ്ടതു ആവശ്യമാണ്. ഇപ്പോഴത്തെ ഡയറക്ടർ അവർകൾക്കോ മന്ത്രി അവർകൾക്കോ അതിനെപ്പററി നല്ല നിശ്ചയമില്ലെങ്കിൽ യോഗ്യന്മാരും ഭരണപരിചയം ഉള്ളവരുമായ ആളുകളെ പുറത്തുനിന്നും വരുത്തി ഈ ഡിപ്പാർട്ടുമെൻറിനെ റീ ആർഗനൈസ് ചെയ്യുവാൻ ഗവണ്മെൻറ് ശ്രമിക്കേണ്ടതാണെന്ന് എനിക്ക് ഖണ്ഡിതമായ അഭിപ്രായമുണ്ട്.

ഇനി എനിക്കു ഞങ്ങളുടെ താലൂക്കിനെ സംബന്ധിക്കുന്ന കാര്യങ്ങളെപ്പററി ഒന്നു രണ്ടു വാക്കു പറയുവാനുണ്ട്. ൧൧൨൦-ൽ ഗവണ്മെൻറ്, തിരുവിതാംകൂർ ഗവണ്മെൻറ്, ഒരു ഇറിഗേഷൻ കമ്മററിയെ നിയമിച്ചു. ആ കമ്മററി പല അന്വേഷണങ്ങൾ നടത്തിയതിൻെറശേഷം ഒരു റിപ്പോർട്ടു ഗവണ്മെൻറിലേക്കു സമർപ്പിച്ചു. ആ റിപ്പോർട്ടിൽ നെൽകൃഷിക്കു പ്രാധാന്യമുള്ള ഒന്നാമത്തെ താലൂക്കു കുന്നത്തുനാടു താലൂക്കാണെന്നും രണ്ടാമത്തേതു താലൂക്കു അമ്പലപ്പുഴയും മൂന്നാമത്തെ താലൂക്കു മൂവാററുപുഴയും ആണെന്നു പറഞ്ഞിട്ടുണ്ട്. ഇത്രമേൽ കൃഷിക്കു പ്രധാന്യമുള്ള വടക്കൻ താലൂക്കുകളിൽ ഗവണ്മെൻറ് യാതൊരു ജലസേചനപദ്ധതികളും ഏർപ്പെടുത്താതിരിക്കുന്നതു അത്ഭുതകരമായിതോന്നും. പെരിയാററിൽ ഒരു ലിഫ്ററ് ഇറിഗേഷൻ നടത്തുന്നുണ്ടെന്നു എനിക്കറിയാം. മൂവാററുപുഴയിലെ റിവർ വാലി സ്കീം കടലാസിൽ കിടക്കുകയാണ്. ആ പദ്ധതി നടപ്പിൽ വരുത്തിയിരുന്നു എങ്കിൽ അവിടെ പല സ്ഥലത്തും വെള്ളം കിട്ടുമായിരുന്നു. ഗവണ്മെൻറ് അനവധി പമ്പുകൾ വാങ്ങി വച്ചിട്ടുണ്ട്. തക്ക സമയത്തു തക്ക സ്ഥലത്ത് അതു ഉപയോഗിക്കുവാൻ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. കൃഷി ഡിപ്പാർട്ടുമെൻറിനു ഇക്കാര്യ

ത്തിൽ യാതൊരു ചുമതലയും ഇല്ലാതെ വന്നിരിക്കുകയാണ്. ഞങ്ങളുടെ നാട്ടിൽ വെള്ളംതേകി ഒഴിക്കുന്ന ജോലി നിർവ്വഹിക്കുന്നതു പ്രായേണ സ്ത്രീകളാണ്. പമ്പുകൾ കാലാകാലങ്ങളിൽ അവിടെ ഉപയോഗപ്പെടുത്തുമെങ്കിൽ അതു അവരുടെ ജോലിയെ വളരെ ഏറെ ലഘൂപ്പെടുത്തുമെന്നുള്ളതിനു സംശയമില്ല. കൃഷിയെ അതു വളരെ സഹായിക്കുകയും ചെയ്യും. ഇതിലേറെ പ്രധാനമായി അവിടെ ആവശ്യമായിരിക്കുന്നതു ലിഫ്റ്റ ഇറിഗേഷനാണ്. ലിഫ്റ്റ ഇറിഗേഷനെപറ്റി പറയുമ്പോൾ മറ്റൊരു കാര്യംകൂടി എന്റെ ഓർമ്മയിൽവരുന്നു. ലിഫ്റ്റ ഇറിഗേഷൻനടപ്പിൽ വരുത്തണമെങ്കിൽ ഇലക്ട്രിസിറ്റിവേണം. ഞങ്ങളുടെ സ്ഥലത്തിനടുത്തുനിന്നാണ് ഇലക്ട്രിസിറ്റി എടുക്കുന്നതു്. കമ്പികൾ ഞങ്ങളുടെ താലൂക്കുകളിൽ കൂടിയാണ് പോകുന്നതു്. ഇലക്ട്രിക്ക് ഡിപ്പാർട്ടുമെന്റുകാരോടു അവിടെ ഇലക്ട്രിസിറ്റി സപ്ലൈ ചെയ്യുന്നതിനെപറ്റി സംസാരിച്ചപ്പോൾ ൨൦ ശതമാനം ലാഭംകിട്ടുമോ എന്നു ചോദിച്ചു. ഇൻഡ്യാഗവണ്മെന്റിനു് ഇൻഡ്യയിലൊട്ടാകെയുള്ള ജലസേചനപദ്ധതികളിൽനിന്നും ശരാശരി ൫ ശതമാനം ലാഭത്തിൽ കൂടുതൽ കിട്ടുന്നില്ലെന്നു് റിപ്പോർട്ടുചെയ്തിട്ടുണ്ട്. എന്തുകൊണ്ടു ആ തോതിൽ ഇവിടെയും സപ്ലൈ ചെയ്തുകൂടാ? ഏതെങ്കിലും വിധത്തിൽ ഞങ്ങളുടെ താലൂക്കിലും ഇലക്ട്രിസിറ്റി സപ്ലൈ ചെയ്തു ലിഫ്റ്റ ഇറിഗേഷൻ നടപ്പിലാക്കിതന്നാൽ അതു ആ താലൂക്കിലെ ജനങ്ങൾക്കു വളരെ ഉപകാരമായിരിക്കും. അക്കാര്യത്തിലും ഗവണ്മെന്റിന്റെ ശ്രദ്ധ സത്വരമായി പതിയേണ്ടതാണ്.

ஸ்ரீ. ஏ. ஸாம்ராஜ்: ஸர், இந்த டிமான்ட்டைப் பற்றி ஒன்றிரண்டு வார்த்தைகள் கூற விரும்புகிறேன். Agricultural Experimental Research குறித்து எனக்கு முன் பேசிய நண்பர்கள் அழுத்தம் திருத்தமாகப் பேசியதினால் இதைப்பற்றி நான் ஒன்றிரண்டு வார்த்தைகள் மாத்திரம் கூற விரும்புகிறேன். தென் திருவிதாங்கூரில், கேப்பில் அக்ரிகல்சரல் பார்ம் ஒன்று இருக்கிறது. அதே மாதிரி திருப்பதிசாரத்திலும் 25 ஏக்கர் நிலங்களில் ஒரு அக்ரிகல்ச்சரல் பார்ம் நடத்தப்பட்டு வருவதுண்டு. அந்த பார்ம் சரியாக நடக்காதது பற்றி அங்கிருக்கும் உத்தியோகஸ்தர்களை குற்றம் சொல்வதா, இல்லை நமது சர்க்காரைக் குற்றம் சொல்வதா, இல்லாவிட்டால் அங்குள்ள பொதுமக்களை குற்றம் சொல்வதா என்று ஒன்றும் தெரியவில்லை. நாஞ்சில்நாட்டு கிருஷியைப்பற்றி ஒரே மாதிரி எல்லாத் தடவைகளும் சொல்லவேண்டியிருக்கிறதால் அதைப்பற்றி சொல்லவே நாணமாக இருக்கிறது. திருப்பதிசாரம் பார்ம்-ஐ எடுத்துக் கொண்டால், அங்கு ஒரு காம்ப் ஷெட் மாதிரி இருக்கிறது. அங்குள்ள உத்தியோகஸ்தர் 12 மணிக்குத் தான் அங்கு வருவார்கள் என்று நம்புகிறேன். அங்குள்ள கிருஷிக்காரர்களுக்கு, அவர்கள் யார் என்றே தெரியாது. அந்த அதிகாரிக்கும், அப்பகுதியிலுள்ள நிலங்கள் எப்படி எப்படி இருக்கிறது என்றும் தெரியாது. அங்குள்ள பயிர்களில் நோய் வந்திருக்கிறது என்று தினமலர், மலையாளி போன்ற பேப்பர்களில் நியூஸ் வந்தால் தான், அங்குள்ள மக்களுக்கு அங்கு அவ்விதம் நோய் வந்திருக்கிறது என்று தெரியும். ஏன் ? அங்குள்ள உத்தியோகஸ்தர்களுக்கு கூட அப்பொழுது தான் தெரியும், பயிர்களில் நோய் வந்திருக்கிறது என்று. அதே மாதிரி அந்த நோய்க்கு என்னென்ன பரிகாரம் செய்ய வேண்டுமென்று இந்த பத்திரப்பிரதிநிதிகள் அங்கு சென்று பார்த்துவிட்டு, செல்லும்போது தான் இந்த அதிகாரிகளுக்கும், அங்குள்ள மக்களுக்கும் இதுபற்றி தெரியவருகிறது. உதாரணமாக, சில காலங்களுக்கு முன்பு டி. டி. டி. பவுடர் வாங்கி உபயோகித்தால் தான் நல்லது என்று தினமலரில் செய்தி வந்த போது தான் அங்கு பயிர்களில் நோய் வந்திருப்பதாக அங்குள்ள உத்தியோகஸ்தர்களுக்கே தெரிய வந்தது. இந்த உத்தியோகஸ்தர்களை வெளியே காண்பது அரிது. அவர்கள் முஸ்லீம் கோஷாக்களை போன்று வெளியிலேயே காண முடியாது.

[ஸ்ரீ. ஏ. ஸாம்ராஜ்]

அவர்களுக்கு 80-100 ரூ. ஸ்கேல் கிடைத்தவுடனேயே, அவர்கள் பெரிய ஆபீஸர்களாகி விடுகிறார்கள். தங்களுக்கு கிடைக்கும் சம்பளத்திற்கு வேண்டியாவது உழைக்க வேண்டுமே என்ற மனப்பான்மை அவர்களுக்கில்லே. ஆகவே நமது முதல் மந்திரி அவர்கள் இதில் சிரத்தை எடுத்தால் அங்குள்ள இக் கிருஷி இலாகாவின் யோக்கியதையை அறிய முடியும். அடுத்ததாக மார்க்கெட்டிங்கை எடுத்துக் கொள்வோம். வார் டைமில் கூட இவ்வளவு விலே இல்லே. இப்பொழுது அங்கு ரூபாய்க்கு 1 பக்கா நெல் தான் கிடைக்கிறது. ஒரு கோட்டை நெல்லிற்கு அங்கு 75 ரூபாய் விலே கொடுக்க வேண்டியதற்குள்ள சந்தர்ப்பம் வந்திருக்கிறது. அங்கு, பண்டைக்காலத்தில் ஒரு மரைக்கால் மூன்று பக்கா வீதம், ஒரு கோட்டைக்கு 21 மரைக்கால் என்று, 63 பக்கா கணக்கு வைத்துத் தான் நிலங்கள் ஏக்கராக் கணக்காக்கப் பட்டிருந்தது. இப்பொழுது பழங்கால அளவு போய் 75 பக்கா கொண்ட மரைக்காலுக்கு ஒரு கோட்டை கணக்காக்கப்பட்டு நெல் அளவு கொடுக்கப்பட்டது. அதுவும் இப்பொழுது பெரிய நிலச்சுவான்தார்கள் கோட்டைக்கு 75 பக்கா வீதம் அளந்து கொடுக்கும் போது, பாவப்பட்ட கிருஷிக்காரர்களிடம் 90 பக்கா கொண்ட மரக்காலே எடுத்துச் செல்கிறார்கள். பாட்டம் பிரிப்பதற்காக. ஏழை கிருஷிக்காரன் அளந்து கொடுத்துவிட்டு பட்டினியிருக்கிறான் இது விஷயமாக நான் சொல்வதென்னவெனில் அளவு கணக்கை திட்டப்படுத்தவும் மரைக்கால் எல்லாம் ஒரே கணக்கில் தான் இருக்க வேண்டும். நெல் அளக்கப்பட வேண்டும். மார்க்கெட்டிங் ஒரே அளவில் இருந்தால் தான் மக்களுக்கு அதிகம் க்ஷீணம் ஏற்படாது என்று கூற ஆசைப்படுகிறேன். நாஞ்சில் நாட்டில் சென்ற இரண்டு பூக்களில் கரிவு ஏற்பட்டதினால் தான் நெல்லின் விலே கூடியிருக்கிறது என்று சொல்லலாம். ஆனால் இதற்கு முன்னமேயேயும், எப்பொழுதும் அங்கு நெல் விலே ஒரே நிர்ணயமாக இருப்பதில்லே. விலேயைப் பற்றியும் கவனிப்பார் யாருமில்லே. அடுத்த படியாக, உரம் சப்ளே செய்யப்படுவதை பார்த்தால், செல்வாக்குள்ளவர்களுக்குத் தான் தகுந்த சமயத்தில் உரம் கிடைக்கிறது. ஆனால் ஏழைக் கிருஷிக்காரர்களுக்கு, புண்ணாக்கு போட வேண்டிய சமயத்தில் புண்ணாக்கு கிடைக்காது. அம்மோணியம் சல்பேட் எப்பொழுது அவசியமோ அப்பொழுது கிடைக்காது. இதே மாதிரி தான் க்ரீன் மெனிவர்-ன் நிலேயும். எல்லாமே செல்வாக்கு உள்ளவர்களுக்கு, எந்த சமயத்திலும் இவைகளெல்லாம் கிடைக்கும். க்ரீன் மெனியுவரை எடுத்துக் கொண்டால், பண வசதியுள்ளவர்களுக்கு குறைந்த சிலவில் சீக்கிரமாக, இந்த உரம் கிடைக்கும். ஆனால் ஏழைக் கிருஷிக்காரன் போனால் அவன் பல வித கஷ்டங்கள் அனுபவித்த பிறகு தான் இந்த உரத்தை கொண்டு போக முடியும். இதே மாதிரி வித்தை எடுத்துக் கொண்டாலும் இந்த நிலே தான். அடுத்த படியாக பிஷறீஸ் டிப்பார்ட்மென்டைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல ான் ஆசைப்படுகிறேன். மொத்தம் 20 சென்டர்கள் இதற்காக இருக்கிறது என்று நினேக்கிறேன். ஒரு சென்டரில் இன்ஸ்பெக்டர்ஸ், சப்-இன்ஸ்பெக்டர்ஸ், பியூண்ஸ் இவ்வளவு பேரும் உண்டு. ஒவ்வொரு Fish Curing yard-லும் ஒரு Fish Curing ஆபீஸர் உண்டு. திருவனந்தபுரம் முதல் நீண்டகரை வரையிலும் ஒரு சென்டர் கூடக் கிடையாது. அதற்கு இப்புறம் அவர் அவர்களுடைய இஷடம்போல் சௌகரியம் உள்ள இடங்களிலெல்லாம் Fish Curing yard கொடுத்திருக்கிறார்கள். ஒவ்வொரு ஸென்டரிலும், சுமார் 1750 ரூபாய் வரை, சம்பளத்திற்காக செலவாகும் என்று நினேக்கிறேன். இவர்களுக்கு, 300, 400 பாக்ஸ்-சால்ட் விதரணத்துக்காகக் கொடுக்கப்படுகிறது. உத்தேசம் 700 ரூ. பெறுமதியான 300 சாக்கு உப்பு செலவு செய்வதற்கு 1750 ரூ. சம்பளச் செலவு. இது நஷடமான ஏற்பாடு தான் என்று கூறவேண்டியிருக்கிறது. இந்த விதத்திலாவது உப்பு எல்லோருக்கும் கிடைக்கிறதா என்றால் அது கொடுப்பவர்களுக்குத் தான் தெரியும். இந்த 300, 400 சாக்கு உப்பை இவர்கள் எப்படி வினியோகிக்கிறார்கள் என்று பார்ப்போம். இந்த பிஷ்க்யுவரிங் யார்ட்ஸில் மீன் உலர்த்த வருகிறவர்களுக்கு மாத்திரம் இதில் ஒன்றும் இரண்டும் சதமானம் உப்பு கொடுத்து விட்டு மீதியுள்ளதை எப்படிச் செலவு செய்கிறார்கள் என்று சரியானபடி தகவல் கிடைப்பதில்லே. நியா

யமான ரீதியில் இந்த உப்பை விதரணம் செய்ய வேண்டும் அப்படி செய்ய வேண்டுமென்றால், அரிசி விதரணம் செய்யப்படுவதைப் போல் இன்னின்ன மீன்பிடி தொழிலாளிகளுக்கு இவ்வளவு இவ்வளவு கொடுக்க வேண்டும் என்ற முறையில் இந்த உப்பை விதரணம் செய்ய வேண்டும். அப்படி யானால் தான் இந்த மீன்பிடி தொழிலாளிகளுக்கு சரியான முறையில் உப்பு கிடைக்கும். இதற்காக, மத்திய அரசாங்கத்திலிருந்து 25o/o சப்ஸிடி நமக்குக் கிடைக்கிறது. இந்த சப்ஸிடியை வாங்கிக்கொண்டு, இந்த 300, 400 சாக்கு உப்பில் 30, 40 சாக்கு உப்பை வினியோகம் செய்துவிட்டு மீதியுள்ளதை இந்த அதிகாரிகள் என்ன செய்கிறார்கள் என்பதைப் பற்றி நீங்கள் ஆராய்ச்சி செய்தால் மந்திரி அவர்களுக்குக் காணமுடியும். ஆகவே இந்த மாதிரிப்பட்ட விஷயங்களில் நமது சர்க்கார் வேண்டிய கவனம் செலுத்த வேண்டும். இந்த உரம், வித்து இவைகளைப்போல் கிருஷிக்கு மிகவும் இன்றியமையாதது தண்ணீராகும். நாஞ்சில் நாட்டைப் பொறுத்த அளவில் கிருஷிக்கு மிகவும் கஷ்டம் விளைவிக்கக் கூடியது, தண்ணீர் யின்மையே என்பதை சர்க்கார் மனதிலாக்க வேண்டும். இதைப் பற்றி நாங்கள் பல தடவைகள் எடுத்துச் சொல்லியதுண்டு. நாஞ்சில் நாட்டில் உள்ள கன்னியாகுமரி பகுதியில் வருடந்தோறும் கிருஷிக்கு தண்ணீர் கிடைக்காமல், எப்பொழுதுமே அங்கு தண்ணீர் தட்டுப்பாடு இருக்கின்ற காரணத்தால் அங்குள்ள மக்கள் ரத்தக் கண்ணீர் வடிக்கிறார்கள் என்பதை நான் இச்சபையின் முன் அழுத்தம் திருத்தமாக எடுத்துச் சொல்ல ஆசைப்படுகிறேன். தோவாளைச் சானல் வழியாகத் தான் இந்த பாகத்து கிருஷிக்காரர்களுக்கு பிரயோஜனம் ஏற்பட வேண்டும். இப்பொழுது அங்கு சுமார் ஐந்து மைல் வரை சிமென்ட் போட்டு அந்தச் சானலை விருத்தி செய்திருக்கிறார்கள் என்பதை அறிய நான் சந்தோஷப்படுகிறேன். இதோடில்லாமல் இன்னும் பத்தும் பதினேழும் மைல் நீளம் சிமென்ட் போட்டு அந்தச் சானலை விருத்தி செய்ய வேண்டும். அப்படியானால் தான் அங்குள்ள கிருஷிக்காரர்களுக்கு கூடுதல் பிரயோஜனம் ஏற்படக் கூடும். இதைக் குறித்து முதல் மந்திரி அவர்கள் சிரத்தை செலுத்த வேண்டும். ஏனெனில் அங்குள்ள சப்டிவிஷன் ஆபீஸரும், செக்ஷன் ஆபீஸர்களும் தண்ணீர்த் தட்டுப்பாடு வரவேண்டும் என்று தான் நினைப்பார்கள். ஆனால்தான் அவர்களுக்கு காலன் கணக்கில் தண்ணீரை விற்க முடியும். அப்படியானால் தான் நமக்கு லாபம் கிடைக்கும் என்று நினைக்கும் நிலைக்கு அங்குள்ள அதிகாரிகள் வந்து விட்டார்கள். தண்ணீர் இல்லாமல் போனால் தான் ஒவ்வொரு கிருஷிக்காரர்களும் இந்த உத்தியோகஸ்தர்களின் வீட்டிற்குப் போய் காவல் கிடப்பார்கள். அப்படி ஏற்பட்டால் தான் இவர்களுக்கும் லாபம் கிடைக்கும். ஆதலால் நாஞ்சில் நாட்டைப் பொறுத்த மட்டிலும், தண்ணீர் தட்டுப்பாடு இல்லாமல் செய்வதற்கு, அங்குள்ள குளங்களைத் தோண்டும்பொழுது அதிலுள்ள மண்ணையெல்லாம் ஏதாவது ஒரு கரையில் நீளமும் வீதியும் ஏற்படக்கூடிய அளவில் குவித்தால் ஒரு கரை பெரியதும் பெலமுள்ளதுமாகும். அதே சமயத்தில் எத்தனையோ வீடுகள் வீடில்லாதவர்களுக்கும் வீடிருந்து சௌகரியமில்லாமல் கஷ்டப்படுகிறவர்களுக்கும் பிரயோஜனமாய்த்தீரும். சுகாதாரமுள்ள ஒரு காலனியாக ஏற்படும். சர்க்காருக்கு ஒரே சமயம் குளம் தணித்தலும், காலனிகள் ஏற்படுத்துவதுமான இரண்டு ஜோலிகளையும் தீர்க்க முடியும். அப்பொழுது இந்த ஹௌஸ் பிராபளமும் தீரும், என்று சொல்லிக் கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

<u>ശ്രീ. എ. ജെ. ജാൺ:</u> കൃഷി ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും അവയിലെ ഗ്രാൻറിനെ സംബന്ധിച്ചും ഈ സഭയിലെ കുറെ ബഹുമാനപ്പെട്ട മെമ്പറന്മാർ വിമർശനരൂപേണ സംസാരിക്കയുണ്ടായി. ഈ ഡിപ്പാർട്ടുമെൻറുമുഖേന ഈ രാജ്യത്തു പല നന്മകളും ഉണ്ടാകണമെന്നുള്ള സഹകരണബുദ്ധിയോടുകൂടിയാണു ഇപ്രകാരം ഉള്ള അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നാണ് ഞാൻ ധരിക്കുന്നതു്. എന്നാൽ അതേസമയത്തു തന്നെ എനിക്കു ഒരു കാര്യം പറയാനുള്ളതു്, ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ യാതൊന്നും പ്രവർത്തിക്കുന്നില്ലെന്നു പറയുന്നതിനോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല എന്നാണ്.

[ശ്രീ. എ. ജെ. ജാൺ]

നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ ചിലതു് ഇവിടെ പ്രസ്താവിക്കയുണ്ടായി. കൃഷിക്കു ദോഷം സംഭവിക്കത്തക്കവിധം പുഴുവിന്റെയും, ചാഴിയുടെയും മററും ഉപദ്രവങ്ങൾ നേരിടുന്നുണ്ടെന്നും, അതിനു സാരമായ നിലയിൽ നിവാരണം വരുത്തുവാൻ ഡിപ്പാർട്ടുമെൻറിൽനിന്നും വേണ്ടപോലെ പ്രവർത്തിക്കുന്നില്ലെന്നുമാണു് അദ്ദേഹം പ്രസ്താവിച്ചതു്. അതു മുഴുവനും ശരിയായിട്ടുള്ളതല്ല. നെന്മാറയിൽതന്നെ ഏകദേശം ൨൦൦൧ ഏക്കർ സ്ഥലത്തു ചാഴികേടു സംഭവിച്ചു. അവിടെ ഗാമ, നസ്സ്ലീൻ മുതലായ മരുന്നു ഉപയോഗിച്ചു് അവിടത്തെ കൃഷി മുഴുവനും രക്ഷപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടു്. അതുപോലെതന്നെ കുട്ടനാട്ടിലെ പല സ്ഥലങ്ങളിലും നെൽക്കൃഷി ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ ഗാമ, നസ്സ്ലീൻ ഉപയോഗിച്ചു ചാഴിയുടെ ഉപദ്രവം ഒഴിക്കുവാൻ കഴിഞ്ഞിട്ടുണ്ടു്. അതുകൊണ്ടു ഇങ്ങനെയുള്ള കാര്യങ്ങളിൽ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യേണ്ട പ്രവർത്തനങ്ങൾ ഒരുവിധം ശരിയായ വിധത്തിൽ ചെയ്തുവരുന്നുണ്ടെന്നാണു അതിനെ സംബന്ധിച്ചു എനിക്കു പറയാനുള്ളതു്. അടുത്ത കാലത്തുതന്നെ അതിലേക്കു് ഒരു പ്രത്യേക സ്റ്റാഫിനെ നിയമിക്കാൻ ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടു്. ഇപ്പോൾ തന്നെ ആഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൽനിന്നും പലവിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഫലമായിട്ടു് പല സ്ഥലങ്ങളിലും ഈ റെമഡി ഉപയോഗിക്കുകയും അതുകൊണ്ടു വളരെയധികം ഗുണം ലഭിക്കുകയും ചെയ്തിട്ടുണ്ടു്. വിളവുതന്നെ മുമ്പുണ്ടായിരുന്നതിനെക്കാൾ കൂടുതലായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ടു്.

നെൽക്കൃഷിക്കുണ്ടായിട്ടുള്ള ചാഴി മുതലായ രോഗങ്ങളെപ്പററി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. തിരുവല്ലായിൽ നെൽക്കൃഷിക്കു രോഗമുണ്ടായി എന്നു ഒരു നിവേദനം കിട്ടിയ ഉടനെതന്നെ നെൽക്കൃഷിരോഗം സംബന്ധിച്ചുള്ള വിദഗ്ദ്ധനേയും സോയിൽ സംബന്ധിച്ചുള്ള വിദഗ്ദ്ധനേയും അവിടെ അയച്ചു അന്വേഷിക്കുകയും റിപ്പോർട്ടുകൾ വരുത്തുകയും ചെയ്തു. റിപ്പോർട്ടുകളുടെ സംഗ്രഹം ഒരു പ്രസ്സ്നോട്ടായി പരസ്യം ചെയ്യുകയും ചെയ്തു. ഇതുപോലെതന്നെ വെച്ചൂർ-കാർത്തികപ്പള്ളി ഈ സ്ഥലങ്ങളിലും അയച്ചു അന്വേഷണം നടത്തിയിട്ടുണ്ടു്.

പിന്നെ കൃഷി ഡിപ്പാർട്ടുമെൻറിലുള്ള ഇൻസ്പെക്ടർമാർ ശരിയായി ജോലി ചെയ്യുന്നില്ല എന്നു പറയുകയുണ്ടായി. അടുത്ത അഞ്ചാറു മാസങ്ങളായിട്ടു നെൽക്കൃഷിയിൽനിന്നുള്ള വിളവു മോശമാണെന്നു ആക്ഷേപമുണ്ടായി. അതിനുള്ള കാരണങ്ങളെപ്പററി ശരിയായി ഒരു ഗവേഷണം നടത്തുന്നതിനും ഓരോ സ്ഥലത്തുമുള്ള ഇൻസ്പെക്ടറന്മാർ ശരിയായി അവരുടെ ജോലി നിർവ്വഹിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും പ്രത്യേകം ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. മഴ വളരെ കുറവായതുകൊണ്ടു് കൃഷിക്കു വളരെ ദോഷം സംഭവിച്ചിട്ടുണ്ടെന്നും, നഷ്ടമുണ്ടായിട്ടുണ്ടെന്നും, പരാതികൾ ലഭിച്ചിട്ടുണ്ടു്. ഇവയെപ്പററി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്. ഈ ഡിപ്പാർട്ടുമെൻറു് പ്രവർത്തനംകൊണ്ടു് പ്രയോജനമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ബഹുമാനപ്പെട്ട മെമ്പറന്മാർ പ്രസംഗിച്ചതു് എന്നു ഞാൻ വിശ്വസിക്കുന്നു. നമ്മുടെ രാജ്യത്തു് കൃഷിക്കു ദോഷം വരുന്ന ഏതൊരു കാര്യത്തെ സംബന്ധിച്ചും, വളം കൂട്ടുചേർത്താണു് കൊടു

കുന്നതെങ്കിൽ ആ വിവരവും ബഹുമാനപ്പെട്ട മെമ്പർമാർ ഗവണ്മെൻറിനെ അറിയിക്കണമെന്ന് ഞാൻ വിനയപൂർവ്വം ഈ സഭയിലെ എല്ലാ അംഗങ്ങളോടും അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള: ഇതിനുമുമ്പു ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. അതിനെപ്പററി ഗവണ്മെൻറ യാതൊന്നും ശ്രദ്ധിക്കുകയുണ്ടായില്ല.

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറ് ഈ ഡിപ്പാർട്ടുമെൻറിൽ എടുക്കാമെന്നു സമ്മതിക്കുന്ന നില മററു ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുംകൂടി സ്വീകരിക്കുന്നതിനു വിരോധമുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: യാതൊരു വിരോധവും ഇല്ല. കൃഷിക്കാവശ്യമുള്ള വളങ്ങൾ ശരിയായ സമയത്തുതന്നെ വിതരണം ചെയ്യണമെന്നാണ് നിർദ്ദേശിച്ചിരിക്കുന്നതു്. ചില സ്ഥലങ്ങളിൽ കുറെ താമസിച്ചാണ് വളം കിട്ടുന്നതെന്നറിയാം. എന്നാൽ അങ്ങിനെയുള്ള സ്ഥലങ്ങളിൽ കഴിയുന്നതും വേഗത്തിൽ സപ്ലൈ ചെയ്യുവാനുള്ള ആർഡർ അയയ്ക്കുന്നതാണ്. ബോൺമീലും ഗ്രൌണ്ടുനട്കേക്കും ഗവണ്മെൻറ് കൊടുക്കുന്ന വിലയിലും കുറഞ്ഞ വിലയ്ക്കു് കിട്ടുന്നുണ്ടെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതു ചിലപ്പോൾ ശരിയായിരിക്കാം. ബോൺമീലും ഗ്രൌണ്ടുനട്കേക്കും ഗവണ്മെൻറ നേരത്തെതന്നെ ടെണ്ടർ വിളിക്കുകയാണ്. ചിലപ്പോൾ ഇവ കൃഷിക്കാർക്കു കൊടുക്കുന്ന കാലത്തു പുറമേ വില കുറവായി വന്നേക്കാം. ചിലപ്പോൾ അതു ഗവണ്മെൻറിൽനിന്നു വാങ്ങി ബ്ലാക്ക്മാർക്കററിൽ വിൽക്കുന്നുണ്ടെന്നുള്ള പരാതികളും ഉണ്ടാകാറുണ്ടു്. ബ്ലാക്കുമാർക്കററിൽ വില്ക്കുമ്പോൾ അതിനു വില കൂടുകയാണു വേണ്ടതു്. ഏതായാലും വളവിതരണത്തെ സംബന്ധിച്ച് ഗവണ്മെൻറ് വളരെ ശരിയായ ഒരു നില സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്. കുറെ ആയിരം ടൺ വളമാണ് ഗവണ്മെൻറ് കൊല്ലംതോറും വിൽക്കുന്നതു്. അതെല്ലാം കൃഷിക്കാർക്കു കൊടുക്കുവാൻ വേണ്ടിയാണ് വില്പന നടത്തുന്നതു്. ഏകദേശം ൨൦ കോടി രൂപായുടെ അരിയും നെല്ലും ഗവണ്മെൻറ വരുത്തുന്നുണ്ടു്. നെൽകൃഷി അഭിവൃദ്ധിപ്പെടുന്നതനുസരിച്ചു അരിയുടെ ഇറക്കുമതി കുറയ്ക്കാവുന്നതാണ്. ഇങ്ങിനെ കഴിയുന്നത്ര എല്ലാ സഹായങ്ങളും കർഷകർക്കു ചെയ്യുവാനാണ് ഗവണ്മെൻറുദ്ദേശിച്ചിട്ടുള്ളതു്. എത്രയെല്ലാം വളം വരുത്താമോ അത്രയും വളം വരുത്തി കൃഷിക്കാർക്കു കൊടുക്കാനാണ് ഗവണ്മെൻറ് വിചാരിക്കുന്നതു്. വിളവുകളുടെ ഈടിന്മേൽ വളം വിതരണം ചെയ്യുമ്പോൾ ഒരു വ്യത്യസ്തപരിഗണനയാണ് ആ നാട്ടിലും മററും അനുഭവപ്പെട്ടിട്ടുള്ളതെന്നു ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. കോവാപ്പറേററീവു സൊസൈററി മുഖാന്തിരം വളം കൊടുക്കുന്നതുകൊണ്ടു് കുട്ടനാട്ടിലും മററും കൃഷിക്കാർക്കു മാത്രമേ അതുകൊണ്ടു ഗുണമുള്ളു എന്നു അദ്ദേഹം പറയുകയുണ്ടായി. വിളവുകളുടെ ഈടിന്മേൽ വളം കൊടുക്കുകയെന്നു പറഞ്ഞാൽ അതു ചെറുതരം കൃഷിക്കാരുടെ പക്കൽനിന്നു പിരിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതുകൊണ്ടു് ചിലപ്പോൾ അവർക്കു കൊടുക്കാനിടയാകാതെ വന്നിട്ടുണ്ടെങ്കിലും അവർക്കും പ്രയോജനപ്പെടണമെന്നുകരുതി വളം വിതരണം ചെയ്യുന്നുണ്ടു്. കുട്ടനാട്ടു വളം വിതരണം ചെയ്യുന്ന കോവാപ്പറേററീവു സൊസൈററി വൻകൃഷിക്കാരുടേതാണെന്നു പറയുന്നതും ശരിയല്ല. കൃഷിയുള്ള വൻകൃഷിക്കാരും ചെറുതരം കൃഷിക്കാരും എല്ലാം അതിലെ അംഗങ്ങളുമാണ്.

[ശ്രീ. എ. ജെ. ജാൺ.]

പിന്നെ അടയ്ക്കാ കൃഷിയെസംബന്ധിച്ചു് ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതു് പഴയ കൊച്ചിയിലാണു് അധികമുള്ളതു്. ആ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു് അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്. അതിനെസംബന്ധിച്ചു് കാര്യക്ഷമമായ വിധത്തിൽ ഒന്നും പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിൻെറ പരിഹാരത്തെ ഉദ്ദേശിച്ചും കൂടിയാണു് ഇക്കൊല്ലം കൂടുതൽ സംഖ്യ ബഡ്ജററിൽ ചേർത്തിട്ടുള്ളതു്. അതിനെസംബന്ധിച്ചു് ഇപ്പോൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

പിന്നെ തെങ്ങുരോഗത്തെപ്പററി ചില ബഹുമാനപ്പെട്ട മെംബറന്മാർ പ്രസ്താവിക്കുകയുണ്ടായി. ഇതിനു മുമ്പുതന്നെ ചോദ്യോത്തരസമയത്തു് ഞാൻ പറയുകയുണ്ടായി കോക്കനട്ടുകമ്മിററി അതിനെപ്പററി ആലോചിക്കുന്നുണ്ടു് എന്നു്. തെങ്ങിൻെറ രോഗം നിശ്ശേഷം ഇല്ലാതാക്കുന്നതിനുവേണ്ടി ൨൦-൩൦ കൊല്ലത്തെ ഗവേഷണത്തിൻെറ ഫലമായി ഇതുവരെ നിവാരണമാൎഗ്ഗം കണ്ടുപിടിച്ചിട്ടില്ല. അതും താമസിയാതെ പരിഹരിക്കപ്പെടുമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

പിന്നെ ശ്രീ. അവിരാത്തരകൻ പറഞ്ഞതു് കോക്കനട്ടു് കമ്മററിയിൽ ഇവിടെനിന്നും എട്ടു പേരെ നാമിനേററു ചെയ്യുവാൻ അധികാരമുണ്ടെന്നും അങ്ങിനെ ചെയ്യണമെന്നും ആണു്. അതിലേക്കു് വിശേഷവിധിയായി ഒരു മറുപടിയും പറയുവാനില്ല. രണ്ടല്ല എട്ടുപേരെ വേണമെങ്കിലും നാമിനേററു ചെയ്യാൻ പ്രയാസമില്ല. നാളികേരകൃഷിയുടെ ദോഷം പരിഹരിക്കുവാൻ അതു് പര്യാപ്തമാകുമെങ്കിൽ നാമിനേററു് ചെയ്യുകമാത്രമല്ല, അതിനുവേണ്ടി കൂടുതലായി ചെയ്യാവുന്നതൊക്കെ ചെയ്യുമെന്നാണു് എനിക്കു് പറയുവാനുള്ളതു്.

ശ്രീ. പി. വി. അവിരാത്തരകൻ: സെൻട്രൽ ഗവണ്മെൻറു് ആക്ടിൽ നമുക്കു് വ്യ പ്രതിനിധികളെ അയക്കാൻ അവകാശമുണ്ടെന്നു് വ്യവസ്ഥയുണ്ടു്.

ശ്രീ. എ. ജെ. ജാൺ : ഗുണം കിട്ടുമെന്നുണ്ടെങ്കിൽ എന്തുവേണോ അതൊക്കെ ചെയ്യും.

എസ്റ്റിമേററുകമ്മിററി റിപ്പോർട്ടു് ബഹുമാനപ്പെട്ട മെംബറന്മാക്കെല്ലാം കിട്ടിയിരിക്കുമെന്നാണു് എൻെറ വിശ്വാസം. അതിൽ പല നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്. ഇപ്പോൾ പലതരത്തിലാണു് വളം, വിത്തു് മുതലായവ കൊടുത്തുകൊണ്ടിരിക്കുന്നതു്. അതു് ഒരു സെൻട്രൽ ഏജൻറിൻെറ കീഴിലാക്കണമെന്നാണു് അവരുടെ നിർദ്ദേശം. അതിൻെറ കാര്യത്തിൽ വേണ്ട നടപടികൾ ഗവണ്മെൻറു് എടുക്കുന്നതായിരിക്കും.

അതുപോലെതന്നെ അഗ്രിക്കൾച്ചറൽ ഫാമിനെ സംബന്ധിച്ചു് ചില ബഹുമാനപ്പെട്ട അംഗങ്ങൾ പ്രസ്താവിക്കുകയുണ്ടായി. രണ്ടുകൊല്ലംമുമ്പു് ചില ഫാറം ആവശ്യമില്ലെന്നു് എനിക്കു് തോന്നി നിറുത്തിയിട്ടുണ്ടു്. ഇനി ഏതെല്ലാമാണു് നിറുത്തേണ്ടതു് എന്നുള്ളതിനെപററി ഗവണ്മെൻറു് ആലോചിച്ചു് ആവശ്യമില്ലെന്നു കാണുന്നതിനെ നിർത്തുന്നതാണു്.

മണ്ണൊലിപ്പിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട ചില മെംബറന്മാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. മണ്ണൊലിപ്പുകൊണ്ടു് കൃഷി ഭൂമികളിൽ സാരമായ കേടുസംഭവിക്കുന്നതിനെപ്പററി അന്വേഷിച്ചു് അതിനെ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുവാൻ പ്രത്യേകം ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. അദ്ദേഹം തൃശ്ശൂർ, കോട്ടയം, കൊല്ലം, തിരുവനന്തപുരം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടു്. ഈ നാലു സ്ഥലങ്ങളിലും പ്രവർത്തിക്കുന്നതനുസരിച്ചു് മററു സ്ഥലങ്ങളിലേയും മണ്ണൊലിപ്പു് ശരിപ്പെടുത്തുവാൻ കഴിയുമെന്നാണു് വിശ്വസിക്കുന്നതു്.

(ബെൽ)

സമയമില്ലാത്തതുകൊണ്ടു് ചുരുക്കത്തിൽ ഇത്രമാത്രം പ്രസ്താവിച്ചുകൊള്ളുന്നു.

Mr. Speaker : Do you press your motion, Mr. Sreedharan ?

4 P.M.

Shri V. Sreedharan : Yes, Sir. I press the motion.

The motion was put and lost.

Mr. Speaker : Mr. Narayanan Potti, do you press your motion ?

Shri P. Narayanan Potti : No, Sir.

The motion was, by leave, withdrawn.

The question that Government be granted a sum of Rs. 28,49,000 under Demand XXI—Agriculture—was put and carried.

The grant was made.

Demand No. XXII—Rural Development.

Minister for Local Self Government **(Shri K. Kochukuttan) :** Sir, I move for a grant of Rs. 23,29,000 under Demand XXII—Rural Development.

Shri Kalathil Velayudhan Nair : I second it.

Shri N. Rajagopalan Nair : Sir, I move :

To reduce the allotment of Rs. 57,300 for Direction by Rs. 2.

സർ, ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് റൂറൽ ഡവലപ്പ്മെൻറു് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തിനു് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ചെലവാക്കുന്ന രീതിയെപ്പററി ചിലതു പറയുവാനാണു്. കാൺട്രിബ്യൂഷനും ഗ്രാൻറും കൊടുക്കുന്നതിനും വരുന്ന പഞ്ചായത്തു് ഇലക്ഷൻ നടത്തുന്നതിനുംകൂടി കൊള്ളിച്ചിട്ടുള്ള തുക കഴിഞ്ഞാൽ ആകെക്കൂടി പഞ്ചായത്തുകൾക്കുവേണ്ടി ചെലവാകുന്നതു് ആറു ലക്ഷത്തോളം രൂപാ മാത്രമാണു് വർക്സു് എന്നുള്ള ഇനത്തിൽ ആകെ ൫൦,൦൦൦ രൂപായും മററു് ഒരു ലക്ഷം രൂപായുമാണു് ഈ ഡിപ്പാർട്ടുമെൻറിൽ ചെലവാക്കുവാനുള്ളതു്. എന്നാൽ ഈ ആറുലക്ഷം രൂപാ

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

ചെലവാക്കുവാൻ അഞ്ചു ലക്ഷം രൂപാ എസ്റ്റാബ്ലീഷ്മെൻറിനുവേണ്ടി ചെലവാക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരു ഡിപ്പാർട്ടുമെൻറ് വേറെ ഉണ്ടെന്നു് എനിക്കു് തോന്നുന്നില്ല. ഇത്ര വിപുലമായ ഒരു എസ്റ്റാബ്ലിഷ്മെൻറുള്ള ഒരു ഡിപ്പാർട്ടുമെൻറിൽതന്നെ വില്ലേജ് കമ്മിററീസ് പേ ആൻഡ് എസ്റ്റാബ്ലിഷ്മെൻറ്സ് എന്ന ഇനത്തിൽ ൩൧൫ ഉദ്യോഗസ്ഥന്മാരുടെ നമ്പരും ൧,൩൫,൫൦൦ രൂപായുടെ ചെലവും കാണുന്നുണ്ട്. ഈ വില്ലേജ് കമ്മിററീസ് എന്നു പറയുന്നതു് എന്താണെന്നും അതു് കാൺസ്റ്റിററ്യൂട്ട് ചെയ്തിട്ടുള്ളതിൻെറ രീതി എന്താണെന്നും ഒന്നു രണ്ടു തവണ ഈ നിയമസഭയിൽതന്നെയുണ്ടായ ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞിട്ടുണ്ടെന്നു് തോന്നുന്നു. ഈ ൩൧൫ ആളുകളുടെ ഉദ്യോഗമെന്താണെന്നും അതു് എങ്ങനെ നടപ്പിൽ വന്നതാണെന്നും, അതു് ഏതേതു വിഭാഗങ്ങളിലാണു് നില നിൽക്കുന്നതെന്നും, തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും പഞ്ചായത്തുകൾ ഏതെല്ലാം റേഷ്യോവിലാണു് ഉള്ളതെന്നും അറിയുവാൻ ഈ സഭയിലെ അംഗങ്ങൾക്കു് കൌതുകമുണ്ടാകുമെന്നാണു് എനിക്കു് തോന്നുന്നതു്. മറെറാരു പ്രധാനപ്പെട്ട സംഗതി ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്നതു് ഈ ഡിപ്പാർട്ടുമെൻറിനോടുകൂടി പുനഃസംഘടിപ്പിച്ചിരിക്കുന്ന കോട്ടേജ് ഇൻഡസ്ട്രിസിൻെറ കാര്യമാണു്. സർ, കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിൽ മുഴുവൻതന്നെ പെരുമ്പാവൂർ, കുന്നത്തുനാട്ടു് മുതലായ സ്ഥലങ്ങളിലുള്ള പനമ്പു വ്യവസായത്തെപ്പററി പറയുകയുണ്ടായി. ആ വ്യവസായം പുനഃസംഘടിപ്പിച്ചു് പരിഷ്കരിക്കുവാനും, അതിനെ സഹായിക്കുവാനും, ഉള്ള മാർഗ്ഗങ്ങൾ ആരായണമെന്നും പറഞ്ഞപ്പോൾ അതിനേയും ഉദ്ധരിക്കാനുള്ള ശ്രമം നടത്താമെന്നു ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു പറഞ്ഞിട്ടുണ്ട്. എന്നാൽ ഇതേവരെ അതിനായി യാതൊരു നടപടിയും ഗവണ്മെൻറ് എടുത്തിട്ടില്ല. അതുപോലെ തന്നെയാണു് തഴപ്പായു് വ്യവസായത്തിൻേറയും സ്ഥിതി. ചോദ്യോത്തരവേളയിൽ അതിൻെറ ഉദ്ധാരണത്തിനുവേണ്ടി പലതും ചെയ്തിട്ടുണ്ടെന്നു് പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്, പക്ഷെ ഈ കാര്യം റൂറൽ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറ് എന്നു പറയുന്ന ഈ ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിച്ചിട്ടുള്ളതായും പ്രവർത്തിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതായും കാണുന്നില്ല. പയലററ് വില്ലേജ് സ്കീം എന്ന ഒന്നു് ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു് വിദേശ ഗവണ്മെൻറുകളുടെ സഹായവും കേന്ദ്ര ഗവണ്മെൻറിൻെറ കാൺട്രിബ്യൂഷനും ഉള്ള ഒരു സ്കീമാണു്. പയലററ് സ്കീം എന്നാൽ എന്താണെന്നു റൂറൽ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിൽപെട്ട പല ഉദ്യോഗസ്ഥന്മാരോടും ഞാൻ ചോദിച്ചു. എന്നാൽ അവർക്കുംതന്നെ അതിനെപ്പററി യാതൊരു വിവരവും ഇല്ല. റൂറൽ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽതന്നെയാണു് ഈ കാര്യം ഉള്ളതു്. എങ്കിലും അതിനെപ്പററി യാതൊരു വിവരവും ആ ഉദ്യോഗസ്ഥന്മാർക്കില്ല. അതെന്താണെന്നുള്ളതു് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇന്നു രാവിലെ ചോദ്യോത്തര വേളയിൽ ഒരു കാര്യത്തിൽ ഗവണ്മെൻറിൻെറ നയം വിശദമാക്കുന്നതിനു വേണ്ടി പബ്ലിക്ക് വർക്ക്സ് മന്ത്രി

യോടു ഞാൻ ചോദിക്കുകയുണ്ടായി. പബ്ലിക്ക് സർവീസ് കമ്മിഷൻ ഒരു നിയമനം നടത്തിയാൽ അതിൽ ഇടപ്പെടുകയില്ലെന്നുള്ളതു് ഗവണ്മെന്റിന്റെ ഒരു നയമാണെന്നു വളരെ വ്യക്തമായി ഗവണ്മെന്റു ഭാഗത്തു നിന്നു, ഡെപ്യൂട്ടി നേതാവിൽ നിന്നു, വിവരം കിട്ടുകയുണ്ടായി. പക്ഷെ അതിനു വിരുദ്ധമായി ഈ പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ, നടന്ന ഒരു കാര്യം ഇവിടെ സൂചിപ്പിക്കുവാനും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനും ഞാൻ ആഗ്രഹിക്കുന്നു. തിരഞ്ഞെടുപ്പു നടത്തുന്നതിനും മററുമുള്ള ജോലി നിർവ്വഹിക്കുന്നതിനു നാലു പഞ്ചായത്തു ഇൻസ്പെക്ടർമാരെ അത്യാവശ്യമാണെന്നു പഞ്ചായത്തു ഡയറക്ടർ ഗവണ്മെന്റിലേക്കു റിപ്പോർട്ടു ചെയ്യുകയുണ്ടായി. ഗവണ്മെന്റു നാലുപേരെ തിരഞ്ഞെടുക്കുന്നതിനു പബ്ലിക്ക് സർവീസ് കമ്മിഷനെ അറിയിക്കുകയും ചെയ്തു. പബ്ലിക്ക് സർവീസ് കമ്മിഷൻ അതിനുവേണ്ടി ൨൪ പേരെ ഇന്റർവ്യൂ നടത്തി നാലുപേരെ തിരഞ്ഞെടുത്തു. ഇന്റർവ്യൂവിനു ഡിപ്പാർട്ടുമെന്റിൽ ഉള്ളവരും അല്ലാത്തവരും ഉണ്ടായിരുന്നു. ഇതേവരെ ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഏകാഭിപ്രായക്കാരായിട്ടായിരുന്നു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ അംഗങ്ങൾ ൨൪ പേരിൽ ൪ പേരെ തിരഞ്ഞെടുത്തതു്. പ്രയോരിററിയുടെ കാര്യത്തിൽ അവർ ഏകാഭിപ്രായക്കാരായി നാലുപേരെ തിരഞ്ഞെടുത്തു. ആ നാലുപേരെ നിയമിക്കുവാൻ വേണ്ടി ഗവണ്മെന്റിലേക്കു അവർ എഴുതി അയക്കുകയും ചെയ്തു. ആ നിയമനങ്ങൾ നടന്നില്ലെന്നു മാത്രമല്ല പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ഉപദേശം അനുസരിച്ചു് അവരെ നിയമിക്കാതെ, ചില പ്രത്യേക ആളുകൾക്കു ആ ഉദ്യോഗം കൊടുക്കുവാൻവേണ്ടി, അതു ഒരു താൽക്കാലിക ഉദ്യോഗമാക്കി തൽക്കാലത്തേക്കു നാലുപേരെ ഡിപ്പാർട്ടുമെന്റിൽനിന്നു നിയമിക്കുകയും ചെയ്തിരിക്കുകയാണു്. ഏതൊ വ്യക്തിയെ ഉയർത്തുവാനാണു് പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ശുപാർശയെ ധിക്കരിച്ചുകൊണ്ടു് ഇപ്രകാരം ചെയ്തതെന്നു തെളിയിക്കുവാൻ ഞാൻ തയാറാണു്. ഏതെങ്കിലും ഒരു പ്രിൻസിപ്പിൾ ഈ കാര്യത്തിൽ ഗവണ്മെന്റു സ്വീകരിക്കണം. ഒന്നുകിൽ സീനിയോരിററി, അല്ലെങ്കിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ റക്കമെന്റേഷൻ അനുസരിച്ചു് നടത്തണം. ഇപ്പോൾ പഴയ കൊച്ചി വിഭാഗത്തുനിന്നു രണ്ടാളുകളെ പഞ്ചായത്തു ഇൻസ്പെക്ടർമാരായി തിരഞ്ഞെടുത്തിട്ടുണ്ടു്. ഇനി പഴയ കൊച്ചിയിലെ പഞ്ചായത്തു ഡിപ്പാർട്ടുമെന്റിൽ ഏററവും സീനിയരായിട്ടുള്ളതു് ഒരു മിസ്റ്റർ വേലായുധനാണു്. ഒരു പ്രത്യേക ഇൻസ്റ്റൻസ് മാത്രം സൂചിപ്പിക്കുകയാണു്. സീനിയോരിട്ടി അനുസരിച്ചു് തിരഞ്ഞെടുക്കുകയാണെങ്കിൽ തിരഞ്ഞെടുക്കേണ്ടതു് മി: വേലായുധനെയാണു്. പക്ഷെ ഒരു മി: മേനോനു ഉദ്യോഗം കൊടുക്കണം. അതിനു എന്തുവേണം എന്നാലോചിച്ചു. അതിനു ഒന്നുകിൽ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ഉപദേശം ധിക്കരിക്കണം. അല്ലെങ്കിൽ വേലായുധന്റെ നിയമനം അവഗണിക്കണം. അതുകൊണ്ടു നിയമനങ്ങൾ തൽക്കാലത്തേക്കാക്കി വേണ്ടപ്പെട്ടവരെ തൽസ്ഥാനത്തു നിയമിച്ചു. തൽക്കാല നിയമനം എന്നു വെച്ചാൽ അതിന്റെ അർത്ഥം എന്താണു് എന്നു് നമുക്കറിയാം. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഗവണ്മെന്റിലേയ്ക്കു് നാലുപേരെ തെരഞ്ഞെടുത്തയച്ചതിനുശേഷം അതിൽ കൈ ഇടുവാൻ ഗവണ്മെന്റിനു് എന്തുകാര്യമാണു്?

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

പബ്ലിക്ക്സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിൽ ഗവണ്മെന്റ കൈ ഇടുന്നതു് ഉത്തമമല്ല എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ വിവരങ്ങളും വെളിപ്പെടുത്തണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഇനി ഒരു കാര്യം എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് വർക്ക്സ് ആന്റ് കാൺട്രിബ്യൂഷൻ എന്നുള്ള ഇനത്തിൽ ൧൯൫൧-൫൨-ൽ ചെലവാക്കിയിരുന്ന സംഖ്യയെക്കാളും കുറവാണു് ൧൯൫൨-൫൩-ലെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ കാണുന്നതു്. അതിലും കുറവാണു് ഇപ്പോഴും. ഈ തുക കുറവു വരുത്തുവാൻ കാരണമെന്താണു്? റൂറൽ ഏരിയാസ് മുഴുവൻ ഉദ്ധരിക്കപ്പെട്ടുകഴിഞ്ഞുവെന്നോ നാട്ടിൽ ആവശ്യമായ കമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങളും നടത്തിക്കഴിഞ്ഞുവെന്നോ എന്താണു് ഈ കുറവിനു് കാരണം? റൂറൽ ഡെവലപ്പ്മെന്റ എന്നു പറയുന്നതു് ഏതവസരത്തിലും അടിയന്തിരമായി ശ്രദ്ധിക്കേണ്ട ഒരു വിഷയമാണു്. ഗ്രാമപ്രദേശങ്ങളിലെ കമ്മ്യൂണിക്കേഷൻ കാര്യം ശരിയാക്കുന്നതിനുള്ള അധികാരം മുമ്പു് അതാതു് പഞ്ചായത്തു് യൂണിയനു് കൊടുത്തിരുന്നു. അങ്ങനെ ഒന്നും നടത്താതെ വർക്ക്സ് ആന്റ കമ്മ്യൂണിക്കേഷനുള്ള ചെലവു മാത്രം കുറയ്ക്കാനുള്ള കാരണം എന്താണു്?

ഒന്നുകൂടി ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തുന്നു. ഈ ഡിപ്പാർട്ടുമെന്റിൽ വില്ലേജ്കമ്മിറ്റി എന്നഹെഡിൽ ൩൭൫ പേർ ഉണ്ടു്. അവർ എല്ലാം എവിടെയാണു് ജോലി ചെയ്യുന്നതു്. എന്താണു് അവരുടെ ജോലി. ഒട്ടാകെ ൫ ലക്ഷം രൂപാ ചെലവാക്കുന്നതിനു് ൩൭൫ പേരുടെ എസ്റ്റാബ്ളിഷ്മെന്റ ചാർജ്ജ് കുറയ്ക്കുവാൻ നോക്കേണ്ടതായിരുന്നുവെന്നും ൪ ഇൻസ്പെക്ടറന്മാരുടെ നിയമനകാര്യത്തിൽ എന്തുകൊണ്ടു് ഗവണ്മെന്റ അനധികൃതമായി പ്രവേശിച്ചു എന്നും ഉള്ളതിനു് ഒരു വിശദീകരണം തരുമെന്നു ഞാൻ വിചാരിക്കുന്നു.

Shri P. S. Nataraja Pillai : I move to reduce the allotment of Rs. 23,29,000 under Demand XXII—Rural Development—by Re. 1.

I need hardly say that the prosperity of the country will, more or less, depend upon rural development in a country like ours. There can be no difference of opinion on this. Members on all sides of the House and people from all quarters of the country believe that the prosperity of the State can be assured only if we bring about rural development on an efficient basis.

Sir, for that purpose we have enacted also the Village Panchayat Act, giving wide powers to the Village Panchayats. These Panchayats are to be elected on the basis of adult franchise. And they have the responsibility of looking after the development of the rural areas. Their sphere of activities is very wide. We have to view this budget in the context of the Panchayat Act and the present proposal to constitute Panchayats in several parts of the country. If I remember right, there are to be 550 Panchayats in the whole State,

And they will begin to function by May or June. Elections are expected to be over by April and May or before the second half of this year. And then they will begin to function immediately. Today we have now nearly a 100 Panchayats in the Cochin area, and 195 Village Unions or Village Uplift Centres in the Travancore Area. Thus we have only 295 local bodies or organisations that are functioning today. But in the course of the next six months all the newly proposed bodies will begin to function. We are providing for the functioning of these bodies now. Somehow or other there has been a reduction under this head for the last two or three years. We remember the way in which rural development activities were started and carried on both in Travancore and Cochin. In Travancore it came under the Village Panchayat scheme when rural areas were taken up and contributions were made from the State direct. Nearly Rs. 30,000 were contributed on an average to each village uplift centre. Sometimes the amount exceeded according to the needs of the local area. I know of Village Panchayat centres which have spent forty or fifty thousand rupees, in the Travancore area. Onamthuruth and Mannar are examples. They have spent nearly a lakh of rupees. P.W.D. Officers were working under the Department. Even before we started the Village Panchayats more Village Panchayats were in existence in the Cochin area. They have started the work in the villages by opening new roads and other original works and the maintenance is done by the State funds. In the Travancore area, the Panchayats do the work themselves. In the Cochin area there are 1,300 miles of Panchayat roads. The maintenance is being done under the Panchayat Budget. Even now, for this year the maintenance of the village roads in the Cochin area will have to be done from the budget provided under Demand XXII. There will be difficulty so far as the Travancore area is concerned. In Travancore contribution to Panchayats are made on two basis. An amount equal to the amount that the Panchayat is able to collect is given as contribution. Then there is the special grant. This is the system that has been in vogue for the last two years. For 1950-51 Government granted a special grant on the basis of two annas per head of the population in the Village Panchayat area. The total amount is equally divided between the Village Unions and Village Panchayats. The Central Budget is being utilised for maintenance in Cochin area. But this year for the maintenance of the Travancore area the Central Budget does not provide any amount and the conditions will become very difficult next year. Under the Budget the amount provides is only 15 lakhs of rupees. 10 lakhs of rupees is set apart a contribution to the Village Panchayats. Under this head the amount sanctioned is only so much. Rs. 5 lakhs is set apart for elections.

[Shri P. S. Nataraja Pillai.]

Contributions will come to Rs. 2 lakhs. An equal amount will be the special grant. If you look into the Administration Report for 1950-51, under contribution the amount for 137 Village Unions is Rs. 1,01,854. In Appendix V contributions to Village Unions and Panchayats as special grants comes to Rs. 3,17,000 both together 4 lakhs and odd. For this year, for double the number of Panchayats the amount provided is the same four lakhs. What kind of estimate is this ? I am not in a position to understand. Sir, during 1950-51 when we had only 295 Panchayats both the contributions and special grants came nearly to four lakhs of rupees. This year we are anticipating double the number of Panchayats. But the amount provided is the same. Does it mean that this Government does not want the Panchayats to function. Or are they going to reduce the contribution to a lesser amount ? I honestly doubt why they put this figure.

Shri A. Eachara Menon : Will not the Panchayats also increase when the population increases ?

Shri P. S. Nataraja Pillai : I do not know whether the number will increase in the Cochin area. In Travancore it is increasing. We are bringing in nearly 85 lakhs of people under these Panchayats.

Sir, under Works there is a provision for a lakh of rupees for expenditure on the Cochin Panchayats, because it is a fixed charge. They have a duty and they have been attending to the repairs and renovation of tanks, summer bunds and so on. They are utilising this fund for the above purpose. The amount provided in this year's budget for Rs. one lakh is for works in Cochin. Where is the amount for the Travancore area ? I do not grudge over this allotment for Cochin. They started Panchayats early and they have the right to get all the benefits they were enjoying. At the same time other parts cannot be deprived of any benefit. It cannot be the policy of administration of the Travancore-Cochin State.

Take the case of communications. Cochin has 1,526 miles of road and they have been maintained by Panchayat funds. If I am correct, they have to spend Rs. 200 per mile for maintenance. The amount provided is only two lakhs of rupees.

The Cochin Panchayats have the reputation of maintaining the very best roads possible in the villages. Why should that be neglect? After providing even this Rs. 2 lakhs, it will be found that it will not be sufficient for maintaining the roads in the Cochin area, and there is no amount for any road work in the Travancore area. Did

the officers or the authorities or the Government themselves go into the details of this when they put the provision in the budget?

Take the water-supply scheme. The provision is for Rs. 1 lakh. My friend Mr. Ayyappan was speaking the other day about the difficulties of drinking water. If there is any problem in Travancore which really affects the people, it is drinking water in the coastal areas of the country. You are creating village panchayats with all the responsibility and all the rights. But what is the amount provided? A lakh of rupees. If you look into it carefully, we find that for the Vypeen water-supply scheme, the Panchayat Department has to pay Rs. 50,000 from this account. Yearly, that is being done. What is the balance you have got? You have got Rs. 50,000. Will it be sufficient for the needs of the rest of the area? Not only that. Cochin area, has been maintaining water-sheds, for supplying water to people who go through the villages during summer months. You have to give a grant for that work. If these things are met from this amount, where is the amount for any water-supply scheme—any new scheme, say, for sinking wells, to renovate old wells, or at least to put up some kind of slipshod arrangement to get water, say, even from a ditch? Not a pie. Is it seriously being considered and contended by the Government that they are providing amounts in the Budget to meet the rural amenities?

Then, Sir, under the item "Public Works", there is no amount provided—not a single pie. My hon. Friend, the Minister for Local Self Government, has solemnly moved for a grant of Rs. 23 lakhs and odd, requesting the House to sanction this amount to meet the rural development expenses of Travancore-Cochin. Is he serious? There are other difficulties also. I seriously draw the attention of the Government to some other factors which arise out of this. Under the Panchayats Act we have passed and under the rules which the Government have published, Rule 153—the limit of sanction for works is only Rs. 200 for Panchayats. For any higher amount than this Rs. 200, you have to go to Government. You have got 550 Panchayats, and for any work which exceeds this amount, even Rs. 201, you have to go to Government. When the Government will sanction the scheme and when it will be received, and when it will be implemented, God knows. If I serve in a village panchayat I cannot expect any work being done—even the recommendation would not be sanctioned by Government—in my life time! It will take such a long time to get things going. In the Travancore area, in the former days, we had power up to Rs. 10,000. For the execution of a work when the estimates were prepared, then under the rules prevalent here, they have to be examined by the Executive Engineer, before it is finalised. For the final measurement, if the

[Shri P. S. Nataraja Pillai]

scheme exceeds Rs. 10,000, it had to be check-measured by the Executive Engineer, and then the payment was made. The present provisions are inadequate and defective. What we want is, work must be done. What I feel is, from the way in which rules are being made, from the way in which funds are being provided, I am forced against my will to come to the definite conclusion that our Government is not very keen—I do not say—honest—is not very keen in doing uplift and development work in the rural areas and giving the people adequate facilities. I hope, Sir, the Government will revise their Budget and I would request them to come with at least a supplementary grant for rural development as early as possible.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, റൂറൽ ഡവലപ്പ്മെൻറ് ഡിപ്പാർട്ടുമെൻറിൻെറ ഈ ബഡ്ജററിനെപ്പററി ഇവിടെ പല മെംബറന്മാരും പല വിമർശനങ്ങളും നടത്തി. അതിൽ പ്രധാനമായത്, കഴിഞ്ഞ കൊല്ലങ്ങളിലെക്കാളും കുറഞ്ഞ തുകയാണ് ഇക്കൊല്ലത്തിൽ ഇതിനുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതെന്നാണ്. ഞാനും ഈ അഭിപ്രായത്തോടുകൂടി യോജിക്കുകയും, അതിനെപ്പററി സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നും വിചാരിക്കുകയാണ്.

ഇതിനും പുറമെ മറെറാരു കാര്യം ഗവൺമെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ളത് ഓരോ കൊല്ലത്തിലും അനുവദിക്കുന്ന തുകകൾ തന്നെ അതാതുകൊല്ലങ്ങളിൽ ചെലവാക്കുന്നില്ലാ എന്നുള്ളതിനെപ്പററിയാണ്. ൲൱൨൰൭–൨൰൮-ൽ റൂറൽ ഡിപ്പാർട്ടുമെൻറിലെ വാട്ടർവർക്ക്സിനു, ഇറിഗേഷൻ മുതലായ ഇനങ്ങൾക്ക ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടായിരുന്ന സംഖ്യ മുഴുവൻ ചെലവു ചെയ്തിട്ടില്ലാ എന്നുകാണാം. ൲൱൨൰൭–൨൰൮-ലേക്ക ഇറിഗേഷൻ വകയ്ക്കു ബഡ്ജററ എസ്റ്റിമേററിൽ രണ്ടു ലക്ഷത്തിപതിനായിരം രൂപ കൊള്ളിച്ചിട്ടുണ്ടായിരുന്നതു് റിവൈസ്ഡ് എസ്റ്റിമേററിൽ പതിനായിരം രൂപ മാത്രമെ കാണുന്നുള്ളു. അതുപോലെതന്നെ ൲൱൨൰൬–൨൰൭-ലും ബഡ്ജററ ചെയ്തിട്ടുള്ളതിൽ നിന്നും ഒരു ലക്ഷത്തിൽ ചില്വാനം രൂപ കുറവായിട്ടാണ് റിവൈസ്ഡ് എസ്റ്റിമേററിൽ കാണുന്നതു്. ഈ വിവരങ്ങൾ ബഡ്ജററ് എസ്റ്റിമേററിൻെറ ൨൱൯-ാം പേജിൽ നോക്കിയാൽ അറിയാം. ഇതിനുള്ള കാരണം എന്താണ്? ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന സംഖ്യ മുഴുവനും ചെലവു ചെയ്യാതെ 'ലാപ്സാക്കി ഇടുകയാണു ചെയ്തിട്ടുള്ളതു്. ഇപ്രകാരം തുടർന്നുകൊണ്ടുപോകുന്നതു ഗവൺമെൻറിനു അഭിമാനകരമല്ല, മാത്രവുമല്ല പഞ്ചായത്തുകളുടെ വികസനങ്ങൾക്ക സൗകര്യവും അല്ല.

മറെറാരുകാര്യം എനിക്കു പറയുവാനുള്ളതു്, കൊച്ചി വിഭാഗത്തുള്ള പഞ്ചായത്തുകളുടെ സംഗതിയെപ്പററിയാണ്. സംയോജനത്തിനുമുൻപ് അവിടത്തെ പഞ്ചായത്തുകളുടെ സ്ഥിതി വളരെ ഭംഗിയായിരുന്നു. അതിനുശേഷം അവിടത്തെ പഞ്ചായത്തുകളുടെ സ്ഥിതി നന്നാക്കുന്നതിനായി യാതൊന്നും ചെയ്തിട്ടില്ലാ എന്നു ഈ ബഡ്ജററ് നോക്കിയാൽ കാണാം.

പിന്നീട് എനിക്കു സൂചിപ്പിക്കുവാനുള്ളതു്, റൂറൽ ഡവലപ്പ്മെൻറ ഡിപ്പാർട്ടുമെൻറിൽപ്പെട്ട റോഡുകളുടെ കാര്യമാണു്. സാധാരണയായി കുംഭം, മീനം മാസങ്ങളിലാണു് ഇവിടെ റോഡുകൾ നന്നാക്കുന്നതു്. ഗവണ്മെൻറു് ജോലികൾ ചെയ്യുന്നതിനുള്ള ആർഡർ കൊടുക്കുന്നതും വളരെ താമസിച്ചാണു്. കുംഭം മീനം മാസങ്ങളിൽ, മഴയില്ലാത്ത സമയത്തു്, കുറെ മണ്ണുവെട്ടി റോഡുകളിൽ അവിടവിടെയിടും, മഴ പെയ്യുന്ന അവസരത്തിൽ റോഡു മുഴവൻ വെള്ളവും ചെളിയുംകെട്ടും. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് റോഡുകൾ നന്നാകുന്നില്ലെന്നു മാത്രമല്ല, ചുററുപാടുമുള്ള ആളുകൾക്കു താമസിക്കാനും, ഗതാഗതത്തിനും വലിയ വിഷമവും ഉണ്ടാകും. ഇങ്ങനെ ആളുകളെ ബുദ്ധിമുട്ടിക്കുന്ന ഒരു സംപ്രദായമാണു് ഇവിടെ ഇപ്പോൾ നടന്നുവരുന്നതു്. ഈ കാര്യത്തിൽ വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇറിഗേഷൻ വാട്ടർസപ്ലൈ മുതലായ ഇനങ്ങൾക്കു അനുവദിക്കുന്ന സംഖ്യകൾ അതാതുകൊല്ലങ്ങളിൽതന്നെ ചെലവുചെയ്യണം. ബണ്ടുകൾ നന്നാക്കുന്ന കാര്യങ്ങൾക്കു വലിയ സംഖ്യകൾ ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ബണ്ടു കെട്ടുന്നതിലേക്കായുള്ള പണികൾ അതാതിനു വേണ്ട സന്ദർഭങ്ങളിൽ ചെയ്യുന്ന കാര്യത്തിൽ ഡിപ്പാർട്ടുമെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. തുലാമാസത്തിലും മററും മഴ പെയ്തു വെള്ളം മുഴവനും ഒലിച്ചുപോയതിനുശേഷമാണു് ബണ്ടു ഇടുന്ന കാര്യം ഡിപ്പാർട്ടുമെൻറിൽനിന്നും ഓർമ്മിക്കുന്നതു്. വെള്ളം മുഴുവനും ഒലിച്ചുപോയി കഴിഞ്ഞശേഷം ബണ്ടുകൾ കെട്ടുന്നതുകൊണ്ടു യാതൊരു വിശേഷവുമില്ല.

ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ള സംഖ്യകളുടെ പകുതിമാത്രം ചെലവു ചെയ്യുകയും, വേണ്ട സമയത്തു പണികൾ നടത്താതിരിക്കുകയും ചെയ്യുന്നതുകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം കിട്ടുന്നില്ല. അതിനാൽ ഈ വക കാര്യങ്ങളിൽ ഡിപ്പാർട്ടുമെൻറും ഗവണ്മെൻറും പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സർ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഏററവും അവികസിതമായ ഗ്രാമങ്ങളുൾക്കൊള്ളുന്ന ഒരു താലൂക്കായ നെടുമങ്ങാടിനെ പ്രതിനിധീകരിക്കുന്ന എനിക്കു് റൂറൽ ഡവലപ്പ്മെൻറിൻെറ പ്രവർത്തനത്തെപ്പററി വളരെയധികം പ്രതിപാദിക്കാനുണ്ടു്.

ഒന്നാമതായി എനിക്കു പറയാനുള്ളതു്, ഡിപ്പാർട്ടുമെൻറിലെ ഡയറക്ഷൻ എന്ന ഇനത്തെപ്പററിയാണു്. തിരുവിതാംകൂർ കൊച്ചി സംസ്ഥാനമൊട്ടാകെയുള്ള ൫൫൦-ഓളം പഞ്ചായത്തുകളുടെ തെരഞ്ഞെടുപ്പു നടത്താൻ നിശ്ചയിച്ചിരിക്കുന്ന സന്ദർഭമാണല്ലൊ ഇതു്. തെരഞ്ഞെടുപ്പു കഴിയുമ്പോൾ ഡിപ്പാർട്ടുമെൻറ വളരെ വിപുലമാകുകയും, പഞ്ചായത്തുകളുടെ ഭരണം കാര്യക്ഷമമായി നടത്താൻ ഈ ഡിപ്പാർട്ടുമെൻറ വളരെയധികം പ്രവർത്തിക്കേണ്ടതായിവരികയും ചെയ്യുന്നതാണു്. പക്ഷെ, ഈ ഡിപ്പാർട്ടുമെൻറിനു് അടുത്തകാലത്തെങ്ങും ഒരു പ്രാധാന്യവും ഉണ്ടാകാൻപോകുന്നില്ലെന്നുള്ള ധ്വനിയാണു് ഈ ബഡ്ജററിൽനിന്നും കേൾക്കുന്നതു്. അതിനാൽ എനിക്കു പ്രധാനമായി അനുസ്മരിപ്പിക്കുവാനുള്ളതു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെ ഒരു മേജർ ഡിപ്പാർട്ടു

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

മെൻറായി ഉയർത്തണമെന്നാണ്. സകല മുനിസിപ്പാലിററികളും, കോർപ്പറേഷനും, എല്ലാ പഞ്ചായത്തുകളും ഈ ഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ വരത്തക്കവിധം ഇതിനെ പുനഃസംഘടിപ്പിക്കുകയും വേണം.

മറെറാരുകാര്യം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ട്. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിന് മുൻപ് തിരുവിതാംകൂർ വിഭാഗത്തിലെ പഞ്ചായത്തു ഡയറക്ടരാഫീസു മാനേജരുടെ ശമ്പളം ൧൨൫-൧൭൫ ക. യായിരുന്നു. അതേ സമയം കൊച്ചിയിലേതു ൧൫൦-൨൦൦ ക. യായിരുന്നു. എന്നാൽ സംയോജനത്തിനുശേഷം ഡിപ്പാർട്ടുമെൻറു പുനഃസംഘടിപ്പിച്ചപ്പോൾ മാനേജരുടെശമ്പളം ൧൨൫-൧൫൦ ക. എന്നാക്കി താഴ്ത്തുകയാണുണ്ടായത്. ഇതേ അവസരത്തിൽ സെക്രട്ടറിയേററിൽ, ൧൫൦-൨൦൦ ക. സ്കെയിലുള്ളവർക്കു ൧൭൫-൨൨൫ എന്ന സ്കെയിൽ നൽകുകയുമുണ്ടായി. വെറും ന്യായത്തിൻെറ പേരിൽ പഞ്ചായത്തു മനേജർക്കും ഈ സ്കെയിൽ കൊടുക്കേണ്ടതാണെന്നാണ് എൻെറ അഭിപ്രായം.

സംയോജനത്തിനുമുൻപു കൊച്ചിയിൽ, ഈ ഡിപ്പാർട്ടുമെൻറിൽ ൧൫൦-൨൦൦ സ്കെയിലിൽ രണ്ടു സൂപ്പർവൈസർമാരുണ്ടായിരുന്നു. ൫൦൦ രൂപാവരെയുള്ള വർക്കുകളും റോഡു മെയിൻറനൻസും ചെക്കുമെഷർ ചെയ്യുന്നതിൽ പഞ്ചായത്തു അസിസ്റ്റൻറു എൻജിനീയരെ സഹായിക്കുകയെന്നതായിരുന്നു ഇവരുടെ ജോലി. സംയോജനത്തിനുശേഷം ഈ രണ്ടു തസ്തികയും നിറുത്തലാക്കിയതിൻെറ ഫലമായി എത്രയൊ വർക്കുകൾ ചെക്കുമെഷർചെയ്യാതെ ശേഷിച്ചിരിക്കുന്നു. അസിസ്റ്റൻറുഎൻജിനിയർക്കു മാത്രം തിരുവിതാംകൂർ-കൊച്ചിയാകെയുള്ള വർക്കുകൾ മുഴുവൻ തക്ക സമയത്തു ചെക്കുമെഷർ ചെയ്യുക എന്നതു സാദ്ധ്യമല്ലതന്നെ. വ്യയലഘൂകരണത്തിൻെറപേരിൽ ഇത്തരം ഭേദഗതികൾ വരുത്തിവയ്ക്കുന്നതു എത്രയും പ്രതിഷേധാർഹമാണ്. കൂടാതെ ജോലിതീർന്നു അനേകം നാളുകൾ കഴിഞ്ഞാൽപോലും ഈ വക ആഫീസുവർക്കിൻെറ കാലതാമസംകൊണ്ടു കൺട്രാക്ടറന്മാർക്ക് സമയത്തിന് പണം ലഭിക്കാതെ വരുന്നു. അങ്ങനെ വലിയ കൺട്രാക്ടറന്മാരെല്ലാതുള്ള ചെറിയ ചെറിയ കൺട്രാക്ടറന്മാർക്കു ജോലി നടത്തിക്കുവാൻ നിവൃത്തിയില്ലാതായിത്തീരുന്നു. ഈ ദൂഷ്യം പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തു കീഴ്ജീവനക്കാരായ ൬൦ ഓളം ക്ലീനർമാരുടെ കാര്യവും ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. ഇവർക്കു രണ്ടു രൂപ ശമ്പളവും ൨ രൂപ ഡിയർനസ് അലവൻസുമായിരുന്നു കൊടുത്തു വന്നിരുന്നതു്. എന്നാൽ ഡിയർനസ് അലവൻസ് ഏഴര രൂപയായി വർദ്ധിപ്പിച്ചപ്പോൾ ഈ ൬൦ ആളുകളെയും പിരിച്ചു വിടുകയാണുണ്ടായതു്. ഇതാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ വ്യയലഘൂകരണത്തിൻെറ മഹനീയമാതൃക.

അതുപോലെ മറെറാരുകാര്യം അസിസ്റ്റൻറ് എഞ്ചിനീയർമാർക്ക് ൨൨൫ മുതൽ ൩൭൫ വരെ ശമ്പളമാണ് നിശ്ചയിച്ചിരിക്കുന്നതു്.

തുല്യജോലിക്ക തുല്യശമ്പളമെന്ന തത്വം പാടെ അവഗണിച്ചുകൊണ്ടാണ് പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലേയും പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിലേയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നിശ്ചയിച്ചിരിക്കുന്നതു്. പി. ഡബ്ലിയു. ഡി. അസിസ്റ്റൻറ് എഞ്ചിനീയർക്ക് ൩൫൦–൪൫൦ എന്ന സ്കെയിലിൽ കൊടുക്കുമ്പോൾ പഞ്ചായത്തു് അസിസ്റ്റൻറ് എഞ്ചിനീയർക്ക് ഈ ഡിപ്പാർട്ടുമെൻറിനാകെക്കൂടിയുള്ള ഒരു അസിസ്റ്റൻറ് എഞ്ചിനീയർക്ക് ൨൨൫-൨൭൫ എന്ന സ്കെയിൽ മാത്രമാണ്. അതുപോലെതന്നെ പി. ഡബ്ലിയു. ഡി. സൂപ്പർവൈസർക്ക് ൧൨൫-൨൨൫ സ്കെയിൽ കൊടുക്കുമ്പോൾ പഞ്ചായത്തു് ഓവർസിയർക്ക് ൭൦-൧൨൦ എന്ന സ്കെയിൽ മാത്രമാണ് കൊടുക്കുന്നതു്.

സർ, കൊച്ചിയിൽ സംയോജനത്തിനു മുമ്പ് പി. ഡബ്ലിയു. ഡി. ഓവർസിയറും പഞ്ചായത്തു ഓവർസിയറുംതമ്മിൽ സ്കെയിലിൽ വ്യത്യാസമുണ്ടായിരുന്നില്ല. എന്തോകാരണവശാൽ പി. ഡബ്ലിയു. ഡി.യിൽ ഓവർസിയർ എന്ന ഡെസിഗ്നേഷൻ സൂപ്പർവൈസർ എന്നായി മാററി എന്നു മാത്രം. എന്നാൽ അവരുടെ ശമ്പളത്തിൽ ഇത്ര വലിയ അന്തരത്തിനു് യാതൊരടിസ്ഥാനവുമില്ല. അതുപോലെതന്നെ വർക്ക്സൂപ്രണ്ടന്മാർക്ക് പി. ഡബ്ലിയു. ഡി.യിൽ ൩൦-൬൦ സ്കെയിലിൽ കൊടുക്കുമ്പോൾ പഞ്ചായത്തിൽകൊടുക്കുന്നതു് ൨൫-൪൦ സ്കെയിൽമാത്രമാണ്. ഈ വൈപരീത്യം ഉടനെ നിറുത്തിയാൽമാത്രമേ ഈ ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം ഫലപ്രദമാകയുള്ളു.

ഇനി എനിക്കു മറെറാരു സംഗതി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളതു് ഈ പഞ്ചായത്തുഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം മൂലം ഗ്രാമങ്ങൾക്കു് എന്തെല്ലാം നേട്ടങ്ങളുണ്ട് ഇതുവരെ ഉണ്ടായിട്ടുള്ളതെന്നു എടുത്തു കാട്ടുകയാണ്. അതിനുദാഹരണമായി ഞാൻ പറയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെകൂടി നാടായ നമ്മുടെ താലൂക്കിനെ തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഏററവും അധഃപതിച്ച താലൂക്കായ നെടുമങ്ങാട്ട് പഞ്ചായത്തിനെയാണ് എനിക്കു എടുത്തു കാട്ടാനുള്ളതു്. ൧൦൭൩-ാമാണ്ടാണ് നെടുമങ്ങാട്ടുപഞ്ചായത്താരംഭിച്ചതു്. എന്നാൽ ഇത്രയും കാലമായി അവിടെ പഞ്ചായത്തു്പ്രവർത്തനംകൊണ്ടു് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല.

<u>ശ്രീ. ജി. ചന്ദ്രശേഖരപിള്ള :</u> നെടുമങ്ങാട്ടുതാലൂക്കു് സാമ്പത്തികമായി അഭിവൃദ്ധിപ്പെട്ടിട്ടില്ലേ ?

<u>ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ :</u> അഭിവൃദ്ധിപ്പെട്ടേനെ. അതിനൊരു സർക്കാരുണ്ടായിരുന്നെങ്കിൽ, അതായതു് കർഷകനുവേണ്ടി ഭരിക്കുന്ന ഒരു ജനകീയസർക്കാരുണ്ടായിരുന്നെങ്കിൽ. നെടുമങ്ങാട്ട് ൧൦൭൩-ൽ പഞ്ചായത്തുണ്ടായി എങ്കിലും അവിടെ നേടിയിട്ടുള്ള നേട്ടങ്ങൾ നോക്കുക. ഗവണ്മെൻറിന്റെ വകയായി ബസ്സ്സ്റ്റാൻറുണ്ട്. മററു പല പൊതുസ്ഥാപനങ്ങളുമുണ്ട്. ആറായിരം പേർ വന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ ഇതുവരെ അവിടെ എങ്ങുംതന്നെ ഒരു പബ്ലിക്ക് ലട്രീൻ ഇല്ല. സർ, ഫ്ളഷ്ഔട്ട് ലട്രീൻ എന്നൊരു സംഗതി എന്താണെന്നു അവർ കണ്ടിട്ടില്ല. അതേ പോലെതന്നെ കയ്യാല മറച്ചുകെട്ടിയോ

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

അതുമല്ലെങ്കിൽ ഓല കുത്തിമറച്ച മലമൂത്രവിസർജ്ജനഷെഡ്ഡുകളെങ്കിലും വേണ്ട സ്ഥലങ്ങളിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതാവശ്യമല്ലേ? നെടുമങ്ങാട്ടുപഞ്ചായത്തിൽനിന്നു് ഇതൊന്നുംതന്നെ ഇതുവരെ ചെയ്തിട്ടില്ലായെന്നുള്ളതാണു് ഏററവും പരിതാപകരം.

മറെറാരു പ്രധാന കാര്യം ഞാൻ പറയാം. അവിടെ ജീവിക്കുവാനുള്ള അസൗകര്യം ഇങ്ങനെയാണെങ്കിൽ മരണശേഷവും കഷ്ടപ്പാടുകളിൽനിന്നും ഒഴിവു നൽകുകയില്ല. നെടുമങ്ങാട്ട് കല്ലംപാറ എന്നൊരു സ്ഥലത്തു് ഒരു പൊതുശ്മശാനസ്ഥലമുണ്ടായിരുന്നു. അവിടെ ശവശരീരങ്ങൾ കുഴിച്ചിടുന്നതിനു സൗകര്യം പണ്ടുണ്ടായിരുന്നു. അതിൽനിന്നും ചില പ്രത്യേക വിഭാഗക്കാർ അതായതു് ബ്രാഹ്മണർ, കുറെ ഭാഗം മതിൽകെട്ടി വളച്ചു് അവരുടെ സംസ്കാരംമാത്രം അവർ നടത്തുന്നു. അതുപോലെതന്നെ വെള്ളാളസമുദായക്കാരും ഒരു ഭാഗം കെട്ടി അടച്ചു് അവരുടെ ശ്മശാനമായി ഉപയോഗിക്കുന്നു. ഈ രണ്ടു സമുദായങ്ങളുടെ ആവശ്യത്തിനു സ്ഥലം എടുത്തുകൊണ്ടു് മററു സമുദായക്കാർക്കു് അവിടെ ശവം അടക്കാൻപാടില്ലാതെ ആയെങ്കിലും അതിനടുത്തു ചേർന്നുകിടന്ന പുറമ്പോക്കുസ്ഥലത്തു് അവർ ശവം സംസ്കരിച്ചുപോന്നിരുന്നു. ഇതിനെ സംബന്ധിച്ചുമാത്രം സാനിട്ടറിക്കാർ പ്രതിഷേധിച്ചു. പട്ടണത്തിനകത്തു അങ്ങനെ പാവപ്പെട്ടവർ ശ്മശാനം തുടർന്നുകൊണ്ടുപോയാൽ ജനങ്ങളുടെ ആരോഗ്യത്തിനു ഹാനികരമാണുപോലും. അതുകൊണ്ടു് മറെറാരു സ്ഥലത്തേയ്ക്കു് ബ്രാഹ്മണവെള്ളാളേതരന്മാരുടെ ശ്മശാനംമാത്രം മാററുകയുണ്ടായി. കഴിഞ്ഞ ൨൦, ൨൨ കൊല്ലമായി സ്ഥിരമായി കൈവശംവച്ചു താമസിച്ചുവരുന്ന മൂന്നുനാലുപേരുടെ കുടികിടപ്പുസ്ഥലം പൊതുശ്മശാനമായി അങ്ങനെ പ്രഖ്യാപനം ചെയ്തു. രഹസ്യമായി അതിനുശേഷം അവിടത്തെ ഉദ്യോഗസ്ഥന്മാർ നിക്ഷിപ്തതാല്പര്യത്തിന്റെപേരിൽ പോലീസ് അകമ്പടിയോടുകൂടി പ്രഖ്യാപിതശ്മശാനസ്ഥലത്തു് ശവം മറവു ചെയ്യാൻ ശ്രമിച്ചു. അവിടത്തെ താമസക്കാരെ ഒഴിപ്പിക്കാതെ താമസക്കാരായ ആളുകളുടെ മരച്ചീനിക്കൃഷി പറിച്ചുകളഞ്ഞു് രണ്ടു ശവം അവിടെ കുഴിച്ചുമൂടി. ശ്മശാനത്തിനു കുഴി എടുക്കാനോ മണ്ണു കുഴിച്ചെടുക്കാനോ നിവൃത്തിയില്ല. വെറും പാറക്കെട്ടായതിനാൽ അടുത്തൊരു സ്ഥലത്തുനിന്നു് കുട്ടയിൽ മണ്ണു ചുമന്നുകൊണ്ടുവന്നു് ശവം നിക്ഷേപിച്ചു മുകളിൽ മണ്ണു കൂട്ടിയിടുകയാണു ചെയ്തതു്. അതും താമസക്കാരുടെ വീട്ടുമുററത്തു്.

ശ്രീ. ഓ. സി. നൈനാൻ: ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണു്?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഭവനരഹിതർക്കു ഭവനം കെട്ടിക്കൊടുക്കുന്നതു ഗവണ്മെന്റുതന്നെയാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവിടത്തെ പള്ളികളിൽ ശ്മശാനമില്ലേ?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: പള്ളികളിൽ പോകുന്ന ആളുകളെ അല്ലാതെ മററാളുകളെ കത്തോലിക്കാ പള്ളിയിൽ കൊണ്ടു

പോയി അടക്കംചെയ്യാൻ സാധിക്കുകയില്ലെന്നു മെംബർക്കുതന്നെ നല്ലപോലെ അറിയാമല്ലോ.

അങ്ങനെ രണ്ടു വിഭാഗക്കാർ ആ പഴയ ശ്മശാനത്തെ മതിൽകെട്ടി അടച്ച് അവരുടെ ശ്മശാനമാക്കിയിരിക്കുകയാണ്. മററു വിഭാഗത്തിലുള്ളവർക്കുമാത്രം അതോടനുബന്ധിച്ചു കിടക്കുന്നിടത്തു അതുപോലെ പാടില്ലാതാണ് വരുത്തിയിരിക്കുന്നതു്. ബ്രാഹ്മണരെ ദഹിപ്പിച്ചാൽ ആരോഗ്യത്തിനു കേടില്ല. വെള്ളാളശവവും അവിടെ ദഹിപ്പിക്കാം. ആരോഗ്യം അതനുവദിക്കും. എന്നാൽ പാവപ്പെട്ടവരെ ദഹിപ്പിച്ചാൽ ആരോഗ്യത്തിനു ഹാനികരമാണ്. ഇങ്ങനെയാണ് അവിടത്തെ സ്ഥിതി വന്നിരിക്കുന്നതു്. ഇതു് ജാതിയുടെ പേരിൽ തെററാണെന്നു സ്ഥാപിക്കുവാൻ വേണ്ടിയല്ല. ഗവണ്മെൻറ് കാണിക്കുന്ന ഡിസ്ക്രിമിനേഷൻ അല്ലെങ്കിൽ ഈ മതേതരക്കാരുടെ മനഃസ്ഥിതിയെപ്പററി എടുത്തു കാണിക്കാൻ ഞാൻ പറയുന്നതാണ്.

സർ, അതുപോലതന്നെ വേറൊരു കാര്യം. എല്ലാ പഞ്ചായത്തുകളുടെയും അധീനതയിലാണ് അവിടെയുള്ള മാർക്കററുകൾ. പുതിയ മാർക്കററാക്ടനുസരിച്ച് പഞ്ചായത്തതിർത്തിയിലുള്ള ചന്തകളുടെ നിയന്ത്രണവും പിരിവും പഞ്ചായത്തിൻെറ പരിധിയിലാണെന്നും അതനുസരിച്ച് പഞ്ചായത്തു് ഏറെറടുത്തു് മാർക്കററിലെ അഴിമതിയെ അവസാനിപ്പിക്കണമെന്നു നാട്ടുകാർ ആവശ്യപ്പെട്ടപ്പോൾ മാർക്കററ് പഞ്ചായത്തു് അധീനതയിലുള്ള ഒരു ഐററം ആണെന്നുപോലും അറിഞ്ഞുകൂടാത്ത ഒരാളാണ് ഞങ്ങളുടെ പഞ്ചായത്തു് പ്രസിഡൻറ്.

തൻമൂലം റവന്യൂവിൽനിന്നാണ് ചന്തപിരിവു നടത്തുന്നതു്. ഒട്ടനവധി അനീതി നടക്കുന്നുണ്ടു്. ഈ സഭയിൽത്തന്നെ പല ചോദ്യങ്ങളും അന്യായമായ കരംപിരിവിനെപ്പററി ഉണ്ടായിട്ടുമുണ്ടു്. അവിടത്തെ അഴിമതിക്കു് ഒരു ഉദാഹരണം ഞാൻ പറയാം. ഏതെങ്കിലും ഒരാൾ ഒരു ചെറിയ വേകൊണ്ടുള്ള പരമ്പു വില്പാൻ കൊണ്ടുചെല്ലുന്നു എന്നു വയ്ക്കുക. കൈച്ചുമടിനു് ടാക്സ് ഇല്ലെന്നുള്ള വാദം പുറപ്പെടുവിച്ചാൽ ഒരു പക്ഷെ അകത്തു വിട്ടേയ്ക്കും. അതിനുശേഷം കണ്ടക്ടറുടെ ആൾ മെല്ലെ പുറകെ ചെല്ലും. ആ പാവലിപ്പം കാണിക്കാൻ നിവർത്തിയിട്ട ഉടൻ ചന്ത മുഴുവനും സർക്കാരിൽനിന്നു പണത്തിനു അയാൾ വാങ്ങിയതാണെന്നും പരമ്പിനു കാശു വേണ്ടെങ്കിലും പരമ്പു നിവർത്തി വച്ചിരിക്കുന്ന സ്ഥലത്തിൻെറ വീതത്തിനു വാടക നൽകണമെന്നും പറയും. അങ്ങനെ വളരെ കൊള്ളരുതായ്മകൾ ആ ചന്തയിൽ നടക്കുന്നുണ്ടു്. ഈ വക സംഗതികൾ പരിഹരിക്കാൻ ഈ ഗവണ്മെൻറ് വേണ്ടതു ചെയ്യണം. അവിടത്തെ അഴിമതി നിർത്തണമെന്നൊരപേക്ഷയുണ്ടു്.

അവിടത്തെ പഞ്ചായത്തിലെ തൂപ്പുകാർക്കു് ശമ്പളം ൫൮ രൂപയാക്കിയതിൻെറ കാരണം ഈ സഭയിൽ മന്ത്രി പറഞ്ഞതാണ്. പക്ഷെ അതത്ര ശരിയല്ല. നെടുമങ്ങാട്ട് ൧൯൫൩-ൽ സംഘടിപ്പിച്ചതാണ് അവിടത്തെ പഞ്ചായത്തു്. കഴിഞ്ഞ മുപ്പതുകൊല്ലക്കാലമായി അവിടെ നിയമിച്ചിരുന്ന ജോലിക്കാരുടെ എണ്ണം ഞാൻ പറയാം. മാർക്കററിംഗ് സ്കാവഞ്ചിംഗ് വർക്കിനു ഒരാളും sweeping-നു് രണ്ടാളും നെടുമങ്ങാട്ടു സ്ട്രീററ് സ്വീപ്പേഴ്സ് അഞ്ചുപേരും ഉണ്ടായിരുന്നു. ഇതു കഴിഞ്ഞ വ

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ]

കൊല്ലക്കാലമായി തുടർന്നുകൊണ്ടിരുന്നു. അതിനുശേഷം ജനസംഖ്യ വളരെ വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ ഈ ജോലിക്കാരെ കുറച്ചുകൂടി വികസിപ്പിക്കാനുള്ളതാണ്. എന്നാൽ ഇപ്പോഴും നഗരശുചീകരണജോലി നടത്തുന്നതിനു വേണ്ടി പത്തു മുപ്പതുകൊല്ലം മുമ്പുമുതലുള്ള ആറുപേരെ ഉള്ളൂ. ആ സംപ്രദായം തന്നെ ഇന്നും തുടരുന്നു. ഈ എട്ടു തൂപ്പുകാരെ കൊണ്ടു നഗരശുചീകരണം നടത്താൻ സാദ്ധ്യമല്ല. ആ ഗ്രാമത്തിൽ ൧൦-ൽ ചില്വാനം തൂപ്പുകാരെ കൂടുതൽ ആവശ്യമാണെന്നു എഴുതി അറിയിച്ചിട്ടുണ്ട് എന്നാൽ അതിപ്പോൾ പതിനാലാക്കിയിരിക്കയാണ്. ഇതുപോലെ തന്നെ ഒരു ആറായിരം കാര്യങ്ങൾ സർക്കാരിലേക്കെഴുതി അയച്ചിട്ടുണ്ട്. എന്നാൽ അതിപ്പോൾ അനുവദിച്ചില്ലെന്നു മാത്രമല്ല ഉള്ളവരുടെ ശമ്പളം ൨൦ രൂപായിൽ നിന്ന് ൧൪ ആക്കി കുറച്ചിരിക്കുന്ന ആർഡർ ആണ് നൽകിയിരിക്കുന്നതു്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ: അവിടത്തെ പഞ്ചായത്തു പ്രസിഡൻറ് മെമ്പറെ എതിർത്ത കാൺഗ്രസ്സ് സ്ഥാനാർത്ഥിയല്ലേ?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: അതെ. സർക്കാരിൻെറ തനിപ്രതിനിധിയായിരിക്കുന്ന ആളാണ്. അദ്ദേഹത്തിൻെറ പേരിൽ പോലും പല ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. ഞാൻ എടുത്തു പറഞ്ഞു സമയം മിനക്കെടുത്തുന്നില്ല. അദ്ദേഹം കാൺഗ്രസ്സ് സ്ഥാനാർത്ഥിയാണെന്നു മാത്രമല്ല വീണ്ടും പഞ്ചായത്തു ഇലക്ഷനു നിൽക്കാനും പ്രസിഡൻറ് ആകാനും ഉദ്ദേശിക്കുന്ന ഒരു കാൺഗ്രസ്സ് സ്ഥാനാർത്ഥിയാണ്. അതിനു ആ നാട്ടുകാർ യഥാവസരം മറുപടി നൽകിക്കൊള്ളും. ഏതായാലും ഇങ്ങനെ നെടുമങ്ങാട്ടു പഞ്ചായത്തിനെപ്പററിയും അതോടു കൂടി റൂറൽ ഡെവലപ്പ്മെൻറ സ്കീംമൂലം ഗ്രാമങ്ങളെ ഉദ്ധരിക്കുന്നതു സംബന്ധിച്ച് ഗവണ്മെൻറിനു നേടാൻ കഴിഞ്ഞ നേട്ടങ്ങളെപ്പററിയും ഉള്ള ഒരു ചിത്രമാണ് ഞാൻ ഇവിടെ വിവരിച്ചതു്. ഈ വക കാര്യങ്ങൾ ഗവണ്മെൻറ് കാര്യമായി ശ്രദ്ധിച്ച് വേണ്ട നടപടികൾ നടത്തിവേണം ഈ ഡിപ്പാർട്ടുമെൻറിൻെറ ഗ്രാൻറിനു സഭയിൽ അപേക്ഷിക്കേണ്ടിയിരുന്നതെന്നു അറിയിച്ചുകൊണ്ടു് എൻെറ ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: The discussion will be continued tomorrow.
5 P.M. Now we will take up Legislative Business.

The Holdings (Stay of Execution Proceedings) Act (Amendment) Bill

Clause 2

Shri R. Kesava Pillai: I rise to a point of order.

എൻെറ ഭേദഗതി പത്താമത്തേതാണ്. ബഹുമാനപ്പെട്ട കടപ്രാ മെമ്പറുടെ ഭേദഗതി ലിസ്റ്റിൽ ആറാമത്തേതാണ്. അദ്ദേഹത്തിൻെറ ഭേദഗതി ഈ സഭ സ്വീകരിക്കുന്നപക്ഷം എൻെറ ഭേദഗതി അപ്രസക്തമായിപ്പോകും. എൻെറ ഭേദഗതിയും അദ്ദേഹത്തിൻെറ ഭേദഗതിയും തമ്മിൽ വിരുദ്ധമായിരിക്കും, അതുകൊണ്ടു് എൻെറ ഭേദഗതി അവതരിപ്പിച്ച് ഇത

സഭയുടെ അഭിപ്രായം അറിഞ്ഞതിനുശേഷം അദ്ദേഹത്തിന്റെ ഭേദഗതി അവതരിപ്പിക്കുവാൻ അനുവാദം കൊടുക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നത്.

Shri E. P. Varghese : Has not amendment No. 6 been moved already ?

ശ്രീ. ആർ. കേശവപിള്ള : ഞാൻ അങ്ങയുടെ ശ്രദ്ധയിൽ സ്റ്റാൻഡിംഗ് ഓർഡർ ൨൩-ാം വകുപ്പ് കൊണ്ടുവന്നു കൊള്ളുന്നു.

Standing Order 23 says :

> "An amendment must be relevant to, and within the scope of the motion to which it is proposed."

The next rule is more important :

> "An amendment on a question must not be inconsistent with a previous decision on the same question given at the same stage of any Bill or other matter."

This is very pertinent to my point of order.

ഇപ്പോൾ അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം എന്റെ ഭേദഗതി സ്വീകരിക്കുവാൻ സാദ്ധ്യമല്ലാതെ വരും. ഈ ഓർഡറിൻ പ്രകാരം എന്റെ ഭേദഗതി അവതരിപ്പിക്കുവാൻ അനുവാദം തരേണ്ടതാണ്. ഇതിനെപ്പറ്റി ഒരു റൂളിംഗ് ഉണ്ടാകണമെന്നപേക്ഷിക്കുന്നു.

Mr. Speaker : I appreciate the point of order raised by the hon. Member. The amendment No. 10, as the House will understand, has the effect of excluding all the words that appear after the word "Kanapattom" in the explanation attached to clause 2, up to the word "customary dues", *i. e.*, including sub-clauses (*a*) and (*b*) of the explanation, but not including "varam or pathivaram." Therefore, there is great force in the point of order raised. If amendment No. 6 is moved the decision on that would decide the fate of amendment No. 10 also. The House must be able to anticipate the effect of that vote on the amendment No. 10.

I will go a step further. There are two other amendments, Nos. 7 and 11. After allowing the hon. Member to move this amendment, I will also allow the hon. Members who have tabled Nos. 7 and 11 to move their amendments so that all the four amendments may be discussed together.

Shri K. P. Krishna Menon : Nos. 9 and 11 have been moved along with amendment No. 5.

Mr. Speaker : That is all right. Then I will allow the hon. Member to move his amendment, and both No. 6 and 10 will be taken together.

Shri C. Achyutha Menon : The substance of amendment No. 8 is also to the same effect.

Shri Panampilli Govinda Menon : Amendments Nos. 8 and 10, although worded differently, are of the same substance.

Mr. Speaker : Shri Madhavan Unnithan may move amendment No. 8 also now.

Shri Madhavan Unnithan : I do not move it.

Mr. Speaker : Then the Member for Chadayamangalam may move his amendment No. 10 in the list and after it is disposed of the House will consider the effect of this oramendment No. 6.

Shri R. Kesava Pillai : I move:

"in clause 2, explanation, drop the words beginning from "and" and ending with "payment of customary dues."

ഈ ഭാഗം ഈ വകുപ്പിൽനിന്നു ഒഴിച്ചാൽ ഈ ബിൽ സെലക്ട് കമ്മിററി അംഗീകരിക്കുന്നതിനു മുമ്പ് എന്തവസ്ഥയായിരുന്നുവോ ആ അവസ്ഥയിൽതന്നെ നിൽക്കുന്നതാണ്. ഇതിന്റെ എക്സ്പ്ലനേഷനിൽ:—

"Holdings shall also include kanapattom , and any other demise of immovable property by whatever name called with either of the following incidents, namely:—

(a) renewal on thee expiry of any specified period; or

(b) payment of customary dues;

dut shall not include varam or pathivaram." എന്നു പറഞ്ഞിരിക്കുന്നു. ഞാൻ പ്രധാനമായി ഈ ഭേദഗതി അവതരിപ്പിച്ചതു് ഈ ഭേദഗതി സ്വീകരിക്കുന്ന പക്ഷം ഈ ബില്ലിന്റെ വ്യാപ്തി വളരെ വർദ്ധിക്കും എന്നുള്ളതുകൊണ്ടാകുന്നു. ഈ ബില്ലിൽ സാധാരണയുള്ള കാണപ്പാട്ടവും, വേറെ തരത്തിലുള്ള കാണപ്പാട്ടവും ഉൾപ്പെടുന്നു. കൊച്ചിയിലെ ൧൧൧൩-ാമാണ്ടത്തെ ആക്ടിൻപ്രകാരമുള്ള കാണപ്പാട്ടങ്ങളുണ്ടു്. തിരുവിതാംകൂറിലെ ൧൦൭൧-ലെ ആക്ടിൻപ്രകാരമുള്ള കാണപ്പാട്ടങ്ങളുണ്ടു്. അതു കൂടാതെയും കാണപ്പാട്ടങ്ങളുണ്ടു്. ഈ കാണപ്പാട്ടങ്ങളെല്ലാം ഈ ഹോൾഡിംഗ്സിന്റെ പരിധിയിൽ വരും. കാണപ്പാട്ടം കൂടാതെയും സാധാരണയായിവരുന്ന മററു വിക്രിയങ്ങളും ഈ ബില്ലിൽ കൊണ്ടുവന്നിട്ടുണ്ടു്. അതുപാടില്ല എന്നു കരുതിയാണ് ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നതു്.

ഒരു ജന്മി അല്ലെങ്കിൽ വസ്തു ഉടമസ്ഥൻ ഒരേക്കർ ഭൂമി കൃഷിചെയ്യുന്നതിനു്, അല്ലെങ്കിൽ കപ്പ ഇടുന്നതിനു കൊടുത്താൽ സാധാരണയായി പ്രതിഫലം ഒന്നും വാങ്ങിക്കുന്നില്ല. ഓണത്തിനോ അല്ലെങ്കിൽ മററു അടിയന്തിരത്തിനോ കപ്പയോ മറേറാ കൊണ്ടുവരും. ഓണക്കാഴ്ചയ്ക്കു എന്തെങ്കിലും കൊണ്ടുവരും. അല്ലാതെ പറയത്തക്ക പ്രതിഫലം ഒന്നും വാങ്ങിക്കാതെ വസ്തുക്കൾ കൊടുക്കും.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഏതുനാട്ടിലെ കാര്യമാണു ബഹുമാനപ്പെട്ട മെംബർ പറയുന്നതു്?

ശ്രീ. ആർ. കേശവപിള്ള : കൊട്ടാരക്കരയിൽ അങ്ങനെയുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഓണക്കാഴ്ചയ്ക്കു കിട്ടുന്ന സാധനങ്ങൾ മാത്രം സ്വീകരിച്ചുകൊണ്ടു് വസ്തുക്കൾ കൊടുക്കാറുണ്ടോ?

ശ്രീ. ആർ. കേശവപിള്ള: ഞാൻ അങ്ങനെ ഒരു സ്ഥലം കൊടുത്തിട്ടുണ്ടു്. ഞാൻ എറണാകുളത്തായിരിക്കുമ്പോൾ എന്റെ പാട്ടക്കാരൻ ചേനയാണു കൊണ്ടുവരുന്നതു്. അതിലേയ്ക്കുള്ള യാത്രച്ചെലവു ഞാൻ കൊടുക്കുകയും ചെയ്യും.

ശ്രീ. എം. എം. അബ്ദുൽഖാദർ: ആ സ്ഥലത്തു ചേമ്പും ചേനയും മാത്രമേ ഉണ്ടാകുകയുള്ളോ?

ശ്രീ. ആർ. കേശവപിള്ള: ഒരു നിലമാണു് ഞാൻ കൊടുത്തിരിക്കുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ആ സ്ഥലത്തുനിന്നും നെല്ലുപാട്ടം കിട്ടാറില്ലേ?

ശ്രീ. ആർ. കേശവപിള്ള: ആ സ്ഥലം നെൽകൃഷിക്കു പററിയതല്ല. മണ്ണുവന്നു നികന്നു വല്ല ചേമ്പോ, ചേനയോ നടാൻ കൊള്ളാവുന്ന ഒരു സ്ഥലമാണതു്.

ശ്രീമതി കെ. ആർ. ഗൗരി: കൺസിഡറേഷൻ ഒന്നുമില്ലാതെ പാട്ടത്തിനു കൊടുത്തിരിക്കുന്ന സ്ഥലങ്ങളെ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. ആർ. കേശവപിള്ള: ഇതു ബില്ലിൽ ഉൾപ്പെടാത്ത പാട്ടത്തിൽ പെടുമോ എന്നെനിക്കു സംശയമുണ്ടു്. എന്റെ നിലം പാട്ടത്തിനല്ലല്ലോ കൊടുത്തിരിക്കുന്നതു്. ആദായം ഒന്നും തരുന്നില്ലതാനും. ചേമ്പല്ലാതെ അവിടെ ഒന്നും ഉണ്ടാകുന്നില്ല.

അതുകൊണ്ടു് ഇങ്ങനെയുള്ള ഭൂമികൾ ഒഴിഞ്ഞുകൊടുക്കാതിരിക്കുന്നതിൽ നിന്നും രക്ഷ നേടേണ്ടതു ആവശ്യമാണു്. വിശേഷിച്ചും അടുത്തു തന്നെ ഒരു ഭൂനയബിൽ അവതരിപ്പിക്കുവാൻ ഗവണ്മെൻറു ഉദ്ദേശിച്ചിരിക്കുന്ന നിലയ്ക്കു് ഇടക്കാലത്തേയ്ക്കു മാത്രം ഇങ്ങനെ ഒരു ഭേദഗതിബിൽ കൊണ്ടുവന്നു ആളുകളെ സങ്കടപ്പെടുത്തേണ്ട കാര്യമില്ല. ഭൂനയബിൽ കൊണ്ടുവന്നു പാസ്സാക്കുന്നതുവരെ ഇപ്പോൾ നടത്തിക്കൊണ്ടുപോകുന്ന നിലയിൽതന്നെ കാര്യങ്ങൾ പോകുന്നതിൽ തെററില്ല. അതിനാൽ ബില്ലിൽ പുതിയതായി യാതൊരു ഭേദഗതിയും വരുത്തേണ്ടതില്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഇപ്പറഞ്ഞ കാരണങ്ങളാൽ എന്റെ ഈ ഭേദഗതി സഭ സ്വീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. ഈ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ടു എന്റെ ഭേദഗതി അപ്രസക്തമായിപ്പോകുമെന്നുണ്ടെങ്കിലും ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുകയാണു്. സെലക്ടുകമ്മിററി റിപ്പോർട്ടു അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ചാവർത്തിച്ചു പറയുകയുണ്ടായി, ഈ രാജ്യത്തു് നിലവിലിരിക്കുന്ന നിയമത്തിന്റെ ൧൧൨൦-ലെ വ്യ-

[ശ്രീ. പി. സദാശിവൻപിള്ള]

ആക്റ്റിന്റെ, വ്യാപ്തി വർദ്ധിപ്പിക്കണമെന്നു സെലക്ട്കമ്മിറ്റി ഉദ്ദേശിച്ചിരുന്നില്ലെന്ന്. ആ ആക്റ്റ് വിഭാവനം ചെയ്തിരുന്ന ജന്മികുടിയാൻ ബന്ധത്തെ അതിലംഘിച്ചും ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധത്തെ ഉൾക്കൊള്ളിച്ചും ഈ ബില്ല് പാസാക്കിയെടുക്കുവാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല എന്നു വളരെ പ്രാവശ്യം അദ്ദേഹം പറഞ്ഞു. എങ്കിലും ഈ രാജ്യത്തെ ഒരു നല്ലവിഭാഗം ആളുകളുടെ അഭിപ്രായഗതിയും ഈ സഭയുടെ വിവിധഭാഗങ്ങളിൽനിന്നും വന്നിട്ടുള്ള അഭിപ്രായ പ്രകടനങ്ങളും വച്ചുകൊണ്ടു നോക്കുകയാണെങ്കിൽ ഈ ബില്ല് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിലയിൽ പാസാക്കിയെടുക്കാൻ ആവശ്യപ്പെടുന്നതായി സംശയിക്കുവാൻ വകയുണ്ട്. എങ്കിലും ബഹുമാനപ്പെട്ട നിയമമന്ത്രി പഴയ നിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കണമെന്നു ആഗ്രഹിക്കുന്നില്ലെന്നു പറഞ്ഞതുകൊണ്ടാണ് ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നത്.

ശ്രീ. പി. ചാക്കോ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. തിരുവിതാംകൂർ-കൊച്ചിയിൽ ഇന്നുവളരെ അധികം വിഷമങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് ഭൂഉടമപ്രശ്നം. ഈ കാര്യത്തിൽ ഇന്നുവരെയും ഒരു നിശ്ചിതമായ വ്യവസ്ഥ അംഗീകരിക്കുവാൻ ഈ ഗവണ്മെന്റിന് സാധിച്ചിട്ടില്ല. വസ്തുവില്ലാത്ത സാധുക്കൾക്കുവേണ്ടി ഒരു കുടിയിറക്കുനിരോധനനിയമം ഈ സഭതന്നെ പാസാക്കുകയും തന്മൂലം കുടികിടപ്പുകാർക്കു ഒരാശ്വാസം എന്നപോലെ അവരെ അവിടെത്തന്നെ താമസിച്ചുകൊള്ളുവാൻ അനുവദിക്കുകയും ചെയ്തു. എന്നാൽ അതുപോലെ തന്നെ ദീർഘകാലമായി കുടികിടപ്പുകാരായ ഒരുകൂട്ടം ആളുകളാണ് ഒറ്റികുടിയാന്മാർ. അവർക്കു ടി നിയമംകൊണ്ട് യാതൊരു നന്മയും ഉണ്ടാകുന്നില്ല എന്നു പറയേണ്ടിവന്നതിൽ ഖേദിക്കുന്നു. മിക്ക സാധുക്കളേയും അവരുടെ സ്ഥലത്തുനിന്നും വിധിമൂലം ഇറക്കിവിടുകയും ഇറക്കിവിടുന്നതിന് ധാരാളം കേസുകൾ പെൻഡിംഗ് ആയി കോടതികളിൽ കിടക്കുകയും ചെയ്യുന്നു. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഭൂവുടമയെസംബന്ധിച്ച് ഒരു നിയമം പാസാക്കുന്നതുവരെ അവർക്കു താമസിക്കുന്നതിനുവേണ്ടി നിയമം അനുവദിക്കുന്ന സ്ഥിതിക്ക് ഒറ്റിക്കാരെ ഇറക്കിവിടാതിരിക്കുന്നതിന് ഇന്നു യാതൊരു തടസ്സവുമില്ലാത്തതും വളരെ പരിതാപകരമാണ്. സർ, തിരുവല്ലാ താലൂക്കിൽ കല്ലൂപ്പാറ മുതലായ സ്ഥലങ്ങളിൽ ഇങ്ങനെയുള്ള കുടികിടപ്പുകാരെ ജന്മികൾ യാതൊരു സൗജന്യവും കാണിക്കാതെ ഇറക്കിവിട്ടുകൊണ്ടിരിക്കുന്നു. ഈ ബിൽ അസംബ്ലിയിൽ കൊണ്ടുവന്നയുടൻ ഇതേപ്പറ്റി കൂലങ്കഷമായി പരിചിന്തനം ചെയ്യുന്നതിനുവേണ്ടി ഈ അസംബ്ലിമെമ്പറന്മാരിൽ എല്ലാ വിഭാഗത്തുള്ളവർക്കും പ്രാതിനിധ്യം നൽകി ഒരു വലിയ വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സെലക്റ്റ കമ്മിറ്റി രൂപീകരിക്കയും ആ സിലക്റ്റ കമ്മിറ്റിക്കു ഈ ബിൽ അയയ്ക്കുകയും ചെയ്തു. സെലക്റ്റകമ്മിറ്റിയംഗങ്ങൾ ബില്ലിന്റെ നാനാവശങ്ങളെപ്പറ്റി ശരിയായി പഠിച്ചതിനുശേഷം, മിക്കവാറും എല്ലാവർക്കും അനുകൂലമായിട്ടുള്ള ഒരു റിപ്പോർട്ടാണ് ഈ സഭയിൽ സമർപ്പിച്ചത്. എന്നാൽ സെലക്റ്റകമ്മിറ്റി റിപ്പോർട്ട് അതേപടി സ്വീകരിക്കാതെ, പെട്ടെന്നു ചില ഭേദഗതികൾ വരുത്തിയതുനിമിത്തം കുടികിടപ്പുകാർക്കു പറയത്തക്ക ആനുകൂല്യങ്ങൾ കിട്ടാതായിരി

ക്കുന്നതു്. മാത്രമല്ല, കാണപ്പാട്ട സ്വഭാവമുള്ള അനവധി വസ്തുക്കളിൽ ഇന്നു കുടികിടപ്പുകാർ താമസിച്ചുവരുന്നവരെ ഇറക്കിവിടുന്നതിനു ജന്മികൾക്കു് സൗകര്യം നൽകത്തക്കനിലയിലാണു് ഈ ഭേദഗതി. ഈ ബില്ലു് സെലക്ടുകമ്മിററിയുടെ റിപ്പോർട്ടനുസരിച്ചു് പാസ്സാക്കിയില്ലെങ്കിൽ സാധുക്കളായ ഒരു നല്ല വിഭാഗം ആളുകൾക്കു കഷ്ടനഷ്ടങ്ങൾ സംഭവിക്കുമെന്നുള്ളതു് തർക്കമററസംഗതിയാണു്. മുൻകാലങ്ങളിൽ ൩൦൦-ം ൪൦൦-ം രൂപ ഒററിയർത്ഥമായി കൊടുത്തു് വാങ്ങിയ വസ്തുക്കളിൽകുടിയാന്മാരുടെ പ്രയത്നംകൊണ്ടു് ആണ്ടിനാൽ ൨൦൦൦-ം ൩൦൦൦-ം രൂപ ആദായം കിട്ടുന്നുണ്ടു്. അങ്ങിനെ തരിശായി കിടന്ന സ്ഥലങ്ങൾ വലിയ ആദായം കിട്ടത്തക്കവണ്ണമുള്ള നിലയിൽ എത്തിച്ചപ്പോൾ ഭൂമിയുടെ ജന്മിമാർക്കു് ഇതു കണ്ടു് സഹിക്കാൻവയ്യാതെയാണു് ഇവരെ അവിടെ നിന്നും ഇറക്കിവിടാൻ ഒരുമ്പെടുന്നതു്. പല വർഷങ്ങളായി നിരന്തരം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണു ആദായകരമായ ഒരു ഭൂമിയാക്കിത്തീർത്തതു്. മാത്രമല്ല, ഇങ്ങനെയുള്ള ഭൂമികളിൽ പ്രയത്നിക്കുന്നവർക്കു് ആ ഭൂമിയുമായിട്ടു അഭേദ്യമായ ഒരു ബന്ധം കൂടി ഉണ്ടെന്നുള്ള ബോധ്യത്തോടുകൂടിയാണു് അവർ കഠിനാദ്ധ്വാനം ചെയ്തു് ഭൂമിയെ ഫലഭൂയിഷ്ഠമാക്കിത്തീർത്തിട്ടുള്ളതു്. ഈ ഭൂമിയിൽ നിന്നുമാണു് സാധുവായ കുടികിടപ്പുകാരനെ പറയത്തക്കയാതൊരു പ്രതിഫലവും കൂടാതെ ഇറങ്ങിപ്പോകണമെന്നു പറയുന്നതു്. സർ, ഇത്ര ശോചനീയമായ ഒരവസ്ഥയാണെന്നു ചിന്തിച്ചാൽ മനസ്സിലാകുന്നതാണു്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു്, കുടികിടപ്പുകാർക്കു ആശ്വാസം നൽകുന്നതിനുവേണ്ടി അവർ താമസിക്കുന്ന സ്ഥലങ്ങളിൽ ഒരു സ്ഥിരാവകാശം കൊടുക്കുകയും, കാണപ്പാട്ട സ്വഭാവമുള്ള ഒററി വസ്തുക്കളെ ലീസ്ഹോൾഡിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്നുള്ളതാണു്.

Shri M. M. Abdul Khader: Sir, I oppose the amendment moved by the hon. Member Shri R. Kesava Pillai. In opposing this amendment I cannot but feel that here is another inglorious example of how these fair weather Congressmen could obstruct and torpedo even the limited good that the Government might propose to bring about in matters like land reform. The history of this Bill right from the time of bringing into force of an Ordinance makes a very revealing story of the true and real face of the ruling party in regard to progressive measures like this. When this was originally brought about as an Ordinance, Otti was in fact included and it was later on when probably it became an Act that it had to be amended in a retrograde manner, thus making the provisions of the Bill more and more restrictive Perhaps Sir, at a time when this was first promulgated as an Ordinance, these fair weather Congressmen were not there to be consulted by His Highness the Maharaja in enforcing the Ordinance. All that the amendment as per the report of the Select Committee contemplates is merely to include certain types of transactions which because of the presence of either of the ingredients partake of the nature predominantly of lease. And now,

[Shri M. M. Abdul Khader.]

Sir, when the idea is to afford protection to lessees from eviction, is it not just and necessary that transactions partaking of the nature of lease, which are in essence nothing but lease should be included in the purview of the Act? Even if a transaction happens to bear the name of Otti it really is to all intents and purposes lease. In the wide majority of cases the name otti would be mere misnomer. I may draw the attention of the hon. Member to the relevant section, section 105 of the Transfer of property Act. That section defines lease. That is not a definition which has been introduced to placate this community or that. Certainly not. Why not my friend who opposed the report of the Select Committee and the Bill as amended by the Select Committee, be prepared to accept the definition of lease contained in the Transfer of property Act itself?

Shri Nedumangad R. Kesavan Nair: Is it the Member's view that there is no difference between a lease and a mortgage?

Shri M. M. Abdul Khader: There is certainly. That is why I said that those types of transactions by the presence of these ingredients would predominantly partake of the nature of lease. They should be included within the purview of the Act and occupiers under such transactions should be accorded protection under this Act.

Now, Sir, it has been laid down by the rulings of the various High Courts right from 1925 onwards that it is not the name by which the document is called but the contents of it and the terms that should govern in deciding whether a particular transaction is a lease or not. That is exactly what is contemplated here by the amendment proposed by the Select Committee.

Now, Sir, what my learned friend would seem to want is that this direct interpretation should give way to a rather indirect and ingenuous interpretation which they would like to put upon. In fact, all transactions which partake of the nature of a lease, by the presence of the elements in the amending bill should be protected .

Another amendment of which we have been given notice about which I may even now touch, is amendment No. 6 in its modified form as suggested by the Minister for Legislation. Sir, the amendment as suggested by the Select Committee is direct and understandable; whereas here it is indirect and disingenuous. Rather than allowing us to say what is a lease, here we are thrown into the necessity of showing what is not a mortgage. This is certainly disingenuous and would involve the tenant in a great

deal of procedural tangles of litigation. The burden of proving whether a transaction evidences securing of a debt is thrown on the tenant himself.

Shri Panampilli Govinda Menon: One question please. Does the hon. Member not know as a legal practitioner that even under this special legislation anybody who seeks to have the protection under that legislation, must prove the necessary ingredients?

Shri M. M. Abdul Khader: That is so. The difference here is whereas according to the amendment of the Select Committee if those two ingredients are present, an engagement would be *prima facie* a lease. But under this amendment No. 6 I would submit that the burden is thrown on the tenant to show that this is not a mortgage, not that it is a lease but that it is not a mortgage. That is really an absurd proposition.

We have been hearing from the hon. and learned Minister himself that he was going to bring forward some really progressive land legislation which would give protection to the ryots at large. This we have been hearing right from the day he took charge and every time we met it is being postponed to a further date with of course a renewed promise. Now, Sir, we are convinced by the storm and tempest inside the party in power at such an innocuous and really harmless amendment as suggested by the Select Committee, that nothing worth while is going to come. It does not leave any doubt in us that we need not expect any progressive land reform from this party so long as it is in power. I will ask the Law Minister a question. When things are so patent, why should he repeatedly trot out this promise of progressive land reform? Is it intended to deceive this House, or is it intended to deceive the people of this land? If his hands are tied down in initiating any progressive measure, let him say so and get out of this Government. He will then be in good company.

With these words, I oppose the amendment and support the Bill as proposed by the Select Committee.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ.

Mr. Speaker: What is the point of order?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: ഈ സഭ നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ ഇതിലെ ഒരംഗത്തിന് സ്പീക്കേർസ് ഗ്യാലറിയിൽ പോയിരുന്നു സംസാരിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം

Mr. Speaker: If any hon. Member of this House thinks that a seat in the Speaker's gallery is more honourable than his seat in the House, I cannot stand in his way.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ: ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. സെലക്റ്റ്കമ്മിറ്റിറിപ്പോർട്ടിൽ ചെയ്തിരിക്കുന്ന ഭേദഗതി ഈ ബില്ലിന്റെ വ്യാപ്തിയെ വർദ്ധിപ്പിക്കുന്നതാണ്. വിധിനടത്തു നിറുത്തിവയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിനുവേണ്ടിയുള്ള ഈ ബില്ലിന്റെ വ്യാപ്തി കുറയ്ക്കുകയോ കൂട്ടുകയോ ചെയ്യേണ്ട ആവശ്യമില്ല. ഭൂനയം സംബന്ധിച്ച് അടുത്ത ഭാവിയിൽതന്നെ നിയമനിർമ്മാണം ഉണ്ടാകുമെന്ന് വ്യക്തമായിരിക്കുന്ന സ്ഥിതിക്ക് ആ ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളെ സംബന്ധിച്ച് ഗവണ്മെന്റുനയം മുൻകൂട്ടി ഈ ബില്ലിൽ സൂചിപ്പിക്കുന്നതും യുക്തമല്ല. ഒറ്റിവസ്തുക്കളെക്കൂടി രണ്ടാംവകുപ്പിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് ഈ രാജ്യത്ത് തീവ്രമായ അഭിപ്രായഭിന്നതയുണ്ട്. ഒരു വസ്തുവിലെ സാധാരണ കുടികിടപ്പുകാരെപ്പോലെ അനുകമ്പാർഹമായ ഒരു സ്ഥിതിയാണ് ഒറ്റിക്കാർക്കുള്ളതെന്ന് ബഹുമാനപ്പെട്ട തിരുവല്ലാമെംബർ പ്രസ്താവിച്ചുകേട്ടത് വളരെ തെറ്റായ ഒരു അഭിപ്രായമാണ്. നിയമമാക്കാൻപോകുന്ന ബില്ല് പരസ്യം ചെയ്ത് ഈ വക അഭിപ്രായവ്യത്യാസങ്ങളെല്ലാം പരിശോധിച്ചശേഷം നിശ്ചയിക്കേണ്ട കാര്യങ്ങളെ ഇപ്രകാരം സെലക്റ്റ് കമ്മിറ്റിയുടെ ഭേദഗതികൊണ്ടുമാത്രം ഈ ബില്ലിൽ ഉൾപ്പെടുത്തുന്നത് ഒരു വിധത്തിലും ശരിയല്ല എന്നാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കെ. ജെ. തോമസ്: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

Mr. Speaker: What about the amendment of the hon. Member ?

Shri. K. J. Thomas: I do not move it.

ശ്രീ. കെ. ജെ. തോമസ്: സർ, ഈ ബിൽ ഈ സഭയിൽ അവതരിപ്പിച്ചതുമുതൽ ഇവിടെ നടന്ന ചർച്ചകളും പ്രസംഗങ്ങളുമെല്ലാം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇതിനകം ഇതുസംബന്ധിച്ച് പുറത്തുണ്ടായിട്ടുള്ള പ്രത്യാഘാതങ്ങളും ഞാൻ നല്ലതുപോലെ മനസ്സിലാക്കുകയുണ്ടായി. ഇതിൽനിന്നെല്ലാം ഒരു സംഗതി എനിക്കു വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. സർ, കോഴിക്കുലവരാത്തതെന്തുകൊണ്ടാണെന്നു—ഭൂനയം സംബന്ധിച്ച് സമഗ്രമായ ഒരു ബിൽകൊണ്ടുവരാൻ ഈ ഗവണ്മെന്റ് അമാന്തിക്കുന്നതിന്റെ കാരണമെന്താണെന്നു—ഇപ്പോൾ മനസ്സിലായി. ഇതേപ്പറ്റി ഈ സഭയിൽനിന്നും ചോദ്യം ഉയരുമ്പോഴെല്ലാം ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ മറുപടി 'അടുത്തഭാവിയിൽതന്നെ കൊണ്ടുവരാം,' 'അടുത്തഭാവിയിൽതന്നെ കൊണ്ടുവരും,' എന്നിങ്ങനെയായിരുന്നല്ലോ. ആ അടുത്ത ഭാവി ഉടനെ എങ്ങും ഉണ്ടാകാൻപോകുന്നില്ലെന്നു വ്യക്തമായി.

സർ, ഈ ഭേദഗതിബിൽ ഗവണ്മെന്റുപക്ഷത്തുനിന്നും ആരുടേയും നിർബ്ബന്ധമനുസരിച്ച് കൊണ്ടുവന്ന ഒന്നല്ല. ഇതവർ സ്വയം ഇവിടെ അവതരിപ്പിച്ചിട്ട് നിയമമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒരു സെലക്ട്

കമ്മിററിക്ക് അയയ്ക്കുകയാണുണ്ടായതു്. കോൺഗ്രസ്സുകാർ ഭൂരിപക്ഷമുണ്ടായിരുന്ന ആ സെലക്ററുകമ്മിററി അവരുടെ റിപ്പോർട്ടു് ഇവിടെ സമർപ്പിച്ചു. അപ്പോഴിതാ കോൺഗ്രസ്സുപാർട്ടിയിൽപ്പെട്ട ഒരു ബഹുമാനപ്പെട്ട അംഗംതന്നെ ഒരു പായിൻറു് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ടു് സെലക്ററുകമ്മിററിക്കാർ അവരുടെ അധികാരപരിധിയെ അതിലംഘിച്ചു എന്നു വാദിക്കുന്നു. സർ, പാർലമെൻററി നടപടികളിൽ പരിചയമില്ലാത്ത ഒരു പുതിയ അംഗമായതിനാലായിരിക്കാം ഇതൊക്കെ വിചിത്രമായിട്ടു് എനിക്കു തോന്നുന്നതു്. ഒടുവിൽ നിയമമന്ത്രി അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട ഒരംഗത്തിന്റെ ഭേദഗതി സ്വീകരിക്കാമെന്നു സമ്മതിക്കേണ്ടിവന്നു. ആ ഭേദഗതിയെപ്പററി പര്യാലോചിക്കുന്നതിനാണു് നാം ഇപ്പോൾ ഇവിടെ കൂടിയിരിക്കുന്നതു്. എന്നാൽ ഇതാ ഒരു കോൺഗ്രസ്സു് അംഗംതന്നെ എല്ലാ ഭേദഗതികളും പിൻവലിച്ചിട്ടു് പഴയ നിലയിലേക്കു് പോകണമെന്നു വാദിക്കുന്നു. ചില കോൺഗ്രസ്സുകാർ ഖദർസഞ്ചിയിൽ പതുക്കിവച്ചിരുന്ന പൂച്ച ഇതാ പുറത്തുചാടി മ്യാവൂ, മ്യാവൂ എന്നു കരഞ്ഞുതുടങ്ങിയിരിക്കുന്നു. സർ, ഇതിനകം പല സംഭവങ്ങളും ഇവിടെ നടന്നതായി എല്ലാവരും അറിഞ്ഞിട്ടുണ്ടു്. കോൺഗ്രസ്സു് കക്ഷിയെ നിയന്ത്രിക്കുന്ന ചില ആളുകൾ, കോൺഗ്രസ്സു് കാളകളുടെ മൂക്കുകയർപിടിക്കുന്ന ചില ആളുകൾ, കോൺഗ്രസ്സു് വണ്ടി അടിക്കുന്ന ചില വണ്ടിക്കാർ, രാജ്യത്തിന്റെ നാനാഭാഗത്തുനിന്നും ഇവിടെ ഓടിയെത്തി ഭരണകക്ഷിയിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായിട്ടാണു് സർ, ഈ ബില്ലിനു് ഈ ദുരിതം വന്നുചേർന്നതു്. ഇതൊരു ഭരണകക്ഷിക്കു അഭിമാനകരമാണോ? ഏററവും നിസ്സാരമായ, നിർദ്ദോഷമായ ഒരു ഭേദഗതി സ്വീകരിക്കാൻ ഈ കോൺഗ്രസ്സു പാർട്ടിക്കു് സാധിക്കുന്നില്ലെങ്കിൽ എങ്ങിനെ ഇവർ ഇവിടെ പുരോഗമനപരമായ ഒരു ഭൂനയബിൽ കൊണ്ടുവരാൻ പോകുന്നുവെന്നാണു് ഞാൻ ചോദിക്കുന്നതു്. കർഷകരുടെ ദുരിതങ്ങൾക്കെല്ലാം നിവാരണമുണ്ടാക്കാമെന്നും, ജന്മികുടിയാൻ ബന്ധമെല്ലാം നീതിപൂർവ്വകമായ അധിഷ്ഠാനത്തിൽ പുനഃസ്ഥാപിക്കാമെന്നും വാഗ്ദാനം ചെയ്തു് അവരുടെ വോട്ടുസമ്പാദിച്ചു് അധികാരത്തിൽവന്നതിനുശേഷം, അവരുടെ അവശതകൾക്കു് സ്വല്പമായ ഒരാശ്വാസം നൽകുന്ന ഈ നിസ്സാരമായ ബിൽപോലും പാസ്സാക്കിക്കൊടുക്കാൻ നിങ്ങൾ തയ്യാറില്ലെങ്കിൽ എങ്ങിനെ നിങ്ങളെ നാട്ടുകാർ വിശ്വസിക്കും? ഈ പ്രശ്നത്തിന്മേൽ നിങ്ങൾ നിങ്ങളുടെ സ്ഥാനം രാജിവച്ചിട്ടു് വീണ്ടും ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുവാൻ തയ്യാറുണ്ടോ? അതിനു ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. അങ്ങിനെ നിങ്ങൾ ചെയ്യുമെങ്കിൽ തിരുവല്ലാ മുതൽ വടക്കോട്ടുള്ള തിരുവിതാംകൂറിലെ ഒരു താലൂക്കിൽനിന്നുപോലും നിങ്ങൾ വിജയിക്കുകയില്ലെന്നു ഞാൻ പ്രവചിക്കുന്നു.

സർ, ഇതിനെക്കാൾ എല്ലാം എനിക്കു ദയനീയമായി തോന്നിയതു് ഇവിടത്തെ സോഷ്യലിസ്ററുപാർട്ടിയുടെ അഭിപ്രായഗതിയാണു്. പി. എസ്സു്. പി.-യും കോൺഗ്രസ്സും തമ്മിൽ ഒരു യോജിപ്പുണ്ടാകാൻ പോകുന്നുവെന്നു കേട്ടു് ഇവിടെ എന്റെ വലതുഭാഗത്തിരിക്കുന്ന സ്നേഹിതന്മാർ ഒഴിച്ചു മറെറല്ലാവരും സന്തോഷിച്ചിരിക്കണം. എന്നാൽ ആ ഐക്യസംഭാഷണം തകർന്നുവെന്നറിഞ്ഞപ്പോൾ നാമെല്ലാം ഖേദിച്ചു.

[ശ്രീ. കെ. ജെ. തോമസ്.]

പക്ഷെ തിരുവിതാംകൂറിലെ സോഷ്യലിസ്റ്റപാർട്ടിയും കോൺഗ്രസ്സ് പാർട്ടിയുംതമ്മിൽ ഇതാ യോജിച്ചിരിക്കുന്നു. ഇതിൽ നമുക്കു സന്തോഷിക്കാമെങ്കിലും ഇതൊരു പിൻതിരിപ്പൻകൂട്ടുകെട്ടായിപ്പോയി എന്നു പറയാതെതരമില്ല. കാൺഗ്രസ്സുമായി സഹകരിക്കുന്നതിന് ജയപ്രകാശ് നാരായണൻ ഉന്നയിച്ച വ്യവസ്ഥകളിൽ പ്രധാനമായ ഒന്നു 'എല്ലാ കുടിയൊഴിപ്പിക്കലും ഉടനെ നിറുത്തുക' എന്നുള്ളതായിരുന്നുവെന്ന് നാം അറിഞ്ഞിട്ടുണ്ട്. സർ, കാൺഗ്രസ്സ് കക്ഷിയുടേയും സോഷ്യലിസ്റ്റ പാർട്ടിയുടേയും തനിനിറം കാണുവാൻ ഇപ്പോൾ എല്ലാവർക്കും കഴിഞ്ഞിട്ടുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ഈ പ്രശ്നത്തിന്മേൽ ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുവാൻ ഞാൻ ഭരണകക്ഷിയെ വെല്ലുവിളിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുമ്പോൾ കോൺഗ്രസ്സിനു മുമ്പ് വോട്ടുകൊടുത്തവരുടെ വോട്ടുകൾ കിട്ടുമോ?

Mr. Speaker: We are not concerned with it now. The hon. Member will confine his remarks with regard to the amendment before the House.

ശ്രീ. കെ. ജെ. തോമസ്: ഞാൻ ഇത്രയും മുഖവുരയായിട്ടു പറഞ്ഞുവെന്നേയുള്ളു.

Mr. Speaker: What has the hon. Member to say with regard to the amendment?

ശ്രീ. കെ. ജെ. തോമസ്: ഈ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട നിയമമന്ത്രി രണ്ടുവിധത്തിലുള്ള ഒററികളെപ്പററി പറഞ്ഞു. ഒന്ന് ഉത്തമർണ്ണ-അധമർണ്ണസ്വഭാവമുള്ളതു്. രണ്ട് ജന്മികുടിയാൻസ്വഭാവമുള്ളതു്. ആദ്യത്തേതിന് ഇറക്കിപ്പണയം, നടപ്പുപണയം, കൊഴുവിറക്കിപ്പണയം എന്നൊക്കെയാണ് ഞങ്ങളുടെ നാട്ടിൽ പറയുക. അത്തരത്തിലുള്ള ഒററികളെ ഈ ബില്ലിന്റെ പരിധിയിൽ പെടുത്തണമെന്നു് ഞാൻ വാദിക്കുന്നില്ല. പെടുത്തിക്കൂടാ എന്ന് സമ്മതിക്കുകയും ചെയ്യുന്നു. എന്നാൽ ജന്മി-കുടിയാൻ സ്വഭാവമുള്ള ഒററികളെല്ലാം ഈ ബില്ലിന്റെ പരിധിയിൽ കൊള്ളിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നതു്. തങ്ങളുടെ രക്തത്തെ വിയർപ്പാക്കി മാററി കാടുംമേടുമായി കിടന്നിരുന്ന ഭൂമികളെ ഫലഭൂയിഷ്ടമാക്കിത്തീർത്തു്, ദേശീയസമ്പത്തു വർദ്ധിപ്പിച്ച യഥാർത്ഥകർഷകരെ കൈക്കിലക്കൂടാതെ വലിച്ചിറക്കി വഴിയാധാരമാക്കരുതെന്നുമാത്രമേ എനിക്കപേക്ഷയുള്ളു. കാഞ്ഞിരപ്പള്ളി മുൻസിഫ് കോടതിയിൽ ഇതുസംബന്ധിച്ച് ആയിരത്തോളം കേസ്സുകൾ നടക്കുന്നുണ്ടെന്നു് ഒരു ബഹുമാനപ്പെട്ട മെംബർ ഇവിടെ പറഞ്ഞു. ആ കേസുകളുടെ വിശദവിവരങ്ങൾ ഇതാ എന്റെ പക്കലുണ്ട്. ഈ പ്രശ്നം ഒരു വർഗ്ഗീയപ്രശ്നമാക്കാൻ ഒരു കൂട്ടർ ശ്രമിക്കുന്നുണ്ട്. അതു വെറും മിഥ്യയാണെന്നു ഈ കേസ്സുകൾ പരിശോധിച്ചാൽ കാണാൻ കഴിയും. കഴിഞ്ഞവർഷം എടുത്ത ഈ പട്ടികയിൽ ൧൩൦ കേസ്സുകളുടെ

വിവരങ്ങൾ ഉണ്ട്. ഇതിലെ പ്രതികൾ നം ൦൧ പേർ ക്രിസ്ത്യ തരന്മാരായ നായന്മാരും ഈഴവരും മററുമാണ്. ഇതുകൊണ്ടുതന്നെ ഇതിനെ ഒരു വർഗ്ഗീയപ്രശ്നമാക്കുന്നതു് വെറും മുതലെടുക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമമാണെന്നു കാണാൻകഴിയും. ഇതിൽ ൨൦ സെൻറുമുതൽ ൱ ഏക്കർവരെയുള്ള വസ്തുക്കളെപ്പററിയ കേസുകളേയുള്ളു. ഇവരിൽ ഭൂരിപക്ഷംപേർക്കും വേറെ വസ്തുക്കൾ ഉള്ളവരല്ല. പന്ത്രണ്ടും അൻപതും നൂറും വർഷങ്ങളായി പരമ്പരയാ അനുഭവിച്ചുപോരുന്ന വസ്തുക്കളാണ് അതു്. തീറത്തിനു തുല്യമായ കുഴിക്കൂറിയർത്ഥംകൊടുത്തു് വാങ്ങിയതാണ്. ആ വസ്തുക്കളിൽനിന്നുമാണ് അവരെ ഒഴിപ്പിക്കാൻ പോകുന്നതു് ൧൯൫൦-ലെ ൮-ാം ആക്ടുകൊണ്ടു് അവർക്കു് യാതൊരു ആശ്വാസവും കിട്ടിയില്ല. ആ നിയമം പാസാക്കിയ ഉടനെ യാണ് ജന്മികൾ ഈ കേസുകളെല്ലാം കൊടുത്തതു്. ഈ ബിൽ ഈ ഭേദ ഗതിയോടുകൂടി ഇവിടെ പാസാക്കിയാൽ നാളെമുതൽതന്നെ ജന്മിമാർ കുടിയാന്മാരെ ഇറക്കിവിടാൻ തുടങ്ങും. കുറെ വക്കീലന്മാർക്കു് ഇതു കൊണ്ടു് ഗുണമുണ്ടാകാം. അല്ലാതെ പാവപ്പെട്ട കർഷകനു് യാതൊരു രക്ഷയുമില്ല. അതുകൊണ്ടു ഞാൻ കാൺഗ്രസ്സ്കക്ഷിയോടാവശ്യപ്പെടു ന്നതു്, നിങ്ങൾക്കു നിങ്ങളുടെ വാഗ്ദാനം നിറവേററാൻ സാദ്ധ്യമല്ലെ ങ്കിൽ ദയവുചെയ്തു ഈ നിയമസഭ പിരിച്ചുവിട്ടിട്ടു് പുതിയ ഒരു തിരഞ്ഞെടുപ്പു നടത്തുക എന്നാണ്. ഈ ബില്ല് ഇവിടെ കൊണ്ടുവന്ന ബഹുമാനപ്പെട്ട നിയമമന്ത്രിയുടെ ഇപ്പോഴത്തെ ദയനീയമായ നില യോർത്തു എനിക്കദ്ദേഹത്തോടു സഹതാപമാണ് തോന്നുന്നതു്. അദ്ദേഹം പല സമ്മർദ്ദങ്ങൾക്കും പ്രേരണകൾക്കും വിധേയനായി സ്വന്തം അഭിപ്രായം പരിത്യജിക്കേണ്ടിവന്നു. വാസ്തവത്തിൽ ഒരു വിഭാഗം ജനങ്ങൾ അദ്ദേഹത്തെ അദ്ധ്വാനിക്കുന്ന കർഷകരുടെ വക്താവായി കണ്ടിരുന്നു. അദ്ദേഹത്തോടു് എനിക്കു പറയാനുള്ളതു് സ്വന്ത അഭി പ്രായവും അഭിമാനവും പുലർത്തിക്കൊണ്ടു് തന്നെ വിശ്വസിക്കുന്ന കർഷകരോടു നീതിനിർവഹിക്കുവാൻ സാദ്ധ്യമല്ലെന്നുണ്ടെങ്കിൽ ആ സ്ഥാനം രാജിവയ്ക്കുക എന്നാണ്. ഏതായാലും........

Mr. Speaker: Order, Order. We are going far away from the amendment. What have all these things to do with the amendment before the House?

ശ്രീ. കെ. ജെ തോമസ്: ഇതിൽ കൂടുതലായി ഒന്നും എനിക്കു പറയുവാനില്ല. വീണ്ടും ഞാൻ ആവശ്യപ്പെടുന്നു, ഒന്നുകിൽ നിങ്ങൾ ജനങ്ങളോടു ചെയ്ത വാഗ്ദാനത്തെ നിറവേററുക. അല്ലെങ്കിൽ ഒരു പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുക.

ശ്രീ. സി അച്യുതമേനോൻ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണ് ചെയ്യുന്നതു്. ഈ ഭേദഗതി സ്വീകരിക്കയാണെങ്കിൽ ഈ ആക്ററ ഇന്നുനിലവിലിരിക്കുന്ന സ്ഥിതിയിൽതന്നെ ഇരിക്കണം. അതിൽ യാതൊരു തരത്തിലുള്ള വ്യത്യാസവും വരുത്തുവാൻ പാടില്ല എന്നുള്ള അർത്ഥമാണ് സിദ്ധിക്കുന്നതു്. ബിൽ സെലക്ററകമ്മററിക്കു് അയക്കുവാനുണ്ടായ കാരണംതന്നെ ഈ ബിൽ ഇന്നിരിക്കുന്ന നിലയിൽ അതു തൃപ്തികരമല്ല, വ്യക്തമല്ല, അതു വ്യക്തമല്ലാത്തതുകൊണ്ടു് പലവിധ

[ശ്രീ. സി. അച്യുതമേനോൻ.]

ത്തിലുള്ള ദുർവ്യവഹാരങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും കക്ഷികൾക്കു ഇടയാകുന്നുണ്ട് എന്നുള്ളതാണ് എന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ട് അതിനെപ്പററി സെലക്റ്റകമ്മിററിയിൽ ഗാഢമായി പര്യാലോചിക്കുകയുണ്ടായി. സെലക്റ്റകമ്മിററി അതിനുവേണ്ടി രണ്ടുമൂന്നുതവണ കൂടുകയുമുണ്ടായി. പലതരത്തിലുള്ള നിർവചനങ്ങളേയും പരിശോധിച്ചു. പരിചയമില്ലാത്ത ആളുകൾ എഴുതിവച്ചിട്ടുള്ള ഒരു നിയമമായ Transfer of Property Act ലെ നിർവ്വചനം കൊണ്ടു സംശയം തീർക്കുവാൻ സാദ്ധ്യമല്ലെന്നു സിലക്റ്റ കമ്മിററി കണ്ടു. അതുകൊണ്ട് ലീസ്ഹോൾഡ് റൈററിന് ഒരു നിർവ്വചനം വേണമെന്നു സെലക്റ്റ കമ്മിററി തീരുമാനിച്ചു. അതുകൊണ്ടാണ് നിർവ്വചനം ഈ തരത്തിലുണ്ടായതു്. ഹോൾഡിംഗ്സിന്റെ നിർവ്വചനത്തിൽ കാണപ്പാട്ടം ഉൾപ്പെടും എന്നുള്ളതിനെപ്പററി ഒരു സംശയവും ഉണ്ടായിട്ടില്ല. ഒരു കാലത്തു കാണപ്പാട്ടങ്ങൾ കൂടി ഇതിൽ ഉൾപ്പെടുമൊ എന്നു സംശയമുണ്ടായിരുന്നു. അടുത്തകാലത്തു തിരുവിതാംകൂർ കൊച്ചിയിലെ ഹൈക്കോടതിയിലെ ഫുൾ ബെഞ്ച് ഡിസിഷൻ ആ സംശയങ്ങൾ ദൂരീകരിച്ചിട്ടുണ്ട്.

Shri P. Sadasivan Pillai : Does not the hon. Member think that the essential ingredients of Travancore tenures are periodical renewal and payment of renewal fees ?

ശ്രീ. സി. അച്യുതമേനോൻ : തിരുവിതാംകൂറിൽ ഒരുതര തരത്തിലുള്ള ടെനൻസീഴ്സുണ്ട്.

Shri P. Sadasivan Pillai : Has it not been clearly laid down by law in Travancore by the Jenmi-kudiyan Act and by so many decisions of the High Court of Travancore ?

അതായതു് പീരിയോഡിക്കൽ റെന്യുവലും payment of renewal fees-ം സംബന്ധിച്ച് ഇവിടെയുള്ള നിയമത്തിൽ ഉണ്ട്. അതു സംബന്ധിച്ച് ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. അച്യുതമേനോൻ : ഞാൻ അതിനെ ചോദ്യം ചെയ്തില്ല.

ഞാൻ ഇവിടെ പറഞ്ഞുകൊണ്ടുവന്നതു് ഇങ്ങിനെയുള്ള ഒരു സംശയം ഈ ആക്റ്റിനെ സംബന്ധിച്ചുണ്ടായിരുന്നു എന്നാണ്. അതേ സമയത്തു തന്നെ കാണപ്പാട്ടത്തിന്റെ സ്വഭാവം ഉള്ളതാണെന്നു വ്യക്തമായി അറിയുവാൻ നിവൃത്തിയില്ലെങ്കിൽ കൂടി വ്യക്തമായ ലീസ്ഹോൾഡു സ്വഭാവമുള്ള പലതരത്തിലുള്ള ബന്ധങ്ങൾ ഉൾക്കൊള്ളുന്ന വസ്തുക്കൾ ഉണ്ട്. ഈ തരത്തിലുള്ള വസ്തുക്കൾ വിധിനിവൃത്തി നിയമത്തിന്റെ വ്യാപ്തിയിൽ പെടണമോ വേണ്ടയോ എന്നായിരുന്നു സംശയം. സെലക്റ്റ കമ്മിററിക്കു അതും കൂടി ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്നു തോന്നി. അതിനുള്ള ആക്റ്റിൽ എന്തു വ്യവസ്ഥ ഉണ്ടായിരിക്കണം എന്നു ആലോചിച്ചു. പൊളിച്ചെഴുത്തിനുള്ള വ്യവസ്ഥ അപ്രകാരമുള്ള ഒന്നായിരിക്കണം എന്നു നിശ്ചയിച്ചു ഒരു ഉത്തമർണ്ണനും അധമർണ്ണനും തമ്മിലുള്ള ബന്ധത്തിൽ പൊളിച്ചെഴുത്തിനു വ്യവസ്ഥ ചെയ്യുന്നതു

സ്വാഭാവികമല്ല. പൊളിച്ചെഴുത്ത് പണയത്തിന്റെ ഒരു സവിശേഷസ്വഭാവമല്ല. കൊഴുവറക്ക പണയം, കൈവശപ്പണയം എന്നൊക്കെ പറയുന്ന പണയത്തിനാണെങ്കിൽ ൧൨ കൊല്ലത്തെ കാലാവധിയുണ്ട്. അതിനിടയ്ക്കു ആ വസ്തു മടക്കിവാങ്ങുവാൻ പണയം കൊടുത്ത ആൾക്കു അവകാശമുണ്ട്. കാണപ്പാട്ടത്തിൽ അതിൽനിന്നു ഉപരിയായി ഏതോ ഉൾക്കൊള്ളുന്നുണ്ടെന്നു വ്യക്തമാണ്. അതുപോലെതന്നെയാണ് കസ്റ്റംമറി ഡ്യൂസിന്റെ കാര്യവും.

<u>ശ്രീ. എം. ഗോപാലൻനായർ :</u> കൊച്ചിയിലെ വെറുമ്പാട്ട കുടിയാൻ ആക്ടിൽ പൊളിച്ചെഴുത്തിനു വ്യവസ്ഥയുണ്ടോ ?

<u>ശ്രീ. സി. അച്ചുതമേനോൻ :</u> ഇല്ല. കസ്റ്റംമറിഡ്യൂസ് എന്നു പറഞ്ഞാൽ ആ പദംതന്നെ വാസ്തവത്തിൽ കാണിക്കുന്നതു ഒരു ഫ്യൂഡൽ ബന്ധത്തെയാണ്. അതു കൊണ്ടാണ് ഇങ്ങനെയുള്ള സ്വഭാവവിശേഷം ഉൾക്കൊള്ളുന്ന എല്ലാതരത്തിലുള്ള ഏടപാടുകളേയും ലീസ്ഹോൾഡ് റൈററിൽ പെടുത്തണമെന്നും ഈ തരത്തിലുള്ള വസ്തു കൈവശമുള്ള ആളുകൾക്ക് വിധിനടത്തു നിർത്തലിന്റെ ഗുണം കൊടുക്കണമെന്നും സെലക്ട് കമ്മിററി തീരുമാനിച്ചതു്.

ഇവിടെ ഒററിവസ്തുക്കളെപ്പററി പറഞ്ഞു. രണ്ടോ മൂന്നോ ഏക്കർ വസ്തു കൈവശമുള്ള ഒരാൾ ഒന്നുകിൽ മകളുടെ കല്യാണത്തിനു അല്ലെങ്കിൽ മകനു ഫീസു കൊടുക്കുവാൻ അയാളുടെ പക്കൽ പണം ഇല്ലാതെ വരുമ്പോഴാണ് ഒററിയുടെ ആവശ്യം വരുന്നതു്. ഈ വസ്തുവല്ലാതെ അയാൾക്കു വേറെ സ്വത്തില്ല. നോട്ട് എഴുതികൊടുത്താൽ പണം കിട്ടുവാനും മാർഗ്ഗമില്ല. ഇങ്ങനെ വരുമ്പോഴാണ് വസ്തു ഒററി കൊടുത്തു പണം വാങ്ങുന്നതു്. ഇങ്ങനെയുള്ള ഇടപാടുകളെ മുഴുവൻ ഇതു് ബാധിക്കുന്നതായാൽ ഒററി കൊടുക്കുന്ന വസ്തുക്കൾ തിരിച്ചെടുത്തു് അനുഭവിക്കാൻ സാധിക്കാതെ വരും. അപ്പോൾ വസ്തു ഉടമസ്ഥന്മാർക്കു വളരെ ബുദ്ധിമുട്ടുവരും.

പക്ഷെ, അതേസമയത്തു ഈ വാദഗതികളെല്ലാം ഉന്നയിക്കുന്ന അവസരത്തിൽതന്നെ ഒററികൊടുക്കുന്ന ആളുകളെയെല്ലാം നിർദ്ധനന്മാരായും ഒററി വാങ്ങുന്നവരെയെല്ലാം ധനവാന്മാരായും ചിത്രീകരിക്കുന്നതിനോട് എനിക്കു യോജിക്കാൻ നിവൃത്തിയില്ല. ഒററി കൊടുക്കുന്ന ആളുകളിൽ നിർധനന്മാരുണ്ട്. അത്രതന്നെയോ അതിൽ കൂടുതലോ ഒററിവാങ്ങുന്ന ആളുകളിലും നിർധനന്മാരുണ്ടെന്നു് എനിക്കു് പറയാൻ കഴിയും. വടക്കൻ താലൂക്കുകളിൽ ഒന്നും, രണ്ടും, മൂന്നും ഏക്കർഭൂമി അൻപതും അറുപതുംകൊല്ലമായി ഒററിവാങ്ങി അദ്ധ്വാനിച്ചു ഫലഭൂയിഷ്ഠമാക്കി അതിൽ വീടുംകെട്ടി താമസിക്കുന്ന എത്രയോ അധികം കൃഷിക്കാരുണ്ടെന്നുള്ള പരമാർത്ഥം നാം വിസ്മരിക്കാൻ പാടില്ല. അതുകൊണ്ടു ഒററി വാങ്ങിയിട്ടുള്ളവരെയെല്ലാം ഭയങ്കരന്മാരായ ഭൂഉടമസ്ഥന്മാരായി കരുതുന്നതു യാഥാർത്ഥ്യത്തിനു് വിരുദ്ധമാണെന്നാണ് എനിക്കു പറയാനുള്ളതു്. അതിനാൽ അത്തരം ഇടപാടുകളെ ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരുകയാണെങ്കിൽ നിശ്ചയമായും ഗുണം കിട്ടാൻ പോകുന്നതു ഒരു വലിയ വിഭാഗം അദ്ധ്വാനിക്കുന്ന കൃഷിക്കാർക്കായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആ നിലയിൽ ഈ നിയമം പാസായാൽ ഈ രാജ്യത്തിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കും ഉത്തമമായിരിക്കുമെന്നാണ് എന്റെ ബലമായ അഭിപ്രായം. സെലക്ററ കമ്മററി

[ശ്രീ. സി. അച്യുതമേനോൻ.]

ഇത്തരത്തിൽ ഈ ആക്ട് ഭേദഗതി ചെയ്തുകൊണ്ടുവന്നതിനുശേഷം പല സംഗതികളും ഈ രാജ്യത്ത് നടന്നിട്ടുണ്ട്. കാൺഗ്രസ് പാർട്ടിയിൽ ഈ ബില്ലു സംബന്ധിച്ച് അഭിപ്രായവ്യത്യാസം ഉണ്ടാകാനും സെലക്റ്റ കമ്മിററി ഭേദഗതി ചെയ്ത രൂപത്തിൽ പാസാക്കാൻ പാടില്ലെന്നു നിർബന്ധം പിടിക്കാനും ഇടവന്നിട്ടുള്ളതിൽനിന്നും കാൺഗ്രസ് പാർട്ടിയുടെ മേലും ഇന്നത്തെ മന്ത്രിസഭയുടെ മേലും അനർഹമായ സ്വാധീനശക്തികൾ ചിലർ ചെലുത്തുന്നുണ്ടെന്നു ഈ നാട്ടിലുള്ള ആളുകൾക്ക് വ്യക്തമായി മനസിലാക്കാൻ കഴിയും. ഞങ്ങൾ കാൺഗ്രസ് പാർട്ടിയെ അങ്ങേയററം എതിർക്കുന്നുണ്ട്. എങ്കിൽക്കൂടി ഇന്ന് അധികാരത്തിലിരിക്കുന്ന മന്ത്രിസഭ രാജ്യത്തിന്റെ അഭിമാനത്തെ വിററതിന്നാൻ പാടില്ലെന്നു ഞങ്ങൾ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. എന്നാൽ ആ പ്രതീക്ഷക്കും ആഗ്രഹത്തിനും വിരുദ്ധമായി ചില സാമുദായിക സംഘടനകളുടെ നേതാക്കന്മാരുടെ ബ്ലാക്ക്മെയിലിന് വശഗരായി ഈ മന്ത്രിമാർ അവരുടെ തീരുമാനങ്ങൾ മാററുകയാണെങ്കിൽ അതു് ലജ്ജാകരമാണെന്നു പറയേണ്ടിവരുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഇന്ന് ഇവിടെയുള്ളതു് രാജ്യത്തോടോ നിയമസഭയോടോ ഉത്തരവാദിത്തമുള്ള മന്ത്രിസഭയല്ല. ഈ നിയമസഭയെക്കാളും കാൺഗ്രസ്സു പാർട്ടിയെക്കാളും കൂടുതലായി ചില സമുദായസംഘടനകളോട് ഉത്തരവാദപ്പെട്ട് അവരുടെ ചാട്ടവാർ പ്രയോഗത്തിന് കീഴ്‌വഴങ്ങാൻ ഈ മന്ത്രിമാർ നിർബന്ധിതരായിത്തീർന്നിട്ടുണ്ടെങ്കിൽ അതു് എത്രമാത്രം ലജ്ജാകരമാണെന്ന് ഞാൻ വീണ്ടും പറയുന്നു. (ഷെയിം, ഷെയിം.)

Mr. Speaker : Order, order, please. To call out "shame" is unparliamentary. On a former occasion I have said that.

ശ്രീ. സി. അച്യുതമേനോൻ : സർ, ഞാൻ ബില്ലിന്റെ മെറിററിനെപ്പററി ഇതിൽക്കൂടുതൽ പറയാൻ ആഗ്രഹിക്കുന്നില്ല. ഒരുപക്ഷെ ഇത്തരത്തിലുള്ള കുഴപ്പങ്ങൾ ഒന്നും കൂടാതെ ആദ്യമേ ബില്ല് കൊണ്ടുവന്നിരുന്നെങ്കിൽ വ്യക്തിപരമായി ഞാൻ അതിനെ അനുകൂലിച്ചേക്കുമായിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നുണ്ട്. ഈ ഘട്ടത്തിൽ അങ്ങനെ ചെയ്യുന്നതിന് സാദ്ധ്യമല്ലാത്ത ഒരു പരിതഃസ്ഥിതിയാണ് സൃഷ്ടിച്ചിരിക്കുന്നതു്. കഴിഞ്ഞ രണ്ടുമൂന്നു ദിവസത്തെ സംഭവങ്ങളാണതിനു കാരണം. ഭേദഗതിയെ എതിർത്തില്ലെങ്കിൽ ഞങ്ങളെ തെരഞ്ഞെടുത്തയച്ച ഈ രാജ്യത്തെ ബഹുജനങ്ങളോടു ചെയ്യുന്ന ഒരു വഞ്ചനയായിരിക്കും അതെന്ന് ഞാൻ വിചാരിക്കുന്നു. ചില രാഷ്ട്രീയ മല്ലന്മാരുടെ അനർഹമായ സ്വാധീനത്തിന് ഞങ്ങൾ വശഗരാകാൻ ഒരിക്കലും തയാറാവുകയില്ലെന്നു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. സെലക്റ്റ കമ്മിററി ഭേദഗതി ചെയ്ത രൂപത്തിൽ ബില്ല് പാസാക്കുകയാണെങ്കിൽ ദേഹണ്ണക്കുടിയാന്മാർക്ക് രക്ഷ കിട്ടുന്നതാണ്. ആ വിഭാഗത്തിലുള്ള എല്ലാവർക്കും രക്ഷ കിട്ടേണ്ടതാണെന്ന് ഞാൻ പറയുന്നില്ല. എന്നുവരുകിലും അതിൽ ഭൂരിപക്ഷം ആളുകളും രക്ഷ കിട്ടേണ്ടവരാണ്. അവർക്കു് ഇന്ന് രക്ഷ കിട്ടാനുള്ള അവസരം കുറഞ്ഞുപോകുകയാണ് ചെയ്യുന്നതു്. ഈ ആക്റ്റ് സെലക്റ്റ കമ്മിററിക്ക് അയക്കാതെ ഒരു കൊല്ലക്കാലത്തേക്കു നീട്ടാൻമാത്രം വ്യവസ്ഥ ചെയ്തിരുന്നുവെങ്കിൽ ഇത്രയും കുഴപ്പം ഉണ്ടാക

മായിരുന്നില്ല. ഇത്രയും വാദപ്രതിവാദങ്ങൾ കഴിഞ്ഞശേഷം ഇങ്ങനെയൊരു നടപടി സ്വീകരിക്കുകയാണെങ്കിൽ എന്താണ് അതിൽനിന്നും ഉണ്ടാകുന്നതെന്ന് നാം പ്രത്യേകം ആലോചിക്കേണ്ടതാണ്. ഭൂമി കൈവശം വച്ചിരിക്കുന്ന ആളുകളെ ഉടൻതന്നെ ഒഴിപ്പിക്കാതെ നിവർത്തിയില്ലെന്ന് ഒരു ആശങ്ക ഭൂഉടമസ്ഥന്മാരുടെ ഇടയിൽ സംജാതമാകും. വാസ്തവത്തിൽ വെറുതേ ഇരിക്കുന്ന ആളുകൾപോലും കേസു കൊടുക്കുന്നതിന് തയ്യാറാകും. ഇന്നലെമാത്രം തലശ്ശേരിയിൽനിന്ന് ഇവിടെ എത്തിയ ശ്രീ. അബ്ദുൽഖാദർ എന്നോടു പറയുകയുണ്ടായി, മലബാർ കുടിയാൻ ആക്ടിന്റെ അടിസ്ഥാനപ്പെടുത്തി അനവധി കേസുകൾ വസ്തു ഒഴിപ്പിക്കാൻ കൊടുത്തിട്ടുണ്ടെന്ന്. നിലവിലിരിക്കുന്ന നിയമങ്ങൾ അതേപടി തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ വലിയ കുഴപ്പമില്ലാതെപോയേക്കും. എന്നാൽ അതിനു ഭേദഗതി ഹാജരാക്കിയശേഷം പിൻവലിക്കുകയാണെങ്കിൽ പല കുഴപ്പങ്ങളുമുണ്ടാകാതിരിക്കാൻ വഴിയില്ല. അതുകൊണ്ട് ഞാൻ ഭേദഗതിയെ എതിർക്കുന്നു.

6 P. M.

Shri E. P. Varghese: Sir, I was a member of the Select Committee for this unfortunate Bill. If had known that this will be the fate of the Bill I would not have accepted the membership. Sometimes it is an honour to be member of the Select Committee and sometimes it is possible to do some service if on the Committee. I am opposing this amendment. I suppose this amendment—

Shri R. Kesava Pillai : Does the participation in the Select Committee depend upon the success of any Bill?

Shri E. P. Varghese : No, but I have justification for my feeling. When this Bill was introduced here none of us wanted or suggested that it should be referred to a Select Committee. It was an extension of the term for one more year and there was no need to refer the Bill to a Select Committee. The hon. Law Minister, with an apology suggested that the Bill be referred to a Select Committee. Then it was suggested by me and the hon. Member for Trivandrum that the terms of reference to the Select Committee should be wide. It was agreed to by the hon. Minister. The hon. Member who has now moved this amendment did not raise any objection to it, nay the whole Congress Party and this House accepted the widening of the terms of reference. As the hon. Member for Trichur mentioned, at the Select Committee stage there were many suggestions even regarding the inclusion of 'Otties'. We considered for many days the various suggestions. At last we decided that this amendment should bring in its scope all transactions which have the nature of a leasehold, and should not include any transaction which creates a relationship of creditor and debtor. We wanted, as is contemplated in the preamble of the Bill that it should bring

[Shri. E. P. Varghese.]

in all holdings, or tenures, or all demises of land which create a relationship of land lord and tenant.

Shri M. Gopalan Nair : Does the hon. Member know that it applies only to Travancore and that it does not apply to Cochin?

Shri E. P. Varghese : Cochin people have been more progressive and we are reactionary. Cochin Act provides for many more things. Their Act is more progressive and more beneficial to the tenants. We have merged with Cochin and at the same time we have not advanced as the Cochin people have, in this matter. We have not gone so far. All evictions as the hon. Law Minister stated yesterday should be brought under the scope of this Act. It is not achieved as the Act now stands. Hence the necessity of bringing in this amendment. There are a number of suits already filed in several courts in which it is contended that the transactions do not come under the purview of the Act. So the Select Committee clarified the position by the amendment proposed. We thought that all demise of land which created a relationship of land lord and tenant should be brought under this category. We never wanted to include the mortgages or 'Otties'. We have deliberately omitted that. Doubtful cases were never included. 'Otti' of a land is a kind of anomalous mortgage. Many of the commentators have expressed that opinion. We did not want, that though our 'Otties' have more of the nature of leaseholds to include this controversial term also in the Bill, in spite of the fact that we included 'Kanapattom which is also another kind of anomalous mortgage. I shall substantiate this. This is what is stated in Ghose on mortgages. Sir, Rash Behari Ghose, one of the greatest jurists India has produced, says in his "Tagore Law Lectures on Mortgages":

"The largest contribution to the class of anomalous securities is furnished by the various kinds of local mortgages possessing well-known incidents derived from custom. The most familiar instances are the 'Otti' and 'Kanam' of Malabar"

Shri Panampilli Govinda Menon: Does the hon. Member know that the 'Otti' of Malabar is different from the 'Otti' of Travancore ?

Shri E. P. Varghese: There may be differences, but they are not entirely different, nor all of them. Some are similar. As for that matter there are differences even between the 'Otti' deeds in this State. They vary from locality to locality. The Rulings of Travancore High Court and of Madras High Court have

also held that many of the 'Otties' are anomalous mortgages and as such are akin to 'Kanapattoms' which are already within the definition of 'holdings' in the Act. Therefore contentions are being raised in Courts that some of the transactions styled 'Otties' are of the nature of Kanapattom holdings. The Committee could have included also 'Otties' in the scope of the Bill as most of our Otties' have many of the incidents of leases. By omitting 'Otties' from the ambit of the Bill the Committee has excluded many transactions which should have come in. But it was thought better to avoid a controversy although in doing so, some good was done to few while doing great wrong to many. Still as the term 'Otti' was objectionable to some and considered to-be a sore point it has been excluded. But nevertheless there will be the contention in the suits.

Shri M. Gopalan Nair: Where do they arise, in the trial side or in the execution side ?

Shri E. P. Varghese: They arise in the trial side. There will be prayer for eviction in the plaints. Therefore the contention is raised in the written statement that the plaint transaction is of the nature of a lease. Then the issue is raised on that and the trial side goes into the matter. Sir, let me continue the point I have been dealing. The Committee never contemplated any relationship as that of creditor and debtor to be included in this Bill. But at the same time we wanted that every transaction which partook of the nature of a lease or having any of the incidents of a lease where the relationship that is created is that of landlord and tenant should not be excluded. That is why we included it. Still it is said that "otti" comes within this definition. Amendment 6 was tabled and the hon. Law Member accepted it. But now, another amendment is moved negativing the whole thing. That mean there was no purpose in sending the Bill to the Select Committee. The House said it shall be considered by the Select Committee, but it seems as if the House did not contemplate or at least some of the Members did not, that when they made such a commitment, they would be liable to get such amendments. We have not gone beyond the purpose of the whole Bill. From the definition of holdings, it is seen that it is immovable property held under a single transaction in which leasehold right is created and possession of the property is transferred from one person to another.

Shri R. Kesava Pillai : What about the "any other demise of immovable property by whatever name called," and the subsequent clauses in the explanation ?

Shri E. P. Varghese : We wanted to fill up the lacuna. There were certain documents styled other than leases and kanapattom but having the incidents of a lease, and there is a lot of contention in Courts. The purport of the Bill was to bring in such

[Shri E. P. Varghese.]

holdings also. But since the wording was ambiguous, we thought that we would make it clear, but we made it clear without touching that danger spot, "otti." As soon as "otti" is mentioned, there is a hue and cry. It is all a misapprehension. "Otti" of our country partakes of the nature of an anomalous mortgage, of a lease more or less similar to kanapattom. If kanapattom can be included, otti could be included, but because there was a lot of controversy and dissension on the matter, and also heartburning on the question, and fear that it would benefit one community and do harm to another community, it was thought, "let us leave the word otti carefully out of the question and let us not bring in anything which would have any incidents of on otti." Otti is a sort of usufructuary mortgage. Usufructuary mortgages will not have any of those two incidents which we have mentioned in the Bill, that is, renewal on the expiry of any specified period or payment of customary dues. These are purely incidents of leaseholds, or tenures partaking of the nature of a leasehold. We could safely include these and bring in those tenures which stand on the verge or stand in a doubtful position, but at the same time leave out "otti" which is a usufructuary mortgage. In many of the kanapattoms, we have got payment of michavaram, but still, it was contended by some that in certain "otties" which partake of the nature of the usufructuary mortgage where creditor and debtor relationship comes in, there may be provision for payment of michavaram. So, we omitted that, though payment of michavaram generally—in 99 per cent of the cases—indicates a lease, a landlord and tenant relationship. Still, we excluded it. Now, when it has been so carefully worded, it is rather painful for me to note that even the Member for Chadayamangalam has thought that it is dangerous or that we have gone beyond the scope of the Bill and that 'the amendment of the Committee will include "otties", and many other similar transactions and that by amending this Bill in this way, we have been simply ruining the whole country. This Legislature cannot enact a legislation, especiallly one which involves land and affects the land policy without affecting the interests of some beneficiary others adversely. Of course, if you want to do something, it has to affect somebody somehow. If you want to conduct a surgical operation you have to cut the tissues and shed blood. It cannot be done without that. It is for doing a great good to the cultivators, tenants that we are enacting this measure. Of course it may cause some difficulty, but let us see what harm it will do. This is only a stay of execution of eviction not even affecting a substantial right but only

a procedural one, where, by staying execution of decrees for eviction for one year or more on the pious wish or expression of the party in power, that they will bring a legislation. I do not want to think that this Government will be able to do so. Other Members have also voiced their doubts. I do not want to question the honesty or bonafides of that statement of the Government. They must be honestly trying their best to bring in a land Bill but I have my doubts whether the Congress Party in this House will survive the reaction of passing such a Bill. They will be able to bring it, but they will not be able to pass it, because this is an indication of all the troubles they will have to face in the matter.

I am not going to express my views how far land policy should be progressive, but one thing: I find from the Planning Commission's report that as far as land policy is concerned, one feature should be that, "The general policy should be to enable the tenants to become owners." If this is to be implemented, there should be stay of execution for such evictions. Otherwise, they can defeat the purpose. When this legislation bestowing ownership on tenants is to be brought in, there will be no tenants in this land if there is no stay of execution of eviction till such a law is enacted. All will be evicted and properties will be in the hands of the owners. There will be no more tenants. That will be the result. It is after foreseeing that—it is to prevent such a contingency—that three or four years ago such an Act was passed. The party in power wanted that there should be some land legislation wherein at least the lessees or the cultivators should, to a certain extent, either be made permanent or they should be allowed the ownership of the land they cultivated. In order to prevent the mischief, after having announced their policy, they thought that there should be a stay. But we find that this Act has been amended several times. There have been controversies, and fears when the amendments were proposed. I find that several amendments to this Bill have been still-born, and this too threatens to be in that group. I have with another amendment Bill which has not been the light of day, but has come only in the form of a gazette extraordinary, but has never been moved in this House. That too was aborted by some torpedo, undercurrent, extraneous force. I know how it was done but I do not want to mention it. When we proposed these amendments to the present Bill, we did not extend the scope of the Bill, but it was only in clarification, it was only in furtherance of the purpose of the Bill that we take this step. We are however taking only the first step. If the party in power cannot stand that, how long and how much are they going to stand in the matter of land legislation ? Even a moderate let alone a radical, land policy

[Shri E. P. Varghese.]

will be lost to us, if we accept the amendment now moved. We will be exposing ourselves to severe criticism, and many of us—mostly the Members of the congress party—will be digging the graves of their public life. That is what I have to say to the Party in power. I make an appeal to the hon. Members of the party in power,—because when they have decided to follow one course they will simply vote for it—whether it be reasonable or not. I request the party that they should give up passion and sentiment and be guided by reason. Sir, I am reminded of a passage in Gibbon's autobiography—that great historian of the Decline and Fall of the Roman Empire. He says in his autobiography that he wanted to marry a particular lady whom he loved. But his father objected. So, he says "I sighed like a lover but obeyed as a son." I can also see from the faces, the expressions and the speeches made by the hon. Members of the Congress Party that many of them are in such a predicament as Gibbon. Their mind is somewhere else, they love the select Committee report but they are helpless to act accordingly. They are sighing like lovers but obeying like partymen. They like this amendment—many of them—but the party has decided otherwise. I would of course command their discipline, but at the same time not to act in such a way, not in a bad cause but in a good cause. So, I would appeal to the hon. Members to pass the Select Committee Report as it is. There is nothing dangerous. There is nothing underhand. I have placed all the facts, I have stated, and I think I have explained this, that nothing which is within the scope of any creditor and debtor relationship can be brought by any stretch of imagination, by any stretch of argument, before a court of law as coming within the scope of the provisions of the Bill as reported by the Select Committee. Sir, I oppose this amendment.

Shri A. Thanu Pillai: I wish to say a few words. I wanted to know the attitude of the Law Minister in regard to this amendment. But I am disappointed. I thought he would express his views and then give the other Members an opportunity to discuss the matter further. Sir, my party, from the very beginning, took the veiw that the question of the land legislation should be taken up as early as possible, all aspects of the matter should be adequately considered, and legislation should be enacted as satisfactorily as possible. But the Government have been very, very lax in regard to that. It is no good the Treasury Benches telling us that plead guilty to the charge of irresponsibility and inaction. This is a very important matter and they bestowed their best attention to this issue as soon

as they thought of stay'ng execution of decrees four years ago. But they have not done it. I think their guilt is really intolerable. But at the same time, Sir, we should not lightly resor to all manner of temporary legislation like this. I know that if I say that we should at this stage be satisfied with prolonging the period of operation of the already existing temporary law, which has existed for full four years, and try to bring in legislation as soon as possible, I am likely to be misunderstood. But then, Sir, my party took a definite stand in regard to this matter and we stand by that. That is to say, this kind of temporary legislation, without having adequate materials before us, is really dangerous. Simply because it is said that the proposal of the Select Committee is to help the tenants, one need not be daunted and agree to any thing that is placed here. I know, Sir, that land legislation in Travancore- Cochin is a very difficult matter. In fact, I was shocked to read the provisions of the Bill introduced by my Communist friend, Shri Achyutha Menon where he seeks to give fixity of tenure to non-cultivating middlemen lessees. No doubt that is the law in Cochin today. I thought that Shri Menon's Bill would provide for something different. So I was really astonished to see that the old provisions are all there, whereby fixity of tenure is sought to be given to non- cultivating, intermediary, indolent, middlemen lessees.

Shri C. Achyuta Menon : No, I want to make it clear.

Shri A. Thanu Pillai : I think it is so. A reading of the Bill will show that. I do not accuse Mr. Menon of anything. Legislation here is difficult in regard to land. I myself have been thinking of introducing a Bill, but then what is the use ? Unless the Congress Party brings forward a bill, it will have practically no chance of success at all, because a satisfactory bill will involve large commitments in regard to expenditure of money, investment of money and many other things. I suppose we should provide for compensation in some cases at least. That means that a non-official bill will have absolutely no chance. I am not accusing anybody at this stage. I am only grieved that this matter has been allowed to hang fire so long. I know that Shri Panampilli Govinda Menon has expressed himself to be anxious to deal with this matter as soon as possible. But that anxiety alone will not do. In the Select Committee there was a member from my party, Shri K. Balakrishna Menon. He clearly stated that he was against this kind of legislation. "I am against such temporary provisions like this and more so against their periods being extended indefinitely." That is exactly the view that I take.

[Shri A. Thanu Pillai.]

Now, as I said, this is a very complicated matter and the position is not clear. Even now many members who opposed the amendment, oppose it on different grounds. Mr. K. J. Thomas wants otties not to be redeemed. Mr. E. P. Varghese would say that there is no harm even in preventing otties being redeemed but the Select Committee's recommendations do not go so far. How far they go is not clear really. Are otties allowed to be redeemed or not? What is the position? If we say that we make a provision here that in case a demise contains a provision for renewal, on the expiry of any specified period it will cease to be an otti. Then it will become a transaction in the nature of a landlord-tenant relationship and it may not be allowed to be redeemed. But I know that in this country there are any number of otti documents providing for one renewal. Some documents say at the end of 12 years the land must be surrendered or a renewal taken. That is not a transaction by a big jenmi. It is also not in respect of a jenmom land. Documents in respect of lands held by common people also contain this provision. The Travancore courts have held that in such a case, only one renewal will be allowed. The property is redeemable. Now what is it that the Select Committee have to say in regard to that? When we talk of landlord and tenant, the normal idea that comes to the mind is a landlord like Aghora Manackal or some other big jenmi, or at any rate, a person owning hundreds of acres as jenmom and then leasing them or giving them on kanapattom. The most unfortunate thing about this Bill is that it puts on the same footing lands held by these big jenmis and the lands held by ordinary holders, I mean common people, very poor people. How can we prevent a poor landholder from this? Let us take a concrete instance. Suppose a person in Trivandrum has a small holding, say one acre of land, a small house. He is employed in the Government service. Then he is transferred to Thodupuzha. Then he leases it to his next door neighbour. He calls his neighbour and says "Well, Govindan, you take this property on lease till I come back. You may pay me Rs. 30 per year." That man, after a period of ten years or so returns. Now under the provisions of the Act, he cannot get it back. That is one difficulty.

No doubt we must help cultivating tenants. At the same time, however, we should also consider the conditions of people whom we intend to bring within this legislation. Now I feel that these aspects of the matter have not been considered at all.

Then again, we must remember, when we enact measures of this kind, when we are changing from one system to another, it is a very important thing to consider whether the persons who have

